ഇരട്ടയാർ ഗ്രാമ പഞ്ചായത്ത്



ജനകീയാസൂത്രണം

സമഗ്ര വികസന റിപ്പോർട്ട്

63.5

ഇരട്ടയാർ ഗ്രാമപഞ്ചായത്തിനൊരു ചരിത്രരേഖ


പദ്ധതികൾക്കൊരു മാതൃക
ഒൻപതാം പദ്ധതി


വികസന റിപ്പോർട്ട് - 1996

വരദമാകുമെന്നോർത്തത കേൾക്കുവിൻ
ഭാരതഭൂമിതന്നോമൽ കിടാങ്ങളെ
പരവിരോധം മാറ്റുവിൻ. നാടിന്റെ
പരഗതിക്കായ് ചിരം പ്രയത്നിക്കുവിൻ!

ദത്തകവി

ഇരട്ടയാർ ഗ്രാമ പഞ്ചായത്ത്
മാപ്പ്





"ഇൻഡ്യയുടെ ആത്മാവ്
കുടികൊള്ളുന്നത് ഗ്രാമങ്ങളിലാണ്"

ഗാന്ധിജി

നിങ്ങൾക്കുവേണ്ടി രാജ്യം എന്തു ചെയ്തു എന്നല്ല, രാജ്യത്തിനുവേണ്ടി നിങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും എന്നാണ് ചോദിക്കേണ്ടത്.

ജോൺ എഫ്. കെന്നഡി

നിശ്ചിതമായ ലക്ഷ്യത്തോടെയുള്ള പദ്ധതികളാണ് ലോകത്തെ വികസിപ്പിക്കുന്നത്.

ചാൾസ് അഡയർ

ചീഫ് എഡിറ്റർ:
കെ. ജെ. കോശി (കെ. ആർ. വി.)

സബ്ബ് എഡിറ്റേഴ്സ്:
1. പി. ബി. ഷാജി
2. ഏ. ജെ. തോമസ്
3. ജോസഫ് ആൻറണി

എഡിറ്റോറിയൽ ബോർഡ്:
1. ബാബു പുളിമൂട്ടിൽ
2. മാത്തുക്കുട്ടി പൗവ്വത്ത്
3. മാത്തുക്കുട്ടി കൈപ്പയിൽ
4. കെ. ഒ. ദേവസ്യ
5. വിനോദ്കുമാർ കെ. സി.
6. മിനി രാഘവൻ
7. കെ. ഡി. ദാസ്
8. സജി പുതുപറമ്പിൽ

കവർ & ലേഔട്ട്
M. D. തങ്കപ്പൻ
P. A. ജോസഫ് പൊന്നാർ

9-ാം പദ്ധതി ജനകീയപദ്ധതി

ജനകീയ ആസൂത്രണ പദ്ധതിയിൽ ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ നിന്നും സംസ്ഥാന തലത്തിലും, ജില്ലാതലത്തിലും പരിശീലനം ലഭിച്ചവരുടെ പേരുവിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെ. ജെ. കോശി (കെ. ആർ. വി.)
[ജില്ലാ പ്ലാനിംഗ് ഓഫീസ് ഇടുക്കി]

1.	പി.ബി. ഷാജി (എൽ. ആർ. പി. കൺവീനർ)	ഡി. ആർ. പി. "
2.	എ. ജെ. തോമസ്	"
3.	ഇ. ജി. പാപ്പു	"
4.	മാത്തുക്കുട്ടി പൗവ്വത്ത്	"
5.	ബാബു പുളിമൂട്ടിൽ	"
6.	പി. ജെ. തോമസ്	"
7.	പി. എൻ. രവീന്ദ്രൻ	"
8.	വിനോദ്കുമാർ	"
9.	മിനി രാഘവൻ	"
10.	പി. കെ. സതി	"

ഒരു സമൂഹത്തിനും അതിന്റെ വലിയൊരു ഭാഗം അംഗങ്ങൾ പാവപ്പെട്ടവരും കഷ്ടപ്പെടുന്നവരുമാകുമ്പോൾ അഭിവൃദ്ധിപ്പെടാനോ സന്തോഷിക്കാനോ ആവില്ല.

ആഡംസ്മിത്ത്

ഗ്രാമപഞ്ചായത്ത് : പൊതുവിവരണം

1	പഞ്ചായത്തിന്റെ പേര്	:	ഇരട്ടയാർ ഗ്രാമപഞ്ചായത്ത്
2	പഞ്ചായത്ത് രൂപീകരണം	:	1971
3	സമുദ്രനിരപ്പിൽനിന്നുള്ള ഉയരം	:	700 മീറ്റർ
4	ഉൾപ്പെടുന്ന വില്ലേജ്	:	കൽകൂന്തൽ
5	ബ്ലോക്കു പഞ്ചായത്ത്	:	കട്ടപ്പന
6	താലൂക്ക്	:	ഉടുമ്പൻചോല
7	അസംബ്ലി മണ്ഡലം	:	ഉടുമ്പൻചോല
8	പാർലമെന്റ് മണ്ഡലം	:	ഇടുക്കി
9	വിസ്തീർണ്ണം	:	32.37 സ്കൂ. കി. മീ.
10	അതിർത്തികൾ	:	വടക്ക് : നെടുങ്കണ്ടം, വാത്തിക്കുടി പഞ്ചായത്തുകൾ
			തെക്ക് : കട്ടപ്പന പഞ്ചായത്ത്
			കിഴക്ക് : പാമ്പാടുംപാറ പഞ്ചായത്ത്
			പടിഞ്ഞാറ് : കാമാക്ഷി പഞ്ചായത്ത്
11	കുടുംബങ്ങൾ	:	3612
12	ജനസംഖ്യ	:	20609
1.	പുരുഷന്മാർ	:	10250
2.	സ്ത്രീകൾ	:	10359
3.	ജനസാന്ദ്രത	:	582 / K. M. Sq.
4.	വാർഡുകൾ	:	9
13	പ്രസിഡന്റിന്റെ പേര്	:	സി. കെ. ശശിധരൻ
14	വൈസ് പ്രസിഡന്റിന്റെ പേര്	:	എൻ. വി. ചക്രപാണി
15	സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ	:	ശ്രീമതി. ആനിയമ്മ മാത്യു


ഭരണസമിതിയംഗങ്ങൾ

1. കെ. ഡി. ദാസ്
2. ദേവസ്യ ജോസഫ്
3. ജോസഫ് ആൻറണി പൗവ്വത്ത്
4. ത്രേസ്യാമ്മ സെബാസ്റ്റ്യൻ
5. എൻ. ശ്രീനിവാസൻ
6. ലില്ലിക്കുട്ടി ആൻറണി


16	സെക്രട്ടറി	:	പി. എ. അന്നമ്മ

ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് ആഫീസ്

ഇരട്ടയാർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി




ശ്രീ. സി. കെ. ശശിധരൻ (പ്രസിഡൻറ്)




ശ്രീ. എൻ.വി. ചക്രപാണി
(വൈസ് പ്രസിഡൻറ്)




ശ്രീമതി. ആനിയമ്മ മാത്യു
(സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർ പേഴ്സൺ)



ശ്രീ. കെ. ഡി. ദാസ്




ശ്രീ. കെ. ഒ. ദേവസ്യാ



ശ്രീ. ജോസഫ് ആൻറണി



ശ്രീമതി. ത്രേസ്യാമ്മ
സെബാസ്റ്റ്യൻ



ശ്രീ. എൻ. ശ്രീനിവാസൻ



ശ്രീമതി. ലില്ലിക്കുട്ടി
ആൻറണി



ശ്രീമതി. പി. എ. അന്നമ്മ
(ഗ്രാമ പഞ്ചായത്ത് സെക്രട്ടറി)

ഇരട്ടയാർ പഞ്ചായത്ത് പ്രഥമ ഭരണസമിതി - 1971 - 197

ഔസേഫ് അബ്രാഹം ആലക്കാപ്പറമ്പിൽ - [പ്രസിഡൻറ്]
സുകുമാരൻ എ. കെ. കല്ലനാനിൽ
മാത്യു വി. ജെ.
ഹസൻ റാവുത്തർ
ജോസഫ് എ. എസ്.
ജോസഫ് കെ. ജെ. കാവിപുരയിടം
ആൻറണി കെ. എ. കടുകൻമാക്കൽ
പി. വി. ആൻറണി പൗവ്വത്ത്
എൻ. ഒ. മാത്യു നടക്കൽ
തോമസ് പി. റ്റി.
പി. ജി. രാമൻനായർ

രണ്ടാമത്തെ ഭരണസമിതി അംഗങ്ങൾ - 1979 - 1988

ശാന്തമ്മ ജനാർദ്ദനൻ [പ്രസിഡൻറ്]
മാത്യു ജോസഫ് [വൈ: പ്രസിഡൻറ്]
തോമസ് ചാക്കോ
വർക്കി തോമസ്
തോമസ് ജോസഫ്
എം. സോമൻ
ഫ്രാൻസിസ് ജോസഫ്
വർഗീസ് ജോസഫ്

മൂന്നാമത്തെ ഭരണസമിതി - 1988 - 1995

ബേബി വർക്കി [പ്രസിഡൻറ്]
ഫ്രാൻസിസ് ജോസഫ് [വൈസ് പ്രസിഡൻറ്]
എം. ജെ. ചാക്കോ
ആനീസ് സ്റ്റീഫൻ
മേരിക്കുട്ടി ചാക്കോ
പി. കെ. നാരായണപിള്ള
എം. വി. രാജേന്ദ്രൻ
ശ്രീധരൻ നായർ
ജോസഫ് ജോസഫ് ഇലിപ്പുലികാട്ട്

ഉള്ളടക്കം

1. ആമുഖം 15

3. സാമൂഹിക - സാംസ്കാരിക ചരിത്രം 16

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി 22

5. പഠനപര്യടനം 23

6. കൃഷിയും ജലസേചനവും 27

7. മൃഗസംരക്ഷണവും മത്സ്യകൃഷിയും 31

8. വ്യവസായം 35

9. വിദ്യാഭ്യാസം 37

10. കുടിവെള്ളവും പൊതുജനാരോഗ്യവും 42

11. ഗതാഗതവും, ഊർജ്ജവും 49

12. പാർപ്പിടവും സാമൂഹ്യക്ഷേമവും 57

13. സംസ്ക്കാരം 63

14. വനിതകൾ 66

15. സഹകരണമേഖല 69

16. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം 72

17. വിഭവ സമാഹരണം 76

18. ഉപസംഹാരം 80

കട്ടപ്പന ബ്ലോക്ക് പഞ്ചായത്ത്

പ്രസിഡൻറ്:

ശ്രീ. ജോർജ് ജോസഫ് പടവൻ

മെംബർ:

ശ്രീമതി ആനീസ് സ്റ്റീഫൻ

ഇടുക്കി ജില്ലാ പഞ്ചായത്ത്

പ്രസിഡൻറ്:

ശ്രീമതി. ഷീലാ സ്റ്റീഫൻ

വൈസ് പ്രസിഡൻറ്:

അഡ്വ: മേരി സിറിയക്ക്

മെംബർ:

അഡ്വ: കെ. ടി. മൈക്കിൾ

ഉടുമ്പഞ്ചോല അസംബ്ളി നിയോജകമണ്ഡലം

അഡ്വ: ഇ. എം. ആഗസ്തി M.L.A.

ഇടുക്കി പാർലമെൻറ് മണ്ഡലം

ശ്രീ. ഏ. സി. ജോസ് M.P.

സംസ്ഥാന ഗവൺമെൻറ്

മുഖ്യമന്ത്രി:

ശ്രീ. ഇ. കെ. നായനാർ

സംസ്ഥാന ഗവർണർ

ശ്രീ. ഖുർഷിദ് ആലംഖാൻ

ആമുഖം

ഇന്ത്യയിൽ പാർലമെൻററി ജനാധിപത്യം സ്ഥാപിതമായിട്ട് അര നൂറ്റാണ്ട് പൂർത്തിയാവുമ്പോഴും അർത്ഥവത്തും സൃഷ്ടുന്മുഖവുമായ ഒരു ജനാധിപത്യവത്കരണ പ്രക്രിയ തുടങ്ങിയ സ്ഥിതിയിൽ തന്നെ നില്ക്കുന്നു എന്നത് തികച്ചും പോരായ്മയാണ്. തെരഞ്ഞെടുപ്പു കൊണ്ടുമാത്രം ജനങ്ങളുടെ കൈയിൽ അധികാരം എത്തുന്നില്ല. ബ്രിട്ടീഷുകാരിൽനിന്നും ഇന്ത്യക്കാരൻെറ കൈകളിലേക്ക് അധികാരവും സ്വാതന്ത്ര്യവും കൈമാറ്റം ചെയ്യപ്പെട്ടപ്പോൾ, ഭാരതത്തിലെ ലക്ഷക്കണക്കിനു ഗ്രാമങ്ങളുടെ സമഗ്ര പുരോഗതിയായിരുന്നു നമ്മുടെ ലക്ഷ്യം. അധികാരവും ഭരണോപാധികളും പൂർണ്ണമായി കേന്ദ്രീകരിക്കപ്പെട്ടു.

ഭാരതത്തിൽ നിലനിന്നുപോരുന്ന ജാതിവ്യവസ്ഥയുടെ വിപത്തുകളും ഇതര സാമൂഹ്യ അനാചാരങ്ങളും അധികാരം ഗ്രാമങ്ങളിൽ എത്തുന്നതിന് തടസ്സമായും നിലകൊണ്ടു. ഗ്രാമസ്വരാജ് സാധ്യമാവണമെങ്കിൽ ഇവയും ഒഴിവാക്കപ്പെടണം എന്ന് ഗാന്ധിജി പറഞ്ഞത് ചിന്തനീയമാണ്. വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലൂടെ ജനാധിപത്യം സാധാരണക്കാരിലേക്ക് എത്തിക്കുവാനുള്ള ശ്രമമാണ് 'പഞ്ചായത്തുരാജി'ലൂടെ നടപ്പാക്കുന്നത്. ഗ്രാമാന്തരീക്ഷത്തിനു യോജിച്ചവിധം പദ്ധതികൾ സംവിധാനം ചെയ്യപ്പെടുകയും, ജനങ്ങളിൽ സ്വാശ്രയബോധവും ഇച്ഛാശക്തിയും വളർത്തി അവരെ കർമ്മോന്മുഖരാക്കുകയും ചെയ്യുന്ന തരത്തിലുള്ള അധികാര - വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയ സൃഷ്ടിപരമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതിയാണ് 'ജനകീയാസൂത്രണ' പ്രസ്ഥാനത്തിലൂടെ വിഭാവനം ചെയ്യുന്നത്.

എന്നാൽ കേരളത്തിൻെറ അവസ്ഥ ഇതിൽനിന്നും തികച്ചും വിഭിന്നമാണ്. ജാതിവ്യവസ്ഥയുടെ ഭീകരത കണ്ട് ഈ നൂറ്റാണ്ടു കണ്ട ഏറ്റവും മഹാനായ കർമ്മയോഗി സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്നു വിശേഷിപ്പിച്ച കേരളം സാമൂഹ്യപരിഷ്ക്കരണ പ്രസ്ഥാനത്തിലൂടെ ലോകത്തിനുതന്നെ മാതൃകയായിരിക്കുന്നു. ശ്രീനാരായണഗുരു, ചട്ടമ്പി സ്വാമികൾ, അയ്യങ്കാളി, സഹോദരൻ അയ്യപ്പൻ തുടങ്ങിയവർ നടത്തിയ സാമൂഹിക പരിഷ്ക്കരണ ശ്രമങ്ങളും ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിൻെറ നേതൃത്വത്തിൽ രൂപംകൊണ്ട കേരളത്തിലെ ആദ്യ മന്ത്രിസഭ കൊണ്ടുവന്ന പല നിയമങ്ങളും പരിഷ്ക്കരണ നടപടികളും ഈ മാറ്റത്തിനു കാരണമായി.

ഇങ്ങനെയൊരു സമൂഹത്തിന് ഏറ്റെടുക്കാവുന്ന ഉത്തരവാദിത്വമാണ് അധികാരത്തിലെ പങ്കാളിത്തം ജനങ്ങൾക്കുകൂടി കൈമാറുകയെന്നത്. ഈ പങ്കാളിത്തം തന്നെയാണ് ''ഒമ്പതാംപദ്ധതി ജനകീയപദ്ധതി''യാക്കി മാറ്റുന്നതിലൂടെ ശ്രീ. ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള കേരള സർക്കാർ ഉറപ്പു വരുത്തുന്നത്. മുകളിൽനിന്ന് താഴേക്ക് എന്ന വികസന തന്ത്രത്തിനു ദിശാമാറ്റം വരുത്തിക്കൊണ്ട് അടിത്തട്ടിൽ നിന്ന് മുകൾത്തട്ടിലേക്ക് എന്ന ക്രിയാത്മകമായ സമീപനത്തിലേക്ക് നാം എത്തിച്ചേരുകയാണ്. ആസൂത്രണത്തിലും - വികസന പ്രവർത്തനത്തിലും തുല്യ പങ്കാളിത്തം - ജാതിമതാദി ഭിന്നതകൾക്കതീതമായി ഉറപ്പുവരുത്തുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് കഴിയുമെന്നത് ആശാവഹമാണ്.

ഒമ്പതാം പദ്ധതികാലത്ത് ഗ്രാമപഞ്ചായത്തുകൾക്ക് പദ്ധതിവിഹിതത്തിൻെറ ഏകദേശം 40% തുക ലഭിക്കുകയാണ്. ഈ തുക ഫലപ്രദമായി ചിലവഴിക്കുന്നതിലൂടെ, ഉദ്യോഗസ്ഥ മേധാവിത്വം മൂലവും, കെടുകാര്യസ്ഥതമൂലവും സർവ്വോപരി ജനപങ്കാളിത്തമില്ലായ്മമൂലം ഉണ്ടായ വർദ്ധിച്ച അഴിമതിമൂലവും വഴിമുട്ടിനിന്നിരുന്ന നമ്മുടെ ഗ്രാമങ്ങളുടെ പുനരുദ്ധാരണം സാധ്യമാവുകയാണ്. കേരള സർക്കാരിൻെറ പദ്ധതി സ്കീമുകൾ, കേന്ദ്ര സർക്കാർ ഫണ്ട്, ബാഹ്യ വികസന ഏജൻസികളിൽ നിന്നും സന്നദ്ധ സംഘടനകൾ വഴിയും ലഭിക്കുന്ന വികസന ഫണ്ടുകൾ, നികുതി വരുമാനം സഹകരണമേഖല, സ്വകാര്യമേഖല, ഇതിനും പുറമെ ജനകീയ സംഭാവനകൾ [പണം, വിഭവങ്ങൾ, അദ്ധ്വാനം] തുടങ്ങിയവ വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുന്ന സ്രോതസ്സുകളാണ്. ബഹുജനപങ്കാളിത്തം ഫലപ്രദമായി നടപ്പാക്കുമ്പോൾ സ്വാഭാവികമായും നിലവിലുള്ള സ്കീമുകളുടേയും, ഏറ്റെടുക്കുവാൻ പോകുന്ന പ്രവർത്തികളുടേയും നടത്തിപ്പ്, കാര്യക്ഷമവും ദ്രുതഗതിയിലും തൃപ്തികരവുമായി മാറുകയും അഴിമതിയെന്ന ദുഷ്പ്രവണതയെ നിയന്ത്രിക്കുവാൻ കഴിയുകയും ചെയ്യും.

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണ പ്രവർത്തനം ആരംഭിച്ചത് 1996 സെപ്തംബർ 14-ന് പഞ്ചായത്തല ആസൂത്രണ പരിശീലന ക്യാമ്പോടു കൂടിയാണ്. ഒക്ടോബർ - 2 - ഗാന്ധിജയന്തി ദിനത്തോടുകൂടി പഞ്ചായത്തിലെ 9 ഗ്രാമസഭകളും ചേർന്നു. 12 വിഷയ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ചകളും, പരിഹാര നിർദ്ദേശങ്ങൾ സ്വരൂപിക്കുകയും ഓരോ ഗ്രൂപ്പിൽ നിന്നും ഒരു വനിത ഉൾപ്പെടെ 2 അംഗങ്ങളെ വീതം പഞ്ചായത്ത് വികസന സമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ പദ്ധതിയിലെ രണ്ടാം ഘട്ടത്തിൻെറ പ്രത്യേകത വികസന സെമിനാറാണ്. തുടർന്ന് മൂന്നു ഘട്ടങ്ങൾ കൂടി പൂർത്തിയാകുവാൻ ഉണ്ട്. എല്ലാ ഘട്ടങ്ങളിലും ജനങ്ങളുടെ സജീവമായ പങ്കാളിത്തം ഈ പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് അത്യാവശ്യമാണ്. വികസന സെമിനാറിൽ അവതരിപ്പിക്കുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ളതാണ് ഈ വികസന റിപ്പോർട്ട്. ഇത് മുഖ്യമായും നാലു തരത്തിലുള്ള പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കിയിട്ടുള്ളത്. അതിൽ പ്രധാനപ്പെട്ടത് ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന നിർദ്ദേശങ്ങളുടേയും ആവശ്യങ്ങളുടേയും ക്രോഡീകരണമായിരുന്നു. ഇത് ഓരോ ഗ്രാമസഭയിൽ നിന്നും അതാതു വിഷയ ഗ്രൂപ്പിൻെറ പ്രതിനിധികളായി തിരഞ്ഞെടുക്കപ്പെട്ടവർ ചേർന്നിരുന്നാണ് നിർവഹിച്ചത്. ദ്വിതീയ സ്ഥിതിവിവര കണക്കുകളുടെ ശേഖരണത്തിലൂടെ ലഭിച്ച വിവരങ്ങളാണ് മറ്റൊരിനം. ഇതിന് L. R. P. മാർ, D. R. P. മാർ, ഉദ്യോഗസ്ഥർ കൂടാതെ സ്വയം സന്നദ്ധരായി കടന്നുവന്ന ഏതാനും വ്യക്തികൾ എന്നിവരുടെ സേവനം ലഭ്യമായിട്ടുണ്ട്. പഞ്ചായത്തു തല പര്യടനത്തിലൂടെ ലഭിച്ച വിവരങ്ങളാണ് മൂന്നാമത്തെ ഇനം. കിഴക്കു നിന്നു പടിഞ്ഞാറോട്ടും (എഴുകുംവയൽ- വാഴവര) തെക്കു നിന്നു വടക്കോട്ടും (ഉപ്പുകണ്ടം - തേക്കുംകാനം) രണ്ടു പഠന പര്യടന സംഘങ്ങൾ സഞ്ചരിച്ച് വിവരങ്ങൾ ശേഖരിച്ചു. പഞ്ചായത്തിലെ പഴയ തലമുറയിൽപ്പെട്ടവരെ നേരിൽ കണ്ട് ശേഖരിച്ച വിവരങ്ങളാണ് മറ്റൊരിനം. ഈ നാലുതരം പ്രവർത്തനങ്ങളിൽ നിന്നും ശേഖരിച്ച വിവരങ്ങൾ ചേർത്താണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. ഇത് പരമാവധി കുറ്റമറ്റതാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. എങ്കിലും ഇതിലെ പോരായ്മകൾ വികസന സെമിനാറിലൂടെ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇരട്ടയാർ പഞ്ചായത്തിലെ ബഹുജന രാഷ്ട്രീയ ബോധത്തിൻേറയും, സേവനതൃഷ്ണയുടേയും അടിത്തറയിൽ മുൻകാല സേവകരുടെ സംഭാവനകളിൽ നിന്ന് ഊർജ്ജവും, പ്രചോദനവും ഉൾക്കൊണ്ട് കൂട്ടായ്മയിലൂടെ ബഹുജനശക്തിയെ സമാഹരിച്ചുകൊണ്ട് ജനകീയാസൂത്രണം പ്രാവർത്തികമാക്കാൻ കൈവന്നിരിക്കുന്ന ഈ അവസരത്തിൽ എന്തു വെല്ലുവിളിയേയും നേരിടാൻ നമുക്കു പ്രതിജ്ഞയെടുക്കാം.

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൻെറ സമഗ്ര വികസനരേഖ നാളെയുടെ ചരിത്ര യാഥാർത്ഥ്യമാകുവാൻ നമുക്കു കൂട്ടായി യത്നിക്കാം.

"ശരിയെന്നു ബോദ്ധ്യമുള്ള കാര്യം ചെയ്യാതിരിക്കുന്നതാണ് ഏറ്റവും വലിയ ഭീരുത്വം"

- കൺഫ്യൂഷസ്

സാമൂഹിക സാംസ്കാരിക ചരിത്രം

പ്രയാണം

വർത്തമാനകാലത്തെ ആധാരമാക്കിക്കൊണ്ട്, ഏതൊരു സമൂഹത്തിന്റെയും പ്രയാണത്തിലുള്ള ഗതിവിഗതികളെ വിലയിരുത്തുമ്പോൾ വ്യക്തിപരതയ്ക്കപ്പുറമുള്ള സമൂഹപ്രഭാവത്തെ നാം കണക്കിലെടുത്തേ പറ്റൂ. സഹ്യപർവതനിരകളിൽ തനതായ വ്യക്തിമുദ്ര ചാർത്തിനില്ക്കുന്ന ഇരട്ടയാറെന്ന മലയോര പഞ്ചായത്തു പ്രദേശത്തിന്റെ ചരിത്രത്തെയും ഈ വസ്തുനിഷ്ഠാപരതയിലാണ് നാം മനസ്സിലാക്കുന്നത്. പരുക്കൻ ജീവിതാനുഭവങ്ങളുള്ള കുടിയേറ്റ കർഷകരുടെ വാക്കുകളിൽ നിന്നാണ് പ്രധാനമായും നമ്മുടെ പഞ്ചായത്തിന്റെ ചരിത്രത്തിലെ ഏടുകൾ നാം കണ്ടെത്തുന്നത്. ചരിത്രാതീതകാലം മുതൽതന്നെ ഇടുക്കി ജില്ലയുടെ മലമടക്കുകളിൽ ജനവാസം ഉണ്ടായിരുന്നുവെന്നത് ചരിത്രരേഖകളിൽ കാണുന്നു. ദേവികുളം താലൂക്കിലെ അഞ്ചനാട് താഴ്വരയിൽനിന്നും, ഉടുമ്പഞ്ചോലയിലെ കൽകൂന്തൽ, കല്ലാർപട്ടം കോളനി തുടങ്ങിയ സ്ഥലങ്ങളിൽനിന്നും ശിലായുഗകാലത്തെ സ്മാരകങ്ങളും, ശിലാരേഖകളും മറ്റും ഉത്ഖനനം ചെയ്തെടുക്കുകയുണ്ടായി. പല്ലവകാലത്തുള്ള ഗുഹാക്ഷേത്രങ്ങൾ മറയൂരിലുണ്ട്. ശിലാവിഗ്രഹങ്ങളും ക്ഷേത്രാവശിഷ്ടങ്ങളും ഇടമലയാർ പ്രദേശങ്ങളിൽ കണ്ടെത്തുകയുണ്ടായി. നമ്മുടെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലും തത്തുല്യമായ സംസ്കാരങ്ങളുടെ വൈവിധ്യമാർന്ന അടയാളങ്ങൾ കണ്ടെത്തിയിട്ടുണ്ട്. അതിപുരാതനകാലം മുതൽ ജനതകൾ കുടിപാർത്തിരുന്ന പ്രദേശമാണ് ഇന്നത്തെ ഇരട്ടയാർ പഞ്ചായത്ത് പ്രദേശങ്ങളെന്നും, അജ്ഞാതമായ ഏതൊക്കെയോ കാരണങ്ങളാൽ ആ സംസ്കൃതി മൺമറഞ്ഞു എന്നും നമുക്ക് മനസ്സിലാക്കാം. കുലശേഖര സാമ്രാജ്യത്തിൽപെട്ട 'നന്തുഴൈനാടിന്റെ' ഭാഗമായിരുന്നു ഈ പ്രദേശങ്ങൾ; തുടർന്ന് തെക്കുംകൂർ രാജവംശത്തിന്റെ അധീനതയിലും. തുടർന്ന് പൂഞ്ഞാർ രാജവംശം കണ്ണൻ തേവനൂർ ഉൾപ്പെട്ട പ്രദേശങ്ങൾ തെക്കുംകൂർ രാജാവിൽനിന്നും കൈവശപ്പെടുത്തി. പൂഞ്ഞാർ വലിയ രാജാവ് കേരളവർമ്മ 1877 ൽ കണ്ണൻതേവൻ മലകൾ ബ്രിട്ടീഷ് തോട്ടമുടമ ജെ. ഡി. മൺറോയ്ക്ക് വിലയ്ക്കു നൽകി. പൂഞ്ഞാർ രാജവംശത്തിന്റേതായ സർവ്വെ അടയാളം ഉപ്പുകണ്ടം ചക്കക്കാനം ഭാഗത്ത് ഇന്നും നിലവിലുണ്ട്.

ആദിവാസികൾ ധാരാളമായി കുടിപാർത്തിരുന്ന ഈ വനമേഖലകളിൽ തമിഴ് വംശജർ ഉണ്ടായിരുന്നു. മറവർ, തേവർ വിഭാഗങ്ങളിൽപെട്ട അക്കൂട്ടർ ഇടുക്കി വനാന്തരങ്ങളിലെ വനവിഭവങ്ങളുടെ കുത്തകക്കാരായിരുന്നുവെന്നു പറയാം. വനവിഭവങ്ങൾ നിർബാധം തമിഴ്നാട്ടിലേക്ക് അവർ കടത്തിക്കൊണ്ടുപോയി. തോട്ടം തൊഴിലാളികളായി ധാരാളം തമിഴരും വന്നെത്തി.

മധ്യതിരുവിതാംകൂറിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും കുടിയേറിയവരാണ് ഇരട്ടയാർ പഞ്ചായത്തിലെ ആദ്യകാല കുടിയേറ്റക്കാർ. രണ്ടാം ലോകമഹായുദ്ധാനന്തരം നാട്ടിൽ നിലനിന്ന, ദാരിദ്ര്യവും, ഭക്ഷ്യസാധനങ്ങളുടെ ദൗർല്ലഭ്യവും 1940 കളുടെ മദ്ധ്യത്തോടെ ആരംഭിച്ച കുടിയേറ്റത്തിനു കാരണമായി. തമിഴൻമാർ അനധികൃതമായി കേരളത്തിന്റെ ഭൂമി കൈവശപ്പെടുത്തുകയും എസ്റ്റേറ്റുകൾ സ്ഥാപിക്കുകയും ചെയ്തുപോന്ന കാലമായിരുന്നു അത്. കൂപ്പുകളിലെ തടി നാമമാത്രമായി ഡിപ്പോയിൽ എത്തിക്കുകയും ബാക്കി തമിഴ്നാട്ടിലേക്ക് കടത്തുകയും ചെയ്തു. ഇവരിൽ പ്രധാനിയാണ് ആങ്കുർ റാവുത്തർ. തടികൾ കൊണ്ടുപോകുന്നതിനായി നിർമ്മിച്ച കാട്ടുപാതകൾ (കൂപ്പു റോഡ്) തെളിച്ചെടുത്തതാണ്, പഞ്ചായത്തിലെ ഇന്നത്തെ പല റോഡുകളും. വനവിഭവങ്ങൾ ശേഖരിക്കുന്നതിൽ, തമിഴൻമാർ ആദിവാസികളെ ഭീഷണിപ്പെടുത്തി ചൂഷണം ചെയ്തുപോന്നു.


'ഗ്രോ മോർ ഫുഡ്' പദ്ധതി പ്രകാരം ഭക്ഷ്യധാന്യങ്ങളുടെ ഉത്പാദനം സാധിക്കുന്നതിനും, തമിഴൻമാരുടെ കടന്നുകയറ്റം അവസാനിപ്പിക്കുന്നതിനുമായി അന്നത്തെ തിരുവിതാംകൂർ സർക്കാർ കുടിയേറ്റത്തെ മൗനമായി പ്രോത്സാഹിപ്പിച്ചു. 1948 ൽ അയ്യപ്പൻകോവിലിൽ കുടിയേറ്റം ആരംഭിച്ചു. 1950-51 കാലയളവിൽ ഭൂമി അലോട്ട്മെൻറും കൃഷിക്കായി നൽകി. 1955 - ൽ 'കല്ലാർ പട്ടം കോളനി'യിൽ കൃഷിക്കാരെ പുനരധിവസിപ്പിക്കുകയും ഭൂമി പതിച്ചുകൊടുക്കുകയും ചെയ്തു. തുടർന്ന് ആട്ടുപാറതാവളത്തിലെ 42000 ഏക്കർ ഭൂമികൂടി റവന്യൂ ഡിപ്പാർട്ടുമെൻറിനെ ഏൽപ്പിച്ചുവെങ്കിലും, നടപടിയുണ്ടായില്ല. 1950-കളുടെ ആദ്യ വർഷങ്ങളിൽതന്നെ കട്ടപ്പന, കൊച്ചുതോവാള, വലിയതോവാള, ഉപ്പുകണ്ടം പ്രദേശങ്ങളിൽ കർഷകർ കുടിയേറ്റം ആരംഭിച്ചു. നിബിഡ വനങ്ങളൊന്നും ഈ മേഖലകളിൽ ഉണ്ടായിരുന്നില്ല. അങ്ങിങ്ങായി ചില ആദിവാസിക്കുടികളുണ്ടായിരുന്നു. അക്കാലത്തുണ്ടായ മസൂരിബാധയെത്തുടർന്ന് അവരിൽ കുറെ പേർ മരിക്കുകയും, അവശേഷിച്ചവരിൽ ചിലർ കുടിയൊഴിഞ്ഞുപോവുകയും ചെയ്തു. 1957 ലാണ് ഈ പഞ്ചായത്തിന്റെ എല്ലാ മേഖലയിലേക്കും കുടിയേറ്റം വ്യാപിച്ചത്. മലമ്പനിയോടും മലമ്പാമ്പുകളോടും മല്ലിട്ട്, കാട്ടുമൃഗങ്ങളോടു പോരാടി, മലമടക്കുകളെ മനംകുളിർപ്പിക്കുന്ന വിളഭൂമികളാക്കി മാറ്റി. അക്കാലമത്രയും അനുഭവിച്ചുപോന്ന പട്ടിണിയിൽ നിന്നും പരിദേവനത്തിൽ നിന്നും മോചനം നേടി, പ്രതീക്ഷയുടെ കിരണങ്ങൾ ഉദയം കൊള്ളുമ്പോളാണ് കുടിയിറക്ക് എന്ന ഭീഷണി ശക്തമാവുന്നത്. അന്നത്തെ M.L.A. ശ്രീമതി. റോസമ്മ പുന്നൂസ് മുഖാന്തിരം കൃഷിക്കാർ നിവേദനം നൽകിയതിനെത്തുടർന്ന് 11-4-57-ൽ കുടിയിറക്ക് സ്റ്റേ ചെയ്തുവെങ്കിലും ഫോറസ്റ്റ് ഉദ്യോഗസ്ഥർ തടസ്സം നിന്നു. 26-4-57 ൽ വീണ്ടും നിവേദനം നൽകുകയും, അതിന്റെ ഫലമായി കൈവശഭൂമിയിൽ, കൃഷിയിറക്കുന്നതിനും വീടു വയ്ക്കുന്നതിനും സർക്കാർ അനുമതി നൽകി. തങ്ങളുടെ കുടുംബങ്ങളെ നിത്യദാരിദ്ര്യത്തിൽനിന്നും രക്ഷിക്കുന്നതിനായി എല്ലാ പ്രതിസന്ധികളെയും ധീരമായി നേരിട്ടുകൊണ്ട് കർഷകർ ജാതി,

മത, വിഭാഗീയ ചിന്തകളൊന്നും കൂടാതെ ഒരുമയോടെ അദ്ധ്വാനിക്കുകയും നെല്ലും മരച്ചീനിയുമെല്ലാം സമൃദ്ധമായി ഉണ്ടാവുകയും, കുരുമുള കുചെടികൾ പ്രതീക്ഷ യുടെ ദീപാങ്കുരങ്ങൾ ചാർത്തുകയും ചെയ്തു വരവെ കർഷകർ വ്യാപ കമായ കുടിയിറക്കു ഭീഷ ണിയെ വീണ്ടും 1958-ൽ നേരിട്ടു. കുടിയേറ്റ കർ ഷകരെ വനം കൊള്ള ക്കാരായും കാട്ടുകള്ളൻ മാരായും കണ്ട്, സാഹ ചര്യങ്ങളുടെ ആവശ്യക തയൊന്നും ശ്രദ്ധിക്കാതെ ഏതുവിധേനയും അവ രെ കുടിയൊഴിപ്പിക്കാൻ വനംവകുപ്പ് ഉദ്യോഗസ് ഥന്മാർ വെമ്പൽ പൂണ്ടു. വൻകിട തോട്ട ഉടമകൾ വനനശീകരണം കുറെ യൊക്കെ നടത്തിയെ ങ്കിലും കുടിയേറ്റ കർഷ കർ വാസ്തവത്തിൽ വന വൽക്കരണമാണ് നടത്തിയത്. കാട്ടുകള്ളൻമാർ വെട്ടി നീക്കി യതിന്റെ ബാക്കി കൂപ്പുതടികൾ ഗവൺമെൻറും വെട്ടിയി റക്കി. മാവും, പ്ലാവും, തെങ്ങും, കമുകും ഇതര പാഴ്വൃക്ഷങ്ങളും കർഷകർ ധാരാളമായി വെച്ചുപിടി പ്പിക്കുകയാണുണ്ടായത്. അത് സ്വാഭാവിക വനം ആയിരുന്നില്ല എന്നു മാത്രം. സർക്കാരിന്റെ 'ഗ്രോ മോർ ഫുഡ്' പദ്ധതിയുടെ മൗനാ നുവാദമൊന്നും അന്നും ഇന്നും അധികൃതർ ഗൗനി ക്കുന്നില്ല. വനഭൂമി കയ്യേറി യെന്നതു മാത്രമാണ് അവ രുടെ ഭാഷ്യം. കെ. ജെ. ജോസഫ് കാവിപുരയിടം, പള്ളിവാതുക്കൽ കുഞ്ഞേട്ടൻ തുടങ്ങിയവരുടെ നേതൃ ത്വത്തിൽ കൃഷിക്കാർ കുടി യിറക്കു ബുദ്ധിമുട്ടുകൾ ശ്രീ. പി. ടി. ചാക്കോയെ അറി യിക്കുകയും ശ്രീ. പി. സി. ചെറിയാന്റെ നേതൃത്വത്തിൽ അഞ്ച് എം. എൽ. എ. (5 MLA) മാർ ഉൾപ്പെട്ട സംഘം ഇക്കാര്യത്തിൽ ഗവൺമെൻറിന് നിവേദനം തിരുവനന്തപു രത്തെത്തി നൽകുകയും ചെയ്തു. ഇ. എം. എസ്. മന്ത്രിസഭ നിവേദനം പരിഗണിക്കുകയും കുമളി, അയ്യപ്പൻകോവിൽ റെയിഞ്ചുകളിൽ കുടിയിറക്ക് നിർത്തിവയ്ക്കുന്നതായുള്ള സ്റ്റേ ഓർഡർ നൽകുകയും ചെയ്തു. ശ്രീ. ഇ. എം. എസ്സിന്റെ നേതൃത്വത്തിലുള്ള കേരള മന്ത്രിസഭയെ 1959 ജൂലൈ 31 ന് പിരിച്ചുവിട്ടു. പ്രസിഡൻറ് ഭരണം നിലവിൽ വരുകയും തുടർന്ന് 1960 ഫെബ്രുവരി 22-ന് പട്ടം താണുപിള്ളയുടെ നേതൃത്വത്തിൽ മന്ത്രി സഭ അധികാരമേറ്റെ ടുക്കുകയും ചെയ്തു. ശ്രീ.പി. ടി. ചാക്കോ ഈ മന്ത്രിസഭയിൽ ആഭ്യന്തര - റവന്യൂവകുപ്പിന്റെ ചുമതല വഹിച്ചു.



ഇരട്ടയാർ ടൗൺ ഒരു വീക്ഷണം
1960

തുടർന്ന് അയ്യ പ്പൻകോവിൽ, അമരാ വതി പ്രദേശത്ത് വൻ തോതിൽ കുടിയിറക്ക് ആരംഭിച്ചു. ഇക്കാലമ ത്രയുംകൊണ്ട് തങ്ങൾ നട്ടുപിടിപ്പിച്ച ദേഹണ്ഡ ങ്ങളും, തലചായ്ച്ചു പോന്ന കുടിലുകളും നിർ ദാക്ഷിണ്യമായി നിയമപാ ലകർ നശിപ്പിക്കുന്നത് കണ്ട് നിസ്സഹായരായിനിന്ന കർഷകർ അന്നത്തെ മേരി കുളം പള്ളിവികാരി ഫാ: ജെയിംസ് വെട്ടിക്കാടിന്റെ നേതൃ ത്വത്തിൽ സംഘടിക്കുകയും ശ്രീ. ജെ. സി. വെരുമന നിരാഹാരസമരം ആരം ഭിക്കുകയും ചെയ്തു.



കുടിയേറ്റ കാലത്ത് സജീവമായിരുന്ന
ഇരട്ടയാർ മാർക്കറ്റ് - 1960

അമരാവതിയിലെ കൃഷിക്കാരുടെ യാതന കളും കരളലിയിക്കുന്ന ദാ രുണാവസ്ഥയും മനസ്സി ലാക്കിയ ശ്രീ. ഏ. കെ. ഗോപാലൻ അമരാവതി യിലെത്തി കുടിയിറക്കിൽ പ്രതിഷേധിച്ച് നിരാഹാര സമരം ആരംഭിച്ചു. കുടി യിറക്കിനെ സംബന്ധിച്ചും, ഏ. കെ. ജി.യുടെ സത്യാ ഗ്രഹ സമരത്തെക്കുറിച്ചും കേട്ടറിഞ്ഞ് ശ്രീമതി. സുശീലാഗോപാലൻ, ശ്രീ. ടി.കെ. രാമകൃഷ്ണൻ, ഫാ. വടക്കൻ, മത്തായി മാഞ്ഞൂ രാൻ, വില്ലിംഗ്ടൺ തുടങ്ങിയ മനുഷ്യസ്നേഹികൾ അമരാവ തിയിലെത്തി സമരത്തിന് പിന്തുണ പ്രഖ്യാപിച്ചു. നിരാ ഹാരം 17 ദിവസം നീണ്ടു. അന്നത്തെ എം. പി. ശ്രീ. ചെറിയാൻ കാപ്പൻ ഈ വിവരങ്ങൾ പാർലമെൻറിൽ അവതരിപ്പിക്കുകയും തുടർന്ന് മാത്യു മണിയങ്ങാടൻ എം. പി. ചെയർമാനായി ഒരു കമ്മറ്റിയെ ഗവ: നിയമിച്ചു. അന്ന് നെഹ്രു പ്രധാനമന്ത്രിയും ഏ. കെ.ജി. പ്രതിപക്ഷ നേതാവു

മായിരുന്നു എന്നത് സ്മരണീയമാണ്. മണിയങ്ങാടൻ കമ്മറ്റി ശുപാർശപ്രകാരം ചിന്നാറിനും കല്ല്യാണത്തണ്ടിനും ഇടയിലുള്ള കയ്യേറ്റഭൂമി കൃഷിക്കായി കർഷകർക്ക് നൽകുന്നതിന് തീരുമാനമായി. പദ്ധതിയാവശ്യത്തിനുവേണ്ടി കുടിയൊഴിപ്പിക്കപ്പെട്ടാൽ പകരം ഭൂമിയും നഷ്ടപരിഹാരവും നൽകണമെന്നും തീരുമാനമായി. മണിമന്ദിരങ്ങളിൽ മതിമറന്നുല്ലസിച്ച ഉദ്യോഗസ്ഥ അധികാരവൃന്ദങ്ങൾ, മാനുഷിക മൂല്യങ്ങളെപ്പോലും മാനിക്കാതെ നടത്തിയ കുടിയൊഴിപ്പിക്കൽ എന്ന ദുർഭൂതത്തിന് അങ്ങനെ താല്ക്കാലിക വിരാമമായി. കുടിയിറക്കിന്റെ കരിനിഴലിൽ കഴിഞ്ഞിരുന്ന കർഷകരുടെ പ്രശ്നം മനസ്സിലാക്കുന്നതിനുവേണ്ടി 1960-ൽ ഇന്ത്യയുടെ പ്രതിപക്ഷനേതാവ് ഏ. കെ. ജി. ഇരട്ടയാറ്റിൽ എത്തുകയും കർഷകർ ചേർന്ന് ഉപ്പുകണ്ടത്തിൽ വെച്ച് സ്വീകരണം നൽകുകയും ചെയ്തു എന്നതും എക്കാലവും സ്മരണീയമാണ്.

ഇടുക്കി ജലവൈദ്യുത പദ്ധതിയുടെ മൂന്നാം ഘട്ടമായ ഇരട്ടയാർ പദ്ധതിക്കുവേണ്ടി കർഷകരെ കുടിയിറക്കിയത് മറ്റൊരു പ്രതിസന്ധി ഘട്ടമായിരുന്നു. നിർദ്ദിഷ്ട പദ്ധതിയുടെ വാട്ടർ ലെവലിൽ നിന്നും 10 ചങ്ങല പരിധിയിൽവരുന്നവരെ കുടിയൊഴിപ്പിക്കാനായിരുന്നു തീരുമാനം. ഈ പരിധിയിൽ ഏതാണ്ട് 400-ഓളം കുടുംബങ്ങൾ താമസിച്ചിരുന്നതും, ഫലഭൂയിഷ്ടവുമായ കൃഷിഭൂമിയും മുൾക്കൊള്ളുന്നതുമായിരുന്നു. ഇതിൽ ആശങ്കാകുലരായ കർഷകർ ഇരട്ടയാർപള്ളി വികാരി ഫാ. തോമസ് മലേക്കുടിയുടെ നേതൃത്വത്തിൽ ശ്രീ. കെ. ജെ. ജോസഫ് കാവിപുരയിടം പ്രസിഡൻറായി ഇരട്ടയാർ കർഷക രക്ഷാസമിതിക്ക് രൂപം നൽകി. കർഷകരുടേയും, സമിതിയുടേയും നിരന്തര സമ്മർദ്ദങ്ങളുടേയും, സമരത്തിന്റേയും ഫലമായി സർക്കാർ തീരുമാനം പുനഃപരിശോധിക്കുകയും 'ഒരു ചങ്ങല' പരിധിയിലുള്ളഭാഗം മാത്രം കുടിയൊഴിപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ഇവർക്ക് പകരംഭൂമിയും നഷ്ടപരിഹാരവും നൽകുവാൻ തീരുമാനമായി. പദ്ധതി പൂർത്തിയാകുമ്പോൾ വെള്ളത്താൽ ചുറ്റപ്പെട്ടുപോകുന്ന ഇരട്ടയാറുമായി ഇതര പ്രദേശങ്ങളെ ബന്ധിക്കാൻ മൂന്നു പാലങ്ങൾ പണിയുന്നതിനും തീരുമാനമായി. അപ്രകാരമുള്ള പാലങ്ങളാണ് ഇരട്ടയാർ - ശാന്തിഗ്രാം, ഇരട്ടയാർ - തോവാള, ഇരട്ടയാർ - വാഴവര പാലങ്ങൾ.

1969 നവംബർ 1-ന് അച്യുതമേനോൻ മന്ത്രിസഭ അധികാരത്തിൽ വന്നു. ഉടുമ്പൻചോലയിൽ നിന്നും നിയമസഭയിലേക്ക് ജയിച്ച ജനപ്രതിനിധിയായിരുന്നു ശ്രീ.കെ. ടി. ജേക്കബ് റവന്യൂവകുപ്പു മന്ത്രിയാവുകയും പഞ്ചായത്തിലെ കുറെ പ്രദേശങ്ങൾക്ക് പട്ടയം നൽകുകയും ചെയ്തു. ഇരട്ടയാർ പഞ്ചായത്തിലെ ജനങ്ങൾക്കുടി തിരഞ്ഞെടുത്ത ജനപ്രതിനിധി മന്ത്രിയാവുന്നതും ജേക്കബ് ആശാനിലൂടെയാണ്.

ഇരട്ടയാറിന്റെ ചരിത്രത്തിൽ ഈ പഞ്ചായത്ത് ഉൾക്കൊള്ളുന്ന ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ നിന്നും ജനപ്രതിനിധികളായി ജയിച്ചുവന്ന ഓരോരുത്തരും തങ്ങളുടേതായ കർത്തവ്യം പരമാവധി ആത്മാർത്ഥമായി നിർവ്വഹിച്ചുവെന്നത് ചാരിതാർത്ഥജനകമായ കാര്യമാണ്.

നിയമസഭകളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ശ്രീ. കെ. ടി. ജേക്കബ്, ശ്രീ. വി. ടി. സെബാസ്റ്റ്യൻ, ശ്രീ. തോമസ് ജോസഫ്, ശ്രീ. എം. ജിനദേവൻ, ശ്രീ. ഇ. എം. ആഗസ്തി എന്നിവർ ഇരട്ടയാറിന്റെ വികസനത്തിലും, വളർച്ചയിലും ശ്രദ്ധിച്ചിട്ടുണ്ട്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ വിജയിച്ച ശ്രീ. ഇ. എം. ആഗസ്തിയാണ് നിലവിലുള്ള എം. എൽ. എ.

ശ്രീ. പി. കെ. വാസുദേവൻ നായർ (1967), ശ്രീ. എം. എം. ജോസഫ് (1970), ശ്രീ. സി. എം. സ്റ്റീഫൻ (1977), ശ്രീ. എം. എം. ലോറൻസ് (1980), ശ്രീ. പി. ജെ. കുര്യൻ (1984), ശ്രീ. പാലാ കെ.എം. മാത്യു (1989) എന്നിവർ ഈ പഞ്ചായത്തിനെ കൂടി പ്രതിനിധാനം ചെയ്ത പാർലമെൻറംഗങ്ങളായിരുന്നു. ശ്രീ. ഏ. സി. ജോസാണ് നിലവിലുള്ള എം. പി.

1991 ജനുവരിയിൽ നടന്ന അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായ ജില്ലാ കൗൺസിൽ തിരഞ്ഞെടുപ്പിൽ ശ്രീ. വി. ടി. സെബാസ്റ്റ്യനാണ് ഇരട്ടയാർ പഞ്ചായത്തടങ്ങുന്ന ഡിവിഷനെ പ്രതിനിധാനം ചെയ്തത്. പഞ്ചായത്ത് രാജ് നിയമപ്രകാരം നടന്ന തിരഞ്ഞെടുപ്പിൽ ഇടുക്കി ജില്ലാ പഞ്ചായത്തിലേക്ക് ഇരട്ടയാർ കൂടി ഉൾപ്പെടുന്ന നെടുങ്കണ്ടം ഡിവിഷനിൽ നിന്ന് അഡ്വ. കെ. ടി. മൈക്കിൾ, കട്ടപ്പന ബ്ലോക്കു പഞ്ചായത്ത് ഇരട്ടയാർ മണ്ഡലത്തിൽ നിന്നും ശ്രീമതി. ആനീസ് സ്റ്റീഫൻ എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.

1960-ൽ ഉപ്പുകണ്ടത്താണ് പഞ്ചായത്തിലെ ആദ്യത്തെ ക്രിസ്ത്യൻ ആരാധനാലയം സ്ഥാപിതമായത്. ബഹു. ജോസഫ് കക്കുഴി അച്ചനാൽ സ്ഥാപിതമായ പ്രസ്തുത ദേവാലയം തുടർന്ന് ഇരട്ടയാർ ടൗണിലേക്ക് മാറ്റി സ്ഥാപിച്ചു. തുടർന്ന് വിവിധ ഘട്ടങ്ങളിലായി ശാന്തിഗ്രാം, ചെമ്പകപ്പാറ, വാഴവര, എഴുകുംവയൽ, നെല്ലിപ്പാറ എന്നിവിടങ്ങളിൽ ക്രിസ്ത്യൻ ദേവാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. ഇതിനോടടുത്ത കാലയളവിലാണ് തുളസിപ്പാറ ശ്രീ. സുബ്രഹ്മണ്യക്ഷേത്രവും സ്ഥാപിതമാവുന്നത്. ജാതിമത രാഷ്ട്രീയ കാരണങ്ങളാലുള്ള വെറുപ്പോ, വിദ്വേഷമോ അക്കാലങ്ങളിലൊന്നും കുടിയേറ്റക്കർഷകർക്കിടയിൽ ഉണ്ടായില്ല. കുടിയിറക്ക് എന്ന ഭീഷണി, കാട്ടുമൃഗങ്ങളുടെ ആക്രമണം, പ്രതികൂലമായ കാലാവസ്ഥ, രോഗങ്ങളുടെ താണ്ഡവം തുടങ്ങി നിരവധി പ്രതികൂല ഘടകങ്ങൾക്കിടയിലും, ജീവിക്കുവാനൊരിടം, പട്ടിണിയിൽനിന്നു മോചനം, അദ്ധ്വാനിക്കുവാനൊരുതുണ്ടു ഭൂമി എന്നിങ്ങനെ സ്വപ്നങ്ങൾ മനസ്സിൽ താലോലിച്ച് ജീവിതത്തിനും മരണത്തിനുമിടയിലുള്ള അനിശ്ചിതാവസ്ഥയുടെ ഭീകരതയും ഉൾക്കൊണ്ട് ഈ മലമടക്കുകളിൽ അദ്ധ്വാനിച്ച് കനകം വിളയിച്ച കർഷകരെ കാലമേറെക്കഴിഞ്ഞിട്ടും 'വനം കൊള്ളക്കാർ' എന്ന ഓമനപ്പേരിട്ട് അപമാനിക്കുന്ന പ്രവണത ഇന്നുമുണ്ട്.

ഉപ്പുകണ്ടം കോളനി കേന്ദ്രീകരിച്ച് നിരവധി വീട്ടുകാർ അക്കാലങ്ങളിൽ അധിവസിക്കുന്നുണ്ടായിരുന്നു. ജ്ഞാനയോഗി എന്നയാളിന്റെയും വയലിൽ മത്തായി മൂപ്പന്റേയും നേതൃത്വത്തിൽ ഉപ്പുകണ്ടത്ത് ഒരു സ്കൂൾ 1960 നുമുമ്പ് പ്രവർത്തനമാരംഭിച്ചു. 1963-ൽ ഇരട്ടയാർ കേന്ദ്രമാക്കി സർക്കാർ ഒരു L. P. സ്കൂൾ അനുവദിച്ച് പ്രവർത്തനമാരംഭിച്ചതാണ് പഞ്ചായത്തിലെ ആദ്യത്തെ അംഗീകൃത വിദ്യാലയം. 1966-ൽ പ്രസ്തുത സ്കൂൾ U.P.S. ആയി ഉയർത്തി. പഞ്ചായത്തിലെ ആദ്യത്തെ ലൈബ്രറി ഉപ്പുകണ്ടം വായനശാലയാണ്. 1962-ൽ തോമസ് അറയ്ക്കൽ സംഭാവന

ചെയ്ത സ്ഥലത്താണ് ഇരട്ടയാർ Y.M.A. ലൈബ്രറി പ്രവർത്തനമാരംഭിച്ചത്.

പഞ്ചായത്ത് രൂപീകരണം

1971 കാലയളവുവരെയും, കട്ടപ്പന പഞ്ചായത്തിന്റെ ഒരു വാർഡായാണ് ഇരട്ടയാറിനെ കണക്കാക്കിപ്പോന്നത്. പ്രാദേശിക വികസനം ത്വരിതപ്പെടുത്തുന്ന ആവശ്യത്തിലേക്ക് ഇരട്ടയാറിനെ ഒരു സ്വതന്ത്ര പഞ്ചായത്തായി മാറ്റണം എന്ന ആവശ്യം ശക്തമായി. തുടർന്നുള്ള ശ്രമങ്ങളുടെ ഫലമായി കട്ടപ്പന പഞ്ചായത്തിലെ ഇരട്ടയാർ പ്രദേശങ്ങളും, കാമാക്ഷി, പാമ്പാടുംപാറ എന്നീ പഞ്ചായത്തുകളുടെ കുറച്ചു ഭാഗങ്ങളും ചേർത്ത് 1971 ജൂലൈ 1-ാം തീയതി 'ഇരട്ടയാർ പഞ്ചായത്ത്' രൂപീകൃതമായി. ഔസേപ്പ് ഏബ്രഹാം ആലയ്ക്കാപ്പറമ്പിൽ ആയിരുന്നു പ്രഥമ പ്രസിഡന്റ്. ആദ്യം പഞ്ചായത്തിൽ 8 വാർഡുകളാണുണ്ടായിരുന്നത്. പിന്നീട് വാർഡ് പുനർ വിഭജനത്തിലൂടെ എണ്ണം 9 ആക്കി.

സ്ഥലനാമങ്ങൾ

ഇരട്ടയാർ പഞ്ചായത്തിലെ പല സ്ഥലനാമങ്ങളും, ഹൈറേഞ്ചിന്റെ ഇതര പ്രദേശങ്ങളിലേതുപോലെ പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ചാണ് രൂപംകൊണ്ടത്. ഇന്നത്തെ ഇരട്ടയാർ ടൗൺ ഉൾപ്പെട്ട പ്രദേശത്ത് വലിയ ഒരു കുമ്പിൾ മരം ഉണ്ടായിരുന്നതിനാൽ കുമ്പിളുംകവലയെന്നും പ്രസ്തുത പ്രദേശങ്ങൾ മിക്കവാറും അറയ്ക്കൽ വീട്ടുകാരുടെ അധീനതയിലായിരുന്നതിനാൽ അറയ്ക്കൽ സിറ്റി എന്നും അറിയപ്പെട്ടു. രണ്ട് തോടുകൾ ഒന്നിച്ചുചേരുന്ന സ്ഥലമാണ് ഇരട്ടയാർ. ഈ പ്രദേശങ്ങൾ വൃക്ഷലതാദികളാൽ മൂടപ്പെട്ട് വേനൽക്കാലത്തുപോലും ഇരുളടഞ്ഞ് കാണപ്പെട്ടിരുന്നതിനാൽ ആദിവാസികൾ 'ഇരുട്ടാർ' എന്നു വിളിച്ചിരുന്നു. എങ്കിലും രണ്ട് ആറുകൾ (നദികൾ) സംഗമിക്കുന്ന സ്ഥലമെന്ന നിലയിൽ 'ഇരട്ടയാർ' എന്ന നാമമുണ്ടായി എന്നതാണ് യുക്തിസഹം. ഇന്നത്തെ ഉപ്പുകണ്ടം പ്രദേശത്ത് ജലത്തിന് 'ഉപ്പുരസം' കലർന്ന് അനുഭവപ്പെട്ടിരുന്നത് 'ഉപ്പുകണ്ടം' എന്ന പേരിനു കാരണമായി. ആദ്യ കുടിയേറ്റക്കാരിൽപെട്ട ഹൈന്ദവരിൽ ചിലർ ഇന്നത്തെ തുളസിപ്പാറ ക്ഷേത്രത്തോടടുത്ത ഭാഗത്ത്, തുളസിത്തറ കെട്ടുകയും ദേവതകളെ ധ്യാനിച്ചുപോരുകയും ചെയ്തതിനാൽ തുളസിപ്പാറ എന്ന നാമം ഉത്ഭവിച്ചു.

നാങ്ക് മരങ്ങൾ ധാരാളമായി കാണപ്പെട്ട പ്രദേശം നാങ്കുതൊട്ടിയും പാറക്കെട്ടുകളും നെല്ലിമരങ്ങളും കൂടുതലായി കാണപ്പെട്ട സ്ഥലം നെല്ലിപ്പാറ എന്നിങ്ങനെ അറിയപ്പെട്ടു. കാട്ടുവാഴകളും കല്ലുവാഴയും ധാരാളമുണ്ടായിരുന്ന സ്ഥലം വാഴവര എന്നും നാലു റോഡുകൾ കൂടിച്ചേരുന്ന സ്ഥലം 'നാലുമുക്ക്' എന്നും പ്രചാരത്തിലായി. മൂന്നു റോഡുകൾ കൂടിച്ചേർന്ന് 'മൂന്നുമുക്കാണ്' ഇന്നത്തെ ശാന്തിഗ്രാം. ഗുജറാത്തിലെ ഗാന്ധിഗ്രാമിനെ അനുകരിച്ച്, ശാന്തിയുടെയും സമാധാനത്തിന്റെയും ഗ്രാമം എന്ന അർത്ഥത്തിൽ 'ശാന്തിഗ്രാം' എന്ന് പേരിട്ടത് ശ്രീ. K. C. വർക്കി കൊല്ലംകുടിയാണ്. കുടിയേറ്റകാലത്ത് അടയാളക്കല്ല് മലയുടെ കുറെ ഭാഗങ്ങൾ ഉരുൾപൊട്ടലിനെ തുടർന്ന് ഇടിഞ്ഞു. മലയിടിഞ്ഞ സ്ഥലം ഇന്നും കാണാനുണ്ട്. ഇടിഞ്ഞമല എന്ന സ്ഥലനാമം ഇങ്ങനെ രൂപം കൊണ്ടതാണ്. 'ചെമ്പകപ്പാറ'യിൽ പാറക്കെട്ടും ചെമ്പകമരവും ഇന്നും കാണുവാൻ സാധിക്കും. ഈട്ടിമരങ്ങൾ ധാരാളമായി ഉണ്ടായിരുന്ന 'ഈട്ടിത്തോപ്പ്' ആങ്കുർ റാവുത്തരുടെ കാലം മുതലെ നാമകരണം ചെയ്യപ്പെട്ടതാണ്. എഴുകിൻ കൂട്ടങ്ങൾ ധാരാളമായി വളർന്നിരുന്ന പ്രദേശമാണ് എഴുകുംവയൽ. വ്യക്തികളെയും സംഭവങ്ങളെയും അടിസ്ഥാനപ്പെടുത്തി രൂപം കൊണ്ട നിരവധി സ്ഥലനാമങ്ങൾ പഞ്ചായത്തിലുടനീളമുണ്ട്.

ഭരണസമിതികൾ

പഞ്ചായത്തിന്റെ പ്രഥമ ഭരണസമിതി അധികാരമൊഴിയുകയും ഇലക്ഷനെ തുടർന്ന് 1979- ൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അധികാരത്തിൽ വരുകയും ചെയ്തു. ശ്രീമതി. ശാന്തമ്മ ജനാർദ്ദനൻ പ്രസിഡന്റായി, ഭരണസമിതി നിലവിൽ വരികയും ചെയ്തു. 1988 കാലയളവു വരെ ഈ സമിതി ഭരണം നടത്തി. തുടർന്ന് ശ്രീ. ബേബി വർക്കി ഓലിക്കരോട്ട് പ്രസിഡന്റായുള്ള ഭരണസമിതി 1988-89 - 94-95 കാലയളവിൽ പഞ്ചായത്തു ഭരണത്തിന് നേതൃത്വം നൽകി. 1995 ഒക്ടോബർ മുതൽ ശ്രീ. C. K. ശശിധരൻ പ്രസിഡന്റായുള്ള ഭരണസമിതിയാണ് പഞ്ചായത്ത് ഭരണ കാര്യങ്ങൾക്ക് നേതൃത്വം നൽകുന്നത്.

1970-കൾ ഇരട്ടയാറിനു പുരോഗതിയുടെ കാലഘട്ടമായിരുന്നു. 1974-ൽ വൈദ്യുതിസൗകര്യം ലഭിച്ചു. ഇരട്ടയാർ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്കായി വാഴത്തോപ്പിൽ നിന്നും 11 K.V. ലൈൻ എത്തിയത് നിർണ്ണായക ഘട്ടമാണ്. പിന്നീട് പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി എത്തിക്കുവാൻ ഇത് സഹായകമായി. എൽ. പി., യു. പി., ഹൈസ്കൂളുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തനം ആരംഭിച്ചു. ആദ്യകാല റോഡ് കൊച്ചുതോവാള - ഉപ്പുകണ്ടം - പറയൻകവല-കറ്റ്യാമലപടി - നാലുമുക്ക് വഴി പാറക്കടവിനുള്ളതായിരുന്നു. ഇരട്ടയാർ കട്ടപ്പന റോഡിന്റെ നിർമ്മാണം നാട്ടുകാരുടെ കൂട്ടായ ശ്രമത്തിന്റെ ഭാഗമായി പൂർത്തീകരിച്ചതാണ്. തുടർന്ന് ഇരട്ടയാർ - ശാന്തിഗ്രാം, ഇരട്ടയാർ - എഴുകുംവയൽ, ഇരട്ടയാർ - വാഴവര, ഇരട്ടയാർ - നാലുമുക്ക്, വെട്ടിക്കാമറ്റം - ചെമ്പകപ്പാറ, ഇരട്ടയാർ - ചക്കക്കാനം തുടങ്ങിയ റോഡുകൾ പൂർത്തീകരിച്ചു. ശ്രീ. ലോനപ്പൻ നമ്പാടൻ കേരളാ ട്രാൻസ്പോർട്ട് മന്ത്രിയായിരുന്ന 1980 - ൽ ആണ് ഇരട്ടയാറ്റിൽ കെ. എസ്. ആർ. ടി. സി. ബസ്സ് എത്തിച്ചേർന്നത്. 1986 - ൽ പഞ്ചായത്തിൽ ടെലഫോൺ സൗകര്യം എത്തി. നാല് S. C. കോളനികളും, ഒരു I. H. D. P. കോളനിയും, ഒരു S. T. കോളനിയും പഞ്ചായത്തിൽ അംഗീകൃതമായി. വൈദ്യുതി, വാർത്താവിനിമയം, ഗതാഗതം, ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിലെല്ലാം പുരോഗതി ഇനിയും കൈവരിക്കേണ്ടിയിരിക്കുന്നു.

ഇരട്ടയാർ ടൗണിൽ നിന്നും 300 മീറ്റർ തെക്കുഭാഗത്തായിട്ടാണ് പഞ്ചായത്താഫീസ് സ്ഥിതി ചെയ്യുന്നത്. ഇരട്ടയാറിലേക്കുള്ള ആദ്യകാല കുടിയേറ്റ ചരിത്രത്തിലും, വികസനരംഗത്തും ശ്രദ്ധേയമായ സംഭാവനകൾ നൽകിയ നിരവധി വ്യക്തികളെ ഇത്തരുണത്തിൽ ഓർമ്മിക്കേണ്ടതായുണ്ട്. അവരിൽ ചിലർ മരണമടയുകയും മറ്റു ചിലർ

പ്രദേശം വിട്ടുപോവുകയും ചെയ്തു. പഞ്ചായത്തിന്റെ പൊതുവായും പ്രാദേശികമായും ഉള്ള വികസനത്തിൽ അവരെല്ലാം തനതായ വ്യക്തിമുദ്ര ചാർത്തിയിട്ടുണ്ട്. ശ്രീ. ഔസേഫ് എബ്രാഹം ആലയ്ക്കാപറമ്പിൽ, ശ്രീ. കെ. ജെ. ജോസഫ് കാവിൽപുരയിടം, ശ്രീ. K. A. ആൻറണി കടുകൻമാക്കൽ, ശ്രീ. K. C. വർക്കി കൊല്ലംകുടിയിൽ, ശ്രീ. O. S. പ്രഭാകരൻനായർ സരസ്വതീഭവനം, ശ്രീ. P. V. ആൻറണി പൗവ്വത്ത്, ശ്രീ. P. D. ജോസഫ് പതിപ്പള്ളി, ശ്രീ. K. P. മാധവൻ, ശ്രീ. P. T. വർക്കി പുളിയംകുന്നേൽ, ശ്രീ. തോമസ് ഓലിക്കര, ശ്രീ. വെട്ടിക്കൽ പാപ്പച്ചൻ, ശ്രീ. തൊമ്മൻ സ്കറിയാ പുളിയ്ക്കൽ, V. ജോൺ വാളിപ്ലാക്കൽ, പി. ജെ. കുര്യൻ പാലമറ്റം എന്നു തുടങ്ങി ധാരാളം ആൾക്കാർ ഇരട്ടയാറിന്റെ ചരിത്രത്തിൽ എന്നുമുണ്ട്. ഇരട്ടയാർ പള്ളി വികാരിമാരായ ഫാ. ജോസഫ് ആയത്തുപാടം, ഫാ. മാത്യു മഞ്ചേരി, ഫാ. തോമസ് മലേക്കുടി തുടങ്ങിയ വന്ദ്യ വൈദികരെ വിസ്മരിക്കാൻ സാധ്യമല്ല. ഇരട്ടയാറിന്റെ ചരിത്രത്തിൽ മൗലികമായി സേവനം ചെയ്ത ബഹുമാന്യരായ നിരവധി വ്യക്തികൾ ഇനിയുമുണ്ട്. അവരെയെല്ലാം നന്ദിയോടെ സ്മരിക്കുന്നു. മുൻഭരണ സമിതികളും ഇക്കാര്യത്തിൽ നിസ്തുല സേവനമനുഷ്ഠിച്ചു. ഇരട്ടയാറിന്റെ ഇന്നത്തെ പുരോഗതിയുടെ ഓരോ ഘട്ടത്തിലും മറ്റ് പ്രസ്ഥാനങ്ങൾക്ക് ഒപ്പമെന്നപോലെ വ്യാപാരി വ്യവസായി സംഘടനയുടെ നിർലോഭമായ സേവനവും ലഭ്യമായിട്ടുണ്ട്.

പഞ്ചായത്തിന്റെ വികസനത്തിനായി പ്രാദേശികമായി, അക്ഷീണം പ്രയത്നിച്ച ആൾക്കാരുടെ സേവനം എന്നും വിലമതിക്കുന്നതാണ്. ചെമ്പകപ്പാറയിലെ പൊതുസ്ഥാപനങ്ങൾക്കെല്ലാം ഭൂമി വിട്ടുകൊടുത്ത ശ്രീ. O. S. പ്രഭാകരൻനായരെപ്പോലെയുള്ളവർ ഇതിനുദാഹരണമാണ്. മതസൗഹാർദ്ദത്തിന്റെ സന്ദേശവാഹകരാണ് ഇരട്ടയാർ പഞ്ചായത്തു നിവാസികൾ. അടയാളക്കല്ല്, തുളസിപ്പാറ, ഈട്ടിത്തോപ്പ്, ശാന്തിഗ്രാം തുടങ്ങിയ സ്ഥലങ്ങളിൽ ക്ഷേത്രങ്ങളും, ചെറുതും വലുതുമായി നിരവധി ക്രിസ്ത്യൻ ദേവാലയങ്ങളും ഈ പഞ്ചായത്ത് പ്രദേശത്തുണ്ട്. രാഷ്ട്രീയ സാമൂഹ്യചിന്താധാരകളിൽ വൈവിധ്യം പുലർത്തുന്നതോടൊപ്പം ക്ഷേമത്തിലും പുരോഗതിയിലും ഏകധാര പുലർത്തുന്ന പ്രവണത പഞ്ചായത്തിലുടനീളമുണ്ട്.

മുഴുവൻ കൈവശഭൂമിക്കും പട്ടയം ലഭിച്ചിട്ടില്ല എന്നത് ഒരു ദുഃഖമായി ഇന്നും നിലനിൽക്കുന്നു. അടിയന്തിരമായ നടപടികൾ ഇക്കാര്യത്തിൽ ആവശ്യമാണ്. കുടിയേറ്റത്തിലുണ്ടായ പ്രായോഗിക വൈഷമ്യങ്ങളും, കുടിയിറക്ക്, രോഗങ്ങൾ, പ്രതികൂല കാലാവസ്ഥ, ജീവിതസൗകര്യങ്ങളുടെ നിഷേധം തുടങ്ങിയ പ്രതിസന്ധികളെ അതിജീവിച്ച്, മണ്ണിനെ പൊന്നാക്കി മാറ്റിയ ഇരട്ടയാർ പഞ്ചായത്തിലെ കുടിയേറ്റ കർഷകരെ സംബന്ധിച്ചിടത്തോളം അനുർത്ഥമാകുന്ന വാക്കുകളാണ് റുഡ്യാർഡ് കിപ്ലിംഗും, ജവാഹർലാൽ നെഹ്റുവും നൽകുന്നത്. വികസനപാതയിൽ ഏറെ ദൂരം ഇനിയും പിന്നിടേണ്ടതായുണ്ട്.

◆❑❑◆

"എല്ലാം തകർന്നു തരിപ്പണമാകുന്ന, എല്ലാം നഷ്ടപ്പെടുന്ന സാഹചര്യങ്ങളിലും സമചിത്തത കൈവെടിയാതെ തലയുയർത്തി നിൽക്കുന്ന മനുഷ്യനുള്ളതാണ് ഈ ഭൂമി".

- റുഡ്യാർഡ് കിപ്ലിംഗ്

"വിജയത്തിലേക്കുള്ള കവാടം എത്രയോ അകലെയാണ്. എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് അവിടെയെത്തുന്നവനു മാത്രമെ ആ കവാടം തുറക്കുവാൻ സാധിക്കൂ".

- നെഹ്റു

ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ അവിസ്മരണീയ വർഷങ്ങൾ

	പഞ്ചായത്ത് രൂപീകരണം	1971
1	ഇരട്ടയാർ പഞ്ചായത്തിലെ ആദ്യ ഗവ: സ്ഥാപനം ഉപ്പുകണ്ടം പോസ്റ്റോഫീസ്	1962
2	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ - ഈട്ടിത്തോപ്പ് ശാഖ	1981
3	ഫെഡറൽ ബാങ്ക് ഇരട്ടയാർ ശാഖ	
4	ഇരട്ടയാർ സർവ്വീസ് സഹകരണബാങ്ക്	1966
5	ശാന്തിഗ്രാം സർവ്വീസ് സഹകരണബാങ്ക്	1966
6	ആദ്യത്തെ മാനേജ്മെൻറ് സ്കൂൾ - സെൻറ് തോമസ് എൽ. പി. എസ്സ്.	1963
7	ആദ്യത്തെ ഗവ: ഹൈസ്കൂൾ - ഗവ: എച്ച്. എസ്. ഇരട്ടയാർ	1972
8	കെ. എസ്. ആർ. ടി. സി. - ബസ്സ് എത്തിയത്	1980
9	പ്രൈവറ്റ് ബസ് സർവ്വീസ് ആരംഭിച്ചത് ശാന്തിഗ്രാം - പൗർണ്ണമിബസ്സ്	1977
10	ഇരട്ടയാർ ഡാമിന്റെ നിർമ്മാണം തുടങ്ങിയത്	
11	ഡാം കമ്മീഷൻ ചെയ്തത്	1991
12	ഇരട്ടയാർ - അഞ്ചുരുളി ടണൽ നിർമ്മാണം ആരംഭിച്ചത്	
13	ഇരട്ടയാർ ടണൽ നിർമ്മാണം പൂർത്തിയാക്കിയത്	
14	ആദ്യത്തെ ഗവ: ഡിസ്പൻസറി സ്ഥാപിതമായത് - പള്ളിക്കാനം ഗവ: ഡിസ്പ:	
15	ഗവ: മൃഗാശുപത്രി ആരംഭിച്ചത്: നോർത്തിൽ	1983
16	വൈദ്യുതി ആദ്യം എത്തിയത്	1974
17	ടെലഫോൺ ആദ്യം എത്തിയത്	1986
18	ഇന്ത്യയുടെ പ്രതിപക്ഷ നേതാവായിരുന്ന ഏ. കെ. ജി. ക്ക് സ്വീകരണം - ഉപ്പുകണ്ടത്തിൽ	1960
19	കൃഷിഭവൻ ആരംഭിച്ചത്	
20	ഗവ: ആയുർവേദാശുപത്രി ആരംഭിച്ചത്	1995

ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

വശ്ചിമഘട്ട മലനിരകളിൽ സ്ഥിതിചെയ്യുന്ന ഇടുക്കി ജില്ലയുടെ കിഴക്കൻ മേഖലയിലുള്ള മലയോര ഗ്രാമമാണ് ഇരട്ടയാർ. ഏറെക്കുറെ നിമ്നോന്നതാവസ്ഥയിൽ സ്ഥിതി ചെയ്യുന്ന പ്രദേശമാണിത്. കുന്നിൻചെരുവുകളും, താഴ് വാരങ്ങളും നിറഞ്ഞ ഈ പഞ്ചായത്തിൽ തോവാളമേട്, കുരിശുമലമേട് അടയാളക്കല്ലുമേട്, തേക്കിൻകൂനം, കാമാക്ഷി മേട് എന്നിവയാണ് പ്രധാനമായിട്ടുള്ള ഉയർന്ന പ്രദേശങ്ങൾ. കുത്തനെയുള്ള ഇറക്കം കൂടുതലായുള്ളത് കുപ്പച്ചാൻപടി, ഈട്ടിത്തോപ്പ്, ഡാം ടോപ്പ് ഭാഗങ്ങളിലാണ്. പ്രധാന താഴ്വരയായി കണക്കാക്കാവുന്നത് ഇരട്ടയാർ പദ്ധതിയോടു ചേർന്ന പ്രദേശങ്ങളും, കൊച്ചുകാമാക്ഷി പാടശേഖരവുമാണ്. പാരിസ്ഥിതിക സവിശേഷതകൾ പഞ്ചായത്തിൽപൊതുവെ ഒരുപോലെയാണെങ്കിലും അടയാളക്കല്ല് മേഖലയിൽ കാറ്റ് ശക്തമായി അനുഭവപ്പെടുന്നു. ഇരട്ടയാർ, ഉപ്പുകണ്ടം, നാങ്കുതൊട്ടി, തോവാള പ്രദേശങ്ങളിൽ പൊതുവെ വളക്കൂറുള്ള പശിമരാശി മണ്ണ് കാണപ്പെടുന്നു. മറ്റു പ്രദേശങ്ങളിൽ ചരലുകളോടുകൂടിയ ചുവപ്പുകലർന്ന മണ്ണ് കാണപ്പെടുന്നു.

ജനപ്രകൃതി

1991-ലെ സെൻസസ് പ്രകാരം 18627 ആണ് പഞ്ചായത്തിലെ ജനസംഖ്യ. (ഇപ്പോൾ ലഭ്യമായ കണക്കുകളനുസരിച്ച് 21100 ആണ് ജനസംഖ്യ). പട്ടികജാതി ജനസംഖ്യ 949 ഉം പട്ടികവർഗ്ഗ ജനസംഖ്യ 40 ഉം ആണ്. ആകെ ജനങ്ങളിൽ 90% പേരും സാക്ഷരരാണ്. സാക്ഷരതാ പ്രസ്ഥാനം ഏറ്റവും മികച്ച രീതിയിൽ നടപ്പാക്കിയ പഞ്ചായത്താണ് ഇരട്ടയാർ. അഭ്യസ്തവിദ്യരായ ആൾക്കാരുടെ തൊഴിലില്ലായ്മ പഞ്ചായത്തിലെ ഒരു വലിയ പ്രശ്നമാണ്.

വാർഡുതല ജനസംഖ്യാ വിവരപട്ടിക - 1991 സെൻസസ്

വാർഡ്	ജനസംഖ്യ	പുരു:	സ്ത്രീകൾ	6-വയസ്സിൽ താഴെ			പട്ടികജാതി			പട്ടികവർഗ്ഗം		
				പുരു:	സ്ത്രീ	ആകെ	പുരു:	സ്ത്രീ	ആകെ	പുരു:	സ്ത്രീ	ആകെ
I	1797	917	880	128	105	233	18	9	27	-	-	-
II	2168	1107	1061	135	134	269	54	60	114	1	-	1
III	2128	1080	1048	141	112	253	1	3	4	10	13	23
IV	2973	1498	1475	168	168	336	117	114	231	4	8	12
V	1383	666	717	70	91	161	37	40	77	-	-	-
VI	1623	831	792	101	82	183	56	69	125	-	-	-
VII	1806	927	879	102	86	188	58	57	115	2	1	3
VIII	2636	1337	1299	164	126	290	61	59	120	-	1	1
IX	2113	1076	1037	148	139	287	64	72	136	-	-	-

കാർഷികരംഗം ആദായകരമല്ലാത്തതിനാൽ അനുബന്ധമായി കന്നുകാലി വളർത്തൽ, പച്ചക്കറികൃഷി തുടങ്ങിയ മേഖലകളിലേയ്ക്ക് കൃഷിക്കാർ ശ്രദ്ധിക്കുന്നു. ഉപജീവനാർത്ഥം തൊഴിൽതേടി നഗരങ്ങളിലേയ്ക്ക് ചെറുപ്പക്കാരുടെ കുടിയേറ്റം വർദ്ധിക്കുകയാണ്.

ജലപ്രകൃതി

വർഷത്തിൽ ശരാശരി 325 c.m. മഴ പഞ്ചായത്തിൽ ലഭിക്കുന്നു. തെക്കുപടിഞ്ഞാറൻ, വടക്കുകിഴക്കൻ മൺസൂണുകളെ അടിസ്ഥാനമാക്കി ജൂൺ മുതൽ ആഗസ്റ്റു വരെയും, സെപ്റ്റംബർ മുതൽ നവംബർ വരെയും ലഭിക്കുന്ന മഴയെ ആശ്രയിച്ചാണ് ജലലഭ്യത നിലനിൽക്കുന്നത്. പ്രധാന ജലാശയമെന്ന് പറയാവുന്നത് ഇരട്ടയാർ ഡാമാണ്. കൊച്ചുതോവാള - ഇരട്ടയാർ തോട്, കുരിശുമല - ഉപ്പുകണ്ടം തോട്, കാമാക്ഷിതോട്, വലിയതോവാള - ഇരട്ടയാർ തോട്, കല്ലാർതോട്, ഇടിഞ്ഞമലതോട് തുടങ്ങിയവയാണ് പ്രധാന തോടുകൾ. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി വിവിധ പദ്ധതികളിൽപെടുത്തി ചെറുതും, വലുതുമായി 25 കുളങ്ങളും, 13 കിണറുകളും പൊതുവായുണ്ട്. കൂടാതെ സ്പ്രെസസ് ബോർഡ് തുടങ്ങിയ ഏജൻസികൾ വഴി നിർമ്മിച്ചിട്ടുള്ള സ്വകാര്യ കുളങ്ങൾ ഉൾപ്പെടെ 1115 കിണറുകൾ നിലവിലുണ്ട്. എന്നാൽ ഇവയിൽ പലതും വേനൽക്കാലത്തു വറ്റിവരളുന്നവയാണ്. ഉദ്ദേശം 10.2 ച. കി. മീ. പ്രദേശങ്ങളിൽ മാത്രമേ എല്ലാക്കാലത്തും ശുദ്ധജല ലഭ്യത സാധ്യമാവുന്നുള്ളു. ഭൂപ്രകൃതിയുമായി ബന്ധപ്പെട്ടാണ് കൂടുതലായും ജലക്ഷാമം നിലനിൽക്കുന്നത്.

പ്രധാന കുളങ്ങൾ / കിണറുകൾ

വാർഡ്	കുളം	കിണർ
I	2	2
II	3	-
III	8	2
IV	1	1
V	-	1
VI	1	2
VII	4	2
VIII	3	-
IX	3	5

പഠനപര്യടനം


ഏതൊരു പ്രദേശത്തിന്റെയും വികസന പ്രവർത്തനങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ അതിന്റെ അടിസ്ഥാനഘടകം ആ പ്രദേശത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ചുള്ള സമഗ്ര പഠനമാണ്. ഇത് സാധ്യമാകണമെങ്കിൽ വിദഗ്ദ്ധരും അന്വേഷണകുതുകികളുമടങ്ങിയ ആളുകളുടെ ജാഗ്രതയോടെയുള്ള പഠനവും, കണ്ടെത്തലുകളും ഉണ്ടെങ്കിലേ ഭൂപ്രകൃതിയെപ്പറ്റിയും കാലാവസ്ഥ, മൺതരങ്ങൾ, വിവിധയിനം കൃഷി എന്നിവയെപ്പറ്റി മനസ്സിലാക്കുവാൻ സാധിക്കുകയുള്ളൂ. ഇതു പൂർണ്ണമാകണമെങ്കിൽ പല ഗ്രൂപ്പുകൾ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ നടന്ന് വിശദമായ പഠനം നടത്തിവരുമ്പോൾ ദിവസങ്ങൾ വേണ്ടിവരും. സമയ പരിധിക്കുള്ളിൽ നിന്നുകൊണ്ടുള്ള പഠനറിപ്പോർട്ടാണ് നമ്മൾ തയ്യാറാക്കിയിരിക്കുന്നത്. ഇതിനുവേണ്ടി രണ്ട് ഗ്രൂപ്പുകൾ ആയി തിരിഞ്ഞ് പഞ്ചായത്തിൽ നെടുകെയും കുറുകെയും പഠനപര്യടനം നടത്തി.

പഞ്ചായത്തിന്റെ നെടുകെ നടത്തിയ പര്യടനം

തെക്കെ അതിർത്തിയായ കട്ടപ്പന പഞ്ചായത്തിനോട് ചേർന്നുകിടക്കുന്ന ഉപ്പുകണ്ടം കോളനിഭാഗത്തുനിന്നും ആരംഭിച്ച പര്യടന സംഘത്തെ നയിച്ചത് പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീ: N. V. ചക്രപാണി, പഞ്ചായത്ത് മെമ്പർ N. ശ്രീനിവാസൻ എന്നിവരാണ്. ഉപ്പുകണ്ടം, ഇരട്ടയാർ പഞ്ചായത്തിലെ ആദ്യത്തെ കുടിയേറ്റ പ്രദേശമാണ്. ഇവിടം കുന്നുകളും, താഴ്വരകളും, ജലസ്രോതസുകൾ ധാരാളമുള്ളതുമായ സ്ഥലമാണ്. പൊതുവെ വളക്കൂറുള്ള മണ്ണിൽ സമ്മിശ്രകൃഷികളാണ് നടത്തിപ്പോരുന്നത്. കുരുമുളക്, കാപ്പി, തെങ്ങ്, കമുക്, കൊക്കോ, റബർ, ഏലം എന്നിവയും ഇടവിളയായി ഇഞ്ചി, വാഴ, കപ്പ എന്നിവയും കൃഷി ചെയ്യുന്നു. ഈ പഞ്ചായത്തിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും ഇത്തരത്തിലുള്ള കൃഷിസമ്പ്രദായമാണ് കണ്ടുവരുന്നത്. ചെറിയകുന്ന് കയറി ഇറങ്ങി ഇരട്ടയാർ ടൗണിലെത്താം. ഈ കുന്നിൻപ്രദേശങ്ങൾ ജലലഭ്യത കുറവുള്ള പ്രദേശമാണ്. ഇരട്ടയാർ ടൗൺ സമുദ്രനിരപ്പിൽ നിന്നും സുമാർ 750 മീറ്റർ ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഇടുക്കിപദ്ധതിയുടെ III-ാം ഘട്ടമായ ഇരട്ടയാർ പദ്ധതി വന്നതോടെ മഴക്കാലമായാൽ വെള്ളത്താൽ ചുറ്റപ്പെട്ട പ്രദേശമാകുന്നു ഇരട്ടയാറും പരിസരവും. ഇരട്ടയാർ ടൗണുമായി ബന്ധപ്പെടുവാനുള്ള തോവാളപാലം, ശാന്തിഗ്രാം പാലം, വാഴവരപാലം എന്നീ മൂന്നു പാലങ്ങൾ ഉള്ളതുകൊണ്ട് ഗതാഗത തടസ്സം ഏറെക്കുറെ പരിഹരിക്കുന്നു. കുറുംന്തോട്ടംപടി, ഉറുംമ്പോലിപടി, കാറ്റാടിക്കവല ഭാഗത്തുള്ളവർക്ക് മഴക്കാലമായാൽ ഇരട്ടയാറുമായി ബന്ധപ്പെടുവാൻ കഴിയാതെ വരുന്നു. ഈ പ്രദേശത്തിന്റെ ഫലഭൂയിഷ്ടമായ പ്രദേശങ്ങൾ വെള്ളത്തിനടിയിലായി. ഇത് കാർഷിക വരുമാനത്തേയും വികസനത്തേയും ഏറെ ബാധിച്ചിട്ടുണ്ട്. ഇരട്ടയാർ പ്രദേശവും, ഡാം സ്ഥിതി ചെയ്യുന്ന ഭാഗവും, ഇരട്ടയാർ നോർത്തുഭാഗവും, കുന്നുകളും, താഴ്വരകളും, പാറക്കെട്ടുകളോടുകൂടിയതുമായ പ്രദേശമാണ്. ഈ പ്രദേശങ്ങളിൽ സമ്മിശ്രകൃഷിയും വളക്കൂറുള്ള മണ്ണുമാണ്. ഉയർന്ന പ്രദേശങ്ങളിൽ ജലലഭ്യതയില്ല.

വെട്ടിയ്ക്കാമറ്റം, കരടിയള്ള് ഭാഗങ്ങളിൽ ചരലും വെള്ളാരംകല്ലും ചേർന്ന മണ്ണാണ് ഉള്ളത്. ഈ പ്രദേശങ്ങളിൽ ഇടവിളയായി ഇഞ്ചി, കപ്പ, വാഴ, പാവൽ എന്നിവ കൃഷി ചെയ്യുന്നു. ഈ പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം ഏറെയുണ്ട്. കരടിയള്ളു പ്രദേശങ്ങളിൽ ഇളക്കുകല്ലുകൾ ധാരാളമായി കണ്ടുവരുന്നു. ഇവിടെനിന്നും അടയാളകല്ല് അമ്പലത്തിൽ എത്താൻ മൺറോഡുണ്ട്. പാറക്കെട്ടുകളും, പുൽമേടുകളും നിറഞ്ഞ വളരെ ഉയർന്ന പ്രദേശമാണിത്. ഈ ഭാഗം, ശക്തിയായ കാറ്റുള്ള പ്രദേശമാണ്. കരടിയള്ളിൽ നിന്നും പള്ളിക്കാനം എന്ന പ്രദേശംവരെ കുന്നും, ചെരിവുകളുമുള്ള ഉയർന്ന പ്രദേശമാണ്. ഈ പ്രദേശത്തെ ഫലഭൂയിഷ്ടിയുള്ള മണ്ണിൽ സമ്മിശ്രകൃഷിയാണ് നടത്തുന്നത്. ഇവിടെ നിന്നും ചെമ്പകപ്പാറയ്ക്ക് കുത്തനെ കയറ്റമാണ്. കുന്നിൻമുകളിലാണ് ചെമ്പകപ്പാറ എന്ന സ്ഥലം സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്ത് ജലലഭ്യത കുറവാണ്. എല്ലാത്തരം കൃഷികളും ഇവിടെ ഉണ്ടെങ്കിലും പൊതുവെ വളക്കൂറുള്ള മണ്ണാണ്. ഇവിടെ നിന്നും കൊച്ചുകാമാക്ഷി എന്ന പ്രദേശം വരെ നല്ല കാറ്റുവീശുന്ന സ്ഥലമാണ്. കൊച്ചുകാമാക്ഷിയിൽ മലയടിവാരം ചതുപ്പുനിലമാണ്. ഇവിടെ വിപുലമായ രീതിയിൽ നെൽകൃഷി നടത്തുന്നു.

ഉപ്പുതറ-ഇരട്ടയാർ-വണ്ടൻമേട് (തമിഴ്നാട്)
ഉപ്പുതറ
ഉപ്പുതറ പഞ്ചായത്ത് ഓഫീസ്
ഉപ്പുതറ പോലീസ് സ്റ്റേഷൻ
ഉപ്പുതറ ഗവ. ഹൈസ്കൂൾ
കൊച്ചുകാമാക്ഷി
കുഴിക്കാട്ടുപുരയിടം
കുഴിക്കാട്ടുപുരയിടം
കുഴിക്കാട്ടുപുരയിടം


എഴുകുംവയൽ വാഴവര-കിഴക്ക് പടിഞ്ഞാറ്
നെടുംകണ്ടം പഞ്ചായത്ത്.
നീലാണ്ടൻകവല കിഴക്കേ അതിർത്തി
കൃഷി- കുരുമുളക്, തെങ്ങ്, കമുക്, കാപ്പി,കൊക്കോ.
എഴുകുംവയൽ ചെറിയ ചെരിവ്
കൃഷി- കുരുമുളക്, തെങ്ങ്, കമുക്, കാപ്പി,കൊക്കോ.
ഡാംമല- പാറക്കെട്ടുകൾ
കുത്തനെ ചെരിവ് കുറ്റിക്കാട്. K.S.E.B
ഇരട്ടയാർ ഡാം- വെള്ളം
ഇരട്ടയാർ നോർത്ത്.
കൃഷി- റബർ, കുരുമുളക്, തെങ്ങ്, കമുക്, കാപ്പി,കൊക്കോ
ശാന്തിഗ്രാം കുത്തനെ ചരിവ്
കൃഷി- റബർ, കുരുമുളക്, തെങ്ങ്, കമുക്, കാപ്പി,കൊക്കോ, ഏലം
സമതലം- KSEB
കറ്റ്യാമല-ചെറിയ ചരിവ്
കൃഷി- കുരുമുളക്, തെങ്ങ്, കമുക്, കാപ്പി,കൊക്കോ, ഏലം
നാങ്കുതൊട്ടി ചെറിയ ചരിവ്
കൃഷി- കുരുമുളക്, തെങ്ങ്, കമുക്, കാപ്പി,കൊക്കോ, ഏലം
ചിറയ്ക്കൽപ്പടി കുത്തനെ ചരിവ്
മേൽമണ്ണ് കറുത്തത് അടിമണ്ണ് കറുത്തതും
കൃഷി- കുരുമുളക്, തെങ്ങ്, കമുക്, കാപ്പി,കൊക്കോ, ഏലം
അതിർത്തി വാഴവര കുന്നിൻമുകൾ
പശയില്ലാത്ത ചരൽ മണ്ണ്
പാറക്കെട്ടുകൾ

ഇരട്ടയാർ പഞ്ചായത്തിലെ നിലവിലുള്ള പാടശേഖരസമിതി പ്രവർത്തിക്കുന്നത് ഇവിടെയാണ്. പാവൽകൃഷിയും ധാരാളമായി ഈ പ്രദേശത്തുണ്ട്. കാലവർഷമായാൽ ശക്തിയായ കാറ്റുവീശുന്നതും പൊതുവെ വളക്കുറവുള്ള മണ്ണുള്ള ഒരു പ്രദേശമാണിത്.

കൊച്ചുകാമാക്ഷിയുടെയും ചെമ്പകപ്പാറയുടെയും താഴ്വരയാണ് കുപ്പച്ചാംപടി. ചെമ്പകപ്പാറയിൽനിന്നും കുത്തനെ ഇറക്കമാണ് കുപ്പച്ചാംപടിക്ക്. ഇളക്കുകല്ലുകളും, ചരലും ചേർന്ന മണ്ണാണ് ഈ പ്രദേശത്തുള്ളത്. വളക്കൂറുള്ള മണ്ണുള്ള ഈ പ്രദേശം റബർകൃഷിക്കു പറ്റിയ സ്ഥലമാണ്. സമീപപ്രദേശമായ തേക്കിൻകാനം കുപ്പച്ചാംപടിയേക്കാൾ ഉയർന്ന പ്രദേശമാണ്. ചരിവു പ്രദേശമായതിനാൽ മണ്ണൊലിപ്പു വളരെ കൂടുതലുള്ള സ്ഥലമാണ്. പൊതുവെ ഇവിടെയെല്ലാം സമ്മിശ്ര കൃഷിരീതിയാണ് കാണുന്നത്. പഞ്ചായത്തിന്റെ വടക്കേ അതിർത്തിയായ ഞാക്കെവല ഉയർന്ന സ്ഥലമാണ്. നല്ല വളക്കൂറുള്ള മണ്ണാണ് ഈ പ്രദേശത്തു കാണുന്നത്. ജലലഭ്യത കുറവുള്ള പ്രദേശമാണ് തേക്കിൻകാനം, കുപ്പച്ചാംപടി ഭാഗം. കല്ലാർ - മുക്കുഭാഗം ഇരട്ടയാർ പഞ്ചായത്തിന്റെ അതിർത്തിയാണ്. വാത്തിക്കുടി പഞ്ചായത്തിന്റെയും നെടുംകണ്ടം പഞ്ചായത്തിന്റെയും കാമാക്ഷിപഞ്ചായത്തിന്റെയും അതിർത്തികളാണ് ഈ പ്രദേശം.

തെക്കുനിന്നും വടക്കോട്ട് പഞ്ചായത്തിനു നെടുകെ നടത്തിയ ഈ പര്യടനത്തിലൂടെ ഒട്ടേറെ കാര്യങ്ങൾ മനസ്സിലാക്കാൻ കഴിഞ്ഞു. ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി വടക്കോട്ടു ചെരിഞ്ഞു കിടക്കുന്നു. എല്ലാ പ്രദേശങ്ങളിലെയും കൃഷികൾ ഒരേ രീതിയിലുള്ളതാണ്. കുരുമുളക്, കാപ്പി, തെങ്ങ്, കമുക്, റബർ, കൊക്കോ, ഏലം തുടങ്ങിയ സ്ഥിര ദേഹണ്ഡങ്ങൾ ഇടകലർന്നു കൃഷി ചെയ്യുന്നു. മരച്ചീനി, ഇഞ്ചി, വാഴ മുതലായവയും ഇടവിട്ട് കാണാം. പഞ്ചായത്തിലെ പല പ്രദേശങ്ങളിലും പാവൽകൃഷി വ്യാപാരാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നുണ്ട്. പച്ചക്കറികൃഷികൾ മിക്ക വീടുകളിലും ചെറിയതോതിൽ കണ്ടുവരുന്നു. ഫലവൃക്ഷങ്ങളായ പ്ലാവ്, മാവ് എന്നിവ എല്ലാ പ്രദേശങ്ങളിലും ധാരാളമായി കണ്ടുവരുന്നു. ഇതിൽനിന്നും ലഭിക്കുന്ന ഫലങ്ങൾ കേടുകൂടാതെ സംസ്കരിച്ച് വിവിധ ഉൽപന്നങ്ങളാക്കി മാറ്റുവാനുള്ള സൗകര്യങ്ങൾ ഇല്ലാത്തതിനാൽ നിസ്സാരവിലയ്ക്ക് വിൽക്കേണ്ടിവരുന്നു.

പഞ്ചായത്തിനു കുറുകെ പഠനപര്യടനം

ഇരട്ടയാർ പഞ്ചായത്തിന്റെ പടിഞ്ഞാറെ അതിർത്തിയായ വാഴവരയിൽനിന്നും കഴിക്കെ അതിർത്തിയായ എഴുകുംവയൽ, നീലാണ്ടൻകവലയിലേയ്ക്കായിരുന്നു പഠനപര്യടനം നടത്തിയത്. ഈ സംഘത്തെ നയിച്ചത് പഞ്ചായത്തു പ്രസിഡൻറ് സി. കെ. ശശിധരനും, പഞ്ചായത്തു മെമ്പർമാരായ ജോസഫ് ആൻറണിയും കെ. ടി. ദാസും ചേർന്നാണ്.

ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശമാണ് വാഴവരക്കുന്ന്. ഈ പ്രദേശത്തെ മണ്ണ് വളക്കൂറില്ലാത്തതാണ്. പാറക്കെട്ടുകളോടുകൂടിയ ഈ കുന്നിൻപ്രദേശം മണ്ണൊലിപ്പുള്ള പ്രദേശമാണ്. പുൽമേടുകളുള്ളതിനാൽ കന്നുകാലിവളർത്തൽ ധാരാളമായി കാണുന്നു. കുത്തനെയുള്ള ചെരുവുകഴിഞ്ഞാൽ താഴ്വരകൾ വളക്കൂറുള്ള മണ്ണാണ്. തെങ്ങ്, കാപ്പി, കമുക്, കുരുമുളക്, കൊക്കോ, ഏലം മുതലായ കൃഷികൾ ഈ പ്രദേശങ്ങളിൽ ഇടകലർന്നു നിൽക്കുന്നു. താഴ്വരകളിൽ ജലസ്രോതസ്സ് ധാരാളമായി കാണുന്നു. വാഴവര ഗിരിജൻ കോളനിഭാഗം കുന്നിൻചെരിവാണ്. ഇവിടെ പാറക്കെട്ടുകൾ ഉള്ളതും, ജലലഭ്യത വളരെ കുറവുള്ളതുമായ പ്രദേശമാണ്. പഞ്ചായത്തിലെ ഏക ഗിരിജൻ കോളനിയാണ് ഇവിടെയുള്ളത്. അടിസ്ഥാന സൗകര്യങ്ങൾ യാതൊന്നും ഈ കോളനിവാസികൾക്കില്ല.

നാലുമുക്കു പ്രദേശം മലയടിവാരമാണ്. രണ്ടുതോടുകൾ ഒന്നിച്ചുചേർന്ന് ഇരട്ടയാർ ടണ്ണലിലേയ്ക്ക് ഒഴുകുന്നു. ഈ പ്രദേശങ്ങൾ വളക്കൂറുള്ള മണ്ണാണ്. ഇരട്ടയാർ നോർത്തു ഭാഗത്തെ ഡാം നിർമ്മിച്ച് വെള്ളം ശേഖരിച്ച് ഈ ടണൽ വഴിയാണ് അഞ്ചുരുളിയിൽ എത്തിക്കുന്നത് (ഇടുക്കി ജല സംഭരണിയിൽ) നാലുമുക്കിൽ നിന്നും ശാന്തിഗ്രാമിലേക്ക് കയറ്റമാണ്, ഈ ഭാഗങ്ങളിൽ പാറക്കെട്ടുകൾ കാണാം. ശാന്തിഗ്രാമും പരിസരപ്രദേശവും പൊതുവെ വളക്കൂറുള്ള മണ്ണാണ്. എന്നാൽ ശാന്തിഗ്രാമിൽ നിന്നും മുകളിലേക്കു പോകുമ്പോൾ അന്തോപ്പിക്കവല മുതൽ ഇടിഞ്ഞമല വരെ വളക്കുറവുള്ള മണ്ണാണ്. പാറക്കെട്ടുകൾ ധാരാളമുള്ളതും ജലലഭ്യത കുറവുള്ളതുമായ ഈ പ്രദേശങ്ങളിൽ സമ്മിശ്ര കൃഷിയാണ് കാണുന്നത്. ഇവിടെനിന്നും ഡാം സ്ഥിതി ചെയ്യുന്ന ഭാഗം വരെ കുന്നും ചെരുവുകളും, പാറക്കെട്ടുകളും നിറഞ്ഞ പ്രദേശമാണ്. രണ്ടു വലിയ മലയുടെ താഴ്വരയിലാണ് ഡാം നിർമ്മിച്ചിരിക്കുന്നത്.

150 മീറ്റർ നീളവും 55 മീറ്റർ ഉയരവും ഈ ഡാമിനുണ്ട്. സമുദ്രനിരപ്പിൽ നിന്നും 700 മീറ്റർ ഉയരത്തിലാണ് ഡാം പണികഴിച്ചിരിക്കുന്നത്. ഈ ഡാമിൽ എക്കൽ മണ്ണ് വന്നുനിറയുന്നത് ഭീഷണിയാണ്. ഈ പ്രദേശം ടൂറിസത്തിന് അനുയോജ്യമാണ്. നല്ല ഭൂപ്രകൃതിയുള്ളതും, എല്ലാത്തരത്തിലും പ്രകൃതിഭംഗികൊണ്ട് അനുഗ്രഹീതമായ പ്രദേശമാണ് ഡാം സൈറ്റുമുതൽ ടണൽ സൈറ്റുവരെയുള്ള പ്രദേശം. ഇവിടെ നിന്നും എഴുകുംവയൽ ഭാഗത്തേക്ക് കുത്തനെയുള്ള കയറ്റമാണ്. കുന്നിൻ മുകൾഭാഗം പാറക്കെട്ടുകളോടുകൂടിയ പ്രദേശമാണ്. ജലലഭ്യത കുറവായതും, ഉയർന്നതുമായ പ്രദേശമാണെങ്കിലും ഇവിടെ ഫലഭൂയിഷ്ടിയുള്ള മണ്ണാണ് ഉള്ളത്. കുന്നിറങ്ങികയറുന്ന പ്രദേശങ്ങൾ (എഴുകുംവയൽഭാഗം) നല്ല വളക്കൂറുള്ള മണ്ണാണ്. ഈ ഭാഗങ്ങളിൽ സമ്മിശ്ര കൃഷിരീതിയാണുള്ളത്.

തോവാള നെടുംകണ്ടം റോഡിൽ അവസാനിക്കുന്നു, പഞ്ചായത്തിന്റെ കിഴക്കേ അതിർത്തി.

കൃഷിയും ജലസേചനവും

ഇരട്ടയാർ പഞ്ചായത്ത് പ്രദേശത്ത് 1950 കളിൽ ആണ് കുടിയേറ്റം നടന്നത്. ഈ കാലങ്ങളിൽ നെല്ല്, മരച്ചീനി, പച്ചക്കറിവർഗ്ഗങ്ങൾ എന്നിവ പ്രധാനമായും കൃഷി ചെയ്തിരുന്നു.

സർക്കാരിൽനിന്നും ഉള്ള കുടിയിറക്കു ഭീഷണി ഉണ്ടായിരുന്നതിനാൽ തുടർച്ചയായി കുറെക്കാലത്തേക്ക് ഹ്രസ്വകാല വിളകളാണ് കൃഷി ചെയ്തിരുന്നത്. ഈ കൃഷി തുടർച്ചയായി ചെയ്തുവന്നിരുന്നതിനാൽ മണ്ണിന്റെ ഫല പുഷ്ടി കുറയുന്നതിനും, മണ്ണൊലിപ്പ് വർദ്ധിക്കുന്നതിനും കാരണമായിട്ടുണ്ട്. ഈ കാലങ്ങളിൽ മണ്ണൊലിപ്പ് തടയുന്ന തിന് ആവശ്യമായ പദ്ധതികൾ നുംതന്നെ ഉണ്ടായിരുന്നി ല്ല. ഭൂപ്രകൃതിയുടെ കിടപ്പ് കൂടുതൽ ചരിവുള്ളതായതി നാൽ മണ്ണൊലിപ്പ് വളരെയധികം വർദ്ധിച്ചിരുന്നു.

ഇന്നത്തെ പ്രധാന വിളകൾ കുരുമുളക്, തെങ്ങ്, കമുക്, കാപ്പി, കൊക്കൊ, റബ്ബർ, ഏലം, ഗ്രാമ്പു, ജാതി, വാഴ, നെല്ല് മുതലായവയാണ്. പച്ചക്കറികൃഷിയും കിഴങ്ങു വർഗ്ഗങ്ങളും കൃഷി ചെയ്യുന്നു. ഇതുകൂടാതെ ഇടവിളയായി മാവ്, പ്ലാവ്, കശുമാവ് എന്നിവയും കൃഷി ചെയ്യുന്നു. അധികവും ചെറുകിട കൃഷിക്കാർ താമസിക്കുന്നതിനാൽ സമ്മിശ്രകൃഷിസമ്പ്രദായമാണ് തുടർന്നുവരുന്നത്. ഇതിൽ കുരുമുളകു കൃഷിക്ക് മുൻതൂക്കം കൊടുത്തിരുന്നു. കുരുമു ളകുകൃഷിക്ക് അനുയോജ്യമായ കാലാവസ്ഥയും, മറ്റ് പ്രധാന വിളകളായ തെങ്ങ്, കമുക് എന്നിവയിൽനിന്നും ആദായം ലഭിക്കുന്നതിനുമുൻപ്, കുറഞ്ഞ കാലയളവിൽ കുരുമുളകുകൃഷിയിൽനിന്നും ആദായം ലഭിക്കുന്നതും കാര ണമായിരുന്നു.

1967 കാലഘട്ടത്തിൽ സർക്കാരിൽനിന്നും ഈ പ്രദേ ശത്ത് ഉണ്ടായിരുന്ന തേക്ക്, ഈട്ടി മുതലായ വൻമരങ്ങൾ വെട്ടിമാറ്റിയതോടുകൂടി തെങ്ങ്, കമുക് മുതലായ സ്ഥിര ദേഹണ്ഡങ്ങൾ ചെയ്തു തുടങ്ങി. കുടിയേറ്റകാലം മുതൽ തന്നെ കാപ്പികൃഷി വ്യാപകമായി ചെയ്തിരുന്നു. 1970 കാലഘട്ടം മുതൽ റബ്ബർകൃഷി ആരംഭിച്ചുവെങ്കിലും അന്നുണ്ടാ യിരുന്ന തണുത്ത കാലാവസ്ഥ ഈ കൃഷിക്ക് അനുയോ ജ്യമായിരുന്നില്ല. ഇന്ന് കാലാവസ്ഥയിൽ വന്ന മാറ്റം റബ്ബർകൃഷിക്ക് അനുയോജ്യമാവുകയും റബ്ബർകൃഷി വർദ്ധിക്കു കയും ചെയ്തിട്ടുണ്ട്. ആരംഭകാലത്ത് നാടൻ റബ്ബർ ഇനങ്ങൾ മാത്രം കൃഷി ചെയ്തിരുന്നുവെങ്കിൽ ഇപ്പോൾ അത്യുല്പാദ നശേഷിയുള്ള ഇനങ്ങൾ കൃഷി ചെയ്തുവരുന്നു.

ജലലഭ്യത ഉള്ള സ്ഥലങ്ങളിൽ ചെയ്തിരുന്ന നെൽ കൃഷി ആദായകരമല്ലാത്ത സാഹചര്യത്തിൽ അവിടങ്ങളിൽ ഏലം കൃഷി ചെയ്തു തുടങ്ങി. കുടിയേറ്റകാലം മുതൽ വാഴകൃഷി പ്രധാനമായിരുന്നുവെങ്കിലും പല കാരണങ്ങ ളാലും ഇന്ന് ഈ കൃഷി വളരെ കുറഞ്ഞുപോയിരിക്കുന്നു.

കൊക്കൊ കൃഷി 20 വർഷത്തിലധികമായി വ്യാപക മായി കൃഷി ചെയ്തുവരുന്നു. ഗ്രാമ്പു,ജാതി, ഇഞ്ചി, മരച്ചീനി, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ സാധാരണയായി കൃഷി ചെയ്തുവരുന്നു. മുൻകാലങ്ങളെ അപേക്ഷിച്ച് മരച്ചീ നികൃഷി ഇന്ന് വ്യാപകമായി ചെയ്യുന്നില്ല. പച്ചക്കറികൃഷി കുടിയേറ്റകാലം മുതൽ ചെയ്തുവന്നിരുന്നുവെങ്കിലും ഇപ്പോൾ കൂടുതലായി പാവൽ, പയറുവർഗ്ഗങ്ങൾ എന്നിവയാണ് കൃഷി ചെയ്യുന്നത്. പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ പാവൽ വ്യാപകമായി കൃഷി ചെയ്യുന്നുണ്ട്. തരിശു പ്രദേ ശത്ത് അടുത്തകാലത്തായി തേയിലകൃഷി ചെയ്തുവരുന്നു.

വളപ്രയോഗം

വർഷം	വളം/ടൺ	കീടനാശിനി/ലിറ്റർ
1994	66	30.5
1995	128	67.15
1996	248	442

നടീൽ വസ്തുക്കളുടെ വിതരണം

ഇനം	1994	1995	1996
തെങ്ങ്	1278	1240	2732
കുരുമുളക്	10500	30750	60000
കമുക്		550	
ഇഞ്ചികിറ്റ്		10 x 10 K.G.	
മഞ്ഞൾ		10 K.G.	
പച്ചക്കറി കിറ്റ്		100	

വിള ഇനങ്ങൾ

വിള	വിസ്തീർണ്ണം/ ഹെക്ടർ	ഉല്പാദനം/ ടൺ	ഹെക്ടറിൽ ഉല്പാദനക്ഷമത/ കി. ഗ്രാം.	
നെല്ല്	25	37.5	1500	K.G.
പയർ	10	2	200	,,
പച്ചക്കറി	25	200	8000	,,
മരച്ചീനി	50	25	1000	,,
വാഴ	75	750	1000	,,
കുരുമുളക്	1200	900	800	
മാവ്	10	20		
പ്ലാവ്	15	25		
കശുമാവ്	1	0.1		
റബ്ബർ	200	150	800	,,
കമുക്	250	625	2500	,,
കാപ്പി	200	200	1000	,,
ഏലം	50	5	100	,,
കൊക്കൊ	250	50	200	,,

സമ്മിശ്ര കൃഷിസമ്പ്രദായമായതിനാൽ ഓരോ കൃഷിയുടേയും ഭൂവിസ്തൃതി കൃത്യമായി തിട്ടപ്പെടുത്തുന്നതിൽ അപര്യാപ്തതയുണ്ട്.

ഭൂവിസ്തീർണ്ണം	3237 ഹെക്ടർ
കർഷകർ	718
കർഷക സ്ത്രീകൾ	18
കർഷക തൊഴിലാളികൾ	800
സ്ത്രീ തൊഴിലാളികൾ	193
വീടുകൾ	3616
തരിശ്, പുറംപോക്ക്, കൃഷിയോഗ്യമല്ലാത്തത്	50 ഹെക്ടർ

കുടിയേറ്റത്തെ തുടർന്നുള്ള ആദ്യ പതിറ്റാണ്ട് കൃഷിക്കാരുടെ പരസ്പര സഹകരണത്തിന്റേയും കൂട്ടായ്മയുടേയും നാളുകളായിരുന്നു. എന്നാൽ 1970 മുതൽ ഇതിന് പ്രകടമായ മാറ്റങ്ങൾ വന്നു. എല്ലാവരും സ്വന്തം കൃഷിഭൂമിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചു. ഇത് സ്വാശ്രയത്വത്തിലേക്ക് കൃഷിക്കാരെ എത്തിച്ചു. 1970-'80 കാലഘട്ടം കാർഷികമേഖല പൊതുവേ വളർച്ചയുടേതായിരുന്നു. '80-'90 കാലയളവ് കാലാവസ്ഥയുടെ തകിടം മറിച്ചിലും, നാണ്യവിളകൾക്ക് ഉണ്ടായ രോഗകീടബാധകളും കൃഷിക്കാരെ സാമ്പത്തികമായി തകർത്തു. ഇതോടൊപ്പം കാർഷിക ഉല്പന്നങ്ങളുടെ വിലയിടിവ് കാർഷികമേഖലയെ പ്രതിസന്ധിയിലാക്കുകയും, കർഷകരുടെ ജീവിതം ദുരിതപൂർണ്ണമാവുകയും ചെയ്തു. ഇന്നത്തെ പ്രധാന കൃഷികൾ കുരുമുളക്, തെങ്ങ്, കമുക്, കാപ്പി, കൊക്കൊ, റബ്ബർ തുടങ്ങിയവയാണ്.

വിപണന സൗകര്യങ്ങൾ

ഇരട്ടയാർ ടൗൺ കേന്ദ്രീകരിച്ചാണ് മുഖ്യമായും വിപണനം നടക്കുന്നത്. കൂടാതെ, നത്തുകല്ല്, വാഴവര, നാലുമുക്ക്, ശാന്തിഗ്രാം, ചെമ്പകപ്പാറ, ഈട്ടിത്തോപ്പ്, എഴുകുംവയൽ, നോർത്ത്, പള്ളിക്കാനം എന്നീ കേന്ദ്രങ്ങളിലും വിപണനം നടക്കുന്നുണ്ട്. കാർഷിക ഉല്പന്നങ്ങൾ കട്ടപ്പനയിലും, നെടുങ്കണ്ടത്തും കൊണ്ടുപോയി വില്ക്കുന്ന ചെറുകിട കച്ചവടക്കാരും ഉണ്ട്. പാക്ക് ഉണങ്ങുന്നതിന് മിക്കവാറും എല്ലാ വാർഡുകളിലും സൗകര്യമുണ്ട്. ഉണക്കപാക്ക് തൃശൂർ, പൊൻകുന്നം, മധുര തുടങ്ങിയ വ്യാപാരകേന്ദ്രങ്ങളിൽ കൊണ്ടുപോയി വിറ്റഴിക്കുന്നു. ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം പ്രവർത്തന പരിധിയായിട്ടുള്ള ഇരട്ടയാർ മാർക്കറ്റിംഗ് സൊസൈറ്റി പ്രവർത്തിക്കുന്നു. ഇവിടുത്തെ മുഴുവൻ ഉല്പന്നങ്ങളും സംഭരിച്ച് വിപണനം നടത്തുന്നതിന് കഴിയുന്നില്ല. ഏറിയഭാഗം ഉല്പന്നങ്ങളും സ്വകാര്യ വ്യാപാരികളിലൂടെയാണ് വിപണനം നടക്കുന്നത്. കുരുമുളക്, ഏലം എന്നിവയുടെ മേൽത്തരം ഉല്പന്നം തമിഴ്നാട്ടിലെ വ്യാപാരകേന്ദ്രത്തിൽ വിറ്റഴിക്കപ്പെടുന്നുണ്ട്. കർഷകരിൽ ഭൂരിഭാഗവും ചെറുകിട - നാമമാത്ര കൃഷിക്കാരാണ്. കൃഷിഭൂമികളിൽ സ്വന്തമായി പണിചെയ്യുന്നവരാണ്. ബാക്കി വരുന്ന ജോലികൾ കർഷകതൊഴിലാളികളെക്കൊണ്ട് ചെയ്യുന്നു.

കൂലി വ്യവസ്ഥ

കർഷക തൊഴിലാളികളെ ആവശ്യത്തിന് ലഭിക്കുന്നില്ല. കർഷക തൊഴിലാളികളിൽ പുരുഷന്മാർക്ക് 65 രൂപയും സ്ത്രീകൾക്ക് 55 രൂപയും പൊതുവെ കൂലിനിരക്കുണ്ട്. മരംകയറ്റ തൊഴിലാളികൾക്ക് മെച്ചപ്പെട്ട കൂലിനിരക്ക് ലഭിക്കുന്നുണ്ട്. എങ്കിലും ആവശ്യത്തിന് തൊഴിലാളികളെ ലഭിക്കുന്നില്ല. റബ്ബർ ടാപ്പിംഗിന് പരിശീലനം ലഭിച്ച വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം ഉണ്ട്.

ഇന്നത്തെ സ്ഥിതി

1990 മുതൽ കാർഷികമേഖല പൊതുവെ മെച്ചപ്പെട്ട സ്ഥിതി കാണുന്നു. അനുകൂല കാലാവസ്ഥയും, ഉല്പന്നങ്ങളുടെ വിലവർദ്ധനവും കാർഷികമേഖലയിൽ പുതിയ ഉണർവ് ഉണ്ടാക്കിയിട്ടുണ്ട്. മുൻകാലങ്ങളെ അപേക്ഷിച്ച് രോഗ-കീടബാധകൾ കൂടുതലായി കാണുന്നത് കർഷകരെ നിരാശപ്പെടുത്തുന്നു. പ്രധാന വിളകളിൽ ഒന്നായ തെങ്ങിന് കാറ്റുവീഴ്ച, കൂമ്പുചീയൽ, ഓലകൾക്ക് മഞ്ഞളിപ്പ്, വേരുചീയൽ തുടങ്ങിയവ ഈ മേഖലയിൽ വർദ്ധിച്ചുവരുന്നു. ഉല്പാദനം ഗണ്യമായി കുറയുന്നതിന് ഇതു കാരണമായി, കമുകിന് മഹാളി, കൂമ്പുചീയൽ എന്നീ രോഗങ്ങൾ വ്യാപകമായി കണ്ടുവരുന്നു. രോഗ-കീടബാധ മൂലം കൊക്കൊയുടെ ഉല്പാദനത്തിൽ വലിയ ഇടിവ് വന്നിട്ടുണ്ട്. മരച്ചീനികൃഷിയിൽ മുൻപുണ്ടായിരുന്ന വൻ ഉല്പാദനം പാടെ തകരുകയും ഇന്ന് നാമമാത്രമാവുകയും ചെയ്തു. സമ്മിശ്ര കൃഷിസമ്പ്രദായം നിലവിലിരിക്കുന്ന ഈ പ്രദേശത്ത് ചുരുങ്ങിയ മേഖലയിലെ മരച്ചീനികൃഷി എലിയുടെ ശല്യത്താൽ വിളവു ലഭിക്കാതെ നശിക്കുന്നു. എലിയുടെ ശല്യം തെങ്ങ്, കൊക്കൊ തുടങ്ങിയ വിളകളേയും കാര്യമായി ബാധിക്കുന്നു.

1980 വരെ ഈ പ്രദേശത്തെ ജനങ്ങളുടെ ആവശ്യത്തിന്റെ 50% നെല്ലിന്റെ ഉല്പാദനം നടന്നിരുന്നു. മണ്ണൊലിപ്പ് കാരണം നെൽപാടങ്ങൾ കരഭൂമിയായി മാറുകയും, ജലസേചനസൗകര്യം കുറയുകയും ചെയ്തതുമൂലം നെൽകൃഷി പൂർണ്ണമായും നിന്നുപോയി. കൊച്ചുകാമാക്ഷി മേഖലയിലെ ഒരുപ്പൂകൃഷി മാത്രമാണ് ഇപ്പോൾ നിലനില്ക്കുന്നത്.

കുടിയേറ്റ കാലഘട്ടത്തിൽ പ്രതികൂല കാലാവസ്ഥ കാരണം റബ്ബർ വ്യാപകമായി കൃഷി ചെയ്തിരുന്നില്ല. എന്നാൽ കാലാവസ്ഥയിൽ വന്ന മാറ്റവും, കുരുമുളക് കൃഷിക്ക് സംഭവിച്ച നാശവും റബ്ബർകൃഷിയിലേക്ക് കർഷകരെ തിരിച്ചുവിട്ടു. എല്ലാ കൃഷിക്കാർക്കും റബ്ബർബോർഡിൽനിന്നും ആവശ്യമായ സഹായവും, പ്രോത്സാഹനവും ലഭിക്കുന്നില്ല.

1980 കാലഘട്ടം മുതൽ കുരുമുളകു ചെടിക്കുണ്ടായ രോഗബാധമൂലം ഉല്പാദനത്തിൽ വലിയ ഇടിവുണ്ടായി. മുൻപ് ഉണ്ടായിരുന്നതിന്റെ 25% ഉല്പാദനം മാത്രമാണ് ഇപ്പോൾ ലഭിക്കുന്നത്.

വാഴ, പച്ചക്കറി, ഏലം, ഗ്രാമ്പു, ജാതി, ഇഞ്ചി, മഞ്ഞൾ, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ ഈ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നുണ്ട്. രോഗബാധ കാരണം ഏറ്റവും നശിച്ചുപോയിട്ടുള്ളത് വാഴകൃഷിയാണ്. പച്ചക്കറികൃഷി നാമമാത്രമായി ചെയ്യുന്നു.

പരിഹാരങ്ങൾ

- കൈവശഭൂമിക്ക് പട്ടയം നൽകുക.
- മണ്ണ് സംരക്ഷണ നടപടി സ്വീകരിക്കുക.
- കല്ല് - മണ്ണ് കയ്യാല പദ്ധതികൾക്ക് സബ്സിഡി തുക വർദ്ധിപ്പിക്കുക.
- തോടുകളുടെ സൈഡ് ഭിത്തി കെട്ടുക.
- ഗ്രൂപ്പു ഫാമിംഗ് സിസ്റ്റം നടപ്പിലാക്കുക.
- പഞ്ചായത്തിൽ നേഴ്സറി ഫാമുകൾ ആരംഭിക്കുക.
- രോഗം ബാധിച്ച ഫലവൃക്ഷങ്ങൾ വെട്ടിമാറ്റുന്നതിന് നഷ്ടപരിഹാരതുക വർദ്ധിപ്പിക്കുക.
- ആവർത്തനകൃഷിക്ക് ധനസഹായം നൽകുക.
- എലി നശീകരണത്തിന് പഞ്ചായത്തിൽ ശാസ്ത്രീയ രീതിയിലുള്ള പദ്ധതി നടപ്പിലാക്കുക.
- കാർഷിക ഉപകരണങ്ങൾക്ക് സബ്സിഡി ഏർപ്പെടുത്തുക.
- വിള ഇൻഷ്വറൻസിൽ രോഗ-കീടബാധകൂടി ഉൾപ്പെടുത്തുക.
- കൃഷി വിദഗ്ദ്ധരുടെ സേവനം കൂടുതൽ ലഭ്യമാക്കുക.
- കമ്പോസ്റ്റ് വളനിർമ്മാണത്തെ പ്രോത്സാഹിപ്പിക്കുകയും സബ്സീഡി നൽകുകയും ചെയ്യുക.

നിർദ്ദേശങ്ങൾ

- ഇരട്ടയാർ പഞ്ചായത്തിൽ ഒരു മണ്ണുപരിശോധനാകേന്ദ്രം ആരംഭിക്കുക.
- കർഷകർക്ക് ക്ഷേമനിധിയും, പെൻഷൻ പദ്ധതിയും ആവിഷ്ക്കരിക്കുക.
- കാർഷികവായ്പകൾ വർദ്ധിപ്പിക്കുക.
- കാർഷിക വിളകൾക്ക് കാലാകാലങ്ങളിൽ ഉല്പാദന ചിലവിന്റെ അടിസ്ഥാനത്തിൽ താങ്ങുവില നിശ്ചയിക്കുക.
- ഭക്ഷ്യവിള കൃഷിയെ പ്രോത്സാഹിപ്പിക്കുക.
- തരിശുഭൂമികളിൽ തേയിലകൃഷി പ്രോത്സാഹിപ്പിക്കുക.
- കൂൺകൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ എന്നിവയ്ക്ക് വിദഗ്ദ്ധ ഉപദേശവും സഹായം ചെയ്യുക.
- പഞ്ചായത്ത്തലത്തിൽ വിപണനകേന്ദ്രം ശക്തിപ്പെടുത്തുക.
- കൃഷിയെ വ്യവസായമായി അംഗീകരിക്കുക.
- ഒരുപ്പൂകൃഷി ചെയ്യുന്ന നെൽപ്പാടങ്ങളിൽ ഇരുപ്പൂകൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹനം ചെയ്യുക.

ജലസേചനം

കൃഷിയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് വളപ്രയോഗവും ജലസേചനസൗകര്യവും പ്രധാന ഘടകങ്ങളാണല്ലോ. വിവിധ മേഖലകളിൽ കുളം നിർമ്മിച്ചിട്ടുണ്ടെങ്കിലും അവ കൃഷി ആവശ്യത്തിന് പ്രയോജനപ്പെടുന്നില്ല. വിവിധ വാർഡുകളിലായി തീർത്തിട്ടുള്ള ജലസേചന സൗകര്യങ്ങൾ താഴെ കൊടുക്കുന്നു.

വാർഡ്	കുഴൽ കിണർ	കുളം	ആയകെട്ട്	ക്രോസ് ബാർ
1	1	4	15 ഏക്കർ	1
2	1	4	-	1
3	-	4	43 ഏക്കർ	-
4	-	4	27 ഏക്കർ	2
5	1	5	17.5 ഏക്കർ	-
6	1	5	-	-
7	-	4	-	-
8	-	2	16 ഏക്കർ	-
9	1	1	-	-

കുരുമുളകു സംരക്ഷണ സമിതികൾ

പഞ്ചായത്തിൽ 16 കുരുമുളകു സംരക്ഷണസമിതികൾ പ്രവർത്തിക്കുന്നു. എല്ലാ സമിതികൾക്കും സ്വന്തമായി ഓഫീസ് ഉണ്ട്. കീട-കുമിൾനാശിനികൾ ഉപയോഗിക്കുന്നതിന് ആവശ്യമായ പമ്പുസെറ്റുകൾ ഓരോ സമിതിക്കും ആവശ്യാനുസരണം ഉണ്ട്. സർക്കാരിൽനിന്നും കിട്ടുന്ന ആനുകൂല്യങ്ങൾ സമയാസമയങ്ങളിൽ കർഷകർക്ക് എത്തിക്കുന്നതിനുവേണ്ടി സമിതികൾ ശ്രദ്ധിക്കാറുണ്ട്.

പഞ്ചായത്തിൽ ഒരു കേര വികസനസമിതി പ്രവർത്തിക്കുന്നുണ്ട്. 1500-ൽ അധികം കർഷകർ ഇതിൽ അംഗങ്ങളാണ്. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിനും ആനുകൂല്യം ലഭ്യമാക്കുന്നതിനും സമിതി കർഷകരെ സഹായിക്കാറുണ്ട്. വിതരണത്തിനായി എത്തിച്ചേരുന്ന തെങ്ങിൻതൈകൾ അപേക്ഷകർക്ക് എത്തിക്കുന്നതിൽ ജാഗ്രത പുലർത്താറുണ്ട്.

കൃഷിഭവൻ

കേര വികസനസമിതി, കുരുമുളകു സംരക്ഷണസമിതി എന്നിവ കൃഷിഭവനുമായി ബന്ധപ്പെട്ട് പ്രവർത്തനം നടത്തുന്നു. പ്രകൃതിക്ഷോഭം മൂലം ഉണ്ടാകുന്ന കൃഷിനാശത്തെ സംബന്ധിച്ച് നഷ്ടം തിട്ടപ്പെടുത്തി കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കാറുണ്ട്. വിവിധയിനം കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്യുന്നു. കിണറുകൾ, കുളങ്ങൾ തീർക്കുന്നതിനും, പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും ഉള്ള സഹായം ഈ സ്ഥാപനംവഴി ലഭിക്കാറുണ്ട്. പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരിലും കൃഷിഭവന്റെ സേവനം ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടില്ല. സർക്കാരിൽനിന്നും കൃഷിക്കാർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ കാലാകാലങ്ങളിൽ ലഭിക്കുന്നതിനാവശ്യമായ നടപടിയും ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്.

വകുപ്പുപദ്ധതികളുടെ അവലോകനം

I കൃഷിവകുപ്പ്

ഇരട്ടയാർ കൃഷിഭവൻ വഴി 8-ാം പദ്ധതിക്കാലത്തു നടപ്പാക്കിയ / നടപ്പാക്കിക്കൊണ്ടിരിക്കുന്ന കൃഷിവികസന പദ്ധതികൾ താഴെ കൊടുക്കുന്നു.

I. സമഗ്ര സുഗന്ധവിള വികസനപദ്ധതി

എ. കുരുമുളകുതൈകളുടെ വിതരണം

ഈ പദ്ധതിയിൽ 50% സബ്സിഡിയോടെ കുരുമുളക് വള്ളികൾ കൃഷിഭവനിൽനിന്നും വിതരണം നടത്തിയിട്ടുണ്ട്. പദ്ധതിക്കാലത്ത് 1.5 ലക്ഷം കുരുമുളകുവള്ളികളാണ് ഇവിടെ വിതരണം ചെയ്തിട്ടുള്ളത്. ഈ വള്ളികൾ ഈ പഞ്ചായത്തിൽതന്നെ ഉണ്ടാക്കി കർഷകർക്കു വിതരണം ചെയ്യാനാവുമായിരുന്നു.

ബി. പഴയ തോട്ടങ്ങളുടെ പുനരുദ്ധാരണം

50% ചെടികളും ഉല്പാദനം കുറഞ്ഞിരിക്കുന്ന തോട്ടങ്ങളിൽ 50% വള്ളികൾ മാറ്റി നടുന്നതിനും മുഴുവൻ ചെടികൾക്കും വിവിധ കാർഷികമുറകൾ അനുവർത്തിയ്ക്കുന്നതിനും 3 വർഷത്തേയ്ക്കു ധനസഹായം നൽകുകയാണ് ലക്ഷ്യം. 150 ഹെക്ടർ ഇതിനായി തെരഞ്ഞെടുത്തു. 5,25,000 രൂപ ചെലവാക്കി. ഒന്നാംവർഷം ഹെക്ടറിന് 7000/- രൂപ മുതൽ മുടക്കുന്ന കർഷകർക്കാണ് 3500/- രൂപ സബ്സിഡി ലഭിക്കുക. രണ്ടാംവർഷം 5200/- രൂപ മുടക്കുമ്പോൾ 1300 രൂപയും മൂന്നാംവർഷം 6400/- രൂപ മുടക്കുമ്പോൾ 1600 രൂപയും സബ്സിഡി കിട്ടും. ഒരു സാധാരണ കർഷകന് ഇത്രയും തുക മുടക്കുക പ്രായോഗികമല്ല.

സി. ധ്രുതവാട്ടത്തിനു മരുന്നുതളി

ഡി. കുരുമുളകു പ്രദർശനതോട്ടങ്ങൾ

മേൽത്തരം കുരുമുളകുവള്ളികൾ നല്ലരീതിയിൽ ഉല്പാദിപ്പിച്ച് നന്നായി കൃഷി ചെയ്യുന്നതിനു കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതിയിൽ 16 പ്ലോട്ടുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഒന്നാംവർഷം 450 രൂപ മുടക്കുമ്പോൾ 225 രൂപയും 2-ാം വർഷം 280 രൂപ മുടക്കുമ്പോൾ 140 രൂപയും 3-ാം വർഷം 300 രൂപ മുടക്കുമ്പോൾ 150 രൂപയും സബ്സിഡിയായി നൽകുന്നു.

ഇ. കുരുമുളകുകൃഷി വ്യാപിപ്പിക്കൽ

'നല്ല രീതിയിൽ കുരുമുളകുകൃഷി ചെയ്തിരിക്കുന്ന കർഷകർക്കു ഒന്നാംവർഷം 10,000രൂപ മുടക്കുമ്പോൾ 5000 രൂപയും രണ്ടാംവർഷം 7500 രൂപ മുടക്കുമ്പോൾ 300 രൂപയും മൂന്നാംവർഷം 8000 രൂപ മുടക്കുമ്പോൾ 2000/- രൂപയും സബ്സിഡിയായി ലഭ്യമാണ്. 43 ഹെക്ടർ സ്ഥലത്ത് വികസന പ്രവർത്തനം നടത്തി.

എഫ്. ഇഞ്ചികൃഷി പ്രദർശനതോട്ടം

160 കി. വിത്തിഞ്ചി നടണം. 2400 രൂപ മുടക്കുമ്പോൾ 120 രൂപ സബ്സിഡി ലഭ്യമാണ്. 1500 കി. വിത്തിഞ്ചി ഉല്പാദിപ്പിക്കണം. 20 പ്ലോട്ടുകൾ തെരഞ്ഞെടുത്തു.

ജി. ഇഞ്ചികൃഷി വ്യാപിപ്പിക്കൽ

20,000 രൂപ മുടക്കുമ്പോൾ 5000 രൂപ കിട്ടുന്നു. 25% സബ്സിഡി. 27 ഹെക്ടറിന് ആനുകൂല്യം നൽകി.

എച്ച്. മഞ്ഞൾകൃഷി പ്രദർശനതോട്ടം

200 കി. മഞ്ഞൾ നടണം. 1650 രൂപ മുടക്കുമ്പോൾ 825 രൂപ സബ്സിഡി. 1500 കി. വിത്ത് ഉല്പാദിപ്പിക്കണം.

ഐ. മഞ്ഞൾകൃഷി വ്യാപിപ്പിക്കൽ

25% സബ്സിഡി. 16,000 മുടക്കുമ്പോൾ 4000/- രൂപ. 9 പ്ലോട്ട് തെരഞ്ഞെടുത്തു.

ജെ. സ്പ്രെയർ വിതരണം

റോക്കർ സ്പ്രെയറിനു 750 രൂപ നിരക്കിൽ സബ്സിഡി. ഈ വർഷം 23 സ്പ്രെയറുകൾ വിതരണം ചെയ്തു.

2. സമഗ്ര നാളികേര വികസനപദ്ധതി

എ. 4180, രാസവള കിറ്റുകൾ വിതരണം ചെയ്തു.

ബി. കിണർ കുഴിക്കൽ

100 കിണറുകൾ കുഴിച്ചു. 2500/- നിരക്കിൽ സബ്സിഡി കൊടുത്തു.

സി. പമ്പുസെറ്റ് സ്ഥാപിക്കൽ

85 പമ്പുസെറ്റുകൾ 2500/- രൂപ സബ്സിഡി നിരക്കിൽ കൊടുത്തു.

ഡി. തെങ്ങുകയറ്റ യന്ത്രം ഒരെണ്ണം വിതരണം ചെയ്തു.

II ചെറുകിട ജലസേചനവകുപ്പ്

8-ാം പദ്ധതിക്കാലത്ത് ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ ചെറുകിട ജലസേചനവകുപ്പു മുഖേന താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി.

3, 6, 8 വാർഡുകളിൽ 3 കുളങ്ങൾ നിർമ്മിച്ചു. ആകെ 9.5 ലക്ഷം രൂപ മുടക്കി.

2-ാം വാർഡിൽ 2 ലക്ഷം രൂപ മുടക്കി കൃഷിഭൂമി സംരക്ഷിക്കൽ പ്രവർത്തനം നടത്തി. നത്തുകല്ലുതോടിനു കുറുകെ ക്രോസ് ബാറിന്റെയും പാലത്തിന്റെയും പണികൾ നടന്നുവരുന്നു.

1, 2, 8 വാർഡുകളിൽ 2 ലക്ഷം രൂപ വീതം മുതൽ മുടക്കുള്ള കുളങ്ങൾ കുഴിക്കുവാനുള്ള നിർദ്ദേശം നിലവിലുണ്ട്.

III മണ്ണുസംരക്ഷണവകുപ്പ്

സമുദ്രനിരപ്പിൽ നിന്ന് ഏകദേശം 1100 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ സിംഹഭാഗവും കാർഷികഭൂമിയും 30 മുതൽ 50% വരെ ചരിവുള്ള പ്രദേശങ്ങളുമാണ്.

അശാസ്ത്രീയമായ കാർഷികരീതി രൂക്ഷമായ മണ്ണൊലിപ്പിനും കൃഷിഭൂമിയുടെ ഫലഭൂയിഷ്ടത കുറയ്ക്കുന്നതിനും ഇരട്ടയാർ ഡാമിന്റെ സംഭരണശേഷിയും ഡാമിന്റെ ആയുസ്സും കുറയ്ക്കുന്നതിനും കാരണമാകുന്നു. ശാസ്ത്രീയമായ മണ്ണുസംരക്ഷണ പദ്ധതികൾ മേൽ സൂചിപ്പിച്ച നഷ്ടം ഒഴിവാക്കുന്നതിനും മണ്ണിന്റെ ഉല്പാദനക്ഷമത ഉയർത്തുന്നതിനും അത്യാവശ്യമാണ്.

ഇടുക്കി ജലവൈദ്യുതി പദ്ധതിയുടെ വൃഷ്ടിപ്രദേശം ഏകദേശം 90,000 ഹെക്ടർ ആണ്. അതിനെ നീരൊഴുക്കിന്റെ ബന്ധത്തിനെ ആസ്പദമാക്കി 9 സബ് കാച്ച്മെൻറ് ആയി തിരിച്ചിരിക്കുന്നു. അതിൽ ഒന്നാണ് ഇരട്ടയാർ. ഇതിന്റെ വിസ്തീർണ്ണം 6700 ഹെക്ടറാണ്. ഇതിൽ വളരെ കുറച്ചു പ്രദേശത്തു മാത്രമേ മണ്ണുസംരക്ഷണ നടപടികൾ സ്വീകരിച്ചിട്ടുള്ളു.

പഞ്ചായത്തു പ്രദേശത്തെ പല മെട്രോ വാട്ടർഷെഡ് അടിസ്ഥാനത്തിൽ തിരിക്കുകയും ആയതിനു മുൻഗണനാക്രമം അനുസരിച്ച് മണ്ണുസംരക്ഷണ പ്രവർത്തനങ്ങൾ നടത്തി ഭൂഗർഭജലത്തിന്റെ നിരപ്പ് ഉയർത്തേണ്ടതുമാണ്.

❑◆❑

മൃഗസംരക്ഷണവും മത്സ്യകൃഷിയും

മൃഗപരിപാലനരംഗത്ത് കഴിഞ്ഞ രണ്ടുമൂന്നു ദശാബ്ദത്തിനിടയിൽ ഈ പഞ്ചായത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ പരിശോധിക്കുമ്പോൾ കാര്യമായ പുരോഗതി വന്നിട്ടുണ്ട് എന്നുവേണം പറയാൻ. ആദ്യകാലത്ത് അത്യുൽപാദന ശേഷി കുറഞ്ഞ കന്നുകാലികളെയാണ് വളർത്തിയിരുന്നത്. എന്നാൽ ഇന്ന് അത്യുൽപ്പാദനശേഷിയുള്ള പശുക്കളെ വളർത്താൻ താല്പര്യം ഉണ്ടായപ്പോൾ അതിനുള്ള സാഹചര്യങ്ങൾ തൃപ്തികരമായി കർഷകർക്ക് ലഭിക്കുന്നില്ല. കൃഷിക്കാവശ്യമായ ജൈവവളത്തിന്റെ ഒരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയും. പക്ഷേ, ഈ തൊഴിൽ ലാഭകരമല്ലാഞ്ഞതിനാൽ കാലികൃഷിക്കും മാന്ദ്യം സംഭവിച്ചു തുടങ്ങിയിരിക്കുന്നു.

ഇരട്ടയാർ പഞ്ചായത്തിൽ ഏകദേശം 50% കുടുംബങ്ങളിലും കന്നുകാലികളെ വളർത്തുന്നുണ്ട്. അത്യുൽപ്പാദനശേഷിയുള്ള പശുക്കളുടെ എണ്ണം പരിമിതമാണ്. വെറ്ററിനറി സർജൻ ഉള്ള വെറ്ററിനറി പോളിക് ക്ലിനിക് ഇരട്ടയാർ പഞ്ചായത്തിൽ ഇല്ല. നിലവിൽ ഇരട്ടയാർ പഞ്ചായത്തിൽ 6-ാം വാർഡിൽ ഇരട്ടയാർ നോർത്തിൽ ഒരു വെറ്ററിനറി ക്ലിനിക്കും, ഗോസംവർദ്ധക കേന്ദ്രം നാലുമുക്ക് മാത്രമേ ഉള്ളു. പഞ്ചായത്തിൽ കാലിത്തീറ്റ വിതരണ സംവിധാനങ്ങൾ ഒന്നും ഇല്ല. കർഷകരിൽനിന്ന് പാൽ എടുക്കുന്നതിന് I-ാം വാർഡിലും II-ാം വാർഡിലും കൂടി ഒറ്റ സൊസൈറ്റിയുള്ളത് ഉപ്പുകണ്ടത്തിൽ ആണ്. III-ാം വാർഡിലും IV-ാം വാർഡിലും II-ാം വാർഡിലും നാങ്കുതൊട്ടി കേന്ദ്രമാക്കി ഒറ്റ പാൽസൊസൈറ്റി ഉണ്ട്. അതിന്റെ രജിസ്ട്രേഷൻ ആയിട്ടില്ല.

IV, V, VI വാർഡുകൾ ചേർന്ന് ശാന്തിഗ്രാമിൽ പാൽ സൊസൈറ്റി ഉണ്ട്. രജിസ്ട്രേഷൻ ആയിട്ടില്ല. VIII-ാം വാർഡിൽ ഒരു പാൽ സൊസൈറ്റിയുള്ളത് ഈട്ടിത്തോപ്പിൽ ആണ്. VII-ാം വാർഡിൽ പള്ളിക്കാനത്ത് ഒരു പാൽ സൊസൈറ്റിയുണ്ട്. IX-ാം വാർഡിൽ നിലവിൽ പാൽ സൊസൈറ്റികൾ ഇല്ല. IV-ാം വാർഡിൽ നാലുമുക്കിൽഒരു കളക്ഷൻ സെൻറർ ഉണ്ട്. പഞ്ചായത്തിലെ വിവിധ വാർഡുകളിൽ M.D.S. നേറയും K.D.S. നേറയും ഏജൻസികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും കർഷകർക്ക് ന്യായമായ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അവയൊക്കെ സ്വകാര്യമേഖലകളിൽ ഉള്ളവയാണ്. ഇരട്ടയാർ പഞ്ചായത്തിൽ കോൾഡ് സ്റ്റോറേജുകൾ പോലുള്ള സ്ഥാപനങ്ങൾ ഒന്നുംതന്നെ പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്തിലെ ജനങ്ങൾ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഇടനിലക്കാരെ സമീപിക്കുന്നു. ന്യായമായ വിലകൾ ലഭ്യമല്ല.

കന്നുകാലികൾക്കു കാണുന്ന പ്രധാനപ്പെട്ട രോഗങ്ങൾ അകിടുവീക്കം, താടനീർ, മഞ്ഞപ്പിത്തം, കുളമ്പുരോഗം, പോളിയോ, നിമോണിയ എന്നിവയാണ് ഇവിടെയുള്ള പ്രധാന കാലിരോഗങ്ങൾ. വൈദ്യസഹായം ഈ രോഗങ്ങൾക്ക് ലഭ്യമല്ലാത്തതുകൊണ്ട് മിക്കവാറും കാലികൾ ചത്തൊടുങ്ങുകയാണ്. കാലികൾക്ക് രോഗം വന്ന് കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് പരിഹാരമാകുന്ന ഇൻഷ്വറൻസ് സംവിധാനങ്ങൾ ഒന്നും ഇരട്ടയാർ പഞ്ചായത്തിലില്ല. കന്നുകാലികൾക്ക് ഉണ്ടാകുന്ന രോഗങ്ങൾ അറിയിക്കാൻ പെട്ടെന്ന് ഒരു വൈദ്യസഹായം തേടാൻ ഒറ്റ സംവിധാനവും ഈ പഞ്ചായത്തിലില്ലാ എന്നുള്ള കാര്യം പ്രത്യേകം എടുത്തുപറയേണ്ടതാണ്.

തീറ്റപ്പുല്ലുകൃഷി നിലവിൽ ഇരട്ടയാർ പഞ്ചായത്തിലില്ല.

വ്യവസായിക അടിസ്ഥാനത്തിൽ ആട്കൃഷി, നിലവിൽ ഇരട്ടയാർ പഞ്ചായത്തിലില്ല. 2000-ൽ പരം ആടുകൾ ആണ് ഇരട്ടയാർ പഞ്ചായത്തിലുള്ളത്. ആടുകൃഷിയെ പ്രോത്സാഹിപ്പിക്കുന്ന ഒരു സംവിധാനവും ഇരട്ടയാർ പഞ്ചായത്തിലില്ല. കുളമ്പുരോഗം, പനി, പോളിയോ തുടങ്ങിയവയാണ് ആടിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. ചികിത്സാസംവിധാനങ്ങൾ ഒന്നുംതന്നെ നിലവിൽ ഇല്ല.

പന്നികൃഷി ഇരട്ടയാർ പഞ്ചായത്തിൽ വ്യവസായിക അടിസ്ഥാനത്തിൽ ഇല്ല. എന്നാൽഏതാണ്ട് 10 ശതമാനം വീടുകളിൽ പന്നി വളർത്തുന്നു. നാടൻ പന്നികളാണ് സാധാരണയായി ഉള്ളത്. ശാസ്ത്രീയമായ കൂടുകൾ ഇരട്ടയാർ പഞ്ചായത്തിൽ ഒരു വീടുകളിലും ഇല്ല. പുണ്ണുപോലെയുള്ള ഒരു രോഗമാണ് സാധാരണയായി കണ്ടുവരുന്നത്. പന്നികൃഷിക്ക് നിലവിൽ കാര്യമായി യാതൊരു സാങ്കേതിക സാമ്പത്തികസഹായവും നിലവിൽ ലഭിക്കുന്നില്ല.

കോഴിവളർത്തൽ വ്യവസായിക അടിസ്ഥാനത്തിൽ ഇല്ല. നാടൻ, ഗിരിരാജൻ, ബ്രോയിലർ ചിക്കൻ തുടങ്ങിയവയാണ് ഇവിടെ വളർത്തപ്പെടുന്നവ. കോഴിവസന്ത, കോഴിപ്പുണ്ണ്, ചുമ തുടങ്ങിയവയാണ് കോഴിയെ ബാധിക്കുന്ന

പ്രധാന രോഗങ്ങൾ. രോഗചികിത്സയ്ക്ക് സംവിധാനങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിൽ ഇല്ല. ശാസ്ത്രീയമായ വളർത്തൽ സംവിധാനങ്ങൾ ഒന്നുംതന്നെയില്ല.

വ്യവസായിക അടിസ്ഥാനത്തിൽ മുയൽ വളർത്തൽ ഈ പഞ്ചായത്തിൽ ഇല്ല. നാടൻ, വൈറ്റ് ജൈയിൻറ് തുടങ്ങിയവയാണ് ഇവിടെ വളർത്തുന്നത്. പല രോഗങ്ങളും മുയലിനെ ബാധിക്കുന്നു. കർഷകൻ നാടൻ ചികിത്സാരീതികൾ ഉപയോഗിക്കുന്നു. ഇത് ഫലപ്രദമാകാറില്ല.

പഞ്ചായത്തിലെ ഏതാണ്ട് എല്ലാ വീടുകളിലും നായകൾ ഉണ്ട്. നാടൻ, പൊമേറിയൻ, അൾസേഷൻ തുടങ്ങിയവയാണ്. പേവിഷബാധയാണ് പ്രധാന രോഗം. പ്രതിരോധ നടപടികൾ തക്ക സമയത്തു ലഭിക്കാറില്ല.

വ്യാപകമായ താറാവുകൃഷി ഇല്ല. നിലവിൽ ഇരട്ടയാർ പഞ്ചായത്തിൽ, താറാവുകൃഷിയും മത്സ്യകൃഷിയും ഇല്ല.

1991-ലെ മൃഗസമ്പത്തു സംബന്ധിച്ച കണക്കെടുപ്പു പ്രകാരം നമ്മുടെ പഞ്ചായത്തിൽ 2690 കന്നുകാലികൾ 656 എരുമകൾ 1364 കോഴിയൂണിറ്റുകൾ നിലവിലുണ്ട്.

പ്രശ്നങ്ങൾ

മൃഗാശുപത്രിയുടെ സഹായം സമീപത്ത് ലഭ്യമല്ലാത്തതുകൊണ്ട് നല്ല സങ്കരയിനം പശുക്കൾ ഇരട്ടയാർ പഞ്ചായത്തിൽ ജനിക്കുന്നില്ല. നല്ലയിനം പശുക്കളെ വാങ്ങുന്നതിനുള്ള വായ്പാനിരക്ക് വർദ്ധിപ്പിക്കുക.

പാലിന് ലാഭകരമായ വില ഒരിടത്തും ലഭ്യമല്ല. ഇതുകൊണ്ട് കാലികളുടെ സംരക്ഷണവും ഇതര ചിലവുകളും നിറവേറ്റുവാൻ സാധിക്കുന്നില്ല. പാൽ വിറ്റഴിക്കുന്നതിനുള്ള സൗകര്യം നിലവിൽ ബഹുഭൂരിപക്ഷം കർഷകർക്കുമില്ല. ബീജസങ്കലനകേന്ദ്രങ്ങൾ ഒന്നുമാത്രമേ ഇരട്ടയാർ പഞ്ചായത്തിൽ ഉള്ളൂ. മുഴുവൻ സമയം പ്രവർത്തിക്കുന്ന മൃഗാശുപത്രിയുടെ സേവനം ലഭ്യമല്ലാത്തത് പലപ്പോഴും കാലികൾ പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾ മൂലം ചത്തൊടുങ്ങുന്നതിന് കാരണമാകുന്നു.

കാലിവളർത്തലിന് ശരിയായ പരിശീലനം കർഷകർക്ക് ലഭിക്കുന്നില്ല. ശാസ്ത്രീയമായി നിർമ്മിച്ച കൂടുകൾ ഇല്ലാത്തതും കാലിരോഗങ്ങൾ വർദ്ധിക്കുന്നതിനും ഇടയാക്കുന്നു. പ്രതിരോധ കുത്തിവയ്പുകൾ ഇല്ലാത്തതും രോഗങ്ങൾക്ക് കാരണമാകുന്നു. ഇൻഷ്വറൻസ് ആനുകൂല്യം ലഭ്യമല്ലാത്തതുകൊണ്ടും, പുല്ലരിക്കും, പുൽകൃഷിയുടെ സാങ്കേതിക പരിജ്ഞാനം ലഭ്യമല്ലാത്തതുകൊണ്ടും നല്ല സങ്കരയിനം പശുക്കളെ വളർത്തുന്നതിൽ നിന്നും കർഷകരെ നിരുത്സാഹപ്പെടുത്തുന്നു.

ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക ജ്ഞാനവും, സാമ്പത്തിക സഹായവും നിലവിൽ കാര്യമായി ലഭ്യമല്ല. കാലിത്തീറ്റ വിതരണ സംവിധാനമോ ഏജൻസികളോ ഈ പഞ്ചായത്തിൽ ഇല്ല. കടകളിൽ നിന്ന് വൻ വിലകൾ കൊടുത്താണ് കർഷകർ കാലിത്തീറ്റ വാങ്ങുന്നത്.

ആട്, കോഴി, താറാവ്, പന്നി, മുയൽ തുടങ്ങിയവയെ വളർത്തുവാൻ വളരെ അനുകൂലമായ സാഹചര്യങ്ങൾ നിലവിൽ ഉണ്ടെങ്കിലും മേൽത്തരം ഇനങ്ങളെ ലഭ്യമല്ലാത്തതുകൊണ്ടും ആവശ്യമായ പരിശീലനം ഇല്ലാത്തതും കർഷകരെ ഈ തൊഴിലിൽ ഏർപ്പെടുന്നതിൽനിന്ന് തടയുന്നു. കൂട് നിർമ്മിക്കുന്നതിനാവശ്യമായ വായ്പാ സൗകര്യങ്ങളുടെ അലഭ്യതയും പ്രധാന പ്രശ്നമാണ്.

മത്സ്യകൃഷിക്ക് അനുകൂലമായ സാഹചര്യം ഇരട്ടയാർ പഞ്ചായത്തിൽ ഡാമിനോട് അനുബന്ധിച്ചുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെൻറിൻെറ ധനസഹായം ലഭ്യമാകുകയാണെങ്കിൽ ഡാമിൽ വൻതോതിൽ മത്സ്യ ഉല്പാദനം സാധിക്കും. K. S. E. B. യുടെ അംഗീകാരം ലഭ്യമല്ലാത്തതാണ് ഇതിന് പ്രധാന തടസ്സം. തടയണകൾ നിർമ്മിക്കേണ്ടതായിവരും.

I-ാം വാർഡിൽ കാറ്റാടിക്കവല, II-ാം വാർഡിൽ തുളസിപ്പാറ, VI-ാം വാർഡിൽ ഇടിഞ്ഞമല VII-ാം വാർഡിൽ കൊച്ചുകാമാക്ഷി, VIII-ാം വാർഡിൽ കുപ്പച്ചാംപടി തുടങ്ങിയ ദേശങ്ങളിൽ മത്സ്യക്കുളങ്ങൾ നിർമ്മിക്കാൻ സൗകര്യം ഉണ്ടെങ്കിലും സാങ്കേതിക ജ്ഞാനത്തിൻെറ അഭാവത്തിൽ കാര്യങ്ങൾ നടക്കുന്നില്ല. IV-ാം വാർഡിൽ നാലുമുക്കു ഭാഗത്തും മത്സ്യകുളത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ട്.

പരിഹാരം

ഇരട്ടയാർ പഞ്ചായത്തിൽ ഒരു വെറ്ററിനറി പോളി ക്ലിനിക് സ്ഥാപിക്കുക. എല്ലാ വാർഡുകളിലും ബീജസങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക. സഹകരണ മേഖലയിൽ ഒരു കാലിത്തീറ്റ നിർമ്മാണ ഫാക്ടറി ഇരട്ടയാറ്റിൽ ആരംഭിക്കണം. കാലിരോഗങ്ങൾക്ക് എതിരെയുള്ള പ്രതിരോധ നടപടികൾ ഊർജ്ജിതമായി നടപ്പിലാക്കണം.

പഞ്ചായത്തിൻെറ വിവിധ സ്ഥലങ്ങളിൽ മൃഗപരിപാലനം സംബന്ധിച്ച് സെമിനാറുകൾ സംഘടിപ്പിക്കണം.

നല്ല സങ്കരയിനം മൃഗങ്ങളെ വാങ്ങുന്നതിനാവശ്യമായ സൗകര്യങ്ങളും സബ്സിഡിയോടുകൂടിയ ഉയർന്ന തുകയ്ക്കുള്ള ലോണുകൾ അനുവദിക്കണം. പാൽ വിപണനകേന്ദ്രങ്ങൾ ഓരോ വാർഡിലും ആരംഭിക്കുകയും നിലവിൽ രജിസ്ട്രേഷൻ ഇല്ലാത്തവയ്ക്ക് രജിസ്ട്രേഷൻ നൽകുകയും വേണം. സഹകാര്യമേഖലയിൽ പ്രവർത്തിക്കുന്ന കളക്ഷൻ സെൻററുകൾ സൊസൈറ്റികൾക്ക് (Apcose) കീഴിലാക്കുക. കർഷകർക്ക് ഉല്പാദനച്ചിലവിന് ആനുപാതികമായി പാൽ വില ലഭിക്കണം.

K. L. D. ബോർഡിൻെറ ഒരു യൂണിറ്റ് ഇരട്ടയാറ്റിൽ ആരംഭിക്കണം. പുല്ലുകൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ വളം, വിത്ത് തുടങ്ങിയവ കർഷകർക്ക് സൗജന്യമായി ലഭ്യമാക്കുക. മുഴുവൻ കാലികൾക്കും ഇൻഷ്വറൻസ് സംവിധാനം ലഭ്യമാക്കുക.

ഗോബർഗ്യാസ് പ്ലാൻറ് സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക പരിശീലനവും സബ്സിഡിയോടുകൂടിയ വായ്പയും എല്ലാ കർഷകർക്കും ലഭ്യമാക്കുക.

പാല് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു ലഘുഫാക്ടറി സ്ഥാപിക്കുക. തേനീച്ച വളർത്തലിലുള്ള സാങ്കേതിക ജ്ഞാനവും സൗകര്യവും ആവശ്യമുള്ളവർക്ക് ലഭ്യമാക്കുക.

അലഞ്ഞുതിരിയുന്ന നായ്ക്കളെ കൊല്ലുകയും പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പുകൾ നടത്തുകയും ലൈസൻസ് നിർബന്ധമായും ഏർപ്പെടുത്തുകയും ചെയ്യുക.

ശുദ്ധജല മത്സ്യകൃഷിക്ക് സാധ്യതയുള്ള മേഖലകളിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ഏജൻസികളിൽനിന്ന് ധനസഹായവും സാങ്കേതികസഹായവും ലഭ്യമാക്കുക.

ആട്, പന്നി, കോഴി, മുയൽ തുടങ്ങിയവയുടെ കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ മൃഗാശുപത്രി വഴി വിതരണം ചെയ്യുക.

വിവിധ ഫാമുകൾക്കാവശ്യമായ സാങ്കേതികോപദേശവും സാമ്പത്തിക സഹായവും ലഭ്യമാക്കണം.

കന്നുകാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പഞ്ചായത്തിൽ വർഷംതോറും കന്നുകാലി പ്രദർശനം സംഘടിപ്പിക്കുകയും ഏറ്റവും നല്ല കന്നുകാലിവളർത്തൽ കൃഷിക്കാരന് ഗ്രേയ്ഡ് തിരിച്ച് ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും നൽകുക. മികച്ച ജനുസ്സുകളെ വിതരണം ചെയ്യുക, തുടങ്ങിയ നടപടികൾ ശ്രദ്ധിക്കുകയാണെങ്കിൽ കാർഷികമേഖല മുരടിച്ചുനിൽക്കുന്ന ഈ കാലയളവിൽ കന്നുകാലിവളർത്തലിനെ ഈ പഞ്ചായത്തിലെ കർഷകർക്ക് ഏറ്റവും നല്ല ഉപജീവനമാർഗ്ഗമായി മാറ്റിയെടുക്കാം.

1996-ലെ കന്നുകാലി/വളർത്തുപക്ഷി സെൻസസ്സ് രേഖയിൽനിന്ന്

കാള	നാടൻ	കാളസങ്കരം		പശു	നാടൻ	പശുസങ്കരം		എരുമ				
		വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	പോത്ത്	ആട്	പട്ടി
1	14	2	8	13	25	80	129	20	12	9	205	184
2	15	2	4	14	29	159	205	26	30	16	289	142
3	13	3	7	9	26	88	158	29	28	9	263	160
4	18	2	10	15	32	160	229	34	36	18	282	233
5	10	2	6	14	19	69	127	26	29	7	254	185
6	15	3	5	13	18	82	112	18	20	5	286	194
7	13	1	12	8	17	89	124	24	25	10	295	172
8	16	2	6	20	36	125	182	33	38	17	268	162
9	12	3	2	9	27	96	129	18	20	13	230	175

1996-ലെ കന്നുകാലി/വളർത്തുപക്ഷി സെൻസസ് രേഖയിൽ നിന്ന്

നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി			
1	2	3	4	5	6	7	8	വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജ സങ്കലനം
1	ദഹനസംബന്ധമായവ	290	48	168	96	57				
2	ശ്വാസകോശസംബന്ധം	150	39	141	69	20	710	പശു	2787	960
3	ഉപാപചയസംബന്ധം	68	8	15						
4	ത്വക്രോഗങ്ങൾ	54	2		21	26				
5	ധാതുലവണങ്ങളുടെ അഭാവം	65	4	19	23	14		കിടാരി	506	240
6	പരാദ രോഗങ്ങൾ	263	41	128	47	89	866			
7	പ്രത്യുല്പാദനവ്യവസ്ഥയുമായി ബന്ധപ്പെട്ടവ	226	8	10						
8	വന്ധ്യത	127	2					എരുമ	465	77
9	അകിടുവീക്കം	81	9	39						
10	മുടന്തൻ പനി	190	12							

1996-ലെ കന്നുകാലി/വളർത്തുപക്ഷി സെൻസസ് രേഖയിൽ നിന്ന്

വാർഡ് നമ്പർ	പൂവൻ കോഴി	പിട കോഴി		താറാവ്	
		മുട്ട ഇടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ
1	2	3	4	5	6
1	157	450	482	8	30
2	166	618	728	9	23
3	180	532	740	4	18
4	187	816	953	3	15
5	169	297	633	10	41
6	182	251	804	8	36
7	101	564	760	3	13
8	123	718	1100	12	43
9	180	542	784	7	19

മൃഗസംരക്ഷണവകുപ്പ്

വകുപ്പുപദ്ധതികളുടെ അവലോകനം

1 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി: സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നു

ലക്ഷ്യം : ഉയർന്ന ജനിതക ഗുണമുള്ള പശുക്കുട്ടികൾക്ക് പരിചരണം നൽകി നല്ല പശുക്കളായി വളർത്തുക, ആദ്യത്തെ പ്രസവം 30 മാസത്തിനുള്ളിൽ നടത്തുക, പ്രസവങ്ങൾ തമ്മിലുള്ള അന്തരം കുറയ്ക്കുക, പ്രതിരോധ കുത്തിവയ്പുകളും വിരമരുന്നുകളും പകുതി വിലയ്ക്കു നൽകുക എന്നിവയാണ്

2 ഊർജ്ജിത പന്നിവളർത്തൽ പരിപാടി

ലക്ഷ്യം : പെട്ടെന്നു വളരുന്നതും ഗുണമേന്മയുള്ളതുമായ പന്നികളെ മാംസത്തിനായി ലഭ്യമാക്കുകയെന്നതാണ്.

ഒരാൾക്ക് 2 പന്നിക്കുഞ്ഞുങ്ങളെ വീതം 100 രൂപ സബ്സിഡിയോടു നൽകുന്നു.

3 ആടുവളർത്തൽ : 350 രൂപ സബ്സിഡിയോടെ ആടുകളെ വിതരണം ചെയ്യുന്നു. മലബാറി ആടുകളുടെ വംശനാശം തടയാൻ പ്രജനനത്തിനാവശ്യമുള്ള ആടുവളർത്തൽ യൂണിറ്റ് സ്ഥാപിക്കുകയെന്നതാണ് ലക്ഷ്യം.

4 വീട്ടുവളപ്പിലെ കോഴിവളർത്തൽ : 60 ദിവസം പ്രായമുള്ള 5 പിടക്കോഴികളെ വീതം 15 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നു. കോഴികളുടെ ഉല്പാദനവും മുട്ട ഉല്പാദനവും വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യം.

5 പേവിഷബാധ നിർമ്മാർജ്ജനപദ്ധതി

6 കുളമ്പുരോഗ നിർമ്മാർജ്ജനപദ്ധതി

7 കന്നുകാലി പ്ലേഗ് നിർമ്മാർജ്ജനപദ്ധതി

8 ബീജസങ്കലന സൗകര്യങ്ങൾ വികസിപ്പിക്കൽ

9 മൃഗചികിത്സയും മൃഗാരോഗ്യവും

10 മുയൽവളർത്തൽ പരിപാടി എന്നിവയാണ് പ്രധാനപ്പെട്ട വകുപ്പുപദ്ധതികൾ

വ്യവസായം

ഇരട്ടയാർ പഞ്ചായത്തിലെ വ്യാവസായിക മേഖല പരിശോധിച്ചാൽ ആധുനികമോ, പരമ്പരാഗതമോ ആയ എടുത്തുപറയത്തക്ക വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെ ഇല്ല. തികച്ചും ഒരു കാർഷികമേഖലയായി മാത്രം നമ്മുടെ പഞ്ചായത്ത് മാറിയിരിക്കുന്നു. എന്നാൽ കാർഷിക-കാർഷിക തേതര വ്യവസായ പുരോഗതിക്ക് അനുകൂലമായ ധാരാളം സാധ്യതകൾ ഇവിടെ നിലനിൽക്കുന്നു. ഇതിനെ വേണ്ട വിധം പ്രയോജനപ്പെടുത്തി നമ്മുടെ പഞ്ചായത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതി ഉറപ്പുവരുത്തേണ്ടതാണ്.

വ്യവസായ സ്ഥിതിവിവര കണക്കുകൾ പരിശോധിച്ചതിൽനിന്നും മനസ്സിലാക്കാൻ സാധിച്ചത് വിജയകരമായി പ്രവർത്തിക്കുന്ന ഏതാനും, സഹകാര്യ-ചെറുകിട വ്യവസായ സംരംഭങ്ങൾ മാത്രമാണ്ഇവിടെ ഉള്ളത്.

a) പഞ്ചായത്തിൽ ചിതറിക്കിടക്കുന്ന പാക്ക് സംസ്കരണ യൂണിറ്റുകൾ.

b) അയ്യമല പടിയിൽ പ്രവർത്തിക്കുന്ന ഹോളോബ്രിക്സ് യൂണിറ്റ്.

c) ഇരട്ടയാറ്റിൽ പ്രവർത്തിക്കുന്ന മെഴുകുതിരി നിർമ്മാണ യൂണിറ്റ്.

d) പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ധാന്യങ്ങൾ കുത്തുകയും, പൊടിക്കുകയും, കൊപ്ര ആട്ടി എണ്ണ എടുക്കുന്ന മില്ലുകൾ.

e) ചുടുഇഷ്ടിക-നിർമ്മാണ കേന്ദ്രങ്ങൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു.

f) ചെമ്പകപ്പാറയിൽ പ്രവർത്തിക്കുന്ന കറിപൗഡർ, കാപ്പിപ്പൊടി നിർമ്മാണ യൂണിറ്റ്, വിപണനപ്രശ്നങ്ങൾ കാരണം പ്രവർത്തനങ്ങൾ വളരെ മന്ദഗതിയിലാണ്.

വ്യവസായ പുരോഗതിക്ക് പ്രയോജനപ്പെടുത്താവുന്ന സാധ്യതകൾ

1. കാർഷിക പാഴ്വസ്തുക്കൾ വ്യവസായികമായി പ്രയോജനപ്പെടുത്താം.

ഇപ്പോൾ പ്രയോജനരഹിതമായി കളയുന്ന പല കാർഷികവസ്തുക്കളും വ്യവസായികമായി പ്രയോജനപ്പെടുത്താവുന്നതാണ്. ഉദാ: ചകിരികൊണ്ടുള്ള കയർ നിർമ്മാണം, കൊക്കോതൊണ്ട് ഉപയോഗിച്ചുള്ള കാലിത്തീറ്റ നിർമ്മാണം.

2. കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം ഒരു വ്യവസായമായി വളർത്തി എടുക്കാവുന്നതാണ്.

3. തൊഴിലാളികളുടെ ലഭ്യത

കാർഷികമേഖലയ്ക്ക് ഉൾകൊള്ളാൻ പറ്റാത്തവിധം ഉള്ള തൊഴിലാളികളുടെ വർദ്ധനവ്മൂലം തൊഴിലിനായി മറ്റ് പ്രദേശങ്ങളിലേക്ക് പോകുന്ന തൊഴിലാളികളെ ഇവിടെത്തന്നെ നിർത്തുന്നതിന് സാധിക്കും.

4. വിദ്യാസമ്പന്നർ ധാരാളം ഉള്ള ഈ പഞ്ചായത്തിൽ അവരുടെ കഴിവുകൾ വേണ്ടവിധം പ്രയോജനപ്പെടുത്താം.

5. ജനങ്ങളിലുള്ള കൂട്ടായ്മാബോധം

ഇരട്ടയാർ പഞ്ചായത്തിൽ വ്യവസായികരംഗത്ത് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾ ഒന്നും ഇല്ല. ഈ മേഖലയുടെ പ്രയോജനത്തിലൂടെ വ്യവസായിക പുരോഗതി കൈവരിക്കാൻ സാധിക്കും.

വ്യവസായിക പ്രശ്നങ്ങൾ

1. വ്യവസായ പുരോഗതിക്ക് വിലങ്ങുതടിയായി നില്ക്കുന്ന പ്രധാന പ്രശ്നം റോഡുഗതാഗതത്തിന്റെ അപര്യാപ്തതയാണ്.

2. ഊർജ്ജ പ്രതിസന്ധി വ്യവസായ പുരോഗതിയ്ക്ക് വിലങ്ങുതടിയായി നിലനിൽക്കുന്നു.

3. മൂലധന-വായ്പാരംഗത്ത് ബാങ്കുകളുടെ സേവനക്കുറവ്.

4. ലൈസൻസ് ലഭിക്കുന്നതിനും രജിസ്ട്രേഷനുമുള്ള നിയമക്കുരുക്കുകൾ, അനാവശ്യ കാലതാമസം.

കാലിത്തീറ്റ നിർമ്മാണം

മൃഗസംരക്ഷണ മേഖലയ്ക്കാവശ്യമായ കാലിത്തീറ്റകൾ മറ്റ് പ്രദേശങ്ങളിൽ നിന്ന് പ്രത്യേകിച്ച് തമിഴ്നാട്ടിൽ നിന്ന് ആണ് വരുന്നത്. അത് ഇവിടെത്തന്നെ ഉല്പാദിപ്പിക്കുന്നതിന് സാധിച്ചാൽ കുറഞ്ഞവിലയ്ക്ക് ഗുണനിലവാരമുള്ള കാലിത്തീറ്റ വിതരണം ചെയ്യാൻ സാധിക്കും.

കരകൗശലനിർമ്മാണ വ്യവസായം

നമ്മുടെ പഞ്ചായത്തിലെ അസംഘടിതരായ കരകൗശല വിദഗ്ദ്ധരെ സംഘടിപ്പിച്ച് അവരുടെ കഴിവുകൾ പ്രയോജനപ്പെടത്തക്കവിധം വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് പുതിയ വ്യവസായ മേഖല തന്നെ തുറക്കാവുന്നതാണ്.

ഒരു കാർഷിക നേഴ്സറി ആരംഭിച്ച് നല്ലയിനം കാർഷികവിത്തുകളുടെ വിതരണം, വിജയകരമായി നടത്താവുന്ന ഒരു വ്യവസായമാണ്.

7. നമ്മുടെ പഞ്ചായത്തിൽ ധാരാളമായിട്ടുള്ള പാറകൾ ഉപയോഗിച്ച് വിവിധയിനം മിറ്റിലുകളുടെ നിർമ്മാണവും കെട്ടിടനിർമ്മാണത്തിനാവശ്യമായ ഹോളോ ബ്രിക്സ് നിർമ്മാണവും സാധ്യമാണ്.

വ്യവസായിക പുരോഗതിക്കായിട്ടുള്ള നിർദ്ദേശങ്ങൾ

1. ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസിന്റെ കീഴിൽ വ്യവസായങ്ങൾ ഒന്നും ഇല്ലാത്ത ഇവിടെ ഇതിന്റെ കീഴിൽ പുതിയ സംരംഭങ്ങൾ തുടങ്ങുക.
2. സഹകരണമേഖലയിൽ പുതിയ വ്യവസായങ്ങൾ ആരംഭിക്കുക.
3. വ്യവസായവകുപ്പിന്റെ സേവനം തൃപ്തികരമായ നിലയിലേക്ക് ഉയർത്തുകയും സ്വകാര്യ - സഹകരമേഖലയിൽ പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ സഹായകരമായ സത്വര നടപടികൾ സ്വീകരിക്കുക.
4. വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുക.

വിജയകരമായി നടത്താവുന്ന വ്യവസായ സംരംഭങ്ങൾ

1. ഇരട്ടയാർ പഞ്ചായത്ത് ഒരു വലിയ ഉപഭോക്തൃ മേഖലയാണ്. ഇവിടെ വരുന്ന പല ഉപഭോഗവസ്തുക്കളും നമുക്ക് തന്നെ നേരിട്ട് നിർമ്മിക്കാവുന്നതാണ്. ഉദാഹരണമായി സോപ്പ് നിർമ്മാണം. ഓരോ ദിവസവും ആയിരക്കണക്കിന് രൂപാ വിലമതിക്കുന്ന സോപ്പുകൾ ഇവിടെ വിറ്റഴിക്കപ്പെടുന്നു. ഈ സോപ്പുകളുടെ നിർമ്മാണം നമ്മൾതന്നെ നടത്തുകയും, നമ്മൾ ഉല്പാദിപ്പിക്കുന്ന സോപ്പ് നമ്മൾ ഉപയോഗിച്ചു വരുന്നവയുടെ കൂടെ പരിഗണിക്കുക എന്ന തീരുമാനമെടുത്താൽ വിജയകരമായി നമുക്ക് സോപ്പ് നിർമ്മാണം നടത്താൻ സാധിക്കും. ഇതിലൂടെ നമ്മുടെ കാർഷിക ഉപ ഉത്പന്നമായ വെളിച്ചെണ്ണയുടെ വില നമുക്ക് തന്നെ നിയന്ത്രിക്കുന്നതിനും സാധിക്കും. സോപ്പ് നിർമ്മാണരംഗത്ത് വൻകുത്തകകളെ ഒഴിവാക്കി ഒരു സ്വദേശി സംസ്കാരത്തിന്റെ വളർച്ചയ്ക്കും ഇത് സഹായകമാണ്.
2. നമ്മുടെ മേഖലയിൽ വിജയകരമായി നടത്താവുന്ന ഒരു കാർഷികാനുബന്ധ വ്യവസായമാണ് കയർവ്യവസായം. ഈ പഞ്ചായത്തിലെ പ്രധാന വിളയായ നാളികേരത്തിന്റെ തൊണ്ട് ഉപയോഗിച്ച് ആധുനികരീതിയിൽ ചീയിക്കൽ നടത്താതെ കയർ, ചവിട്ടുമെത്ത തുടങ്ങിയ കയർ ഉത്പന്നങ്ങൾ നിർമ്മിക്കാൻ സാധിക്കും. ഇതിന്റെ അവശിഷ്ടമായ ചകിരിച്ചോറ് ജൈവവളമായും ഉപയോഗിക്കാം. കാർഷികമേഖലയിൽ വളരെയധികം ഉപയോഗിക്കുന്ന ഒരു വസ്തു എന്ന നിലയിൽ കയറിന്റെ വിപണനം ഒരു പ്രശ്നമാകില്ല.
3. വ്യവസായരംഗത്തേക്ക് കടന്നുവരാൻ താത്പര്യമുള്ള വനിതകളെ ഉൾപ്പെടുത്തി വ്യവസായവകുപ്പിന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘത്തിലൂടെ വനിതകൾക്ക് ചെയ്യാൻ സാധിക്കുന്ന ചെറുകിട വ്യവസായങ്ങൾ ഉണ്ട്.

1. കാപ്പിപ്പൊടി നിർമ്മാണം
2. കറിപൗഡർ നിർമ്മാണം
3. കോഴിവളർത്തൽ കേന്ദ്രം
4. അച്ചാർ നിർമ്മാണം

❑◆❑

വിദ്യാഭ്യാസം

ഒരു വ്യക്തിയുടെ ബൗദ്ധികവും മാനസികവും ശാരീരികവുമായ കഴിവുകളുടെ സമ്പൂർണ്ണ വികാസമാണ് വിദ്യാഭ്യാസംകൊണ്ട് അർത്ഥമാക്കുന്നത്. ചുറ്റുപാടുകളുടെ സ്പന്ദനങ്ങളെ സ്വാംശീകരിക്കുവാനും അവയോടു പ്രതികരിക്കുവാനും വ്യക്ത്യാഭിവൃദ്ധിക്കൊപ്പം മാനവികതയും സാമൂഹ്യപ്രതിബദ്ധതയും പുലർത്തുവാനും ഒരുവനെ പ്രാപ്തനാക്കുന്നതാവണം വിദ്യാഭ്യാസം. തങ്ങളുടെ കുടുംബങ്ങളെ നിത്യദാരിദ്ര്യത്തിൽ നിന്നു രക്ഷിക്കുന്നതിനായി മലമടക്കുകളിൽ കഠിനാദ്ധ്വാനം ചെയ്യുമ്പോഴും കുടിയേറ്റ കർഷകരുടെ മനസ്സിൽ ഒരു നഷ്ടസ്വപ്നത്തിന്റെ തേങ്ങലുണ്ടായിരുന്നു; തങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ പറ്റുന്നില്ല എന്നത്.

പഞ്ചായത്തിലെ ആദ്യത്തെ പഠനകേന്ദ്രമായി കണക്കാക്കുന്നത് ഉപ്പുകണ്ടത്ത് ജ്ഞാനയോഗി എന്നയാളുടെ നേതൃത്വത്തിൽ ആരംഭിച്ച അനൗദ്യോഗിക പാഠശാലയാണ്. തുടർന്ന് ഗവ: അംഗീകാരമില്ലാത്ത ഒരു L. P. സ്കൂൾ ഉപ്പുകണ്ടത്ത് പ്രവർത്തനമാരംഭിച്ചു. ഇരട്ടയാർ കേന്ദ്രമാക്കി 1961-ൽ സ്ഥാപിതമായ സെൻറ് തോമസ് L. P. സ്കൂളാണ് പഞ്ചായത്തിലെ ആദ്യത്തെ അംഗീകൃത സ്കൂൾ. പിന്നീട് പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വിദ്യാലയങ്ങൾ അനുവദിച്ചു ലഭ്യമാക്കുന്നതിലും സൗകര്യങ്ങൾ പ്രദാനം ചെയ്യുന്നതിലും കുടിയേറ്റ കർഷകർ സജീവ ജാഗ്രത പുലർത്തി. സ്വാതന്ത്ര്യാനന്തരം നാട്ടിൻപുറങ്ങൾ വിദ്യാഭ്യാസരംഗത്ത് കുതിച്ചുയർന്നപ്പോൾ മലയോരഗ്രാമങ്ങൾ ഈ രംഗത്ത് പിച്ചവെച്ചു നടക്കുവാൻ തുടങ്ങിയതേയുള്ളു. ഇരട്ടയാർ, വാഴവര, നാലുമുക്ക്, ശാന്തിഗ്രാം, ഇടിഞ്ഞമല, ചെമ്പകപ്പാറ, ഈട്ടിത്തോപ്പ്, എഴുകുംവയൽ എന്നീ സ്ഥലങ്ങളിൽ നിലവിൽ വിദ്യാലങ്ങൾ പ്രവർത്തിച്ചുവരുന്നു.

പട്ടിക - 1

	വിദ്യാലയം		മാനേജ്മെൻറ്
1.	സെൻറ് തോമസ് ഹൈസ്കൂൾ, ഇരട്ടയാർ	L. U. P. H. S.	P. എ യ ഡ ഡ
2.	സെൻറ് മേരീസ് ഹൈസ്കൂൾ വാഴവര	U. P. H. S.	,,
3.	സെൻറ് പീറ്റേഴ്സ് L.P.S. ചെമ്പകപ്പാറ	L. P.	,,
4.	വിജയമാതാ L.P.S. ഈട്ടിത്തോപ്പ്	L. P.	,,
5.	ജയമാതാ L.P.S. എഴുകുംവയൽ	L. P.	,,
6.	ഗവ: ഹൈസ്കൂൾ ഇരട്ടയാർ (ശാന്തിഗ്രാം)	H. S.	ഗവൺമെൻറ്
7.	ഗവ: ഹൈസ്കൂൾ ചെമ്പകപ്പാറ	U. P. H. S.	,,
8.	ഗവ: യു. പി. സ്കൂൾ നാലുമുക്ക്	L. P. U. P.	,,
9.	ഗവ: എൽ. പി. സ്കൂൾ ഇടിഞ്ഞമല	L. P.	,,
10.	സെൻറ് മേരീസ് L.P.S. വാഴവര (ഗവ: അംഗീകാരമില്ല)	L.P.	സ്വകാര്യ അൺഎയ്ഡഡ്

നിലവിലുള്ള അവസ്ഥ: അവലോകനം

ഇരട്ടയാർ പഞ്ചായത്തിലെ ആദ്യത്തെ ഗവ: സ്കൂളാണ് ശാന്തിഗ്രാമിൽ പ്രവർത്തിച്ചുവരുന്ന ഇരട്ടയാർ ഗവ: ഹൈസ്കൂൾ. സ്ഥാപിതവർഷം മുതൽ നിരവധി വർഷങ്ങൾ പഞ്ചായത്തിലെ മികച്ച സ്കൂളുകളിലൊന്നായി നിലനിന്ന പ്രസ്തുത സ്കൂളിന്റെ ഇന്നത്തെ അവസ്ഥ ദയനീയമാണ്. താൽക്കാലിക കെട്ടിടങ്ങളും, സ്ഥിരം കെട്ടിടവും, വിശാലമായ സ്കൂൾ കോമ്പൗണ്ടുമെല്ലാമുള്ള ഈ സ്കൂളിൽ നൂറുകണക്കിനു കുട്ടികൾ പഠിച്ചുപോന്നിടത്ത് നിലവിൽ ആകെ 30 കുട്ടികളാണ് പഠിച്ചുകൊണ്ടിരിക്കുന്നത്. മുൻകാലങ്ങളിൽ 60% മുകളിൽ S.S.L.C. വിജയമുണ്ടായിരുന്ന ഈ വിദ്യാലയത്തിൽ ഇക്കഴിഞ്ഞ S.S.L.C. പരീക്ഷയിൽ (1996) ഒറ്റ കുട്ടിപോലും ജയിച്ചില്ല.

ചെമ്പകപ്പാറ ഗവ: ഹൈസ്കൂളിന് പരാധീനതകൾ ഏറെയാണ്. ആവശ്യത്തിന് കെട്ടിടസൗകര്യങ്ങൾ ഇല്ലാത്തതിനാൽ ക്ലാസ്സുകൾ ഷിഫ്റ്റായിട്ടാണ് നടത്തുന്നത്. എല്ലാ വിഷയങ്ങൾക്കും ആവശ്യത്തിന് അദ്ധ്യാപകരില്ലാത്ത അവസ്ഥ വർഷങ്ങളായി തുടരുന്ന സ്കൂളാണിത്. ഓഫീസ്, സ്റ്റാഫ് റൂം, ലബോറട്ടറി, ലൈബ്രറി, മറ്റ് പഠനസഹായികൾ എന്നിവയുടെ കാര്യത്തിലും ഈ സ്കൂളിൽ അസൗകര്യങ്ങളേറെയുണ്ട്. ശുദ്ധജലത്തിന്റെ ക്ഷാമം കൂടുതലായി അനുഭവപ്പെടുന്ന മേഖലയിലാണ് സ്കൂൾ സ്ഥിതി ചെയ്യുന്നത്. അവികസിത പ്രദേശമായ ഇടിഞ്ഞമലയിലെ ഏക വിദ്യാലയമാണ് ഇടിഞ്ഞമല ഗവ: L.P.S. ഈ സ്കൂളിലെ കുട്ടികൾ തുടർന്നുള്ള പഠനത്തിനായി കിലോമീറ്ററുകൾ പിന്നിട്ട് ഇരട്ടയാറിലോ, ചെമ്പപ്പാറയിലോ എത്തിച്ചേരേണ്ട അവസ്ഥയാണിന്നുള്ളത്. ചുറ്റുമതിലിന്റെ അഭാവവും, സ്കൂളിനോട് ചേർന്നു കാണപ്പെടുന്ന വളരെ ആഴമുള്ള പൊട്ടക്കിണറും ഏറെ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എല്ലാ ക്ലാസ്സുകളിലേക്കും സ്ഥിരമായി അദ്ധ്യാപകരില്ല എന്നത് ഈ സ്കൂളിന്റെയും സ്ഥിതിയാണ്.

ഹൈറേഞ്ചുമേഖലയിൽ ഗവ:സ്കൂളുകൾക്ക് കാണുന്ന പൊതുവായ ശോച്യാവസ്ഥ നാലുമുക്ക് ഗവ: U. P. S. നുമുണ്ട്. അദ്ധ്യയന നിലവാരം ഉയർത്തുന്നതിനുള്ള ശ്രമങ്ങൾ അത്യാവശ്യമാണ്. നാലുമുക്ക് ഗവ: സ്കൂളിനോട് ചേർന്ന് ഒരു ഹൈസ്കൂൾ പ്രവർത്തിക്കേണ്ടത് അത്യാവശ്യമാണ്. നെല്ലിപ്പാറ, പാറക്കടവ്, ഇടിഞ്ഞമല തുടങ്ങിയ മേഖലയിലെ കുട്ടികൾക്കും ഇക്കാര്യം പ്രയോജനപ്പെടും.

ഗവ: സ്കൂളുകൾ പാഠ്യ - പാഠ്യേതര രംഗങ്ങളിൽ പിന്നോക്കം പോവുന്നതിന്റെ കാരണങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തേണ്ടതിന്റെ ആവശ്യകത വളരെ പ്രസക്തമാണ്.ഓരോ അദ്ധ്യയനവർഷവും തുടക്കം മുതൽക്കുതന്നെ അദ്ധ്യാപകരെ നിയമിക്കുകയും, അവർ കൃത്യമായും തങ്ങളുടെ ഉത്തരവാദിത്വം നിർവഹിക്കുകയും ചെയ്യുന്നതിനുള്ള ക്രിയാത്മകമായ നടപടികൾ ത്വരിതഗതിയിൽ നടത്തിയില്ലെങ്കിൽ, വികസനകാര്യങ്ങളിൽ പിന്നോക്കം നിൽക്കുന്ന നമ്മുടെ പഞ്ചായത്തിലെ സാധാരണക്കാരുടെ മക്കൾ ഉൾപ്പെടുന്നവരും തലമുറയോട് ചെയ്യുന്ന അനീതി തന്നെയാവുമത്. ''താമസിച്ചെത്തുന്ന നീതി അനീതിയാണല്ലോ''.

പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂളുകളെല്ലാം തൃപ്തികരമായ നിലയിൽ പ്രവർത്തിക്കുന്നവയാണ്. മാനേജ്മെൻറ്, അദ്ധ്യാപകർ, ഇതര സംവിധാനങ്ങൾ എന്നിവയെല്ലാം മികച്ച രീതിയിൽ പ്രവർത്തിക്കുന്നതിനാലാണ് ഇത് സാധ്യമാവുന്നത്. എന്നാൽ വിജയശതമാനത്തോടൊപ്പം ലഭ്യമാകുന്ന വിദ്യാഭ്യാസത്തിന്റെ ഗുണവും നിലവാരവും കൂടി ശ്രദ്ധിക്കേണ്ടതായുണ്ട്.

ഈട്ടിത്തോപ്പ് വിജയമാതാ L.P.S.-ൽ നിന്നും കുട്ടികൾ തുടർവിദ്യാഭ്യാസത്തിനായി വളരെ ദൂരം സഞ്ചരിക്കേണ്ടതായ അവസ്ഥയാണിന്നുള്ളത്. സ്കൂളിന് ഒരു ചുറ്റുമതിൽ അത്യാവശ്യമാണ്. വാഴവരയിലെ L.P.S. ന് ഗവ. അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികളും അത്യാവശ്യമാണ്. പൊതുവായ അക്കാഡമിക്ക് നിലവാരതകർച്ച, സമരങ്ങളും ഇതര കാരണങ്ങളാലുമുണ്ടാകുന്ന അദ്ധ്യയന നഷ്ടം, അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ പ്രവർത്തനം, സ്കൂളുകളുടെ അപ്ഗ്രഡേഷൻ വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് ഗ്രാമസഭകളിൽ ഗൗരവമേറിയ ചർച്ചകൾ നടക്കുകയുണ്ടായി. വസ്തുനിഷ്ഠവും കാലോചിതവുമായ ഒരു വിദ്യാഭ്യാസ പദ്ധതിയാണ് നടപ്പിൽ വരുത്തേണ്ടത് എന്നത് ഇക്കാര്യം വ്യക്തമാക്കുന്നു. വർത്തമാനകാലത്തിന്റെ യാഥാർത്ഥ്യങ്ങളേയും ഭാവിയുടെ വെല്ലുവിളികളേയും നേരിടുവാൻ തക്ക കരുത്തും ആർജ്ജവത്തവും പ്രദാനം ചെയ്യുന്ന തരത്തിൽ ഗുണമേന്മയുള്ള വിദ്യാഭ്യാസനയമാണ് അനുവർത്തിക്കേണ്ടത് എന്ന ചിന്ത കൂടുതൽ ശക്തമായി ഗ്രാമസഭകളിൽ കടന്നുവന്നു.

നിർദ്ദേശങ്ങൾ, പരിഹാരമാർഗ്ഗങ്ങൾ

തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്ന ഇരട്ടയാർ ഗവ: ഹൈസ്കൂളിനെ (ശാന്തിഗ്രാം) തൊട്ടടുത്ത ഗവ: യു. പി. എസ്സായ നാലുമുക്ക് ഗവ: U.P.S. നോട് ചേർത്ത് പ്രവർത്തിപ്പിക്കുകയും ശാന്തിഗ്രാം ഗവ: ഹൈസ്കൂളിൽ നിലവിലുള്ള സ്ഥലവും കെട്ടിട സംവിധാനങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ട് പഞ്ചായത്തിൽ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ഗവ: തലത്തിൽ ആരംഭിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. നാലുമുക്ക് ഗവ: U.P.S. ൽ പഠിക്കുന്ന കുട്ടികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം തുടർന്നും അവിടെത്തന്നെ ലഭിക്കുകയും ചെയ്യും.

ഇടിഞ്ഞമല ഗവ: L.P.S., ഈട്ടിത്തോപ്പ് വിജയമാതാ L.P.S. എന്നിവ അത്യാവശ്യമായുംU.P.S. ആയി അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണം.

പഞ്ചായത്തിലെ 5, 6, 9 വാർഡുകളിലെ ആൾക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ, ഇരട്ടയാർ നോർത്ത് ഭാഗത്ത് സൗകര്യപ്രദമായ സ്ഥലത്ത് ഒരു L. P. സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. പഞ്ചായത്തിലെ ഗവ: സ്കൂളുകളിൽ അദ്ധ്യയനവർഷം ആരംഭം മുതൽ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരില്ല എന്നത് ഗുരുതരമായ പ്രശ്നമാണ്. അദ്ധ്യയനവർഷം തുടക്കം മുതൽ തന്നെ എല്ലാ വിഷയങ്ങൾക്കും അദ്ധ്യാപകരെ നിയമിക്കുന്നതിനും അവർ കൃത്യമായും തങ്ങളുടെ കർത്തവ്യം നിർവഹിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിനും ആവശ്യമായ നടപടികളും സമ്മർദ്ദവും ചെലുത്തുന്നതിൽ പഞ്ചായത്തും, സ്കൂൾ P.T.A. യും ശ്രദ്ധിക്കണം. വകുപ്പുതലത്തിൽ ഇക്കാര്യം കൃത്യമായും ബോദ്ധ്യപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

സ്വകാര്യസ്കൂൾ അദ്ധ്യാപകർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം ഉണ്ട്; ഗവ: സ്കൂൾ അദ്ധ്യാപകർക്ക് രാഷ്ട്രീയ സ്വാതന്ത്ര്യം പാടില്ല എന്ന ഇരട്ടത്താപ്പുനയമാണ് നിലവിലുള്ളത്. ഒന്നുകിൽ ഇരുകൂട്ടർക്കും രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിക്കുക, അല്ലെങ്കിൽ രണ്ടുകൂട്ടർക്കും രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിക്കാതിരിക്കുക. അദ്ധ്യാപക രാഷ്ട്രീയം സ്കൂളുകളിൽനിന്നും പൂർണ്ണമായും ഒഴിവാക്കുന്നതാണ് നല്ലത്.

ചെമ്പകപ്പാറ ഗവ: ഹൈസ്കൂളിന് അത്യാവശ്യമായും കൂടുതൽ കെട്ടിടസൗകര്യങ്ങളും മറ്റ് പഠനസഹായോപാധികളും ലഭ്യമാക്കണം. ക്ലാസ്മുറികൾ, ലൈബ്രറി, ലബോറട്ടറി സൗകര്യം, പഠനോപകരണങ്ങൾ, ദൃശ്യശ്രാവ്യോപകരണങ്ങൾ, ഫർണിച്ചർ എന്നിങ്ങനെ ഒരു വിദ്യാലയത്തിന്റെ അനുബന്ധയോഗ്യതാഘടകങ്ങളിൽ നിലവിലുള്ള പോരായ്മകൾ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും പരിഹരിക്കുന്ന തരത്തിൽ P.T.A. യും, മാനേജ്മെൻറും, ഗവൺമെൻറ്/ഡിപ്പാർട്ടുമെൻറ് തലങ്ങളിലും ഒത്തൊരുമിച്ചുള്ള പ്രയത്നം അത്യാവശ്യമാണ്.

മൂത്രപ്പുര, കക്കൂസ്, ശുദ്ധജല ലഭ്യത, വൈദ്യുതി എന്നീ സൗകര്യങ്ങൾ പഞ്ചായത്തിലെ എല്ലാ സ്കൂളുകൾക്കും ലഭ്യമാക്കണം. എല്ലാ വിദ്യാലയങ്ങളിലേക്കും ഗതാഗതസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ശ്രദ്ധിക്കേണ്ടതായുണ്ട്.

ഇരട്ടയാർ പഞ്ചായത്തിൽ പ്രീ - പ്രൈമറി വിദ്യാഭ്യാസം പ്രധാനമായും, സാമൂഹ്യക്ഷേമവകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളെ ആശ്രയിച്ചു നിൽക്കുന്നു. ഇരട്ടയാറിൽ ഒരു സ്വകാര്യ ഇംഗ്ലീഷ് മീഡിയം സ്കൂൾ പ്രൈമറി തലത്തിലുണ്ട്. വിദ്യാഭ്യാസവകുപ്പിന്റെ കീഴിൽ ഒരു ഗവ: മോഡൽ പ്രീ-പ്രൈമറി സ്കൂൾ അത്യാവശ്യമാണ്.

കേവലം പാഠപുസ്തകങ്ങൾ പഠിക്കുകയും, പഠിപ്പിക്കുകയും ചെയ്യുക എന്ന ചടങ്ങിലേക്ക് സ്കൂൾ വിദ്യാഭ്യാസം നമ്മുടെ മലയോര ഗ്രാമങ്ങളിൽ മാറുന്ന ഒരു സ്ഥിതി വിശേഷമിന്നുണ്ട്. വിജ്ഞാനത്തിന്റെ പരിധി അനുദിനം വർദ്ധിച്ചുവരുന്ന ഇക്കാലത്ത്, അതാതു വിഷയങ്ങളിൽ അദ്ധ്യാപകർക്ക് കാലോചിതമായ പഠന പരിശീലനം നൽകേണ്ടത് അത്യന്താപേക്ഷിതമാണ്.

ഇപ്പോൾ നിർജ്ജീവാവസ്ഥയിലുള്ള സ്കൂൾ കോംപ്ലക്സ് സംവിധാനം തികച്ചും അനുയോജ്യവും പ്രയോജനപ്രദവുമായ രീതിയിൽ പരിഷ്ക്കരിച്ച സാധിതലക്ഷ്യങ്ങൾ പൂർത്തീകരിക്കണം. പഞ്ചായത്തുതലത്തിൽ ഒരു സ്കൂൾ കോംപ്ലക്സ് സമിതിയും, അക്കാഡമിക്ക് സമിതിയും വിദഗ്ദ്ധരെക്കൂടി ഉൾപ്പെടുത്തി രൂപീകരിക്കുന്നത് പ്രയോജനകരമാണ്.

പഞ്ചായത്തിലെ മിക്ക സ്കൂളുകളിലും പാഠ്യേതര പ്രവർത്തനങ്ങൾ കാര്യമായിട്ടില്ല എന്നതാണ് സത്യം. ചില സ്കൂളുകൾ സ്പോർട്സിനും അല്പം പ്രാധാന്യം എന്നുമാത്രം. സാഹിത്യസമാജങ്ങൾ, N.C.C., സ്ക്കൗട്ട്, ആരോഗ്യ-പരിസ്ഥിതി സെമിനാറുകൾ, തൊഴിലധിഷ്ഠിത ഹ്രസ്വകാല കോഴ്സുകൾ എന്നിവയ്ക്കെല്ലാം P.T.A. യും അധികൃതരും അർഹമായ പ്രോത്സാഹനം ഇനിയും നൽകേണ്ടതായുണ്ട്.

കായികപ്രതിഭകളെ കണ്ടെത്തുന്നതിനായും പ്രോത്സാഹിപ്പിക്കുന്നതിനായും പഞ്ചായത്തുതലത്തിൽ സംവിധാനം ഉണ്ടാക്കണം. ചെമ്പകപ്പാറയിൽ ലഭ്യമാവുന്ന സ്ഥലത്ത് ഒരു സ്പോർട്സ് പരിശീലനകേന്ദ്രം വിപുലമായി നടത്തുന്നതിനുള്ള കാര്യങ്ങൾ അടിയന്തിരമായും പരിഗണിക്കണം. കലാ-കായികാദ്ധ്യാപകരുടെ സേവനം എല്ലാ സ്കൂളുകളിലും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

നിലവിലുള്ള അദ്ധ്യാപക - വിദ്യാർത്ഥി അനുപാതം സ്കൂളുകളിൽ കുറയ്ക്കുകയും, സിലബസ് കാലാനുസൃതമായി പരിഷ്ക്കരിക്കുകയും, സ്കൂളുകളിൽ മോണിട്ടറിംഗ് സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യണം.

പാഠപുസ്തകങ്ങൾ സ്കൂൾ വർഷാരംഭം മുതൽ കുട്ടികൾക്ക് ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നിർബന്ധമായും ഉണ്ടാവണം. സ്കൂളുകളിലെ സാധുകുട്ടികൾക്ക് ഉച്ചഭക്ഷണ വിതരണം, അധികൃതരുടെ മാത്രം ഉത്തരവാദിത്വമായി കണക്കാക്കാതെ ഈ രംഗത്ത് സാധ്യമായ വിഭവസമാഹരണം, സന്നദ്ധസംഘടനകളെക്കൂടി പെടുത്തി, P.T.A. താത്പര്യമെടുത്ത് ചെയ്യണം. ഗവൺമെൻറ് സ്കൂളുകളിൽ ഏറെയുള്ള പരാധീനതകൾ ഒഴിവാക്കുവാൻ ശ്രമിക്കുന്നതോടൊപ്പം, ഗവൺമെൻറ് - സ്വകാര്യ സ്കൂളുകളുടെ പ്രവർത്തനത്തിൽ വിവിധ ഘടകങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തുതലത്തിൽ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ഉന്നത-സാങ്കേതിക വിദ്യാഭ്യാസ മേഖലകൾ

ഉന്നതവിദ്യാഭ്യാസത്തിന്റെയും തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസത്തിന്റെയും കാര്യത്തിൽ പഞ്ചായത്തിന് പരാധീനതകൾ മാത്രമേയുള്ളു. ചെമ്പകപ്പാറയിലും ഇരട്ടയാറിലുമായി, 3 പാരലൽ കോളേജുകളും 3 ടൈപ്പ്റൈറ്റിംഗ് സ്ഥാപനങ്ങളുമാണ് ഈ രംഗത്തുള്ള ആശ്രയം. കട്ടപ്പന ഗവ: കോളേജ്, നെടുംകണ്ടം M.E.S. കോളേജ്, കട്ടപ്പന ഗവ: I.T.I. എന്നീ സ്ഥാപനങ്ങളിലായി പഞ്ചായത്തു പ്രദേശത്തുനിന്നും 67 കുട്ടികൾ നിലവിൽ പഠനം നടത്തുന്നു. ബിരുദാനന്തര പഠനത്തിനും, സാങ്കേതിക വിദ്യാഭ്യാസത്തിനും പ്രധാനമായും കട്ടപ്പനയിലെ സ്വകാര്യസ്ഥാപനങ്ങളാണ് ആശ്രയമായുള്ളത്. പഞ്ചായത്തുതലത്തിൽ ഒരു തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസ പരിശീലനകേന്ദ്രം ഗവ: തലത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ സത്വരശ്രദ്ധ ആവശ്യമാണ്.

വിദ്യാഭ്യാസരംഗത്ത് ഇക്കാലമത്രയും നിലനിന്നുപോരുന്ന പരമ്പരാഗത ശൈലികൾക്ക് സ്ഥായിയും പുരോഗമനാത്മകവുമായ മാറ്റങ്ങൾ ഉണ്ടായേ പറ്റൂ. വിദ്യാഭ്യാസത്തിന്റെ അവിഭാജ്യഘടകമായി തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തെ നാം കണക്കാക്കണം. മൂല്യങ്ങളെ പരിഗണിച്ചുകൊണ്ട്, സാമൂഹ്യപുരോഗതിക്കുതകുന്ന തരത്തിൽ, പ്രശ്നങ്ങളെ വസ്തുനിഷ്ഠവും ക്രിയാത്മകവുമായും വിലയിരുത്തി, ലഭ്യമാവുന്ന വിഭവശേഷികൾ ജനസഹകരണത്തിൽ പ്രയോജനപ്പെടുത്തുന്ന തരത്തിൽ കാലോചിതമായ ഒരു വിദ്യാഭ്യാസപദ്ധതിക്ക് നമ്മൾ തുടക്കം കുറിച്ചേ പറ്റൂ.

"ഓരോ വിദ്യാലയവും വിശുദ്ധിയുടെ സ്ഥലമാണ്. വിശുദ്ധമല്ലാത്തതും അധമമായിട്ടുള്ളതുമായ യാതൊന്നും അവിടെ സംഭവിക്കുവാൻ പാടില്ല". - ഗാന്ധിജി

സംസ്ഥാനതലത്തിൽ കായിക മത്സരത്തിൽ വിജയിച്ചവർ

വർഷം	പേര്	ഇനം	സ്ഥാനം
78 - 79	അലക്സ് ജേക്കബ്	3000	റിക്കാർഡ്
80 - 81	സെബാസ്റ്റ്യൻ സി. എം.	3000 m	റിക്കാർഡ്
80 - 81	ആൻസി ജോൺ	ഷോട്ട്പുട്ട്	റിക്കാർഡ്
80 - 81	ഏലിയാമ്മ ജോസഫ്	400 m	റിക്കാർഡ്
84 - 85	മുരളീധരൻ പി. വി.	3000	3
86 - 87	തോമസ് കെ. വി. ബെന്നി സി. ജെ. സജീവ് എം. പി.	4 x 400 റിലേ	1
88 - 89	റിസിമോൾ ജോസഫ്	ഷോട്ട്പുട്ട് ഡിസ്കസ്	3 3
89 - 90	അനിമോൾ സിറിയക്	400 m	2
92 - 93	അനിൽ മാത്യു	400 m 800 m 4 x 400 റിലേ	2 2 2
,,	അനിറ്റ്മോൾ പി. വി.	ഷോട്ട്പുട്ട്	1
,,	ജീനാമോൾദേവസ്യ	4 x 400 റിലേ	3
,,	ലീനാമോൾ റ്റി. ചെറിയാൻ (92 - 93 ലെ വ്യക്തിഗത ചാമ്പ്യൻഷിപ്പ്)	ഷോട്ട്പുട്ട് ഡിസ്കസ് ജാവലിൻ	1 1 1
	93 - 94 ലും ഈ ഇനങ്ങളിൽ ഒന്നാം സ്ഥാനം ലീനാമോൾ കരസ്ഥമാക്കി		
94	അനിറ്റ്മോൾ പി. വി.	ഷോട്ട്പുട്ട് ഡിസ്കസ്	1 2
,,	ജാസ്മിൻ ജോസഫ്	ഷോട്ട്പുട്ട്	2
,,	ലീനാമോൾ റ്റി. ചെറിയാനും, ജീനാമോൾ ദേവസ്യായും സംസ്ഥാന വോളിബോൾ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു.		
94 - 95	ബിനോയി ദേവസ്യാ സിബി ദേവസ്യാ ബൈജു ഭാസ്കരൻ	4 x 100 റിലേ	3
,,	ജിൻസി ഇ. വി.	800 m 400 m	1 2
,,	ബിനോയി ദേവസ്യാ	ലോംഗ് ജംബ് 400 m	1 2
,,	ജിൻസി ഇ. വി. അമൽമോൾ എം. ജെ.	4 x 100 റിലേ	3
94 - 95	അനുറോജി തോമസ് ,, ,, ,,	100 m 200 m 400 x 100 റിലേ	2 2 3
95 - 96	അനുറോജി തോമസ് ,,	100 200	1 1
	അമൽമോൾ എം. ജെ. ,,	,, 600 m	1 1

	മിനി മാത്യു	ഡിസ്കസ്	2
		ഷോട്ട്പുട്ട്	3
86 - 87	ബീനാമ്മ ജോസഫ്	ഇനം	3
	മിനിമോൾ ജോസഫ് (2 ഇനം)	ഇനം ഏതെന്ന്	3
		അറിയത്തില്ല	3
	മാത്യു കെ. വൈ. (2 ഇനം)		3
			2
88 - 89	സണ്ണി ജോസഫ്	5000 m	1
		1500	2
	ഷാജി എം. ജോസഫ്	3000	2
	മിനി ജോസഫ്	400	2
	'' (തൃശൂർ അമച്ചർ മീറ്റിൽ)	''	3
89 - 90	മിനി ജോസഫ് (3 ഇനം)		1
			2
			3
	സണ്ണി ജോസഫ്		2
	ത്രേസ്യാമ്മ എം. എം.		2
90 - 91	ത്രേസ്യാമ്മ എം. എം.	400 m	1
	സീനാ ജോസഫ്	4 X 100	2
91 - 92	സീനാ ജേക്കബ്	4 X 100	3
	സൂസമ്മ ആൻറണി	4 X 400	2
	ജിഷ സെബാസ്റ്റ്യൻ	4 X 400	3
92 - 93	സൂസമ്മ ആൻറണി	4 X 400	3
93 - 94	അമ്പിളി ഗോപാലൻ	-	3
95 - 96	അമ്പിളി ഗോപാലൻ (3 ഇനം)		1
			1
			3

ദേശീയ മത്സരത്തിൽ പങ്കെടുത്തവരെ കുറിച്ചുള്ള വിവരം

	അനിൽ മാത്യു	800 m	2
	ജിൻസി ഇ. വി.	800	3
	''	4 X 400 റിലേ	3
	അനുറോജി തോമസ്	''	3
	അമൽമോൾ എം. ജെ.		പങ്കെടുത്തു
	മിനി ജോസഫ്		പങ്കെടുത്തു
	ത്രേസ്യാമ്മ എം. എം.		നാലാം സ്ഥാനം

ഈ പഞ്ചായത്തിൽ നിന്നും വിവിധ വർഷങ്ങളിൽ സംസ്ഥാന - ദേശീയ മത്സരങ്ങളിൽ പങ്കെടുത്ത മുഴുവൻ വ്യക്തികളുടെയും വിവരങ്ങൾ ലഭ്യമല്ല. പഞ്ചായത്തിനു വെളിയിലുള്ള സ്കൂളിൽ പഠിച്ച് മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചവർ ഉണ്ട്. പലപ്രാവശ്യം ഇരട്ടയാർ സെൻറ് തോമസ് ഹൈസ്കൂൾ ജില്ലാതലത്തിൽ ഓവർ ഓൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയിരുന്നു.

ചെസ്സ്: സെൻറ് തോമസ് ഹൈസ്കൂളിലെ വിദ്യാർത്ഥിനിയായ ലിയാകോശി 12 വയസ്സിൽ താഴെ പ്രായമുള്ള കുട്ടികളുടെ വിഭാഗത്തിലെ നാഷണൽ പ്ലയർ ആണ്. രണ്ടു വർഷങ്ങളിൽ സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയിരുന്നു.

കുടിവെള്ളവും പൊതുജനാരോഗ്യവും

കുടിവെള്ളം

ഏതൊരു പ്രദേശത്തെയും ജനങ്ങളുടെ ക്ഷേമത്തിലും ആരോഗ്യകാര്യത്തിലും ഏറ്റവും ശ്രദ്ധേയമായ ഘടകമാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും. ആരോഗ്യപുരോഗതിയുടെ മുഖ്യസൂചകങ്ങളിലൊന്നാണ്. പഞ്ചായത്തിലെ മുഴുവൻ ആൾക്കാരും കുടിജലത്തിനായി പ്രധാനമായും ആശ്രയിക്കുന്നത് കിണറുകളെയും കുളങ്ങളേയുമാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ നീർത്തടങ്ങൾ (watersheds) പലതുണ്ടെങ്കിലും അവ വേണ്ടരീതിയിൽ ജലലഭ്യതയ്ക്കായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. ശുദ്ധജലത്തിന്റെ ലഭ്യതയിലുള്ള കുറവ് പല ജലജന്യരോഗങ്ങൾക്കും കാരണമാകുന്നു.

പഞ്ചായത്തിലെ ശുദ്ധജലസ്രോതസ്സുകൾ (ജലലഭ്യതയുള്ളത്)

പട്ടിക 1

പൊതു കിണറുകൾ	പൊതു കുളങ്ങൾ	സ്വകാര്യ കിണറുകൾ	സ്വകാര്യ കുളങ്ങൾ	സ്വകാര്യ കുഴൽ കിണറുകൾ	പൊതു കുഴൽ കിണറുകൾ
17	24	937	318	21	4

പഞ്ചായത്തിന്റെ 65% മേഖലകളിലും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ള ക്ഷാമം ശക്തമായി അനുഭവപ്പെടുന്നു. മൺസൂൺ കാലങ്ങളിൽപോലും ശുദ്ധജലക്ഷാമം അനുഭവപ്പെടുന്ന മേഖലകൾ പഞ്ചായത്തിലുണ്ട് എന്നത് തർക്കമറ്റ സംഗതിതന്നെ. പല ശുദ്ധജലസ്രോതസ്സുകളും മലിനജലം വന്ന് അടിയുന്നതിനാൽ ഉപയോഗക്ഷമമല്ല. വേനൽക്കാലത്ത് ജലജന്യരോഗങ്ങൾ കൂടുതലായി ഉണ്ടാകുന്നുവെന്നത് ശ്രദ്ധേയമാണ്. ശുദ്ധജലം ലഭിക്കുവാൻ സാഹചര്യമുള്ളതും എന്നാൽ ലഭിക്കാത്തതുമായ അവസ്ഥയാണ് ഇരട്ടയാർ ടൗണിൽ നിലനിൽക്കുന്നത്.

"വെള്ളം വെള്ളം സർവ്വത്രവെള്ളം
കുടിക്കുവാനില്ലത്രെ തുള്ളിപോലും" എന്ന സ്ഥിതി.

വർഷകാലത്തുപോലും കൂടിയ വിലകൊടുത്തു പാട്ടക്കണക്കിന് വെള്ളം വാങ്ങി ഉപയോഗിക്കേണ്ട ദുരവസ്ഥയാണ് ഇരട്ടയാർ ടൗണിൽ നിലനില്ക്കുന്നത്. ടൗണിൽ പഞ്ചായത്തുകിണറിലുള്ള വെള്ളം ഉപ്പുരസം കലർന്ന് അനുഭവപ്പെടുന്നു എന്നത് പഠനവിധേയമാക്കേണ്ടതാണ്.

നിലവിലുള്ള പൊതുകിണറുകളും കുളങ്ങളും കൂടുതൽ ജാഗ്രതയോടെ പരിരക്ഷിക്കേണ്ടതാണ്. മലിനജലം ഒഴുകിയെത്തി പല ജലസ്രോതസ്സുകളും അശുദ്ധമാകുന്നു. റോഡുവശങ്ങളിൽ ഓവുചാൽ നിർബന്ധമായും നിലനിർത്തണം.

ഭൂഗർഭജലത്തിന്റെ സ്ഥിതി സംബന്ധിച്ച് പഞ്ചായത്തിൽ വ്യക്തമായ പഠനം ആവശ്യമാണ്. കുഴൽ കിണറുകൾ പ്രയോജനപ്രദമാകാത്തതിന്റെ കാരണങ്ങൾ വസ്തുനിഷ്ഠമായി വിലയിരുത്തപ്പെടേണ്ടതാണ്.

കുടിവെള്ള ക്ഷാമബാധിതപ്രദേശങ്ങളും പരിഹാര നിർദ്ദേശങ്ങളും:

I **1**-ാം വാർഡ് :- ഗൗരിപ്പാറ ഭാഗം, കാറ്റാടിക്കവല യോടടുത്ത മിഷൻ കോളനിവിഭാഗം, ഇരട്ടയാർ ടൗൺ, വട്ടപ്പാറ ഭാഗം.

(1) ഗൗരിപ്പാറഭാഗത്ത് കുളം (K.S.E.B.) വക സ്ഥലം ലഭ്യമാണോ എന്നുപഠിക്കണം). ഗൗരിപ്പാറയിൽ ടാങ്ക്എന്നിവ നിർമ്മിച്ച് വെള്ളം മോട്ടോറുപയോഗിച്ച് പമ്പുചെയ്ത് ടാങ്കിലെത്തിച്ച് വിതരണം നടത്തിയാൽ ജലക്ഷാമം അനുഭവപ്പെടുന്ന 100 കൂടുംബങ്ങൾക്കും ടൗൺഭാഗത്തും ജലവിതരണം നടത്താം.

(2) കാറ്റാടിക്കവല ഭാഗത്ത് നിലവിലുള്ള പൊതുകുളത്തിൽനിന്നും വെള്ളം പമ്പുചെയ്ത് ടാങ്കിലെത്തിച്ച് മിഷൻകോളനിഭാഗത്ത് വിതരണംചെയ്യാം.

(3) വട്ടപ്പാറഭാഗത്ത് നിലവിലുള്ള സാധ്യതകൾ പഠിച്ച് ജലവിതരണ പദ്ധതി നടപ്പിലാക്കണം.

(4) ഇരട്ടയാർ ടൗൺഭാഗത്തെ ജലക്ഷാമത്തിനുള്ള എളുപ്പവും പ്രായോഗികവുമായ മാർഗ്ഗങ്ങൾ അവലംബിക്കണം. ഈ പദ്ധതികളെല്ലാം ജനസഹകരണത്തിൽ നടത്താവുന്നതാണ്.

(5) ടൗണിൽ ഒരു കുഴൽകിണർ നിർമ്മിക്കണം.

II **2**-ാം വാർഡ് :- തുളസിപ്പാറ, കുരിശുമല, നത്തുകല്ല്, ചുവേഴ്സ്മൗണ്ട്, ഉപ്പുകണ്ടം SC കോളനി, പുഞ്ചിരിക്കവല ഭാഗം.

(1) കുരിശുമലഭാഗത്ത് ലഭ്യമായ സ്ഥലത്ത് കുളം, കുരിശുമലയിൽ ടാങ്ക് എന്നിവ തീർത്ത്, വെള്ളം മോട്ടോറുപയോഗിച്ച് പമ്പുചെയ്ത് ജലവിതരണം നടത്താം. 50-ൽ പരം കുടുംബങ്ങൾക്ക് പ്രയോജനപ്പെടും.

(2) നത്തുകല്ല് കുരിശുമലഭാഗത്ത് ഇതേപോലൊരുപദ്ധതി ലഭ്യമായ സ്ഥലത്ത് നടപ്പിലാക്കിയാൽ 80-ൽ പരം കുടുംബങ്ങൾക്ക് പ്രയോജനപ്പെടും.

(3) നത്തുകല്ലിൽ അനുയോജ്യമായ സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് കൈപ്പകശ്ശേരിപുരയിടത്തിലുള്ള സർക്കാർ വക കുളത്തിൽ മോട്ടോറുപയോഗിച്ച് വെള്ളം പമ്പുചെയ്താൽ നത്തുകല്ല് ജംഗ്ഷൻ ഭാഗത്തുള്ള ജലക്ഷാമം പരിഹരിക്കാം.

(4) ഉപ്പുകണ്ടത്തുള്ള പൊതുകുളത്തിൽനിന്നും വെള്ളം പമ്പ്ചെയ്ത് S.C. കോളനിമേഖലയിൽ വിതരണം നടത്തുവാനുള്ള സൗകര്യമുണ്ട്. ലഭ്യമായ സ്ഥലത്ത് കുളം നിർമ്മിച്ച് മോട്ടോറുപയോഗിച്ച് വെള്ളം പമ്പുചെയ്ത് പുഞ്ചിരിക്കവല ഭാഗത്തെ ജലക്ഷാമം പരിഹരിക്കണം.

ഇടത്തരം പദ്ധതി

(5) തുളസിപ്പാറ ഭാഗത്ത് ജലക്ഷാമം പരിഹരിക്കുന്നതിനായി നിലവിൽ ലഭിച്ചിട്ടുള്ള സ്ഥലത്ത് (ചുക്കുറുമ്പേൽ പുരയിടത്തിൽ) കുളം നിർമ്മിക്കുകയും ഏറ്റവും പ്രയോജനപ്രദമായ സ്ഥലത്ത് ടാങ്ക് നിർമ്മിക്കുകയും, മോട്ടോറുപയോഗിച്ച് വെള്ളം പമ്പുചെയ്ത് ടാങ്കിലെത്തിച്ച് വിതരണം നടത്തുകയും ചെയ്താൽ രണ്ട്, നാല് (II, IV) വാർഡുകളിലെ 150-ൽ പരം കുടുംബങ്ങൾക്ക് പ്രയോജനപ്രദമാകും. മോസ്കോപാറ പ്രദേശത്തും ഈ പദ്ധതി പ്രയോജനപ്പെടും.

III 3-ാം വാർഡ്

പരപ്പനങ്ങാടി, കംബർഷൻസിറ്റി, ഗിരിജൻ കോളനി, വാഴവരപളളിഭാഗം, നാങ്കുതൊട്ടി, ചെമ്പകപ്പാറ, താലൂമുക്ക്സ്കൂൾ ഭാഗം, നെല്ലിപ്പാറ.

(1) വാഴവരപളളിനിരപ്പിൽ ടാങ്ക് നിർമ്മിക്കുകയും, കുറ്റിവേലിൽ പുരയിടത്തിലുളള പൊതുകുളത്തിൽ (M.I) നിന്നും വെള്ളം മോട്ടോറുപയോഗിച്ച് പമ്പുചെയ്യുകയും, തച്ചാപറമ്പിൽ പുരയിടത്തിലെ പൊതുകുളത്തിൽനിന്നും സ്വാഭാവിക ചിലവുകുറഞ്ഞ മാർഗ്ഗങ്ങളിലൂടെ ജലമെത്തിക്കുകയും ചെയ്യുന്നതിനുള്ള നടപടി ഉണ്ടാവണം.

(2) നെല്ലിപ്പാറ മണിയബ്രായിൽ പുരയിടത്തിലുള്ള ലഭ്യമായ സ്ഥലത്ത് കുളം നിർമ്മിച്ച്, വെള്ളം പമ്പുചെയ്ത് താലൂക്ക് സ്കൂൾ, നെല്ലിപ്പാറ പ്രദേശങ്ങളിൽ ലഭ്യമാക്കാം.

(3) ഇടത്തരം പദ്ധതി

പന്നലാംതോട്ടം പുരയിടത്തിൽ കുളം നിർമ്മിച്ച് കുന്നേൽ പുരയിടം ഭാഗത്ത് ടാങ്കിൽ വെള്ളം പമ്പുചെയ്ത് എത്തിച്ചാൽ III, IV വാർഡുകളിലെ നിരവധി പ്രദേശങ്ങളിൽ (ചെമ്പകപ്പാറ, നാങ്കുതൊട്ടി, നാലുമുക്ക്ചേ etc.) ജലം എത്തിക്കാം.

(4) ചെമ്പകപ്പാറ ഭാഗത്തുള്ള പൊതുകുളം മെയിൻറനൻസ് നടത്തിന്നതിനുള്ള നടപടി സ്വീകരിക്കണം.

4-ാം വാർഡ്

ഇടിഞ്ഞമല കുരിശുമല ഭാഗം, ഇടിഞ്ഞമല പളളിഭാഗം, തുളസിപ്പാറ, മോസ്ക്കോ പാറ, ശാന്തിഗ്രാം പള്ളിക്കവല, നാലുമുക്ക് കോളനി, ശാന്തിഗ്രാം H.S. മേച്ചേരിപ്പടി, ടണൽ, നാലുമുക്ക്, ചാളനാട്ടുപടി, ടൗൺ ഭാഗങ്ങൾ.

(1) ഇടത്തരം പദ്ധതി

ഇടിഞ്ഞമല (V-ാം വാർഡിൽ) മുളയ്ക്കൽ പുരയിടത്തിലെ പൊതുകിണറിൽനിന്നും വെള്ളം മോട്ടോറുപയോഗിച്ച് പമ്പുചെയ്ത് കുരിശുമലഭാഗത്ത് ടാങ്ക് നിർമ്മിച്ച് വിതരണം നടത്തിയാൽ 4, 5 വാർഡുകളിലെ 60-ൽ പരം കുടുംബങ്ങൾക്ക് അനുയോജ്യം. വൈദ്യുതി ലഭ്യമല്ലാത്തതിനാൽ ഡീസൽമോട്ടോർ ഉപയോഗപ്പെടുത്തേണ്ടിവരും.

(2) ശാന്തിഗ്രാം കിഴക്കേൽ പുരയിടത്തിലുളള പൊതുകുളം പ്രയോജനപ്പെടുത്തി ശാന്തിഗ്രാം, പളളിക്കവല ഭാഗത്ത് ജലമെത്തിക്കാം.

(3) നാങ്കുതൊട്ടി, തുളസിപ്പാറ പ്രദേശങ്ങളിലേക്ക് 2-ാം വാർഡിൽ 5-ാമതായി പറഞ്ഞിരിക്കുന്ന ഇടത്തരം പദ്ധതി പ്രയോജനപ്പെടുന്നു. (ചുക്കുറുമ്പേൽ പുരയിടത്തിൽ കുളം നിർമ്മിച്ച് വെള്ളം ലഭ്യമാക്കുവാനുള്ള പദ്ധതി)

(4) മഞ്ഞാടി പുരുഷോത്തമൻ വക പുരയിടത്തിൽ കുളം നിർമ്മിച്ച് വെള്ളം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിച്ചാൽ മേച്ചേരിപ്പടി, ടണൽഭാഗങ്ങളിലെ ജലക്ഷാമം പരിഹരിക്കാം.

(5) നാലുമുക്ക് കരിയിലക്കുളം പുരയിടത്തിലെ പൊതുകുളത്തിൽ നിന്നും വെള്ളം, നാലുമുക്ക് S.C. കോളനിഭാഗത്ത് ടാങ്ക് നിർമ്മിച്ച് എത്തിച്ചാൽ പ്രസ്തുതമേഖലയിലെ ജലക്ഷാമം പരിഹൃതമാകും. മോട്ടോർ, പൈപ്പ്, ടാങ്ക്, വൈദ്യുതി എന്നിവയെല്ലാം ഇക്കാര്യത്തിലും വേണം.

(6) ഇലവുങ്കൽ പുരയിടത്തിൽ കുളം നിർമ്മിച്ചാൽ സ്വാഭാവിക മാർഗ്ഗങ്ങളാൽ ചാളനാട്ട് പടിമുതൽ നാലുമുക്ക് ടൗൺ വരെ ഭാഗങ്ങളിൽ വെള്ളമെത്തിക്കാം.

(7) ശാന്തിഗ്രാം സ്കൂൾഭാഗത്ത് വെള്ളമെത്തിക്കുവാൻ വാട്ടർ അതോറിറ്റിയുടെ വിപുലമായ പദ്ധതി ആവിഷ്ക്കരിക്കണം.

(8) കാട്ടൂർജോൺ വക പുരയിടത്തിൽ കുളം നിർമ്മിച്ച് വയലിൽപടിഭാഗത്തെ ജലക്ഷാമം പരിഹരിക്കാം.

(9) മേക്കേകോണം സുകുമാരൻ വക പുരയിടത്തിൽ ഫ്രീ സറണ്ടർ ലഭിക്കുന്ന സ്ഥലത്ത് കുളംകുഴിച്ച് കെട്ടിഎടുത്താൽ ടണ്ണൽഭാഗത്ത് 30 വീട്ടുകാർക്ക് വെള്ളം എത്തിക്കാം. ഇത് പ്രകൃതിദത്തമായി ചിലവില്ലാതെ ഫോസ് ഉപയോഗിച്ച് സാധിക്കും.

(10) നാങ്കുതൊട്ടി അടിമറ്റത്തിൽ ചിന്നൻ ഫ്രീ സറണ്ടർ തരുന്ന സ്ഥലത്ത് കുളം നിർമ്മിച്ചാൽ 20 ഓളം വീട്ടിൽ വെള്ളം എത്തിക്കാം.

5-ാം വാർഡ്

ഇടിഞ്ഞമല പളളി, കുരിശുമല, ശാന്തിഗ്രാം, പാറവളവ്, പളളിക്കവല - സന്നിധാനപ്പടി, പാറച്ചെരുവ് ഭാഗങ്ങൾ.

(1) ഇടത്തരം പദ്ധതി

ശാന്തിഗ്രാമിലുള്ള (4-ാം വാർഡ്) കിഴക്കേൽ പുരയിടത്തിലെ സർക്കാർ വക കുളത്തിൽനിന്നും വെള്ളം, തകടിയേൽ അന്തോനിവക പുരയിടത്തിൽ ടാങ്ക് നിർമ്മിച്ച് മോട്ടോറുപയോഗിച്ച് പമ്പുചെയ്ത് എത്തിച്ച് വിതരണം നടത്തിയാൽ ശാന്തിഗ്രാം പ്രദേശത്തെ 4, 5 വാർഡുകളിൽ നിരവധി കുടുംബങ്ങൾക്ക് പ്രയോജനപ്പെടും.

(2) ഇടിഞ്ഞമല മുളക്കൽ പുരയിടത്തിലുള്ള സർക്കാർ കിണറിൽ നിന്നും വെള്ളം, മോട്ടോറുപയോഗിച്ച് പമ്പു ചെയ്ത്, കുരിശുമല നിരപ്പിൽ, ടാങ്ക് നിർമ്മിച്ച് എത്തിച്ച് വിതരണം നടത്തിയാൽ 4,5 വാർഡുകളിൽ പ്രയോജനപ്പെടും.

(3) പാറവളവ് (ശാന്തിഗ്രാം) ഭാഗത്ത് വെള്ളമെത്തിക്കുന്നതിനായി K.S.E.B. സ്ഥലത്തുനിന്നോ, ലഭ്യമായ അനുയോജ്യമായ സ്ഥലത്തുനിന്നോ, വെള്ളം എത്തിക്കുന്നതിനായി സംവിധാനം ഏർപ്പെടുത്തണം. ദുർബല പിന്നോക്കവിഭാഗങ്ങൾ ഏറെയുള്ള പാറവളവ് മേഖലയിലെ പ്രധാന പ്രശ്നമാണിത്.

(4) തലശ്ശേരി പുരയിടത്തിൽ നിലവിലുള്ള കുളം വലിപ്പപ്പെടുത്തി സന്നിധാനപ്പടി - പള്ളിക്കവല ഭാഗങ്ങളിൽ വെള്ളം പമ്പുചെയ്ത് എത്തിക്കാം.

(5) ഇടിഞ്ഞമല പള്ളിഭാഗത്ത് അനുയോജ്യമായ സ്ഥലത്ത് കുളം തീർത്ത് പള്ളിനിരപ്പിൽ ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പുചെയ്ത് എത്തിച്ചു വിതരണം നടത്തണം.

(6) ഇരട്ടയാർ, പാറച്ചെരുവ് ഭാഗം മഴക്കാലത്തും ശുദ്ധ ജലദൗർലഭ്യം നേരിടുന്നു. അടിയന്തിരമായി ഒരു പൊതുകിണറെങ്കിലും ആ ഭാഗത്ത് ഉണ്ടാക്കണം. സ്ഥലം ലഭ്യമാണ്.

6-ാം വാർഡ്

മാക്കൽപടിഭാഗം, തേക്കുംമൂട്ടിൽ പാലയ്ക്കാ മണ്ണിൽപടി ഭാഗം, അടയാളത്തണ്ട് ഭാഗം, ഇരട്ടയാർ നോർത്തിന്റെ മുകൾഭാഗം, ഇടിഞ്ഞമല L.P.S. ഭാഗം.

1. നിലവിൽ മാക്കൽപടിഭാഗത്ത് നിർമ്മിച്ചിരിക്കുന്ന കുളത്തിന്റെയും ഡാം സൈറ്റിന്റെ മുകൾഭാഗത്തുള്ള ടാങ്കിന്റെയും പണികൾ പൂർത്തിയാക്കി, മോട്ടോറുപയോഗിച്ച് ജലം പമ്പുചെയ്ത് വിതരണം നടത്തിയാൽ നിരവധി കുടുംബങ്ങൾക്ക് പ്രയോജനപ്പെടും.
2. തേക്കുംമൂട്ടിൽ പുരയിടത്തിൽ കുളംനിർമ്മിച്ച് വെള്ളം പമ്പുചെയ്താൽ പാലയ്ക്കാമണ്ണിൽപ്പടി, അടയാളത്തണ്ട് ഭാഗത്തുള്ള ജലക്ഷാമം പരിഹരിക്കാം.
3. ഡാം സൈറ്റ് മേഖലയിൽ കുഴൽകിണർ വ്യക്തമായ സർവ്വെയ്ക്കുശേഷം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
4. ഇടിഞ്ഞമല സ്കൂൾ ഭാഗത്തുള്ള ജലക്ഷാമം പരിഹരിക്കുന്നതിനായി നിലവിലുള്ള പൊതുകിണറിൽ നിന്നും വെള്ളം (കോരോത്ത് പുരയിടത്തിൽ) മോട്ടോറുപയോഗിച്ച് പമ്പുചെയ്ത് സ്കൂൾഭാഗത്ത് ടാങ്കെട്ടി പ്രയോജനപ്പെടുത്താം.
5. ഇരട്ടയാർ നോർത്തിൽ മേലേട്ട് പുരയിടത്തിൽ ലഭ്യമായ സ്ഥലത്ത് കിണർനിർമ്മിച്ച് തടത്തിലാങ്കൽപടി ഭാഗത്ത് ടാങ്ക്നിർമ്മിച്ച് വെള്ളം പമ്പുചെയ്ത് വിതരണം നടത്താം.
6. അത്യാലിപ്പടിഭാഗത്തെ കുളം നിർമ്മിച്ച് അടയാളത്തണ്ട് ഭാഗത്ത് ടാങ്ക് നിർമ്മിച്ച് മോട്ടോറും പൈപ്പ് ഉപയോഗിച്ച് കരടിയളള്, അടയാളത്തണ്ട്, ഇരട്ടയാർ നോർത്ത് ഭാഗത്ത് വെള്ളം എത്തിക്കാം.

7-ാം വാർഡ്

ചെമ്പകപ്പാറ ഗവ: ഹൈസ്കൂൾഭാഗം, അടയാളത്തണ്ട് ഭാഗം, കുരിശുമലഭാഗം, ചെമ്പകപ്പാറ P.H.C.ഭാഗം.

1. ചെമ്പകപ്പാറ ഗവ: സ്കൂൾ, I.I.P സെൻറർ ഭാഗങ്ങളിലേക്ക് വെള്ളം എത്തിക്കുന്നതിനായി സരസ്വതീഭവനം പ്രഭാകരൻനായരുടെ വക പുരയിടത്തിൽ കുളം നിർമ്മിച്ച് മോട്ടോറുപയോഗിച്ച് വെള്ളം പമ്പു ചെയ്താൽ ചെമ്പകപ്പാറ ജംഗ്ഷൻ ഭാഗത്തുവരെ പ്രയോജനപ്പെടും.
2. സരസ്വതീ ഭവനം പ്രഭാകരൻ നായർ വക കൊച്ചു കാമാക്ഷിയിൽ ഉള്ള പുരയിടത്തിൽ നിലവിലുള്ള കുളത്തിൽനിന്നും വെള്ളം തമ്പാൻ സിറ്റിയിലുള്ള നിലവിലുള്ള ടാങ്കിലേക്ക് പമ്പുചെയ്ത് വിതരണം നടത്തിയാൽ പ്രസ്തുത മേഖലയിലെ 75 കുടുംബങ്ങൾക്ക് പ്രയോജനപ്പെടും.

ഇടത്തരം പദ്ധതി

3. അടയാളത്തണ്ട് ഭാഗത്തുള്ള കുളത്തിൽനിന്നും ആറാം വാർഡിൽ അത്യാലിപ്പടി ഭാഗത്തുനിന്നോ മറ്റ് അനുയോജ്യമായ സ്ഥലത്തുനിന്നോ ലഭ്യമായ സ്ഥലത്ത് കുളം നിർമ്മിച്ച് ആ കുളത്തിൽനിന്നും വെള്ളം പമ്പുചെയ്ത് അടയാളക്കല്ല് ഭാഗത്ത് ക്ഷേത്രം വക പുരയിടത്തിൽ ലഭ്യമായ സ്ഥലത്ത് ടാങ്ക് നിർമ്മിച്ച് വിതരണം നടത്തിയാൽ കുരിശുമല, അടയാളക്കല്ല്ക്ഷേത്രം ഉൾപ്പെടെ VI, VII വാർഡുകളിൽ വിവിധ പ്രദേശങ്ങളിൽ ജലവിതരണം നടത്താം.
4. P.H.C ചെമ്പകപ്പാറ (പള്ളിക്കാനം) യിൽ വെള്ളമെത്തിക്കുന്നതിനുള്ള സ്വീകാര്യമായ നടപടികൾ ആരംഭിക്കണം.
5. ചെമ്പകപ്പാറ ഗവ: ഹൈസ്കൂൾ ഭാഗത്ത് കുഴൽകിണറിന് സ്ഥലം ലഭ്യമാണ്.

VII-ാം വാർഡിൽ കൊച്ചുപുര ജോസിന്റെ പുരയിടത്തിൽ കുഴൽകിണർ നിർമ്മിച്ച് സമീപവാസികൾക്ക് വെള്ളം എത്തിക്കാം.

8-ാം വാർഡ്:

തേക്കുംകാനം പട്ടികജാതി കോളനി, ഈട്ടിത്തോപ്പ് - കല്ലാർമുക്ക്, പള്ളിക്കാനം, കുപ്പച്ചാംപടി, കരുണാകരൻ കട ഭാഗം.

ഇടത്തരം പദ്ധതി

1. ഞാറക്കവല ഭാഗത്ത് നിലവിലുള്ള കുളത്തിൽ നിന്നും വെള്ളം മോട്ടോറുപയോഗിച്ച് പമ്പുചെയ്ത് കോളനിഭാഗത്ത് ടാങ്ക് നിർമ്മിച്ച് വിതരണം നടത്തിയാൽ തേക്കുംകാനം പട്ടികജാതി കോളനിയുൾപ്പെട്ട മേഖലയിൽ 160 കുടുംബങ്ങൾക്ക് പ്രയോജനപ്പെടും.
2. വെള്ളറപുരയിടത്തിൽ കുളം നിർമ്മിച്ച് ജലവിതരണം നടത്തിയാൽ കല്ലാർമുക്ക് പ്രദേശക്കാർക്ക് പ്രയോജനപ്പെടും.
3. ഈട്ടിത്തോപ്പിൽ നിലവിലുള്ള കുളത്തിൽനിന്നും വെള്ളം പമ്പുചെയ്ത് അനുയോജ്യമായ സ്ഥലത്ത്

ടാങ്ക് നിർമ്മിച്ച് വിതരണം നടത്തുകയും ഈട്ടിത്തോപ്പ് ടൗണിൽ കുഴൽകിണർ നിർമ്മിക്കുകയും ചെയ്താൽ പ്രസ്തുത മേഖലയിലെ ജലക്ഷാമം പരിഹരിക്കാം.

4. ചെമ്പകപ്പാറ ആസ്പത്രിപടിഭാഗം, കരുണാകരൻകട ഭാഗം എന്നീ പ്രദേശങ്ങളിൽ ജലം എത്തിക്കുന്നതിനായി അനുയോജ്യമായ നടപടികൾ സ്വീകരിക്കണം.

5. കുപ്പച്ചാംപടി മേഖലയിലെ ജലക്ഷാമം പരിഹരിക്കാനുള്ള നടപടി സ്വീകരിക്കണം.

6. ചെമ്പകപ്പാറയ്ക്കുസമീപം റവ. എസ്സ്. ശിവരാമൻ നായരുടെ സ്ഥലത്ത് കുളം നിർമ്മിച്ച് ടാങ്ക് നിർമ്മിച്ച് വെള്ളം പമ്പുചെയ്ത് കാനം ഭാഗത്ത് 60 കുടുംബങ്ങൾക്ക് കുടിവെള്ളം എത്തിക്കാം.

7. കരടിയളള് ഭാഗത്ത് പറപ്പള്ളികുന്നേൽ പുരയിടത്തിൽ കുളം നിർമ്മിച്ച് പൈപ്പ്, മോട്ടോർ സ്ഥാപിച്ച് കരുണാകരൻകട ഭാഗത്തും പരിസരപ്രദേശങ്ങളിലും വെള്ളം എത്തിക്കാം.

8. വെട്ടിക്കാമറ്റം ഈട്ടിത്തോപ്പ് റോഡിന്റെ സൈഡിൽ നിലവിലുളള കിണർ നന്നാക്കി സംരക്ഷിച്ചാൽ കടുവാത്താഴെപ്പടി, വരകുകാലാപ്പടി, ഈറ്റംകാനം, പുളിച്ചമാക്കൽപ്പടി എന്നീ പ്രദേശങ്ങളിൽ ശുദ്ധജലം എത്തിക്കാൻ സാധിക്കും.

9-ാം വാർഡ് തോവാളമേട് ഭാഗം, ഇരട്ടയാർ ഡാം സൈറ്റ് ഭാഗം, മക്കൊളളിൽപ്പടിഭാഗം, എഴുകുംവയൽ പള്ളിയ്ക്ക് പടിഞ്ഞാറ് ഭാഗം എന്നിവിടങ്ങളിൽ ജലദൗർലഭ്യം ഉണ്ട്.

ഇടത്തരം പദ്ധതി

1. ഒന്നാം വാർഡിലുളള ഇല്ലിക്കൽ പുരയിടത്തിലും, വാട്ടപ്പിള്ളപുരയിടത്തിലും നിലവിലുളള കുളങ്ങളിൽ നിന്നും വെള്ളം പമ്പുചെയ്ത്, തോവാളമേട് ഭാഗത്ത് ടാങ്ക് കെട്ടി പ്രയോജനപ്പെടുത്തിയാൽ 9, 1 വാർഡുകളിൽ കൂടുതൽ മേഖലയിൽ ജലവിതരണം നടത്താം.

2. പളളിഭാഗത്ത് പളളത്തുപാറ പുരയിടത്തിലുളള നിലവിലുളള കുളം പണി പൂർത്തീകരിച്ച് പ്രയോജനപ്പെടുത്താം.

3. എഴുകുംവയൽ കീച്ചേരിപ്പടിഭാഗത്തും, ഉറുമ്പോലിപ്പടി ഭാഗത്തും കിണറിനും കുളത്തിനും സ്ഥലം ലഭ്യമാണ്. നിലവിലുളള പഞ്ചായത്തുകിണറുകൾ കൂടുതൽ ഉപയോഗപ്രദമാക്കണം.

ഇടത്തരം പദ്ധതികൾ

1. 2, 4 വാർഡുകളിൽ പ്രയോജനപ്പെടുന്ന തുളസിപ്പാറ പദ്ധതി.

2. 9, 1 വാർഡുകളിൽ പ്രയോജനപ്പെടുന്ന തോവാളമേട് പദ്ധതി.

3. 4, 5 വാർഡുകളിൽ പ്രയോജനപ്പെടുന്ന ശാന്തിഗ്രാം പദ്ധതി.

4. 6, 7 വാർഡുകളിൽ പ്രയോജനപ്പെടുന്ന അടയാളക്കല്ല് പദ്ധതി.

5. 8-ാം വാർഡിൽ തേക്കുംകാനം കോളനിപ്രദേശത്ത് പ്രയോജനപ്പെടുന്ന പദ്ധതി.

6. 4, 5 വാർഡുകളിൽ പ്രയോജനപ്പെടുന്ന കുരിശുമല പദ്ധതി.

7. 3, 4 വാർഡുകളിൽ പ്രയോജനപ്പെടുന്ന പന്തല്ലാംതോട്ടം, കുന്നേൽ പദ്ധതി.

ഭൂഗർഭജലത്തിന്റെ ലഭ്യത പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും കുറവായതിനാൽ കുഴൽകിണറുകൾ നിർമ്മിക്കുമ്പോൾ ശരിയായ രീതിയിലുളള സർവ്വെ ആവശ്യമാണ്. അനാവശ്യമായും നിയന്ത്രണമില്ലാതെയും ഭൂഗർഭജലം അമിതമായി ഉപയോഗിക്കുന്നത് ജലസമ്പത്തിനെ പ്രതികൂലമായി ബാധിക്കും.

ശുദ്ധജല ലഭ്യത കേരളത്തിൽ കുറവായിവരുന്നു. ദേശീയ ശരാശരി ¼ ആയപ്പോൾ കേരളത്തിന്റെ പ്രതിശീർഷശുദ്ധജല ലഭ്യത $^1/_5$ ആണ്. 1991-ൽ കേരളത്തിൽ 10.762 ലിറ്റർ മഴയും 1422 ലിറ്റർ ഉപരിതലജലവും 672 ലിറ്റർ ഭൂഗർഭജലവും ആളോഹരിയായി ലഭിച്ചു. അടുത്ത ഇരുപതു വർഷത്തിനുളളിൽ ഇതിന്റെ രണ്ടിരട്ടി ജലം ലഭ്യമാക്കേണ്ടതായി വരും. ജലം ആസൂത്രിതമായും പാഴ്ച്ചെലവ് ഒഴിവാക്കിയും മാത്രമെ ഉപയോഗിക്കാവൂ എന്നത് ഈ വസ്തുത വ്യക്തമാക്കുന്നു.

ഭൗമോപരിതലത്തിലേക്ക് വിള്ളലുകളിലൂടെ പുറത്തേക്കു വരുന്ന ഭൂഗർഭജലമാണ് നീരുറവകൾ. വർഷം മുഴുവൻ ജലം ലഭിക്കുന്ന നീരുറവകളെക്കുറിച്ച് വസ്തുനിഷ്ഠമായ പഠനം നടത്തണം. വേനൽക്കാലത്തും ജലം ലഭിക്കുന്ന നീരുറവകളെ പ്രാദേശിക പ്രത്യേകതകൾക്കനുസരിച്ച് വികസിപ്പിച്ച് ഉപയോഗക്ഷമമാക്കണം. ഇക്കാര്യത്തിൽ പത്തനംതിട്ടയിലെ പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റിപോലുളള ഏജൻസികളുടെ സേവനം ലഭ്യമാക്കാവുന്നതാണ്.

നീർമരി പ്രദേശങ്ങളിൽ നീർത്തടങ്ങളിൽ തടയണകൾ രൂപപ്പെടുത്തി ജലത്തെ പ്രയോജനപ്പെടുത്താം. പൊതുകുളങ്ങളുടെയും കിണറുകളുടേയും സംരക്ഷണം ഉറപ്പാക്കണം. ഓരോ പ്രദേശത്തേയും ആൾക്കാരുടെ സമിതികൾ ഇക്കാര്യത്തിലേക്ക് രൂപീകരിക്കണം. ജലത്തിന്റെ ലഭ്യതപോലെതന്നെയാണ് ജലം ശുദ്ധമായും ശ്രദ്ധേയോടെയും ഉപയോഗിക്കുന്നില്ല എന്ന പ്രശ്നവും കുടിവെളളം ജനങ്ങളുടെ ആരോഗ്യവുമായി ബന്ധിതമാണല്ലോ. നിലവിൽ ഉളള ജലസ്രോതസ്സുകൾ മലിനപ്പെടാതെ സൂക്ഷിക്കണം. പഞ്ചായത്തുതലത്തിൽ ഇക്കാര്യത്തിൽ സമഗ്ര ബോധവത്ക്കരണ ശ്രമങ്ങൾ നടത്തണം.

നമ്മുടെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങൾക്ക് യോജിച്ചതും പ്രയോജനപ്പെടുന്നതുമായ രീതിയിൽ ഒരു പഞ്ചായത്തുതല ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കുന്നതിനുളള ക്രിയാത്മകമായ നടപടികളാണ് സ്വീകരിക്കേണ്ടത്. വാട്ടർ അതോറിറ്റിയുടെ സേവനം ഇക്കാര്യത്തിൽ ഉറപ്പാക്കണം. കുടിവെളളക്ഷാമം പരിഹരിക്കുന്നതിൽ എല്ലാവർക്കും അവരവരുടേതായ ഉത്തരവാദിത്തമുണ്ട് എന്ന വസ്തുത കണക്കിലെടുത്തുകൊണ്ടുളള സംഘടിത ശ്രമങ്ങളാണ് ഇന്ന് ആവശ്യമായുളളത്.

❑◆❑

പൊതുജനാരോഗ്യം

"ആരോഗ്യമാണ് യഥാർത്ഥ ധനം"

- എമേഴ്സൺ

ആരോഗ്യമുള്ള ജനതയാണ് ഏതൊരു നാടിന്റെയും സമ്പത്ത്. Health is wealth എന്നത് പ്രചുര പ്രചാരമുള്ള ചോല്ലാണല്ലോ. ഒരു ജനതയുടെ ആരോഗ്യസ്ഥിതി വിവിധ ഘടകങ്ങളിൽ പരസ്പരബന്ധിതമാണ്. കുടിവെള്ളത്തിന്റെ ലഭ്യതമുതൽ സമ്യക്കായ ഒരു ആരോഗ്യസംസ്കാരം വരെ അക്കൂട്ടത്തിൽപ്പെടുന്നു. ഇരട്ടയാർ പഞ്ചായത്തിലെ ആദ്യത്തെ സർക്കാർ ആരോഗ്യകേന്ദ്രം 17-6-1975-ൽ ആരംഭിച്ച ചെമ്പകപ്പാറ ഗവൺമെൻറ് റൂറൽ ഡിസ്പെൻസറിയാണ്. 13-10-88 മുതൽ പ്രൈമറി ഹെൽത്ത് സെൻററായി പ്രസ്തുത സ്ഥാപനം ഉയർത്തപ്പെട്ടു. 30-3-1981-ൽ സ്ഥാപിതമായതും നിലവിൽ ഈട്ടിത്തോപ്പിൽ പ്രവർത്തിച്ചുവരുന്നതുമായ ഇരട്ടയാർ ഗവ: ഹോമിയോ ഡിസ്പൻസറിയാണ് മറ്റൊരു ആരോഗ്യകേന്ദ്രം. 1995 മുതൽ ഇരട്ടയാറിൽ ഒരു ഗവ: ആയുർവേദ ആശുപത്രി പ്രവർത്തിച്ചുവരുന്നു. സ്വകാര്യ മേഖലയിൽ 2 അലോപ്പതി ആശുപത്രികളും ഇരട്ടയാർ ടൗൺഭാഗത്തുണ്ട്. ഇവയ്ക്കു പുറമെ സ്വകാര്യ ചികിത്സ നടത്തുന്ന 7 അലോപ്പതി, 3 ഹോമിയോ, 6 ആയുർവ്വേദ ക്ലിനിക്കുകളും, 14 പാരമ്പര്യവൈദ്യൻമാരും, ഒരു വിഷ ചികിത്സാകേന്ദ്രവും പഞ്ചായത്തിന്റെ ആരോഗ്യമേഖലയിൽ ശക്തമായ ഘടകങ്ങളായി നിലകൊള്ളുന്നു. പഞ്ചായത്തിന്റെവിവിധ ഭാഗങ്ങളിലായി 4 I.P.P. സബ്സെൻററുകളും നിലവിലുണ്ട്.

ഇത്രയും സ്ഥാപനങ്ങൾ നിലവിലുണ്ടെങ്കിലും തത്തുല്യമായ പുരോഗതി പഞ്ചായത്തിന്റെ പൊതു ആരോഗ്യസ്ഥിതിയിൽ കാണുന്നില്ല. ജല, വായുജന്യരോഗങ്ങൾ വർദ്ധിച്ചുവരുന്നതായാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. ജനനനിരക്ക് 21, മരണനിരക്ക് 7 എന്നീ പ്രകാരമാണ്. പഞ്ചായത്തിന് പൊതുവായുള്ള ഒരു സമഗ്ര ആരോഗ്യപരിപാടി നടപ്പിലാക്കുന്നതിനും അതുവഴി പരമാവധി രോഗരഹിതമായ ഒരു ജനതയെ ഉൾക്കൊള്ളുന്ന മാതൃകാ പഞ്ചായത്തായി ഇരട്ടയാറിനെ മാററിയെടുക്കുന്നതിനുമുള്ള ത്വരിതഗതിയിലുള്ള പ്രയത്നമാണ് ഇന്ന് ആവശ്യമായിട്ടുള്ളത്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

	വാർഡ്
1. P.H.C. ചെമ്പകപ്പാറ (പള്ളിക്കാനം)	7
2. ഗവ: ഹോമിയോ ഡിസ്പെൻസറി, ഈട്ടിത്തോപ്പ്	8
3. ഗവ: ആയുർവ്വേദ ആശുപത്രി, ഇരട്ടയാർ	1
4. ഐ. പി. പി. സബ് സെൻറർ, ശാന്തിഗ്രാം	4
5. ഐ. പി. പി. സബ് സെൻറർ, നെല്ലിപ്പാറ	
6. ഐ. പി. പി. സബ് സെൻറർ, എഴുകുംവയൽ	9
7. ഐ. പി. പി. സബ് സെൻറർ, ചെമ്പകപ്പാറ.	7

ആരോഗ്യമേഖലയിലെ പ്രശ്നങ്ങളും സാധ്യതകളും

ഒരു പ്രദേശത്തെ ആരോഗ്യസ്ഥാപനങ്ങളുടെ എണ്ണത്തേക്കാളുപരി ലഭ്യമാവുന്ന സേവനത്തിന്റെ മൂല്യമാണ് വസ്തുനിഷ്ഠമായ വിലയിരുത്തലിൽ പ്രധാനമായും ശ്രദ്ധിക്കേണ്ടത്. പഞ്ചായത്തിലെ ജനസംഖ്യാനുപാതികമായും പ്രാദേശികമായും ഉള്ള സ്ഥിതിക്കനുസരണമായി ആരോഗ്യസ്ഥാപനങ്ങളിലെ സേവനലഭ്യത കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു. ഗവ: ആയുർവേദകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം കൃത്യമായും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. യോഗ്യതയുള്ള പാരാമെഡിക്കൽ ജീവനക്കാരുടെ സേവനവും ആവശ്യത്തിന് ലഭ്യമല്ല. ആരോഗ്യരംഗത്ത് അത്യാവശ്യമായും വേണ്ട ബോധവത്ക്കരണ പ്രവർത്തനങ്ങൾ ഇപ്പോൾ പഞ്ചായത്തിൽ നടക്കുന്നില്ല. ഫീൽഡു വർക്കർമാരുടെ സേവനം ഒരു തരത്തിലും തൃപ്തികരമല്ല. അവർക്ക് ആവശ്യമായുള്ള പ്രോത്സാഹനങ്ങൾകൊടുത്ത് ഗ്രാമങ്ങളിൽ ആരോഗ്യബോധവത്ക്കരണ ശ്രമങ്ങൾ ശക്തമാക്കണം. ഗവ: ആരോഗ്യകേന്ദ്രങ്ങളിലേക്ക് കൂടുതൽ ഗ്രാമീണർ എത്തുവാൻ വൈമുഖ്യം കാണിക്കുന്നതിന്റെ യഥാർത്ഥ കാരണങ്ങൾ വിലയിരുത്തലിന് കാരണമാക്കണം.

ചെമ്പകപ്പാറ P.H.C ആശുപത്രിയായി ഉയർത്തുക.

സ്ററാഫ് ക്വാർട്ടേഴ്സ് നിർമ്മിക്കുക.

പഞ്ചായത്തിലെ ഏക ഗവ: ആശുപത്രിയാണ് പള്ളിക്കാനത്ത് സ്ഥിതിചെയ്യുന്നത്. ഇവിടെ ഡോക്ടർക്കും, സ്ററാഫിനും ക്വാർട്ടേഴ്സ് അടിയന്തിരമായി നിർമ്മിക്കണം. രോഗികളെ കിടത്തിചികിത്സിക്കുന്നതിനാവശ്യമായ സൗകര്യങ്ങളും ഏർപ്പെടുത്തണം.

ഈട്ടിത്തോപ്പ് ഹോമിയോ ആശുപത്രിയിലും, ഇരട്ടയാർ ആയുർവ്വേദ ആശുപത്രിയിലും രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം അത്യാവശ്യമായി ഏർപ്പെടുത്തേണ്ടതാണ്. എല്ലാ ആരോഗ്യകേന്ദ്രങ്ങളിലേക്കും ആവശ്യമായ ആധുനിക മെഡിക്കൽ ഉപകരണങ്ങളും, യന്ത്രസാമഗ്രികളും, ജീവനക്കാർക്ക് താമസസൗകര്യത്തിനുള്ള ക്വാർട്ടേഴ്സുകളും ഉറപ്പാക്കണം. സാധിക്കുമെങ്കിൽ പരമാവധി തദ്ദേശീയരായ ജീവനക്കാരെ നിയമിച്ചുലഭിക്കുന്നതിനുള്ള ശ്രമം ആവശ്യമാണ്. വൈദ്യുതി, കുടിവെള്ളം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പ്രധാന ആരോഗ്യ

കേന്ദ്രങ്ങളിൽ പോലും ഇല്ലാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ഈട്ടിത്തോപ്പിലെ ഹോമിയോ ആശുപത്രിയിൽ വൈദ്യുതിയും അടിയന്തിരമായി എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

പഞ്ചായത്തിൽ പൊതുവായി കാണപ്പെടുന്ന രോഗങ്ങൾ

ടൈഫോയിഡ് ഡയറിയ ക്ഷയം ചിക്കൻപോക്സ് ആസ്ത്മ മഞ്ഞപ്പിത്തം ദന്തരോഗങ്ങൾ വാതരോഗങ്ങൾ ചെങ്കണ്ണ്	1987 മുതൽ ക്യാൻസർ പ്രമേഹം എന്നിവ ബാധിച്ച രോഗികളുടെ എണ്ണം അനുക്രമം വർദ്ധിച്ചുവരുന്നു. എൺപതിൽ ഒരാൾക്കു വീതം ആസ്ത്മ/ ബ്രോങ്കൈറിസ് എന്നിവയുടെ സാന്നിധ്യമുണ്ട്.	1994-96 കാലയളവിൽ ടൈഫോയിഡ്, മഞ്ഞപ്പിത്തം എന്നിവ വ്യാപകമായി കണ്ടുവരുന്നു.

വാഴവരപളളിനിരപ്പിൽ ഒരു P.H.C അനുവദിച്ച് ആരംഭിക്കണം. ഇടിഞ്ഞമല, തേക്കുംകാനം S.C കോളനി എന്നിവിടങ്ങളിൽ ഓരോ ആരോഗ്യകേന്ദ്രങ്ങൾ ആരംഭിക്കണം. 7 K.M. ചുറ്റളവിൽ ഗവ: ആരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത മേഖലയാണ് ഇടിഞ്ഞമല ജംഗ്ഷൻ ഭാഗം. പാചകത്തിനുപയോഗിക്കുന്ന വിറകിൽനിന്നും വൈദ്യുതിയുടെ അഭാവത്തിൽ മണ്ണെണ്ണവിളക്കുപയോഗിക്കുന്നതിൽ നിന്നും ഉള്ള പുകനിമിത്തം ശ്വാസകോശ രോഗങ്ങൾ കൂടുതലായി ഉണ്ടാവാൻ കാരണമാകുന്നു. മലിനജലം നിർമ്മാർജ്ജനം ചെയ്യുവാനുള്ള നടപടി സ്വീകരിക്കണം. തെരുവോരത്ത് സ്ഥിരമായി കേന്ദ്രീകരിച്ച് നടത്താറുള്ള മത്സ്യവില്പന തുടങ്ങിയവ നിരുത്സാഹപ്പെടുത്തണം. കൊതുകു നിർമ്മാർജ്ജന പരിപാടി ഊർജ്ജസ്വലമാക്കി നടപ്പാക്കാൻ ഗ്രാമീണർക്ക് ബോധവത്ക്കരണം നടത്തുകയും ഉത്തരവാദിത്വം ഏൽപ്പിക്കുകയും വേണം. ഇരട്ടയാർ ടൗണിൽ ഒരു കംഫർട്ട്സ്റ്റേഷൻ ആരംഭിക്കണം.

ഐ. സി. ഡി. എസ്. റിപ്പോർട്ട് - 1996

പഞ്ചായത്തിലെ ജനസംഖ്യ - '96 സെപ്തംബർ വരെ			
പുരുഷന്മാർ	സ്ത്രീകൾ	ആകെ	
10250	10359	20609	
അംഗനവാടികൾ : 26			
കുട്ടികൾ ഒരു വയസ്സിൽ താഴെ	1-2 വരെ	2-3 വരെ	3-5 വരെ
358	324	355	640

ശുചിത്വം:

ആരോഗ്യരംഗത്ത് ഗൗരവമായി ശ്രദ്ധിക്കേണ്ട രംഗമാണ് വ്യക്തിശുചിത്വത്തോടൊപ്പം പരിസര ശുചിത്വവും. ഗ്രാമസഭകളിൽ ഇക്കാര്യം സജ്ജീവമായ ചർച്ചയ്ക്കു വിഷയീഭവിച്ചതാണ്. 1383 വീടുകളിൽ മാത്രമെ കക്കൂസ് സൗകര്യം നിലവിലുള്ളൂ. 61% വീടുകളിലും കക്കൂസ് സൗകര്യമില്ല. വിരശല്യം, വയറിളക്കരോഗങ്ങൾ തുടങ്ങിയവ വർദ്ധിക്കുവാൻ ഇത് പ്രധാന കാരണമാണ്. ആൾക്കാർ തിങ്ങിപ്പാർക്കുന്ന മേഖലയിൽ ഈ പ്രശ്നം ഗുരുതരമായ ഭവിഷ്യത്തുകൾ ആരോഗ്യമേഖലയിൽ സൃഷ്ടിക്കുന്നു. പഞ്ചായത്തിൽ എല്ലാ വീടുകളിലും കക്കൂസ് എന്നത് യാഥാർത്ഥ്യമാക്കണം.

പ്രശ്നങ്ങൾ	പരിഹാരം
സാമ്പത്തികപരാധീനത	ഗവ: ഏജൻസികൾ ഇതര സന്നദ്ധ സംഘടനകൾ തുടങ്ങിയവ വഴി സഹായം ലഭ്യമാക്കുക. കക്കൂസ് നിർമ്മാണപ്രവർത്തനങ്ങളിൽ ഗ്രാമീണർക്ക് പരിശീലനം നല്കുക.
സ്ഥല പരിമിതി	ആൾക്കാർ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ പൊതുവായുള്ള സെപ്റ്റിക് ടാങ്കുകൾ നിർമ്മിക്കുക. ദീർഘകാല ഉപയോഗത്തിനുയോജിച്ച പുതിയ മാതൃകകൾ പ്ലാൻറ് നിർമ്മാണത്തിൽ സ്വീകരിക്കുക.
ആവശ്യബോധ്യമില്ലായ്മ	ബോധവത്ക്കരണശ്രമങ്ങൾ നടത്തുകയും ഈ ശ്രമം ഇന്ന് ഒരു പ്രാഥമിക നടപടിയായി പഞ്ചായത്ത് സ്വീകരിക്കുകയും ചെയ്യുക.

പാഴ്വസ്തുക്കളും വിസർജ്ജ്യവസ്തുക്കളും വൻതോതിൽ വാസസ്ഥലത്തിന് സമീപവും, വഴിവക്കുകളിലും കുന്നുകൂടുന്നത് അനാരോഗ്യത്തിന് കാരണമാകുന്നു. ഇപ്രകാരമുള്ള വസ്തുക്കൾ ശേഖരിച്ച് നശിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ പഞ്ചായത്തിലുടനീളം ഏർപ്പെടുത്തണം. ജൈവ വള നിർമ്മാണയൂണിറ്റുകൾ നിർമ്മിക്കുമ്പോൾ ഈ മാതിരി വസ്തുക്കളുടെ ഉപയോഗം ഉറപ്പാക്കുന്ന തരത്തിലുള്ളതായിരിക്കണം പ്ളാൻറുകൾ. ഒരു "ക്ളീൻ വില്ലേജ് ആൻഡ് ഹെൽത്തി വില്ലേജ്" എന്നതാവട്ടെ നമ്മുടെ മുദ്രാവാക്യം. "ശുചിത്വമുള്ള ഗ്രാമം ആരോഗ്യമുള്ള ഗ്രാമം" അതാവട്ടെ നമ്മുടെ ഗ്രാമം.

ഉയർന്ന ശുചിത്വബോധമുള്ളവരാണ് കേരളീയർ എന്നാണ് പൊതുവേയുള്ള ധാരണ. എന്നാൽ പരിസരശുചിത്വത്തിൽ ഈ താത്പര്യം കാണുന്നില്ല. കുടിവെള്ളവും പരിസര ശുചിത്വവുമായി ബന്ധമുള്ള വയറിളക്കരോഗങ്ങളായ വയറുകടി, ഛർദ്ദി, അതിസാരം, കോളറ, മഞ്ഞപ്പിത്തം തുടങ്ങിയവയും ടൈഫോയിഡ്, ഹെപ്പാറ്റിറ്റിസ് മുതലായവയും വർദ്ധിച്ചുവരുന്നത് പരിസരശുചിത്വത്തിൽ വേണ്ടത്രശ്രദ്ധ നാം കൊടുക്കുന്നില്ല എന്ന വസ്തുത വ്യക്തമാക്കുന്നു. ആരോഗ്യം=ആഹാരം + മരുന്ന് + ചികിത്സ എന്നതിനുപകരം ആരോഗ്യം = ആഹാരം + പരിസരശുചിത്വം + രോഗപ്രതിരോധ മാർഗ്ഗങ്ങൾ എന്ന ധാരണ നമ്മിലുണ്ടാവണം.

വ്യാവസായികേതര മാലിന്യങ്ങൾ നമ്മുടെ പഞ്ചായത്തിലും ഉണ്ട്. ആശുപത്രികളിൽ നിന്നുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി നശിപ്പിക്കുന്നതിനുള്ള നടപടികളുണ്ടാകണം. മാർക്കറ്റിൽ നിന്നും ഹോട്ടലുകളിൽ നിന്നുമുള്ള മാലിന്യങ്ങൾ, വീടുകളിൽ നിന്നുമുള്ള മാലിന്യങ്ങൾ, പാഴ്വസ്തുക്കൾ എന്നിവയെല്ലാം ശരിയായ രീതിയിൽ സംസ്കരിക്കേണ്ടിയിരിക്കുന്നു. ഖരമാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്ന (പ്ളാസ്റ്റിക്ക്, കുപ്പികൾ, തകരം, കടലാസുകൾ മുതലായവ) ഒരു വ്യവസായ ശാല സ്ഥാപിക്കുന്നതിന് ഈ തരത്തിലുള്ള മലിനീകരണം ഒഴിവാക്കുന്നതിനും തൊഴിൽ ലഭ്യതയ്ക്കും ഇടയാകും. ഗ്രാമങ്ങളിലെ മലിന വസ്തുക്കളെയും സംസ്കരണത്തെയും സംബന്ധിച്ച് ക്രിയാത്മകമായ പഠനവും അവയുടെ സംസ്കരണത്തിന് രണ്ടോ മൂന്നോ വാർഡുകൾ ചേർന്ന് സംവിധാനവും ആവശ്യമാണ്.

അശാസ്ത്രീയമായ കെട്ടിടനിർമ്മാണം, ഡ്രെയിനേജ് സൗകര്യം ഉറപ്പാക്കാതിരിക്കുന്നതും മലിനജലം കെട്ടിക്കിടക്കുന്നതിന് കാരണമാകുന്നു. ഇത് ഒഴിവാക്കേണ്ടത് അത്യാവശ്യമാണ്. സോഷ്യോ - ഇക്കണോമിക് യൂണിറ്റുകളുടെ സേവനം ഇക്കാര്യത്തിൽ ഉറപ്പാക്കാം.

ഒരു പൊതുശ്മശാനത്തിന്റെ അഭാവം പലപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. എല്ലാ പ്രദേശക്കാർക്കും സൗകര്യപ്രദമായി ഒരു പൊതുശ്മശാനം പഞ്ചായത്തിൽ ആരംഭിക്കണം.

എല്ലാ കുടുംബങ്ങൾക്കും ഹെൽത്ത് കാർഡ് ഏർപ്പെടുത്തുകയും ആരോഗ്യവിവരങ്ങൾ അതിൽ രേഖപ്പെടുത്തുകയും വേണം. നിലവിലുള്ള കാര്യക്ഷമതയില്ലാത്ത നിയമങ്ങൾ മാറ്റി, ആരോഗ്യരംഗത്ത് ഫലപ്രദമായ നിയമങ്ങൾ കൊണ്ടുവരുന്നതിനും പഞ്ചായത്തിലെ ആരോഗ്യകേന്ദ്രങ്ങൾക്കുമേൽ കൂടുതൽ അധികാരം ഉറപ്പാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

വിവിധ മേഖലയിൽപ്പെട്ടവരേയും, സന്നദ്ധപ്രവർത്തകരേയും ഉൾക്കൊള്ളിച്ചുകൊണ്ട് പഞ്ചായത്തുകമ്മറ്റിയുടെ നേതൃത്വത്തിൽ ഒരു സാനിട്ടേഷൻ കമ്മിറ്റി പഞ്ചായത്തുതലത്തിൽ രൂപീകരിക്കുന്നത് നല്ലതാണ്. പ്രസ്തുത കമ്മറ്റിയുടെ മാതൃക വാർഡുതലത്തിലും വ്യാപിപ്പിക്കാം. ഈ കമ്മറ്റി ഒരു 'ഹെൽത്ത് പ്രൊമോഷൻ ടീം' ആയി വർത്തിക്കണം. പഞ്ചായത്തിലെ എല്ലാ വീടുകളിലും കക്കൂസ് സൗകര്യം ഏർപ്പെടുത്തണം. കുറഞ്ഞ ചിലവുള്ള കക്കൂസ് മോഡൽ ഇക്കാര്യത്തിൽ പ്രചരിപ്പിക്കാവുന്നതാണ്. വിവിധ ഏജൻസികൾ വഴിയുള്ള പണവും, ഗ്രാമ വികസനപദ്ധതികളിലെ പണം, ജനങ്ങളുടെ സംഭാവന, സന്നദ്ധപ്രവർത്തകരുടെ സേവനം എന്നിവയെല്ലാം ഇക്കാര്യത്തിൽ പ്രയോജനപ്പെടുത്താവുന്നതാണ്.

സമഗ്രവും ഫലവത്തായതുമായ ഒരു ആരോഗ്യപദ്ധതി ആവിഷ്ക്കരിക്കുന്നതിന് പഞ്ചായത്തിലെ എല്ലാവിഭാഗം ജനങ്ങളുടെയും ഒത്തൊരുമിച്ചുള്ള ശ്രമങ്ങൾ ആവശ്യമാണ്.

വികസന മേഖല - ആരോഗ്യം, കുടിവെള്ളം, പരിസര ശുചിത്വം.

വകുപ്പുപദ്ധതികൾ:

I വകുപ്പ് - ഗ്രാമവികസനം

(i) പദ്ധതിയുടെ പേര് : **പൊതുകിണറുകൾ**

ഉദ്ദേശ്യം - പൈപ്പുവെള്ളം ലഭിക്കാത്തിടങ്ങളിൽ പൊതുകിണറുകൾവഴി കുടിവെള്ളം ലഭ്യമാക്കുക.

(ii) പദ്ധതിയുടെ പേര് - കുടിവെള്ളം എത്തിക്കുന്നതിനും ഗ്രാമീണ ശുചീകരണത്തിനും വേണ്ടിയുള്ള സംയോജിത പദ്ധതി.

ഉദ്ദേശ്യം: - അടുത്തടുത്തു താമസിക്കുന്ന ഐ. ആർ. ഡി. പി. ഉപഭോക്താക്കൾക്ക് കുടിവെള്ളവുംകക്കൂസ് സൗകര്യവും ലഭ്യമാക്കുക. കക്കൂസിന് 2000 രൂപാ കിണറിന് 10,000 രൂപയും നൽകുന്നു.

(iii) പദ്ധതിയുടെ പേര് - കേന്ദ്രാവിഷ്കൃത ഗ്രാമീണ ശുചീകരണ പദ്ധതി.

ഉദ്ദേശ്യം - 50% കേന്ദ്ര സഹായത്തോടെ 2500 രൂപാ നിരക്കിൽ പാവപ്പെട്ടവർക്കു വേണ്ടി കക്കൂസ് നിർമ്മിക്കുക. കക്കൂസൊന്നിനു 1000 രൂപാ കേന്ദ്രസഹായം, 1000 രൂപാ സംസ്ഥാന വിഹിതവുമാണ്, 500 രൂപാ ഗുണഭോക്താവും വഹിക്കണം.

(iv) പദ്ധതിയുടെ പേര് - കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി- സ്ത്രീകൾക്ക് സാനിറ്റേഷൻ കോംപ്ലക്സുകൾ.

ലക്ഷ്യം - സ്ത്രീകൾക്കു പൊതു കക്കൂസുകൾ, കുളിമുറികൾ, തുണി അലക്കുവാനുള്ള സൗകര്യം ഇവ ഏർപ്പെടുത്തി സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ അവരുടെ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുക.

(v) പദ്ധതിയുടെ പേര് - കേന്ദ്ര ഗ്രാമീണ ശുചിത്വ പരിപാടി സ്കൂളുകളിൽ കക്കൂസ് നിർമ്മിച്ചു നൽകുക.

ലക്ഷ്യം - കക്കൂസ് ഇല്ലാത്ത സ്കൂളുകളിൽ കക്കൂസും മൂത്രപ്പുരയും നിർമ്മിച്ചു നൽകുക.

(vi) പദ്ധതിയുടെ പേര് - മില്ല്യൻ വെൽ സ്കീം.

ലക്ഷ്യം - പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ കൃഷിഭൂമി പ്രയോജനകരമായി വിനിയോഗിക്കുന്നതിനാവശ്യമായ ജലസേചന കിണറുകൾ, കുളങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവർത്തനങ്ങൾ.

II വകുപ്പ് - **കേരള വാട്ടർ അതോറിറ്റി**

വിഷയം - കുടിവെള്ളം

(i) പദ്ധതിയുടെ പേര് - കേന്ദ്ര സഹായത്തോടുകൂടിയ ശുദ്ധജലപദ്ധതികൾ.

ലക്ഷ്യം - തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങളിൽ ത്വരിതഗതിയിൽ കുടിവെള്ളം എത്തിക്കുക.

(ii) പദ്ധതിയുടെ പേര് - രാജീവ് ഗാന്ധി നാഷണൽ ഡ്രിങ്കിംഗ് വാട്ടർ മിഷൻ

ലക്ഷ്യം - ശുദ്ധജല വിതരണം & സ്ക്കൂളുകളിൽ ശുചിത്വപരിപാലന പരിപാടികൾ

(iii) പദ്ധതിയുടെ പേര് - ലോകബാങ്ക് സഹായത്തോടുകൂടിയ ശുദ്ധജലവിതരണ പദ്ധതികൾ

ലക്ഷ്യം - കുറഞ്ഞ ചിലവിൽ ശുദ്ധജല വിതരണവും മലിനജല നിർഗ്ഗമന സംവിധാനവും നടപ്പാക്കുക.

(iv) പദ്ധതിയുടെ പേര് - ഭാഗികമായി കമ്മീഷൻ ചെയ്ത പദ്ധതികളുടെ പൂർത്തീകരണം മെച്ചപ്പെടുത്തൽ, വിപുലീകരണം.

ലക്ഷ്യം - കഴിഞ്ഞ കാലയളവിൽ കമ്മീഷൻ ചെയ്ത പല പദ്ധതികളും വേണ്ടത്ര ഉറവിടശേഷി ഇല്ലാതെയും പൈപ്പ് ലൈനുകൾ നീട്ടികൊടുക്കാതെയും വേണ്ടത്ര ജല വിതരണം നടത്തുവാൻ പറ്റാത്ത സാഹചര്യത്തിൽ അവ നടത്തിക്കൊടുക്കുക.

"പ്രവർത്തിക്കുവാൻ കഴിയുന്ന കാര്യങ്ങൾ എന്തൊക്കെയെന്ന് മനസ്സിലാക്കുക. അതിനുശേഷം ആത്മാർത്ഥമായി യത്നിക്കുക. വിജയം സുനിശ്ചിതമാണ്" - ബർണാഡ് ഷാ.

ഗതാഗതവും ഊർജ്ജവും

ജനശക്തിയുടെ ഒത്തൊരുമയോടെയുള്ള പ്രവർത്തനമാണ് ഏതൊരു നാടിന്റെയും ഭാവി നിർണ്ണയിക്കുന്നത്. സംഘടനാബോധത്തിന്റെ കരുത്തുകൊണ്ട് മാത്രം നിലനില്പ് കണ്ടെത്തിയവരാണ് ഇരട്ടയാറിലെ കുടിയേറ്റ കർഷകർ. കുടിയിറക്കിനെതിരെയും കാട്ടുമൃഗങ്ങൾക്കെതിരെയും ഒന്നിച്ചുനിന്നവർ നാടിന്റെ വികസനത്തിനുവേണ്ടിയും അതേ മാതൃക പിൻതുടർന്നു. ഇവിടെ തുടങ്ങുന്നു ഇരട്ടയാറിലെ റോഡുകളുടെ ചരിത്രവും. ഇന്ന് ഈ പഞ്ചായത്തിലുള്ള എല്ലാ റോഡുകളുടേയും മൺപണിയും താല്ക്കാലിക കലുങ്കുകളും നാട്ടുകാരുടെ അധ്വാനഫലമാണ്.

ആദ്യകാല വാഹനം കാളവണ്ടിയായിരുന്നു. തടി ഡിപ്പോയിലേക്ക് വനംവകുപ്പ് തടി കൊണ്ടുപോയിക്കൊണ്ടിരുന്ന ലോറികൾവരുന്ന റോഡുകളും ഉണ്ടായിരുന്നു. കാർഷിക വിളകൾ ഉല്പാദിപ്പിക്കുകയും ഭൂമിയുടെ അവകാശം സ്ഥിരമാവുകയും ചെയ്തതോടെ റോഡുകളുടെ എണ്ണവും വികസനവും അത്യാവശ്യമായി വന്നു. ജനസാന്ദ്രതയും ധൃതഗതിയിൽ വർദ്ധിച്ചുകൊണ്ടിരുന്നു. 1971-ൽ ആദ്യമായി പഞ്ചായത്തു ഭരണസമിതി അധികാരത്തിൽ വന്നപ്പോൾമുതൽ പഞ്ചായത്തിലെ റോഡുകളുടെ ഉദ്ധാരണത്തിൽ കൂടുതൽ ശ്രദ്ധിക്കാൻതുടങ്ങി. കാലാകാലങ്ങളിൽവന്ന ഭരണസമിതിയുടെ ശ്രദ്ധയും നടത്തിപ്പും ബ്ളോക്ക്, ജില്ലാതലത്തിലുള്ള വിവിധ ഏജൻസികളുടെ ഫണ്ടും വിനിയോഗിച്ചാണ് ഇന്നുള്ള ടാറിംഗ്, മെറ്റൽറോഡുകളും, കലുങ്കുകളും, പാലങ്ങളും തീർത്തിട്ടുള്ളത്. ഈ ഫണ്ടുകളൊക്കെ വിനിയോഗിച്ചിരുന്നത് കേന്ദ്രീകൃത ആസൂത്രണത്തിലൂടെ ആയിരുന്നല്ലോ. അതിന്റെ കുറവുകൾ പല റോഡിന്റെയും കലുങ്കിന്റെയും പണികൾക്ക് വന്നിട്ടുണ്ട്. കരാറുകാരും ഉദ്യോഗസ്ഥന്മാരും നടത്തിപ്പുകാരും ജനങ്ങൾ കാഴ്ചക്കാരുമായി മാറി. ഇത് ജനങ്ങളിൽ ആകെ നിരാശ ഉളവാക്കി.

എന്നാൽ 9-ാം പദ്ധതി ജനകീയപദ്ധതിയായി സർക്കാർ പ്രഖ്യാപിച്ചതോടെ ജനങ്ങളിൽ ഉണർവും പ്രതീക്ഷയും ഉണ്ടായി. വിശേഷാൽ ഗ്രാമസഭകൾ കൂടുകയും ഗ്രാമസഭയിൽനിന്നും വന്ന നിർദ്ദേശങ്ങൾ അനുസരിച്ച് പൂർണ്ണമായ ജനപങ്കാളിത്തത്തോടെ ഫണ്ടുവിനിയോഗം നടക്കുമെന്നായതുകൊണ്ട് ജനം നിരാശയിൽനിന്നുയർന്ന് തങ്ങളുടെ അധ്വാനവും ശേഷിയും നാടിന്റെ വികസനത്തിനുവേണ്ടി മുടക്കാൻ തയ്യാറായിരിക്കുന്നു. ഇതിന് ഉത്തമമാതൃകയാണ് സർക്കാർ പുനർഅർപ്പണദിനമായി പ്രഖ്യാപിച്ച കേരളപ്പിറവി ദിനമായ നവംബർ 1-ാം തീയതി ഇരട്ടയാർ പഞ്ചായത്തിൽ വിവിധ വാർഡുകളിലായി ആയിരത്തോളം മനുഷ്യാധ്വാനം റോഡ് വികസനത്തിനായി വിനിയോഗിച്ചത്. ഗവൺമെൻറ് ജനത്തിൽ വിശ്വാസം അർപ്പിക്കുകയും ജനം അത് ഉൾക്കൊള്ളുകയും ചെയ്തിരിക്കുന്നു.

ഇപ്പോഴത്തെ അവസ്ഥ

ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ ഇപ്പോഴത്തെ റോഡുകളുടെ അവസ്ഥ വളരെ ശോചനീയമാണ്. ടാറിട്ടതും മൺറോഡുകളും ഗതാഗതയോഗ്യമല്ലാതായിരിക്കുന്നു. റോഡുഗതാഗതത്തിന്റെ കാര്യത്തിൽ ഇടുക്കിജില്ലയിലെ ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പഞ്ചായത്തുകളിലൊന്നായി തീർന്നിരിക്കുന്നു ഇരട്ടയാർ ഗ്രാമപഞ്ചായത്ത്. P.W.D റോഡുൾപ്പെടെയുള്ള ടാറിട്ട റോഡിലോടിക്കൊണ്ടിരുന്ന പല ബസുകളും സർവീസ് നിർത്തിയിരിക്കുന്നു. ഇപ്പോളോടുന്ന ബസ്സുകൾ തന്നെ ഏതു സമയത്തും സർവ്വീസ് നിർത്തുമെന്ന നിലയിലായിരിക്കുന്നു. മൺറോഡുകൾ ഒന്നും തന്നെ ഗതാഗതയോഗ്യമല്ല. ഇടുക്കി പദ്ധതിയുടെ III-ാം ഘട്ടം വന്നതോടെ ഇരട്ടയാർ കേന്ദ്രീകരിച്ചുണ്ടായിരുന്ന പല റോഡുകളും വെള്ളത്തിനടിയിലാണ്. മൂന്ന് പാലങ്ങൾ - ശാന്തിഗ്രാം പാലം - തോവാള പാലം - വാഴവരപാലം വൈദ്യുതിബോർഡിൽനിന്നും നിർമ്മിച്ചു. പാലവും റോഡുമായി ചേരുന്ന ഇരുവശവും ശാന്തിഗ്രാം പാലത്തിന്റെയും തോവാളപാലത്തിന്റെയും സ്ഥിതി ഇന്ന് അപകടനിലയിലാണ്.

സാധ്യതകൾ

റോഡ്ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗ്രാമസഭകളിൽനിന്നും ഒട്ടേറെ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. P.W.D റോഡുകൾ ഉൾപ്പെടെ ടാറിട്ടറോഡുകൾ റീടാറിംഗ് നടത്തുമ്പോൾ ടാറിംഗിന്റെ വീതി വർദ്ധിപ്പിക്കേണ്ടതുണ്ട്. ടാറിംഗ് റോഡിൽതന്നെ ഇനിയും കലുങ്ക് തീരേണ്ടതുണ്ട്. എല്ലാ റോഡുകൾക്കും വീതിയുള്ള ഓടകൾ തീരണം. പഞ്ചായത്തിന്റെ കേന്ദ്രമായ ഇരട്ടയാർ ടൗണിൽ അടിയന്തിരമായി ഓടകൾ വാർത്തിടേണ്ടതുണ്ട്. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ (കവലകളിലും) ഓട തീർത്ത് റോഡ് സംരക്ഷിക്കണം. ജനസഹകരണത്തോടെ റോഡിന്റെ പല ഭാഗങ്ങളിലും ഉള്ള അനാവശ്യവളവുകൾ ഒഴിവാക്കണം. റോഡുകളിൽ തീർക്കേണ്ട കലുങ്കുകൾ അടിയന്തിരമായി തീർക്കുകയും ഇത് റോഡിന്റെ ഭാവി മുമ്പിൽ കണ്ടുകൊണ്ടായിരിക്കുകയും വേണം. റോഡിന് സംരക്ഷണഭിത്തികൾ കെട്ടണം. നമ്മുടെ പഞ്ചായത്തിലെ പ്രധാന റോഡുകൾ ഉൾപ്പെടെ പല റോഡുകളുടെയും സൈഡ് ചേർന്ന് അപകടനിലയിൽ വീടുകൾ ഉണ്ട്. ഇവയ്ക്ക് സൈഡ്ഭിത്തി കെട്ടിക്കൊടുക്കുകയോ പൊളിച്ചുമാറ്റുകയോ ചെയ്യേണ്ടതുണ്ട്. വലിയ കയറ്റം ഉള്ളതും പാറകളുള്ളതുമായ റോഡിൽ കോൺക്രീറ്റ്ചെയ്ത് സ്ഥിരസംവിധാനമാക്കേണ്ടതാണ്. നമ്മുടെ റോഡിൽ പല ഭാഗത്തും ഇലക്ട്രിക് പോസ്റ്റുകളും ടെലിഫോൺ പോസ്റ്റുകളും ഗതാഗതത്തിന് തടസ്സമായി നില്ക്കുന്നുണ്ട്. ഇത് അടിയന്തിരമായി മാറ്റണം.

റോഡ് ഗതാഗതത്തിന്റെ അപര്യാപ്തതകൾ നമ്മുടെ ഉല്പാദനവർദ്ധനവിനേയും കാര്യമായി ബാധിക്കുന്നുണ്ട്. കാർഷികവിളകൾ ഉല്പാദിപ്പിക്കുന്നത് വിപണനകേന്ദ്രങ്ങളിൽ എത്തിക്കണമെങ്കിൽ ഇന്ന് ആവശ്യത്തിലും പല മടങ്ങ് അധികച്ചിലവാണ്. കർഷകർക്ക് ആവശ്യമുള്ള വളവും നിത്യോപയോഗസാധനങ്ങളും എത്തിക്കുന്നതിനും അതു തന്നെയാണ് അവസ്ഥ. റോഡ്വികസനം തന്നെയാണ് ഈ നാട്ടിലെ സകല പുരോഗതിക്കും ആധാരശില. 9-ാം ജനകീയ പദ്ധതിയിലൂടെ ലഭിക്കുന്ന ഫണ്ടും ജന വിഭവവും സമാഹരിച്ച് പൂർണമായും ജനപങ്കാളിത്തത്തോടെ വികസനത്തിന് ചരിത്രം സൃഷ്ടിക്കാൻ നമുക്ക് സാധിക്കും.

P.W.D റോഡുകൾ

ആകെ മൂന്നു P.W.D റോഡുകൾ മാത്രമാണ് ഇരട്ടയാർ ഗ്രാമപഞ്ചായത്തിലുള്ളത്. ഇതിൽ നീളംകൂടിയ റോഡ് എഴുകുംവയൽ വെട്ടിക്കാമറ്റം, ശാന്തിഗ്രാം, നാലുമുക്ക്, നെല്ലിപ്പാറ 10 K.M. റോഡാണ്. ഇത് ടാറിംഗ് പൊട്ടിപ്പൊളിഞ്ഞ് കുണ്ടുംകുഴിയുമായിരിക്കുകയാണ്. ധാരാളം ബസ് സർവ്വീസ് നടത്തുന്ന ഈ റോഡിൽ പലപ്രാവശ്യം ബസ്സുകാരുതന്നെ കല്ലിട്ട് കുഴി തല്ക്കാലത്തേക്ക് നികത്തിയാണ് ബസ് ഓടിക്കുന്നത്. വകുപ്പിന്റെ അവഗണനയാണ് ഈ അവസ്ഥയ്ക്കു കാരണം. ഈ റോഡിന്റെ കലുങ്കുകൾ എല്ലാംതന്നെ വീതികുറഞ്ഞതാണ്. ഇരട്ടയാർ ഡാം പണിക്കുവേണ്ടി തല്ക്കാലത്തേക്ക് നിർമ്മിച്ചതാണ് ഈ കലുങ്കുകൾ. വൈദ്യുതി ബോർഡ് ഈ റോഡ് P.W.D-ക്ക് വിട്ടുകൊടുത്തതാണ്. അല്പം മെച്ചമെന്നു പറയാവുന്ന ½ K.M. നീളം വീതം ഉള്ള രണ്ടു റോഡുകളാണ് ഇരട്ടയാർ - നത്തുകല്ല്, ഇരട്ടയാർ - ചക്കകാനം - മാനാന്തടംപടി റോഡ്. ഇതിൽ ഇരട്ടയാർ നത്തുകല്ല് റോഡ് ടാറിംഗിന് വീതികുറവും അറകുറപ്പണികൾ നടത്തേണ്ടതുമാണ്.

പ്രധാനപ്പെട്ട ടാറിംഗ് റോഡുകൾ

1. ഇരട്ടയാർ - ശാന്തിഗ്രാം 2 K.M.
2. നാലുമുക്ക് - ജനതാപ്പടി 2 K.M.
3. ഇരട്ടയാർ - തോവാള 3 K.M.
4. അഞ്ചുമുക്ക് - എഴുകുംവയൽ
5. വെട്ടിക്കാമറ്റം - ചെമ്പകപ്പാറ - കൊച്ചുകാമാക്ഷി
6. ചക്കകാനം - ഉപ്പുകണ്ടംകോളനി 1½ K.M.
7. ഇരട്ടയാർ - വാഴവര 5 K.M.
8. വെട്ടിക്കാമറ്റം - ഈറ്റക്കാനം - തച്ചുകുന്നേൽപ്പടി 3½ K.M.
9. ഈട്ടിത്തോപ്പ് - പളളിപ്പടി 700 M.
10. കരികിലക്കുളംപ്പടി - ചിറക്കപ്പടി 1 K.M.

ഈ റോഡുകളിൽ ഏറ്റവും ശോചനീയാവസ്ഥയിലുള്ള റോഡുകൾ (1) ഇരട്ടയാർ - ശാന്തിഗ്രാം, (2) നാലുമുക്ക് - ജനതാപ്പടി, (3) ഇരട്ടയാർ - തോവാള, (4) വെട്ടിക്കാമറ്റം - ചെമ്പകപ്പാറ - കൊച്ചുകാമാക്ഷി, (5) വെട്ടിക്കാമറ്റം - ഈട്ടിത്തോപ്പ്

ഈ റോഡുകൾ എല്ലാം ഷോളിംഗ് നടത്തി റോഡ് ലവലാക്കിക്കൊണ്ട് ടാറിംഗ് നടത്തേണ്ടിയിരിക്കുന്നു. കാലാകാലങ്ങളിൽ ചെയ്യാത്തതുകൊണ്ട് വൻ മുതൽമുടക്ക് ആവശ്യമാണ്. ശാന്തിഗ്രാം പാലത്തിനും തോവാള പാലത്തിനും ഇരുതലയ്ക്കലും കല്ലുകൊണ്ട് സംരക്ഷണഭിത്തി കെട്ടിക്കൊടുക്കണം. ഇരട്ടയാർ ടൗണിനുതൊട്ടടുത്തുള്ള വാഴവരപാലത്തിങ്കൽനിന്നും ഇരട്ടയാർ ടൗണിലേക്കുള്ള കയറ്റം കുറയ്ക്കുന്നതിന് പാലം ഉയർത്തണം. റോഡുകൾക്കെല്ലാം ഓടകൾ നിർമ്മിക്കണം. വളവുകൾക്ക് വീതികൂട്ടണം. കലുങ്കുകൾക്ക് വീതികൂട്ടുകയും പുതിയ കലുങ്കുകൾ നിർമ്മിക്കുയും ചെയ്യണം. വാഹന ഗതാഗതത്തിന് തടസ്സമായി നില്ക്കുന്ന ടെലിഫോൺ, വൈദ്യുതി പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.

പ്രധാനപ്പെട്ട മെറ്റൽ റോഡുകൾ

1. ശാന്തിഗ്രാം - ഇടിഞ്ഞമല റോഡിൽ 1.600 K.M. ഭാഗം.
2. നത്തുകല്ല് - കൊച്ചുകുടി ജംഗ്ഷൻ 800 M. ഭാഗം.
3. ഡാംസൈറ്റ് - കല്ലോലിക്കൽപ്പടി 1 K.M. ഭാഗം.
4. ഇരട്ടയാർ നോർത്ത് - ചരുവിൽപ്പടി 1 K.M. ഭാഗം.
5. തച്ചുകുന്നേൽപ്പടി - ഈട്ടിത്തോപ്പ് 1 K.M. ഭാഗം.
6. ഈട്ടിത്തോപ്പ്പളളിപ്പടി - വരകുകാലാപ്പടി 1 K.M. ഭാഗം.
7. കൊച്ചുകാമാക്ഷി പളളിപ്പടി 300 M. ഭാഗം.
8. പന്തപ്ളാക്കൽപ്പടി - കരികിലക്കുളംപ്പടി 400 M.

ഈ മെറ്റൽ റോഡുകൾ പൂർത്തീകരിച്ചിട്ടുള്ളതല്ല. ഈ റോഡുകളുടെ ബാക്കിഭാഗവും അടിയന്തിരമായി മെറ്റൽ ചെയ്യുകയും ടാറിംഗ് നടത്തുകയും ചെയ്യണം.

പ്രധാനപ്പെട്ട മൺറോഡുകൾ

1. ഇരട്ടയാർ നടയ്ക്കൽപടി കുറുന്തോട്ടംപടി ഡാംസൈറ്റ് നോർത്ത് റോഡ് 2½ K.M.
2. നത്തുകല്ല് - കുരിശുമല - നാങ്കുതൊട്ടി റോഡ് 3 K.M.
3. ഈട്ടിത്തോപ്പ് പളളിപ്പടി തേക്കുംകാനം ഞാറകവല പട്ടികജാതി കോളനി റോഡ് 3½ K.M.
4. ഈട്ടിത്തോപ്പ് കുപ്പച്ചാംപടി മേരിഗിരി കരിപ്പ റോഡ് 3 K.M.
5. വരകുകാലാപടി - പന്തമാക്കൽപടി 2 K.M.
6. ചക്കക്കാനം കോളനിപടി റോഡ് 1 K.M.
7. ചക്കക്കാനം - കുരിശുമല റോഡ് 2 K.M.
8. ഡാംസൈറ്റ് - വേവർകരോട്ടുപടി - കുന്തേൽപ്പടി റോഡ് 3 K.M.
9. സന്നിധാനപ്പടി - വേവർകരോട്ടുപടി 1 K.M.
10. കരടി അളള് - അടയാളത്തണ്ട് - കൊച്ചുകാമാക്ഷി 3 K.M.
11. കല്ലോലിക്കൽപടി - ഇടിഞ്ഞമല പട്ടികജാതി കോളനി റോഡ് 3 K.M.

12. തോവാളപ്പടി - കുറുന്തോട്ടംപടി - ഇരട്ടയാർ നോർത്ത് റോഡ് 3 K.M.
13. ചെമ്പകപ്പാറ - കുപ്പച്ചാംപടി - തേക്കുംകാനം കോളനി റോഡ് 4½ K.M.
14. ഹരിദാസ്പടി - ഉപ്പുകണ്ടം റോഡ് 1 K.M.
15. നത്തുകല്ല് പുഞ്ചിരിക്കവല - ഉപ്പുകണ്ടം കോളനി റോഡ് 3 K.M.
16. എഴുകുംവയൽ - നീലാണ്ടൻകവല പള്ളിപ്പടി റോഡ് 1½ K.M.
17. ആശാരികവല - പള്ളിക്കവല റോഡ് 1 K.M.
18. ചേലയ്ക്കൽ കവല - ടണൽ സൈറ്റ് - നാലുമുക്ക് റോഡ് 3 K.M.
19. നാലുമുക്ക് - നെല്ലിപ്പാറ റോഡ് 3 K.M.
20. നാലുമുക്ക് പരപ്പനങ്ങാ റോഡ് 3 K.M.
21. പരപ്പനങ്ങാടി - പുത്തോട്ടുപടി ചെമ്പകപ്പാറ റോഡ് 4 K.M.
22. നത്തുകല്ല് - പറയൻ കവല - തുളസിപ്പാറ റോഡ് 3 K.M.
23. അന്തോപ്പിക്കവല - മാളൂർ സിറ്റി റോഡ് 4 K.M.
24. പള്ളിക്കാനം - തമ്പാൻസിറ്റി - കൊച്ചുകാമാക്ഷി റോഡ് 3 K.M.
25. പള്ളിക്കാനം - മില്ലിങ്കൽപ്പടി മഠത്തിൽപടി കാനം പടി റോഡ് 3 K.M.
26. അയ്യമല പടി പറയൻ കവല റോഡ് 3 K.M.
27. കുപ്പച്ചാംപടി - വാലുമ്മേൽപടി - തേക്കുംകാനം കോളനി റോഡ്
28. ഉറുമ്പിൽ പടി - പാലമറ്റം ബാലവാടി റോഡ്.
29. ഇരട്ടയാർ പുളിക്കൽപടി - മാനാന്തടം പടി 1½ K.M.
30. ചെമ്പകമംഗലംപടി പുഞ്ചിരിക്കവല 1 K.M.
31. ശാന്തിഗ്രാം - ഈട്ടിപ്പടി കുറ്റ്യാനിപ്പടി റോഡ് 1 K.M.
32. ശാന്തിഗ്രാം കുളത്തുങ്കൽപ്പടി റോഡ് 1 K.M.
33. ശാന്തിഗ്രാം - പാലം - കല്ലന്തറപ്പടി റോഡ് 1½ K.M.
34. കലയത്തോലിപ്പടി - അത്യാലിപ്പടി നോർത്ത് റോഡ് 1½ K.M.
35. ഇടിഞ്ഞമല കാട്ടാത്തിപ്പടി - കാരിവേലിപ്പടി റോഡ് 1 K.M.
36. ശാന്തിഗ്രാം - അയ്യമല റോഡ് 1.200 K.M.
37. പുളിക്കൽപടി മഠത്തിൽപടി റോഡ് 750 M.
38. ചെരുവിൽപടി കോടാലി കവല എഴുകുംവയൽ റോഡ് 2½ K.M.
39. പള്ളിക്കാനം മില്ലിങ്കൽപ്പടി കടുവത്താഴ റോഡ് 1½ K.M.
40. ചെമ്പകപ്പാറ സ്കൂൾപടി - തമ്പാൻ സിറ്റി റോഡ് 1½ K.M.
41. കൊച്ചുകാമാക്ഷി - ലക്ഷംവീട് റോഡ് 1 K.M.
42. കൊച്ചുകാമാക്ഷി - പാറക്കടവ് റോഡ് 1 K.M.
43. ലക്ഷംവീട് - അടയാളത്തണ്ട് റോഡ് 1½ K.M
44. നോർത്ത് മക്കൊള്ളിപ്പടി, കുരിശുംമൂട്ടിൽ പടി പള്ളിക്കവല റോഡ് 4 K.M.
45. പള്ളിക്കാനം - ഓമത്തടം പടി - അടയാളക്കല്ല് റോഡ് 2 K.M.
46. മാക്കൽ പടി - ചവറണാൽ പടി റോഡ് 700 M.
47. ഈട്ടിത്തോപ്പ് - പള്ളിപ്പടി - ആശാരിപ്പടി മൈലാടും പാറ പടി 3 K.M.
48. തേക്കുംകാനം - വാലുമ്മേൽ പടി - കുപ്പച്ചാംപടി 2 K.M.
49. ഇരട്ടയാർ നടയ്ക്കൽപടി - പാലമറ്റം പടി ഉറുമ്പോലി പടി റോഡ് 2 K.M.
50. കാറാടി കവല - കാവുങ്കൽ പടി റോഡ് 1½ K.M.
51. തോവാള - കാവി പുരയിടം പടി - കോളനിമെട്ട് കുരിശുംമൂട്ടിൽ പടി പള്ളിക്കവല 4 K.M.
52. കണിയാമറ്റം പടി നെല്ലിക്കൽ പടി - ഉറുമ്പോലിപ്പടി റോഡ് 1 K.M.
53. അഞ്ചുമുക്ക് രാമനാട്ടുപടി അംഗൻവാടിപ്പടി റോഡ് 2 K.M.
54. എഴുകുംവയൽ - പള്ളിക്കവല റോഡ് 1 K.M.
55. കണ്ണംചിറ പടി - പള്ളിക്കവല റോഡ് 1½ K.M.
56. പറയൻകവല - ഓലിക്കപ്പടി റോഡ് 1 K.M.
57. C.K. പടി - ഗൗരിപ്പാറ റോഡ് 2 K.M.
58. നാങ്കുതൊട്ടി കുരിശുമല റോഡ് 2 K.M.
59. എംബ്രോ പടി - നെല്ലിക്കൽ റോഡ് 1½ K.M.
60. നാങ്കുതൊട്ടി കുറ്റ്യാമല റോഡ് 1½ K.M.
61. സ്കൂൾ പടി ഗിരിജൻ റോഡ് (വാഴവര) 1½ K.M.
62. പരപ്പനങ്ങാടി മത്തായിപടി റോഡ് 2 K.M.
63. പള്ളിനിരപ്പ് - പ്രിയദർശിനി - ഗിരിജൻ കോളനി റോഡ് 2 K.M.
64. നാങ്കുതൊട്ടി - കരിയിലകുളംപടി - കൊങ്ങോല പടി ഗിരിജൻ റോഡ് 3 K.M.
65. ചക്കക്കാനം പൂവേഴ്സ് മൗണ്ട് റോഡിൽ ചക്കക്കാനം മുതൽ കുരിശുമല വരെ 2½ K.M.
66. ടണൽ സൈറ്റ് നാങ്കുതൊട്ടി റോഡ് 1½ K.M.

67. നാലുമുക്ക് അരിശ്ശേരിപടി റോഡ് 1½ K.M.

68. പഞ്ചായത്തുപടി - പനഞ്ചിക്കൽപടി റോഡ് 500 M.

69. കാവുങ്കൽ പടി - അയ്യനകുഴിപടി റോഡ് 800 M.

70. ഇടിഞ്ഞമല - തേനാലിപടി റോഡ് 1½ K.M.

71. മറ്റപ്പള്ളിപ്പടി - പറയൻകവല റോഡ് 1 K.M.

72. നാലുമുക്ക് K.S.E.B. വരെ 500 M.

73. പുത്തേട്ടുപടി - ചിരട്ടവേലിപ്പടി 2 K.M.

74. അംഗൻവാടിപടി - ചെമ്പകപ്പാറ റോഡ് 1 K.M.

75. എഴുകുംവയൽ - അരീപ്പറമ്പിൽപടി - പള്ളിക്കവല റോഡ് 2½ K.M.

76. പഞ്ചായത്തുകവല - ആറ്റുതീരം റോഡ് 1K.M.

77. നെല്ലിപ്പാറ - ജനതാപടി റോഡ് 2 K.M.

78. കരടിയള്ള് - ഹീറോപടി റോഡ് 3 K.M.

79. ഈട്ടിത്തോപ്പ് ആനകല്ലിൽപടി റോഡ് 700 M.

ഈ റോഡുകൾ മഴക്കാലമായാൽ യാത്രായോഗ്യമല്ല. പഞ്ചായത്തിലെ ജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കായി പുറംലോകവുമായി ബന്ധപ്പെടുന്നതിനും കാർഷിക ഉല്പന്നങ്ങൾ വിൽക്കുന്നതിനും വളരെ അത്യാവശ്യമായ റോഡുകളാണ് ഇവയെല്ലാം. വളരെ അടിയന്തിരമായി വീതി കൂട്ടി മെറ്റൽചെയ്ത് ഗതാഗതയോഗ്യമാക്കി തീർക്കേണ്ടതാണ്.

I സംരക്ഷണ ഭിത്തികൾ അടിയന്തിരമായി വേണ്ട റോഡുകൾ താഴെചേർക്കുന്നു.

1. ഇരട്ടയാർ നടയ്ക്കൽപടി കുറുന്തോട്ടം പടി നോർത്ത് റോഡിൽ സംരക്ഷണഭിത്തി അത്യാവശ്യമാണ്.

2. വെട്ടിക്കാമറ്റം ഈട്ടിത്തോപ്പ് റോഡിൽ ഈട്ടിത്തോപ്പ് ടൗണിനോടുചേർന്നു തറയിൽ പുരയിടത്തിൽ റോഡിന് സംരക്ഷണഭിത്തി വേണം.

3. ഈട്ടിത്തോപ്പ് F.C. കോൺവെൻറ് പുരയിടത്തിൽ

4. വെട്ടിക്കമറ്റം - ഈട്ടിത്തോപ്പ് റോഡിൽ ഈട്ടിത്തോപ്പിന് സമീപം പട്ടരുകണ്ടാംപുരയിടത്തിലും മുതുകാട്ടിൽ പുരയിടത്തിലും.

5. കുപ്പച്ചാംപടി - ഈട്ടിത്തോപ്പ് റോഡിൽ പലഭാഗങ്ങളിലും.

6. ഈട്ടിത്തോപ്പ് പള്ളിപ്പടി - തേക്കുംകാനം റോഡിൽ ശാശേരി വളവിൽ തുടങ്ങി പല സ്ഥലങ്ങളിലും.

7. ശാന്തിഗ്രാം ഇടിഞ്ഞമല - കൊച്ചുകാമാക്ഷി അമ്പാടിപ്പടി റോഡിൽ.

8. ചേലയ്ക്കൽ കവല നാലുമുക്കു റോഡിൽ.

9. നത്തുകല്ലു പുഞ്ചിരിക്കവല കോളനി റോഡിൽ.

10. തോവാള പുളിക്കൽപടി, മാനാന്തടംപടി റോഡിൽ.

11. തോവാള - ഉറുമ്പോലിപടി - കുറുന്തോട്ടംപടി റോഡിൽ പല ഭാഗത്തും.

12. നോർത്ത് കോടാലിക്കവല എഴുകുംവയൽ റോഡിൽ.

13. നാലുമുക്ക് നെല്ലിപ്പാറ റോഡ്.

14. ഡാം സൈറ്റ് - ഇടിഞ്ഞമല റോഡ്.

15. കരടിയള്ളു അടയാളക്കല്ല് - കൊച്ചുകാമാക്ഷി റോഡിൽ

16. ഡാം സൈറ്റ് - കുന്നേൽപടി റോഡ്.

17. വെട്ടിക്കാമറ്റം - ചെമ്പകപ്പാറ റോഡ്.

18. ഇരട്ടയാർ - വാഴവര റോഡിന് - മേട്ടേൽ പടിക്കൽ സംരക്ഷണഭിത്തി കെട്ടണം.

മേൽപറഞ്ഞ റോഡുകളിൽ സംരക്ഷണ ഭിത്തികൾ തീർത്തു റോഡ് സംരക്ഷിക്കേണ്ടതാണ്. മഴക്കാലമായാൽ ഈ റോഡിന്റെ ഭിത്തികൾ ഇടിഞ്ഞ് ഗതാഗതം മുടങ്ങാറുണ്ട്.

ബസ്സ്റ്റാൻഡും - വെയിറ്റിംഗ് ഷെഡ്ഡുകളും

I. ഇരട്ടയാർ ടൗണിലുള്ള ബസ് സ്റ്റാൻഡിന്റെ പണി പൂർത്തീകരിച്ച് അനുബന്ധസൗകര്യങ്ങളോടുകൂടി പൊതുജനങ്ങൾക്കുവേണ്ടി തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

II. ഈട്ടിത്തോപ്പിൽ പഞ്ചായത്തുമാർക്കറ്റു സ്ഥലം ബസ് സ്റ്റാൻഡായി മാറ്റി ബസ്സുകൾ കയറി ഇറങ്ങുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

വെയിറ്റിംഗ് ഷെഡ്ഡുകൾ

ഇരട്ടയാർ ടൗൺ, വാഴവര, ഉപ്പുകണ്ടം, ഇരട്ടയാർ നോർത്ത്, ശാന്തിഗ്രാം, ചെമ്പകപ്പാറ, ഈട്ടിത്തോപ്പ്, കല്ലാർമുക്ക്, ഈറ്റകാനം, ആശാരി കവല, നാലുമുക്ക്, നത്തുകല്ല്, കാറ്റാടി കവല, പള്ളിക്കാനം, കൊച്ചുകാമാക്ഷി, നാങ്കുതൊട്ടി എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ്ഡുകൾ തീർക്കണം.

മാർക്കറ്റ്

ഇരട്ടയാർ ടൗണിലുള്ള മാർക്കറ്റു പുനരുദ്ധരിക്കുക.

ചെമ്പകപ്പാറ, ഈട്ടിത്തോപ്പ്

പ്രധാന പാലങ്ങൾ

1. ഇരട്ടയാർ നടക്കൽപ്പടി, കുറുന്തോട്ടംപടിയിൽ രണ്ടു പാലങ്ങൾ.

2. ശാന്തിഗ്രാം - കല്ലന്തറപ്പടിയിൽ ഒരു പാലം.

3. കലയത്തോലി പടി - അത്യാലിപടി നോർത്ത് റോഡിൽ 1 പാലം.

4. സന്നിധാനപ്പടി അടയാളക്കല്ല് അമ്പലം 2 പാലം.

5. ഇടിഞ്ഞമല കാട്ടാത്തിപടിയിൽ 1 പാലം.

6. വെട്ടിക്കാമറ്റം ഈട്ടിത്തോപ്പ് റോഡിൽ കരുണാകരൻ പടിയിൽ 1 പാലം.

7. പളളിക്കാനം - മില്ലിങ്കൽപടി - കടുവത്താഴെ റോഡിൽ 1 പാലം.
8. കല്ലാർമുക്ക് - നെടുംകണ്ടം പഞ്ചായത്തുമായി ബന്ധിപ്പിക്കാൻ 1 പാലം.
9. പളളിക്കാനം മഠത്തിപ്പടിയിൽ 1 പാലം.
10. കൊച്ചുകാമാക്ഷി പാറക്കടവ് റോഡിൽ 1 പാലം.
11. ഹരിദാസ്പടി - ഉപ്പുകണ്ടം പടിക്കൽ 1 പാലം.
12. അയ്യമലപ്പടി - തുളസിപ്പാറ റോഡിൽ 1 പാലം.
13. ഇരട്ടയാർ ചേലക്കവല നാലുമുക്ക് റോഡിൽ നാലുമുക്കിൽ 1 പാലം.
14. നാലുമുക്ക് അരിശ്ശേരിപ്പടി റോഡിൽ അരിശ്ശേരിപ്പടിയിൽ 1 പാലം.
15. പളളിക്കാനം - തമ്പാൻസിറ്റി റോഡിൽ വലക്കമറ്റം പടിക്കൽ 1 പാലം.

കലുങ്ക്

1. തോവാള ഉറുമ്പോലിപ്പടി നോർത്ത് റോഡിൽ 4 കലുങ്കുകൾ.
2. ശാന്തിഗ്രാം ഇടിഞ്ഞമല കൊച്ചുകാമാക്ഷി റോഡിൽ 2 കലുങ്ക്.
3. അയ്യാമലപ്പടി പറയൻകവല തുളസിപ്പാറ റോഡിൽ മൂന്ന് കലുങ്ക്.
4. നത്തുകല്ല് പറയൻകവല റോഡിൽ രണ്ട് കലുങ്ക്.
5. നത്തുകല്ല് കുരിശുമല നാങ്കുതൊട്ടി റോഡിൽ രണ്ട് കലുങ്ക്.
6. നത്തുകല്ല് പുഞ്ചിരികവല കോളനിറോഡിൽ രണ്ട് കലുങ്ക്.
7. പറയൻ കവല ഓലിക്കപ്പടി റോഡിൽ 1 കലുങ്ക്.
8. ശാന്തിഗ്രാം അയ്യമല റോഡിൽ രണ്ട് കലുങ്ക്.
9. ഡാംസൈറ്റ് കുന്നേൽപടി റോഡിൽ മൂന്നു കലുങ്ക്.
10. ഡാംസൈറ്റ് ഇടിഞ്ഞമല റോഡിൽ മൂന്ന് കലുങ്ക്.
11. പുളിക്കൽപ്പടി മഠത്തിൽപ്പടി റോഡിൽ 1 കലുങ്ക്.
12. നോർത്ത് കോടാലികവല എഴുകുംവയൽ റോഡിൽ രണ്ട് കലുങ്ക്.
13. കരടിഅളള് അടയാളക്കല്ല് കൊച്ചുകാമാക്ഷി റോഡിൽ രണ്ട് കലുങ്ക്.
14. പളളിക്കാനം ലക്ഷംവീട് തേനാലിസിറ്റി കൊച്ചുകാമാക്ഷി റോഡിൽ 3 കലുങ്ക്.
15. പളളിക്കാനം മില്ലിങ്കൽപ്പടി കടുവത്താഴെ റോഡിൽ 1 കലുങ്ക്.
16. പളളിക്കാനം മഠത്തിൽപ്പടി കാനം റോഡിൽ 2 കലുങ്ക്.
17. ചെമ്പകപ്പാറ കുപ്പച്ചാംപടി തേക്കുംകാനം ഞാറക്കവല റോഡിൽ 4 കലുങ്ക്.
18. ചെമ്പകപ്പാറസ്കൂൾപ്പടി പാറക്കടവ് റോഡിൽ 2 കലുങ്ക്.
19. കൊച്ചുകാമാക്ഷി ലക്ഷംവീട് റോഡിൽ 1 കലുങ്ക്.
20. കൊച്ചുകാമാക്ഷി ഇടിഞ്ഞമല റോഡിൽ 1 കലുങ്ക്.
21. ഈട്ടിത്തോപ്പ് കുപ്പച്ചാംപടി കരിപ്പറോഡിൽ 4 കലുങ്ക്.
22. ഈട്ടിത്തോപ്പ്പളളിപ്പടി തേക്കുംകാനം ഞാറക്കവല റോഡിൽ 3 കലുങ്ക്.
23. തേക്കുംകാനം കുപ്പച്ചാംപടി വാലുമ്മേൽപ്പടി 2 കലുങ്ക്.
24. ഇരട്ടയാർ നടക്കൽപ്പടി കുറുന്തോട്ടംപടിറോഡിൽ 1 കലുങ്ക്.
25. പാലമറ്റം ഉറുമ്പോലിപ്പടി റോഡിൽ 2 കലുങ്ക്.
26. തോവാള കാവിപുരയിടം കോളനിമേട് കുരിശുംമൂട്ടിൽപ്പടി പളളിക്കവല 3 കലുങ്ക്.
27. പുളിക്കപ്പടി മാന്തടംപടി 1 കലുങ്ക്.
28. കണിയാമറ്റംപടി നെല്ലിക്കൽപ്പടി ഉറുമ്പോലിപ്പടി 1 കലുങ്ക്.
29. അഞ്ചുമുക്ക് രാമനാട്ടുപടി അംഗൻവാടി 1 കലുങ്ക്.
30. രാമനാട്ടുപടി പളളിപ്പടി 1 കലുങ്ക്.
31. നീലാണ്ടൻ കവല പളളിപ്പടി റോഡിൽ 1 കലുങ്ക്.
32. ആശാരി കവല പളളിക്കവല റോഡിൽ 1 കലുങ്ക്.
33. കണ്ണൻചിറപടി പളളിക്കവല റോഡിൽ 1 കലുങ്ക്.
34. C.K. പടി ഗൗരിപ്പാറ റോഡിൽ 1 കലുങ്ക്.
35. നാങ്കുതൊട്ടി കുറ്റ്യാമല റോഡിൽ ഒന്ന്.
36. എംബ്രായേൽപ്പടി നെല്ലിക്കൽപ്പടി റോഡിൽ മൂന്ന് കലുങ്ക്.
37. സ്കൂൾപ്പടി ഗിരിജൻ റോഡിൽ 2 കലുങ്ക്.
38. പുത്തേട്ടുപടി ചെമ്പകപ്പാറ റോഡിൽ 2 കലുങ്ക്.
39. പരപ്പനങ്ങാടി നാലുമുക്ക്റോഡിൽ മൂന്ന്.
40. പരപ്പനങ്ങാടി മത്തായിപ്പടി റോഡിൽ 1 കലുങ്ക്.
41. ചക്കകാനം കോളനി കൊച്ചുതോവാളറോഡിൽ 6 കലുങ്ക്.
42. പളളിക്കാനം ചെമ്പകപ്പാറ റോഡിൽ കുപ്പക്കൽപ്പടി 1 കലുങ്ക്.
43. ഇരട്ടയാർ ചേലക്കൽകവല നാലുമുക്ക് റോഡിൽ 5 കലുങ്ക്.
44. നാലുമുക്ക് അരിശ്ശേരിപ്പടി റോഡിൽ 1 കലുങ്ക്.
45. ടണൽസൈറ്റ് നാങ്കുതൊട്ടി റോഡിൽ 1 കലുങ്ക്.
46. കുറിനിപ്പടി ഈട്ടിപ്പടിറോഡിൽ 3 കലുങ്ക്.

❑◆❑

നടപ്പാലം

1. തീമ്പലങ്ങാട്ടുപടി പൂവത്തുങ്കൽപ്പടി 1 നടപ്പാലം.
2. ടണൽ സൈറ്റിനും കറ്റ്യാമലയ്ക്കും ഇടയിൽ ആനിക്കപ്പടിയിൽ 1 നടപ്പാലം.
3. കറ്റ്യാമലതോടിന് ഇല്ലിക്കമുറിപടിയിൽ 1 നടപ്പാലം.
4. നാലുമുക്കിൽ വായനശാലപ്പടി അട്ടിപ്പട്ടി 1 നടപ്പാലം.
5. തകിടിയേൽപ്പടി ഇളംതോട്ടംപടി 1 നടപ്പാലം.
6. കുപ്പച്ചാംപടിയിൽ വിരിപ്പിൽപുരയിടത്തിനും എർത്തുകുന്നേൽ പുരയിടത്തിനുമിടയ്ക്ക് 1 നടപ്പാലം.
7. അയ്യമലപ്പടി തോട്ടമറ്റം പടിക്കൽ 1 നടപ്പാലം.
8. ശാന്തിഗ്രാമിൽ പ്ളാത്തോട്ടംപടി പാറടിയിൽപടിക്കുമിടയിൽ ഒരു നടപ്പാലം.
9. പുളിക്കപ്പടി പാറവളവിനുമിടയിൽ 2 നടപ്പാലം.
10. മില്ലിങ്കൽപടി വട്ടക്കുന്നേൽപാറ ഒരു നടപ്പാലം.
11. തമ്പാൻസിറ്റി ചെമ്പകപ്പാറസ്കൂൾപടി 1 നടപ്പാലം.

നടപ്പുവഴികൾ

1. കാര്യാട്ടുപടി - തകിടിയേൽപ്പടി
2. പുളിക്കൽപ്പടി - പാറവളവ്
3. ഇടപ്പാറപ്പടി - ശാന്തിഗ്രാം പള്ളി
4. ഈട്ടിതോപ്പ് മഠത്തിൽപടി ചെമ്പകപ്പാറ
5. പൂവഞ്ചിപ്പടി പള്ളിപ്പടി
6. ആനകല്ലിൽ പടി - മഠത്തിൽപ്പറമ്പിൽപടി
7. കരുണാകരൻപടി - പൗവത്തുപടി
8. അടയാളകല്ല് ലക്ഷംവീട് കോളനി
9. പാട്ടേരിപടി - കുപ്പച്ചാംപടി
10. മില്ലുങ്കൽപ്പടി - വട്ടകുന്നേൽപ്പടി
11. തമ്പാൻസിറ്റി - ചെമ്പകപ്പാറസ്കൂൾപ്പടി
12. വേലിക്കാത്തുപടി - കുളംമ്പള്ളിപടി
13. പെരുമ്പട്ടിമണ്ണിൽപ്പടി - ഇരട്ടയാർ നോർത്ത്
14. കനല്ലിയാങ്കൽപ്പടി - കരിമ്പനപ്പടി
15. പുത്തേട്ടുപടി - മഠത്തുംമുറിപ്പടി
16. കടവനാട്ടുപടി - മഠത്തുംമുറിപ്പടി
17. കുളത്തുങ്കൽപ്പടി - മഠത്തുംമുറിപ്പടി
18. തേക്കുംകാനം - വെള്ളറപ്പടി മേലേചിന്നാർ
19. തേക്കും കാനം - ശാശേരിപ്പടി
20. വിപ്പിൽപടി - തോട്ടുചാലിൽപ്പടി
21. കുപ്പച്ചാംപടി - തോട്ടുചാലിൽപടി തേക്കുംകാനം
22. ചെമ്പിതാനംപടി - ഇരട്ടയാർ നോർത്ത്
23. പാണ്ടിമാക്കൽപ്പടി - അത്യാലിപ്പടി
24. മാക്കൽപ്പടി - വേവർകരോട്ടുപടി
25. വെട്ടിക്കാമറ്റംപടി - കൊച്ചുതുണ്ടിപ്പടി
26. അട്ടക്കുഴിപ്പടി - പാലക്കാമണ്ണിൽപ്പടി
27. പറയൻകവല നത്തുകല്ല് കോളനിമേട് നടപ്പുവഴി
28. തുളസിപ്പാറ നത്തുകല്ല് കുരിശുമല നടപ്പുവഴി
29. ഉപ്പുകണ്ടം ചെമ്പകമംഗലം പടി കുഴിക്കാട്ടുപടി നടപ്പുവഴി
30. ഉപ്പുകണ്ടം ഉതിരക്കുളംപടി പനവേലിപ്പടി നടപ്പുവഴി
31. ഏട്ടാനിപ്പടി കുടപ്പാട്ടുപടി നടപ്പുവഴി
32. നാലുമുക്ക് - ശാന്തിഗ്രാംപള്ളി നടപ്പുവഴി
33. നാലുമുക്ക് - പട്ടികജാതി കോളനി
34. ജനതാപ്പടി - കോൺവൻറ്പടി നടപ്പുവഴി
35. കുരിശുമൂട്ടിൽപ്പടി - അയ്യനാക്കുഴിപ്പടി നടപ്പുവഴി
36. വെട്ടിക്കൊമ്പിൽപ്പടി - മോസ്കോപ്പാറ നടപ്പുവഴി
37. കണിയാംകുഴിപ്പടി - മോസ്കോപ്പാറ നടപ്പുവഴി
38. മഴുവഞ്ചേരിപ്പടി - ആറ്റുതീരം
39. കൊല്ലംകുടിപ്പടി - കറ്റ്യാമലപ്പടി
40. കറ്റ്യാമല ആനിക്കപ്പടി നടപ്പുവഴി
41. പുതുപ്പറമ്പിൽപ്പടി പൂവത്തുങ്കൽപ്പടി വഴി റേഷൻ കട നടപ്പുവഴി

ഈ നടപ്പുവഴി പലതിനും 3 അടി വീതിയില്ല. വീതിക്ക് വെട്ടി സഞ്ചാരയോഗ്യമാക്കണം. ഇതിൽ പല നടപ്പുവഴികളും വലിയ കയറ്റം ഉള്ളതും പാറയിൽകൂടിയുള്ളതുമാണ്. ഇതിന് നടകെട്ടികൊടുക്കണം. പഞ്ചായത്ത് ഏറ്റെടുക്കാത്ത നടപ്പുവഴികൾ പഞ്ചായത്ത് ഏറ്റെടുക്കണം.

ഊർജ്ജം

ഏതൊരു പ്രദേശത്തിന്റെയും സമഗ്രമായ വികസനത്തിൽ അത്യന്താപേക്ഷിതമായ ഘടകമാണ് ഊർജ്ജത്തിന്റെ ലഭ്യതയും ഉപയോഗവും. പഞ്ചായത്തിനാവശ്യമായ ഒരു സമഗ്ര ഊർജ്ജപദ്ധതിതന്നെ നാം രൂപീകരിക്കേണ്ടിയിരിക്കുന്നു. അതിനായി ഒരു ഗ്രാമീണ ഊർജ്ജആസൂത്രണ പരിപാടി സമയബന്ധിതമായി നടപ്പാക്കാവുന്നതരത്തിൽ നാം ആരംഭിക്കണം. ഗാർഹിക, കാർഷിക, വാണിജ്യവിഭാഗങ്ങളിലായി പഞ്ചായത്തിലെ ഇന്ധന ഉപയോഗത്തെ തരംതിരിക്കാം.

ഇരട്ടയാർ പഞ്ചായത്തിൽ വൈദ്യുതി ലഭ്യമായത് 1974 ജൂൺ 16 മുതലാണ്. ഇരട്ടയാർ സെൻറ് തോമസ് പള്ളിക്കാണ് പഞ്ചായത്തിൽ ആദ്യമായി വൈദ്യുതിബന്ധം ലഭിക്കുന്നത്. കുട്ടിക്കാനം (പോത്തുപാറ) 110 K.V. സബ് സ്റ്റേഷനിൽനിന്നും പെരിയാർ, വള്ളക്കടവ്, കട്ടപ്പന വഴി 11 K.V. ലൈൻ ഇരട്ടയാറ്റിൽ എത്തിച്ചാണ് പ്രസ്തുത പദ്ധതി സാധ്യമായത്. എന്നാൽ ഈ ലൈനിൽനിന്നും കൂടുതൽ പ്രദേശങ്ങളിലേക്ക് വൈദ്യുതി വിതരണം പര്യാപ്തമല്ലാതെ വന്ന സാഹചര്യത്തിൽ പുതിയ പദ്ധതിക്ക് ആലചനയായി. ഇടുക്കി പദ്ധതിയുടെ രണ്ടാം ഘട്ടമായ ഇരട്ടയാർ പദ്ധതിയുടെ ആവശ്യത്തിലേക്കായി പൈനാവിലുള്ള 66 K.V സബ്സ്റ്റേഷനിൽനിന്നും കൊണ്ടുവന്ന 11 K.V. ലൈനിൽ നിന്നും പദ്ധതിപൂർത്തീകരണത്തിനുശേഷം പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലഭ്യമായി.

ഇരട്ടയാർ പഞ്ചായത്തിൽ മാത്രമായി നിലവിൽ 10 ട്രാൻസ്ഫോർമറുകളും കൂടാതെ പഞ്ചായത്ത് പ്രദേശങ്ങളിലേക്ക് വൈദ്യുതിബന്ധം പ്രദാനം ചെയ്യുന്ന 6 ട്രാൻസ്ഫോർമറുകൾ കട്ടപ്പന, നെടുങ്കണ്ടം, കാമാക്ഷി പഞ്ചായത്തുകളുടേതായുമുണ്ട്.

ഇരട്ടയാർ പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകൾ

1. 100 K.V.A	ഇരട്ടയാർ ടൗൺ
2. 63 K.V.A.	ഇരട്ടയാർ മൂന്നിലവ്
3. 100 K.V.A.	ഇരട്ടയാർ ടണൽസൈറ്റ്
4. 250 K.V.A.	ഇരട്ടയാർ നോർത്ത്
5. 100 K.V.A.	ചെമ്പകപ്പാറ
6. 100 K.V.A.	മേലേകുപ്പച്ചാംപടി
7. 100 K.V.A.	ഈട്ടിത്തോപ്പ്
8. 100 K.V.A.	എഴുകുംവയൽ
9. 100 K.V.A.	ശാന്തിഗ്രാം
10. 100 K.V.A.	നാങ്കുതൊട്ടി

1. 100 K.V.A.	നത്തുകല്ല്	- കട്ടപ്പന പഞ്ചായത്ത്
2. 100 K.V.A.	വാഴവര	- കട്ടപ്പന പഞ്ചായത്ത്
3. 100 K.V.A.	എഴുകുംവയൽ (പുന്നക്കവല)	- നെടുങ്കണ്ടം പഞ്ചായത്ത്
4. 100 K.V.A.	നെല്ലിപ്പാറ	- കാമാക്ഷി പഞ്ചായത്ത്
5. 100 K.V.A.	അമ്പലമേട്	- കാമാക്ഷി പഞ്ചായത്ത്
6. 100 K.V.A.	ചന്ദനക്കവല	- വാത്തിക്കുടി പഞ്ചായത്ത്

ഉദ്ദേശം 40 K.M. ദൂരം 11 K.V. ലൈൻ ഈ പഞ്ചായത്തിൽക്കൂടിയുണ്ട്. രണ്ടു ട്രാൻസ്ഫോർമറുകളുടെ പണികൾ നടന്നുകൊണ്ടിരിക്കുന്നു. 51 K.M. ദൂരത്തിൽ L.T. 3 ഫേസ് ലൈനുകളും 80 K.M. ദൂരത്തിൽ സിംഗിൾഫേസ് ലൈനുകളും നിലവിലുണ്ട്.

വിടുകളിൽ ഏറിയപങ്കും പാചകത്തിന് ഇന്ധനമായി വിറകാണുപയോഗിക്കുന്നത്. വെളിച്ചത്തിനുള്ള പ്രധാന സ്രോതസ്സ് വൈദ്യുതിതന്നെ. 5% വീടുകളിൽ മണ്ണെണ്ണ പ്രധാന പാചക ഇന്ധനമായി ഉപയോഗിക്കുന്നു. പാചക ഇന്ധനമായി L.P.G. ഗ്യാസ് ഉപയോഗിക്കുന്ന വീടുകളുടെ എണ്ണവും 5% മാത്രമേ ഉള്ളൂ.

പ്രശ്നങ്ങൾ, സാധ്യതകൾ

ഇരട്ടയാർ പദ്ധതിയുടെ ആവശ്യത്തിലേക്കായി വൈദ്യുതിലൈൻ എത്തിയതുനിമിത്തമാണ് ഇരട്ടയാർ പഞ്ചായത്തിന്റെ അവികസിതമേഖലകളിൽ കുറെയെങ്കിലും വൈദ്യുതി സൗകര്യം ലഭിച്ചത്. ഗാർഹിക വാണിജ്യ വൈദ്യുതി കണക്ഷനുകളുൾപ്പെടെ 4000ഓളം കണക്ഷനുകൾ വാഴത്തോപ്പ്, കട്ടപ്പന മേജർ സെക്ഷനുകളിൽ നിന്നും ലഭിച്ചിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ 35% ഭവനങ്ങളിൽ വൈദ്യുതി സൗകര്യം ഇപ്പോഴും ലഭിച്ചിട്ടില്ല. ട്രാൻസ്ഫോർമറുകൾ എണ്ണത്തിൽ കൂടുതലുണ്ടെങ്കിലും തത്തുല്യമായ വോൾട്ടേജ് ലഭിക്കുന്നില്ല. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഈ പ്രശ്നം നിലനിൽക്കുന്നുവെന്ന് ഗ്രാമസഭകളിൽ പരാതിയുണ്ടായി. പ്രേക്ഷണ - വിതരണ രംഗങ്ങളിൽ ഉണ്ടാകുന്ന ഊർജ്ജനഷ്ടം ഗൗരവമേറിയ പ്രശ്നമാണ്. ആയിരക്കണക്കിനു വൈദ്യുതി ഉപഭോക്താക്കളുള്ള പഞ്ചായത്തിൽ വൈദ്യുതി ബോർഡിനേറതായി ഇരട്ടയാറിൽ ഒരു ഓവർസീയർ ഓഫീസുണ്ടായിരുന്നതും പ്രവർത്തനമില്ല. മാസത്തിൽ മൂന്നു ദിവസം പ്രവർത്തിക്കുന്ന ഒരു കളക്ഷൻ സെൻറർ മാത്രമെയുള്ളൂ. ഇലക്ട്രിസിറ്റി ബോർഡിന്റെ സ്വന്തമായി പല കെട്ടിടങ്ങൾ ഇരട്ടയാർ നോർത്തിൽ നിലവിലുണ്ട്. അവിടെ വൈദ്യുതി ബോർഡിന്റെ ഒരു സെക്ഷൻ ഓഫീസ് പ്രവർത്തിക്കുകയാണെങ്കിൽ ഈ പ്രശ്നത്തിന് പരിഹാരമാകും. 24 ട്യൂബ് ലൈറ്റുകളും 67 സ്ട്രീറ്റ് ലൈറ്റുകളും (ബൾബ് ഓർഡിനറി) പഞ്ചായത്ത് പ്രദേശത്തുണ്ട് എന്ന് വൈദ്യുതിബോർഡിന്റെ കണക്കിലുണ്ടെങ്കിലും പ്രയോഗതലത്തിൽ അവയിൽ നാലിലൊന്നുപോലും പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൽ വൈദ്യുതിയെത്താത്ത പട്ടികജാതി കോളനികളും, പിന്നോക്കവിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളും സമീപസ്ഥലങ്ങളിൽ വൈദ്യുതി എത്തിയിട്ടും വൈദ്യുതിബന്ധം ലഭിച്ചിട്ടില്ലാത്ത പ്രദേശങ്ങളും നിരവധിയുണ്ട്. സ്ട്രീറ്റ് ലൈറിനായി വിവിധ വാർഡുകളിലെ ജനങ്ങൾ ആവശ്യമുന്നയിക്കുന്നു. പരിമിത വരുമാനക്കാർക്കായി വിവിധപദ്ധതികളിൽപെടുത്തിവൈദ്യുതി എത്തിക്കുവാനുള്ള നടപടി സ്വീകരിക്കണം. കുടിൽ ജ്യോതി തുടങ്ങിയ പദ്ധതികളിലെ അനാസ്ഥ അവസാനിപ്പിക്കുന്നതിനുള്ള അടിയന്തിരനടപടി സ്വീകരിക്കണം.

വൈദ്യുതി ബോർഡിലെ രജിസ്റ്ററിൽ പറയുന്നതിനേക്കാൾ യഥാർത്ഥ ഉപഭോഗം വളരെകൂടുതലാണ്. സാമ്പത്തികശേഷിയുള്ള ഭവനങ്ങളിൽ സ്റ്റെപ്പ്-അപ്പിന്റെ അമിതമായ ഉപയോഗം സമീപത്ത് വോൾട്ടേജ് ക്ഷാമത്തിന്റെ ഒരു കാരണമാണ്. വൈദ്യുതി അശാസ്ത്രീയമായും പാഴാക്കിയും ഉപയോഗിക്കാതിരിക്കുവാനുള്ള സത്വരശ്രദ്ധവേണം.

വിറകിന്റെ ലഭ്യത പഞ്ചായത്തിൽ കുറഞ്ഞു വരുകയാണ്. കാര്യക്ഷമതയുള്ളതും പുകയില്ലാത്തതുമായ അടുപ്പുകളുടെ ഉപയോഗം പ്രചാരത്തിലാക്കണം. ഊർജ്ജപ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരമാണ്, വൻതോതിലുള്ള ജൈവ പ്ളാൻറുകളുടെ പ്രചാരം. പ്രഷർകുക്കറുകളുടെ ഉപയോഗം വ്യാപകമാക്കണം. ഇന്ധനങ്ങളുടെ ഉപയോഗം സംബന്ധിച്ച് വ്യാപകമായ ബോധവത്ക്കരണമാണ് ആവശ്യം. അടയാളക്കല്ല് തുടങ്ങിയ സ്ഥലങ്ങളിൽ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുകിട പദ്ധതികൾ നടപ്പിലാക്കണം. സോളാർ വിളക്കുകൾ പഞ്ചായത്തിൽ ഉടനീളം പ്രചരിപ്പിക്കുന്നത് പ്രയോജനപ്രദമാണ്. തെരുവുവിളക്കുകൾക്കും ഗൃഹോപയോഗത്തിനും സോളാർ ലാമ്പുകൾ ഉപയോഗിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്.

8-ാം വാർഡിൽ ഈറ്റക്കാനത്തും 6-ാം വാർഡിൽ വാവലുമാക്കൽപടിക്കലും ചെറുകിട ജലവൈദ്യുതപദ്ധതി നടപ്പിലാക്കാമോ എന്ന കാര്യം പഠനവിധേയമാക്കേണ്ടതുണ്ട്. ഇരട്ടയാർ പഞ്ചായത്തിൽ ഒരു L.P.G. ഗ്യാസ് ഏജൻസി നിലവിൽ ഇല്ല എന്ന കാര്യവും ശ്രദ്ധിക്കേണ്ടതുണ്ട്.

സമഗ്രവും വിവിധ ഘടകങ്ങളെ ഏകോപിപ്പിച്ചുമുള്ളതുമായ ഒരു ഊർജ്ജആസൂത്രണ പദ്ധതി. പ്രാദേശിക

പ്രത്യേകതകൾക്കനുയോജ്യമായി രൂപീകരിച്ച് നടപ്പിലാക്കിയെങ്കിൽ മാത്രമെ ഊർജ്ജമേഖലയിൽ ആവശ്യാനുസരണവും കാലോചിതവുമായ പുരോഗതി ഇരട്ടയാർ പഞ്ചായത്തിൽ ഉണ്ടാകൂ.

ഊർജ്ജം

I. വൈദ്യുതി വകുപ്പ് - നടപ്പുപദ്ധതികൾ

വൈദ്യുതി എത്തിക്കലും സർവ്വീസ് കണക്ഷൻ നൽകലുമാണ് ഈ വകുപ്പു മുഖേനയുള്ള പ്രധാന പരിപാടികൾ.

II. വകുപ്പ് - അനർട്ട്

ഓഫീസ് - പ്രൊജക്ട് ഓഫീസർ, അനർട്ട് മൂലമറ്റം & ഇളംദേശം

പദ്ധതിയുടെ പേര്

(1) മെച്ചപ്പെട്ട വിറകടുപ്പുകളുടെ വ്യാപനത്തിനുള്ള പരിപാടി.

(2) സോളാർ തെർമൽ എക്സ്റ്റൻഷൻ പ്രോഗ്രാം.

(3) സോളാർ ഡ്രെയർ.

(4) സൂര്യറാന്തൽ.

(5) സൂര്യവിളക്ക്.

(6) ഗാർഹിക സൂര്യവിളക്ക്.

(7) സൗര വിളക്ക്.

(8) സൗര ടെലിവിഷൻ.

(9) സോളാർ വാട്ടർ ഹീറർ.

(10) കറാടി പമ്പുകൾ.

(11) സൗരപമ്പുസെറ്റ്.

(12) കോംപാക്ട് ഫ്ളൂറസൻറ് ലാമ്പ്സ്.

(13) പ്രഷർ കുക്കറും മണ്ണെണ്ണ സ്റ്റൗവും എന്നിവ ലഭ്യമാക്കുകയാണ് പ്രധാന പരിപാടികൾ.

ഇടുക്കി ജില്ലയിൽ അനർട്ടിൻെറ ഓഫീസുകൾ ഇടുക്കി ബ്ളോക്കിൽ മൂലമറ്റത്തും ഇളംദേശം ബ്ളോക്കിൽ കരിമണ്ണൂരുമാണ് പ്രവർത്തിക്കുന്നത്. മറ്റു വികസനബ്ളോക്കുകളിൽ ഓഫീസുകൾ (ഐ. ആർ. ഇ. പി) സ്ഥാപിച്ചിട്ടില്ല. സ്ഥാപിക്കുക എന്ന ആവശ്യം ഉന്നയിക്കാവുന്നതാണ്. മേൽപറഞ്ഞ രണ്ടു ഓഫീസുകളിൽനിന്നും ജില്ലയിലെ അർഹരായ വ്യക്തികൾക്ക് സബ്സിഡി നിരക്കിൽ സഹായം ലഭ്യമാണ്.

❑◆❑

പാർപ്പിടവും സാമൂഹ്യക്ഷേമവും

മനുഷ്യവർഗ്ഗത്തിന്റെ വിവിധ കാലഘട്ടങ്ങളിലെ പാർപ്പിട രൂപങ്ങൾ അരനൂറ്റാണ്ടിനിടയിൽ ഇരട്ടയാറിൽ അരങ്ങേറിയിട്ടുണ്ട്.

വന്യമൃഗങ്ങളോടു പടപൊരുതിയ ഇവിടുത്തെ ആദ്യ തലമുറ ജീവന്റെ സുരക്ഷിതത്വത്തിനായി വിസ്തൃതമായ പാറപ്പുറങ്ങളില്ല ബലവത്തായ വൃക്ഷങ്ങളുടെ മുകളിൽ നിർമ്മിച്ച ഏറുമാടങ്ങളിലും താമസിച്ചിരുന്നു. ഈ ഏറുമാടങ്ങളിൽ പലതും കൂട്ടുകുടുംബ വസതികൾ കൂടിയായിരുന്നു.

ഒരു ഗ്രാമത്തിൽ നിന്നുള്ള പലരും ഒന്നിച്ചു കൂടിയേറുകയും, കൃഷിചെയ്യുകയും, വസിക്കുകയും ചെയ്തിരുന്നു. പിന്നീട് സ്ഥിരമായ കൃഷികൾ ആരംഭിച്ചതോടുകൂടി പുരയിടത്തിനുള്ളിൽ വീടുകൾവച്ച് കുടുംബസമേതം താമസം ആരംഭിച്ചു. ഇക്കാലത്തുണ്ടാക്കിയ വിടുകളെ വെട്ടിക്കൂട്ടുപുര എന്നാണ് നാട്ടുഭാഷയിൽ വിളിച്ചിരുന്നത്. മുള, പുല്ല്, കാട്ടുകല്ല്, ഒരുക്കിയ കാട്ടുതടികൾ, ഈറ എന്നിവയാണ് ഇത്തരം വീടുകൾ നിർമ്മിക്കുന്നതിന് ഉപയോഗിച്ചിരുന്നത്.

എഴുപതുകളുടെ ആരംഭത്തോടുകൂടി അവിടവിടെയായി ഓടിട്ട വീടുകൾ നിർമ്മിക്കുവാൻ തുടങ്ങി. ഭിത്തികൾ മൺകട്ടകൾകൊണ്ടാണ് കെട്ടിയിരുന്നത്. പിന്നീട് ഈ പഞ്ചായത്തിൽ പല സ്ഥലങ്ങളിലും ചുടുകട്ട നിർമ്മാണം ആരംഭിക്കുകയും അതിന്റെ ഫലമായി പാർപ്പിട നിർമ്മാണത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാകുകയും ചെയ്തു.

വീടുകളുടെ പൊതുസ്ഥിതി

ഇരട്ടയാർ പഞ്ചായത്തിൽ 3612 കുടുംബങ്ങളാണുള്ളത്. ഇതിൽ തൊണ്ണൂറു ശതമാനം ആളുകളും ഇടത്തരക്കാരും ദരിദ്രരുമാണ്. 10 ശതമാനം വീടുകൾ മാത്രമേ ആധുനിക സൗകര്യങ്ങളോടുകൂടിയവയായിട്ടുള്ളൂ. ആധുനിക സൗകര്യങ്ങളില്ലെങ്കിലും അത്യാവശ്യ സൗകര്യങ്ങളോടുകൂടിയ 50 ശതമാനം വീടുകളുണ്ട്. ശേഷിക്കുന്ന 40 ശതമാനം വീടുകൾ കുടിലുകളോ തത്തുല്യമായവയോ ആണ്. ഇവ വളരെ അടുത്തായി സ്ഥിതിചെയ്യുന്നു. ഈ കുടിലുകളിൽ പലതും ആവശ്യത്തിനുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ നടത്താത്തതുകൊണ്ട് പ്രകൃതിക്ഷോഭത്താൽ നശിക്കുന്നു. ഈ കുടിലുകൾ ബലവത്താക്കേണ്ടത് അത്യാവശ്യമാണ്. അതോടൊപ്പം വീടുകളോടനുബന്ധിച്ച് കക്കൂസുകൾ നിർമ്മിക്കേണ്ടതും അടിയന്തിര പ്രാധാന്യം അർഹിക്കുന്നു.

വാർഡ്	വീടുകളുടെ എണ്ണം
I	596
II	559
III	519
IV	814
V	363
VI	431
VI	491
VIII	693
IX	474

കെട്ടിടങ്ങളും വാടകകെട്ടിടങ്ങളും അടങ്ങിയതാണ് ഈ ലിസ്റ്റ്.

ഇരട്ടയാർ പഞ്ചായത്തിൽ ഇതിനോടകം വിവിധ സ്കീമുകളിൽപെടുത്തി ഒട്ടേറെ വീടുകൾ നിർമ്മിച്ചുട്ടുണ്ട്. എങ്കിൽകൂടി കാര്യക്ഷമമായ രീതിയിൽ ഭവനനിർമ്മാണപ്രവർത്തനങ്ങൾ നടക്കുന്നില്ല. IRDP ലിസ്റ്റിൽ പെട്ടവർക്കുകൂടി ലോൺ ലഭിക്കുന്നില്ല. ഒരു IRDP സർവ്വേ നടത്തേണ്ടതത്യാവശ്യമാണ്. പട്ടയം ഇല്ലാത്തതും ലോൺലഭിക്കുന്നതിനുള്ള ഒരു പ്രധാന തടസ്സമാണ്.

പാർപ്പിടം

അതുകൊണ്ട് പട്ടയമില്ലാത്തഭൂമിക്ക് എത്രയുംപെട്ടന്ന് പട്ടയം അനുവദിക്കുകയും, പട്ടയമില്ലാത്ത ഭൂവുടമകൾക്കും വായ്പാ സഹായത്തോടുകൂടി വീട് നിർമ്മിക്കുവാൻ ലോൺ അനുവദിക്കുകയും ,ഇതിന് പട്ടയഭൂമിക്കാർക്ക് നൽകുന്ന അതേ ആനുകൂല്യങ്ങളും സബ്സിഡിയും അനുവദിക്കേണ്ടതുമാണ്. അതുപോലെതന്നെ 60% വീടുകളും വൈദ്യുതീകരിച്ചിട്ടില്ല. തന്മൂലം ഈ പഞ്ചായത്തിലെ 60% വരുന്നവീടുകളിലെ ആൾക്കാർക്ക് ദൈനംദിനപ്രവർത്തനങ്ങളിൽ വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. അതുകൊണ്ട് ഈ വീടുകൾ എത്രയും പെട്ടെന്ന് വൈദ്യുതീകരിക്കേണ്ടതാണ്.

നിലവിലുള്ള കോളനികളിലെ ജീവിതസൗകര്യങ്ങൾ വിപുലീകരിക്കണം. കോളനികളിലെ കെട്ടിടങ്ങൾ ഇടിഞ്ഞ് തകർന്ന അവസ്ഥയിലാണ്. ഇതിലെ ബാക്കി വീടുകൾ കുടിലുകൾ ആണ്. ഈ പഞ്ചായത്തിൽ ഹൗസിങ്ങ് സൊസൈറ്റികൾ ഒന്നും പ്രവർത്തിക്കുന്നില്ല. പട്ടികജാതി

കോളനികൾ, പട്ടികവർഗ്ഗ കോളനി, ലക്ഷംവീട് കോളനികൾ എന്നിവ നാമമാത്രമായി ഉണ്ട്. എന്നാൽ ഇവ അങ്ങേയറ്റം ശോചനീയമായ നിലയിലാണ് പ്രവർത്തിക്കുന്നത്. ദുർബല വിഭാഗങ്ങൾക്കായി പ്രത്യേകം കോളനികൾ ഈ പഞ്ചായത്തിൽ ഇല്ല. ചേരി പ്രദേശങ്ങളിലും പുറമ്പോക്കുകളിലും കുറെ കുടുംബങ്ങൾ കുടിലുകൾകെട്ടി താമസിക്കുന്നു. ഈ കുടിലുകൾ അടുയന്തിരമായി പുനർ നിർമ്മിക്കേണ്ടതാണ്. അതുപോലെ കടത്തിണ്ണകളിൽ കിടക്കുന്നവരായി ഏകദേശം നൂറിൽതാഴെ ആളുകൾ ഉണ്ട്.

കോൺക്രീറ്റ് വീടുകളുടെ നിർമ്മാണചെലവ് വളരെയധികം വർദ്ധിച്ചിരിക്കുന്നതുകൊണ്ട് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 40% ആൾക്കാർക്കും ഭവനനിർമ്മാണപ്രവർത്തനങ്ങൾ നടത്താൻ സാധിക്കുന്നില്ല. ചില സ്കീമുകളിൽപ്പെടുത്തി ജില്ലാ സഹകരണബാങ്കിന്റെയും മറ്റും സാഹായത്തോടുകൂടി ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കൽ കൂടി അമിതമായ പലിശയും ജാമ്യവ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം സാധാരണക്കാരന് വയ്പ ലഭിക്കാത്ത സ്ഥിതിയാണുള്ളത്. ഈ ഭവനവായ്പകൾ സാധാരണക്കാരന് ലഭിക്കത്തക്കരീതിയിൽ ഭവനവായ്പാവ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്. അതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.

1. നിർമ്മിക്കുന്ന വീട് ഈടായി സ്വീകരിച്ച് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുക.

2. പലിശനിരക്ക് 12% ആയി ക്രമീകരിക്കുക.

3. പ്ലോട്ട് അടിസ്ഥാനത്തിൽ തവണവ്യവസ്ഥയോടുകൂടി വായ്പകൾ നല്കുക.

കോൺക്രീറ്റ് കെട്ടിടങ്ങൾ നാമമാത്രമായി ഉണ്ടെങ്കിൽക്കൂടി ദാരിദ്ര്യരേഖയ്ക്ക് ശേഷം വരുന്ന 60% വീടുകളിൽ ഭൂരിഭാഗവും ഇടത്തരം വീടുകളാണ്. ഭവന നിർമ്മാണ സാമഗ്രികളുടെ ഉയർന്നുകൊണ്ടിരിക്കുന്ന വിലവർദ്ധനമൂലം ഇടത്തരക്കാരായ ആളുകൾക്കുപോലും സാധാരണവീടുവയ്ക്കാൻ പറ്റാത്ത അവസ്ഥയുണ്ട്. അതുകൊണ്ട് ഈ പഞ്ചായത്തിൽ സിമന്റ്, ഓട്, ഇഷ്ടിക, മെറ്റൽ തുടങ്ങിയവ ഉത്പാദിപ്പിക്കുവാൻ ഉള്ള സംവിധാനം ഏർപ്പെടുത്തണം. അതിലൂടെ ഒരു പരിധിവരെ ഇന്ന് നിലനില്ക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കാനും കഴിയുന്നു.

ഈ പഞ്ചായത്തിലെ കെട്ടിട നികുതി, അസസ്മെൻറ് രജിസ്റ്ററർപ്രകാരം ഏതാണ്ട് 200 വീടുകൾ കഴിഞ്ഞ രണ്ടുമൂന്നുവർഷങ്ങൾക്കുള്ളിൽ പണിതീർന്നിട്ടുണ്ട്. എന്നാൽ ഇപ്പോഴത് താരതമ്യേന കുറഞ്ഞുവരികയാണ്. അതുപോലെതന്നെ കെട്ടിട നിർമ്മാണരംഗത്ത് വളരെയേറെ അനാവശ്യചിലവുകൾ നിലനില്ക്കുന്നുണ്ട്. അതിൽ പ്രധാനപ്പെട്ടതാണ് മുൻപ് സൂചിപ്പിച്ച തൊഴിൽപ്രശ്നങ്ങൾ, വാഹനചെലവ്, ആവശ്യത്തിന് സാധനസാമഗ്രികൾ ഈ പഞ്ചായത്ത് പരിധിയിൽതന്നെ ലഭിക്കായ്ക ഇവയൊക്കെ.

ചെലവ്കുറഞ്ഞ കെട്ടിടനിർമ്മാണ സാമഗ്രികൾ ഉത്പാദിപ്പിക്കാനുള്ള സംരംഭങ്ങൾ ഒന്നും നിലവിലില്ല. മതിലുകളും, ജൈവവേലികളും താരതമ്യേന കുറവാണ്. കെട്ടിട നിർമ്മാണതൊഴിലാളികൾ ഈ പഞ്ചായത്തിൽ ഒരു പരിധിവരെ ഉണ്ടെങ്കിൽകൂടി അമിതമായ കൂലിവർദ്ധനവുമൂലം ഇടത്തരക്കാർ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. 80-85 കാലഘട്ടങ്ങളിലേക്കാൾ 250% ത്തോളം കൂലിവർദ്ധനവ് നിലനില്ക്കുന്നു. [പുരുഷന്മാർക്കും സ്ത്രീകൾക്കും] സാധാരണ കെട്ടിടനിർമ്മാണ തൊഴിലാളികൾ ഉണ്ടെങ്കിൽ കൂടി വിദഗ്ദ്ധരായിട്ടുള്ള തൊഴിലാളികളില്ല. കോൺട്രാക്ട് സമ്പ്രദായം ഏകദേശം 5% മാത്രമാണ്.

സാധ്യതകൾ

1. ഈ പഞ്ചായത്തിൽ ഹൗസിങ്ങ് സൊസൈറ്റി സ്ഥാപിക്കാൻ കഴിഞ്ഞാൽ വളരെയേറെ സൗകര്യപ്രദമായിരിക്കും. അതുകൊണ്ട് അടിയന്തിരമായി ഹൗസിങ്ങ് സൊസൈറ്റി സ്ഥാപിക്കേണ്ടതാണ്.

2. സിമൻറ്, ഓട്, മെറ്റൽ, ഹോളോബ്രിക്സ് കട്ടകൾ തുടങ്ങിയവ നിർമ്മിക്കാനുള്ള യൂണിറ്റുകൾ സ്ഥാപിക്കുക. അതിലൂടെ കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് തടയുന്നതിനും മേൽവിവരിച്ചതുപോലെ തൊഴിലില്ലായ്മ ഒരു പരിധിവരെ തടയുന്നതിനും സാധിക്കുന്നു.

3. ചിലവുകുറഞ്ഞ ഭവനനിർമ്മാണരീതികൾ ഈ പഞ്ചായത്തിൽ ഇല്ല.

4. വിദഗ്ദ്ധരായ തൊഴിലാളികൾ ഇല്ലാത്തതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് തൊഴിലാളികൾക്ക് പരിശീലനം നല്കാനുള്ള സംവിധാനം ഏർപ്പെടുത്തണം.

5. ലൈസൻസിങ്ങ് സമ്പ്രദായം നിലനിൽക്കുന്നതുകൊണ്ട് തടി, പാറ തുടങ്ങിയ ഭവനനിർമ്മാണ സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പണി നടത്തുന്നതിന് നിയമ തടസ്സങ്ങൾ വളരെയേറെയുണ്ട്.

6. ഭൂരഹിതർക്കായി ഇരട്ടയാർ ഗ്രാമപഞ്ചായത്ത് ബന്ധപ്പെട്ട് 2 ഏക്കർ സ്ഥലം 4 സെൻറ് വീതം നല്കിയിട്ടുണ്ട്. അവിടെ വീടുകൾപണിയാനുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. എന്നാൽ നിർദ്ധനർക്കായി പ്രത്യേക ഭവനനിർമ്മാണ പരിപാടി ആവിഷ്ക്കരിച്ചിട്ടില്ല. മുൻപ് സൂചിപ്പിച്ചതുപോലെ വീട് ഈടായി നല്കികൊണ്ട് തവണവ്യവസ്ഥയിൽ വായ്പകൾ അനുവദിച്ചാൽ ഈ പ്രശ്നം പരിഹരിക്കാവുന്നതാണ്.

7. ദുർവ്യയ ഭവനനിർമ്മാണപ്രവർത്തനം പഞ്ചായത്ത്പരിധിയിൽ നടക്കുന്നില്ലെങ്കിൽക്കൂടി നാമമാത്രമായിട്ടുണ്ട്. അത് തടയണം.

8. പരമ്പരാഗത വസ്തുശില്പമാതൃകകൾ പഞ്ചായത്ത്തലത്തിൽ ഇല്ല. കെട്ടിട മെയിൻറനൻസിനുവേണ്ടിയുള്ള സർവ്വീസ് സംഘങ്ങൾ ഇവിടെ ഇല്ല.

9. നിലനില്ക്കുന്ന കോളനികൾ വിപുലപ്പെടുത്തുന്നതോടൊപ്പം പുതിയ കോളനികൾക്കുള്ള സാധ്യതകൾ നിലവിലുണ്ട്. ആ സാധ്യതകൾ കണ്ടെത്തിക്കൊണ്ട് ആസൂത്രിത കോളനികൾ സ്ഥാപിക്കാവുന്നതാണ്.

10. ജൈവവേലികൾ പ്രചരിപ്പിക്കാൻ വേണ്ട സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

ഈ പഞ്ചായത്ത് പരിധിയിൽ III-ാം വാർഡിൽ 15 വീടുകൾക്കുള്ള സ്ഥലസൗകര്യമുണ്ട്. ഇവിടം പട്ടികവർഗ്ഗ കോളനിയായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ 9 വീടുകൾ മാത്രമേ പണിപൂർത്തീകരിക്കപ്പെട്ടിട്ടുള്ളൂ. ബാക്കി 6 വീടുകൾ അടിയന്തിരമായി പണി പൂർത്തിയാക്കുകയും അർഹ

തപ്പെട്ടവർക്ക് അത് നല്കുകയും ചെയ്യേണ്ടതാണ്.

കാലവർഷക്കെടുതിമൂലം വീടു നഷ്ടപ്പെട്ടവർക്ക് വില്ലേജ്. മുഖാന്തരം വീടുവച്ചുനല്കാനുള്ള പ്രഥമസംരംഭങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും ഇന്നും പണി പൂർത്തിയാകാതെ ഈ വീടുകൾ അനിശ്ചിതത്വത്തിൽ നിലനില്ക്കുന്നു. എത്രയും പെട്ടന്ന് ഇതിന്റെ പണി പൂർത്തിയാക്കാനുള്ള നിയമ നടപടികൾ നടപ്പിലാക്കേണ്ടതാണ്.

ഭവനനിർമ്മാണ പ്രവർത്തനങ്ങൾ ധൃതഗതിയിലാക്കി നടപ്പിലാക്കുന്നതിന് താഴെപറയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണസംഘം രൂപീകരിക്കുക.
2. എഞ്ചിനീയർ മുതൽ ലേബർവരെയുള്ളവരെ സംഘത്തിലൂടെ സപ്ളൈ നടത്താനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.
3. സർക്കാർ പദ്ധതികൾ പഞ്ചായത്ത് ഏജൻസിയായി ഏറ്റെടുത്ത് നടപ്പിലാക്കുക.
4. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ സപ്ളൈസ് ഇടപെടുക [സിമൻറ്, കമ്പി etc.]
5. സർക്കാർ ലഭ്യമാക്കുന്ന വായ്പകളുടെ സാങ്കേതികവും നിയമപരവുമായ ബുദ്ധിമുട്ട് ഇല്ലാതാക്കുക.
6. വായ്പാ അപേക്ഷകൾ പഞ്ചായത്തുവഴി സ്വീകരിക്കുകയും പദ്ധതികൾ പഞ്ചായത്തുവഴി നടപ്പാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുക.
7. രജിസ്ററർ ആഫീസിലെ അമിത ഫീസ് ഇല്ലാതാക്കുക. പദ്ധതികൾ നടപ്പിലാക്കുവാനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.
8. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി നടപ്പാക്കുക.
9. J.R.Y, I.A.Y, N.W.S etc. പദ്ധതികളിലൂടെ ലഭിക്കുന്ന വായ്പാതുക വർദ്ധിപ്പിക്കുക.
10. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചാരം നല്കുക തുടങ്ങിയിട്ടുള്ള നടപടികളിലൂടെ ഭവനനിർമ്മാണ രംഗത്ത് ഇന്ന് നിലനില്ക്കുന്ന പ്രശ്നങ്ങൾ ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. അതോടൊപ്പം തന്നെ ജനങ്ങളുടെ ഭാഗത്തുനിന്നുള്ള ശ്രമദാനത്തിലൂടെയും ഈ പദ്ധതി വിജയകരമായി പൂർത്തിയാക്കാവുന്നതാണ്.

സാമൂഹ്യക്ഷേമം

1991 ലെ സെൻസസ് പ്രകാരം 3612 കുടുംബങ്ങളാണ് ഇരട്ടയാർ പഞ്ചായത്തിൽ ഉള്ളത്. ഇതിൽ 40% ആളുകളും ദാരിദ്ര്യരേഖയ്ക്ക് താഴെയാണ്. സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ ഇരട്ടയാർ പഞ്ചായത്തിൽ ഉണ്ട്. അവയുടെ പ്രവർത്തനം നാമമാത്രമാണ്. സാമൂഹ്യക്ഷേമരംഗത്ത് കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് ബ്ളോക്ക് ഡവലപ്മെൻറ് ഓഫീസാണ്.

IRDP സർവ്വേ ഈ പഞ്ചായത്തിൽ അടിയന്തിരമായി ആവശ്യമുണ്ട്. IRDP ലിസ്ററിൽ ഉള്ളവർക്കുപോലും ലോൺ ലഭ്യമല്ല. അതുപോലെ തൊഴിലാളി - തൊഴിലുടമ സഹകരണത്തോടെയുള്ള ക്ഷേമനിധി ബോർഡുകൾ മുഖേനയുള്ള പ്രവർത്തനമൊന്നും കാര്യക്ഷമമായി ഇല്ല. ഈ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ തൊഴിലാളികൾ, കർഷക തൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായിട്ടില്ല.

സ്ത്രീകളുടേയും കുട്ടികളുടേയും ഉന്നമനത്തിനായി പ്രവർത്തിക്കുന്ന തൊഴിൽ സംരംഭങ്ങൾ അതായത് DWCRA പോലുള്ളവ നാമമാത്രമായി പ്രവർത്തിക്കുന്നുണ്ട്. ഈ യൂണിററുകളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. താല്പര്യമുള്ളവരെ കണ്ടെത്തി ഓരോ പ്രദേശത്തിനും അനുയോജ്യമായ യൂണിററുകൾ ആരംഭിക്കാൻ ശ്രദ്ധിക്കണം. യൂണിററുകളുടെ പ്രവർത്തനം വിലയിരുത്താനും ആവശ്യമായ സഹായം ലഭ്യമാക്കാനും അതത് പ്രദേശത്തെ സന്നദ്ധസംഘടനാ പ്രവർത്തകരടങ്ങുന്ന ഒരു കമ്മററി രൂപീകരിക്കണം. ഈ സ്കീമിലൂടെ ഉത്പാദിപ്പിക്കപ്പെടുന്ന ഉത്പന്നങ്ങൾക്ക് മാർക്കറ് കണ്ടത്താൻ സാധിക്കാത്ത അവസ്ഥ നിലനില്ക്കുന്നുണ്ട്. അതിനാൽ ഈ ഉത്പന്നങ്ങൾ സർക്കാർ ഏജൻസി വഴി വിററഴിക്കാനുള്ള സംവിധാനം ഏർപ്പെടുത്തേണ്ടതാണ്.

ഇരട്ടയാർ പഞ്ചായത്തിൽ ICDS ന്റെ കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളിലെ കുട്ടികൾക്ക് ആവശ്യമായ കിററുകൾ വിതരണംചെയ്തുവരുന്നു. ഈ ഉടുപ്പുകളും മററും DWCRA-യ്ക്ക് കീഴിലുള്ള തയ്യൽ യൂണിററുകളിൽക്കൂടി നിർമ്മിച്ച് വിതരണംചെയ്താൽ സ്ത്രീകളുടെ വരുമാനമാർഗ്ഗമായ ഈ യൂണിററിനെ ലാഭകരമാക്കി നടത്തിക്കൊണ്ടുപോകാൻ കഴിയും.

ട്രൈസം പദ്ധതിപ്രകാരം 18നും 35നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കൾക്ക് ആനുയോജ്യമായ തൊഴിലിൽ പരിശീലനം നല്കാനും, പരിശീലനം ലഭിച്ചുകഴിഞ്ഞാൽ അവർക്ക് വായ്പ ലഭ്യമാക്കി തൊഴിൽസംരംഭം ആരംഭിക്കാനും ഉള്ള സംവിധാനം അടിയന്തിരമായി ചെയ്യണം. വളരെ ചുരുക്കം ചിലർക്കുമാത്രമേ ഈ പദ്ധതിയുടെ പരിശീലനം നല്കാൻ കഴിയുന്നുള്ളൂ. പരിശീലനം ലഭിക്കുന്ന വ്യക്തികളുടെ എണ്ണം കൂടുകയും ഇവർക്ക് ഇപ്പോൾ ലഭിക്കുന്ന സ്റൈപെൻറ് തുക കൂട്ടുകയും വേണം. ഇതിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുകയും അവരെ ബോധവത്ക്കരിക്കാൻ യുവജനസംഘടനകളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം.

പെൻഷനുകൾ

(1) വിധവാപെൻഷൻ

പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ ഈ പെൻഷൻ ലഭ്യമല്ല. ഇത് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഇതിൽ കാര്യമായ മാററം വരുത്തേണ്ടത് അത്യാവശ്യമാണ്. ഇതിൽമാററം വരുത്തി വരുമാനത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വിധവകൾക്ക് വിധവാപെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. അർഹതയുള്ള നിരവധി വിധവകൾക്ക് പെൻഷൻ ലഭിക്കുന്നില്ല. ഇത് അടിയന്തിരമായി നല്കേണ്ടതാണ്.

(2) വികലാംഗപെൻഷൻ

വികലാംഗത്വം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് ഉണ്ടായിട്ടും ഈ പഞ്ചായത്തിലെ വികലാംഗർക്ക് അവർക്ക് ലഭ്യമാക്കേണ്ടുന്ന ആനുകൂല്യങ്ങളോ, വികലാംഗ പെൻഷനോ യഥാസമയങ്ങളിൽ ലഭിക്കുന്നില്ല. ഇതിന് അർഹരായവർക്ക് ലഭ്യമാക്കാനുള്ള കാലതാമസം വളരെയധികം പ്രയാസമുണ്ടാക്കുന്നുണ്ട്. ഇത് അടിയന്തിരമായി ലഭ്യമാക്കേണ്ടതുണ്ട്.

(3) കർഷക തൊഴിലാളി പെൻഷൻ

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ കൂടുതലും കർഷക തൊഴിലാളികളാണ്. എന്നാൽ ഈ പഞ്ചായത്തിലെ കർഷകതൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾഒന്നും ലഭിക്കുന്നില്ല. കർഷകതൊഴിലാളി പെൻഷൻ അർഹരായ കർഷകർക്കുപോലും ലഭിക്കുന്നില്ല. ഇതിൽ അർഹരായവരെ തിരഞ്ഞെടുക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിന് നല്കണം. അതുപോലെ അർഹരായവരെ തിരഞ്ഞെടുത്ത ലിസ്റ്റ് പ്രസിദ്ധപ്പെടുത്തണം.

(4) വാർദ്ധക്യകാല പെൻഷൻ

ഇരട്ടയാർ പഞ്ചായത്തിൽ വാർദ്ധക്യ പെൻഷന് അർഹരായ നിരവധി ആൾക്കാർ ഉണ്ട്. ഇതിൽ അപേക്ഷ നൽകാത്തവരും ഉൾപ്പെടുന്നു. അതുപോലെ അപേക്ഷ നൽകിയ ജനങ്ങൾക്കും വാർദ്ധക്യകാല പെൻഷൻ ലഭിക്കുന്നില്ല. ഇത് വൃദ്ധജനങ്ങളെ ശോചനീയമായ ഒരു ജീവിതത്തിൽ കൊണ്ടെത്തിക്കുന്നു. ഇതു തടയാനായി വളരെവേഗം ഈ പെൻഷനുകൾ ലഭിക്കാനുള്ള ഏർപ്പാടുകൾ ചെയ്യേണ്ടതാണ്.

(5) തൊഴിലില്ലായ്മ വേതനം

ഇരട്ടയാർ പഞ്ചായത്തിൽ നല്ല ശതമാനം ആളുകളും തൊഴിലില്ലായ്മയുടെ രൂക്ഷമായ അവസ്ഥ അനുഭവിക്കുന്നവരാണ്. തൊഴിലില്ലായ്മാ വേതനത്തിന് അപേക്ഷനൽകിയവരും അർഹരായവരുമായ അനേകം പേർക്ക് ഈ ആനുകൂല്യം എംപ്ലോയ്മെൻറ് എക്സ്ചേഞ്ചുകളിൽനിന്ന് ലഭ്യമാകുന്നില്ല. കാലതാമസം കൂടാതെ ഇവ ലഭ്യമാക്കുന്നതിനുവേണ്ട ഏർപ്പാടുകൾ നടത്തേണ്ടതാണ്. ഇവയൊക്കെയാണ് ആനുകൂല്യങ്ങളെ സംബന്ധിച്ച പോരായ്മകളിൽ മുഖ്യമായവ.

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന 26 അംഗൻവാടികൾ 9 വാർഡുകളിലായി പ്രവർത്തിക്കുന്നു. ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല. അംഗൻവാടികളിലെ കുട്ടികൾക്ക് അവരുടെ മാനസിക ഉല്ലാസത്തിന് ആവശ്യമായ കളിപ്പാട്ടങ്ങളോ മറ്റ് പരിപാടികളോ ഒന്നും ആവശ്യത്തിന് ഇല്ല. അതുപോലെതന്നെ അംഗൻവാടി ജീവനക്കാർക്ക് അർഹിക്കുന്ന ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ഒന്നും ലഭ്യമാകുന്നില്ല. എല്ലാ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടങ്ങൾപോലും ഇല്ലാത്ത അവസ്ഥയാണുള്ളത്. പല കെട്ടിടങ്ങളും അറ്റകുറ്റപ്പണികൾ നടത്താതെ ഉപയോഗയോഗ്യമല്ലാത്തരീതിയാണ്. അതുപോലെ അംഗൻവാടി ജീവനക്കാരെ നിയമിക്കുന്നത് താല്കാലികമായിട്ടാണ്. ഇത് സ്ഥാപനത്തിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കുന്നു.

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക സൗകര്യത്തിന്റെ അഭാവം ജീവനക്കാരിൽ പ്രയാസവും കുട്ടികളിലും രക്ഷിതാക്കളിലും അസന്തുഷ്ടിയും ഉണ്ടാക്കുന്നു. വരും തലമുറയെ വാർത്തെടുക്കുന്ന അങ്കക്കളരിയായി നാം കാണുന്ന അംഗൻവാടികളിലെ ജീവനക്കാരുടെ സ്ഥിതി ദയനീയമാണ്. വളരെ തുച്ഛമായ വേതനം കൈപ്പറ്റി നിത്യവൃത്തി നടത്തുന്ന ഇവർ രാവിലെ 9 മുതൽ 3.30 വരെ നാടിന്റെ ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നു. ഈ സമയത്തിനുള്ളിൽ ഇവർ ആരോഗ്യമേഖലയിലെ ഗൃഹസന്ദർശനം വരെ നടത്തേണ്ടിവരുന്നുണ്ട്. ഈ ശോചനീയമായ അവസ്ഥയ്ക്കു പരിഹാരം കാണേണ്ടതാണ്.

സാധ്യതകൾ

(1) ഏതെങ്കിലും സാമ്പത്തിക ഏജൻസികളെക്കൊണ്ട് അല്ലെങ്കിൽ ജെ. ആർ. വൈ. ഫണ്ട് ഉപയോഗിച്ച്ഈ പഞ്ചായത്തിലെ സ്വന്തമായി കെട്ടിടം ഇല്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം ഉണ്ടാക്കുക. അതുപോലെതന്നെ നിലനില്ക്കുന്ന അംഗൻവാടികൾക്ക് അറ്റകുറ്റപ്പണികളൾ നടത്തുകയും ചെയ്യണം.

(2) കൂടുതൽ കുട്ടികളുള്ള സ്ഥലങ്ങളിൽ പുതിയ അംഗൻവാടികൾ ആരംഭിക്കുക.

(3) അംഗൻവാടികളിലെ താല്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുക.

(4) ഈ ഗ്രാമ പഞ്ചായത്തിലെ പൊതുപ്രവർത്തനങ്ങളിൽ അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സജീവമായ പ്രവർത്തനം കാഴ്ചവയ്ക്കാൻ വേണ്ട ബോധവത്ക്കരണം നടത്തുക.

(5) ഇരട്ടയാർ പഞ്ചായത്തിലെ മുഴുവൻ അംഗൻവാടി വർക്കർമാരെയും ഹെൽപ്പർമാരെയും സർക്കാർ ജീവനക്കാരായി അംഗീകരിക്കുകയും അവർക്ക് ആവശ്യമായിട്ടുള്ള സേവന, വേതന വ്യവസ്ഥകൾ ഉയർത്തുകയും ചെയ്യുക.

(6) അംഗൻവാടികളിലൂടെ കുട്ടികൾക്ക് നൽകുന്ന പോഷകാഹാരത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുക. അതുപോലെതന്ന പോഷകാഹാരത്തിന് നൽകുന്ന സംഖ്യയുടെ പരിധി വർദ്ധിപ്പിക്കുക.

(7) നിലവിലുള്ള അംഗൻവാടികളിലെ പ്രാഥമിക ആവശ്യത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുക.

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ തുടർ വിദ്യാഭ്യസത്തിന് ബുദ്ധിമുട്ട് അനുഭവിക്കുന്നവർ ധാരാളമായിട്ടുണ്ട്. ഇവർക്ക് വേണ്ട ക്ഷേമനിധി ലഭിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം. ഈ പഞ്ചായത്തിലെ എല്ലാ വിഭാഗം ആൾക്കാർക്കും ക്ഷേമനിധി ഏർപ്പെടുത്തണം. അതുപോലെതന്നെ സാമൂഹ്യക്ഷേമരംഗത്ത് വിധവകളും സാധുക്കളുമായുള്ളവരുടെ പെൺകുട്ടികൾക്കുള്ള വിവാഹധനസഹായം പഞ്ചായത്തുകളിൽനിന്ന് ലഭ്യമാക്കണം.

വില്ലേജ് ഓഫീസിൽനിന്നും ലഭ്യമാക്കുന്ന വരുമാന, ജാതി സർട്ടിഫിക്കറ്റുകൾ ഗ്രാമപഞ്ചായത്തുതലത്തിൽ ലഭ്യമാക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുക. അതുപോലെതന്നെ എല്ലാ വാർഡുകളിലും ആരോഗ്യകേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ആരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത പ്രദേ

ശങ്ങളിൽ അവ അടിയന്തിരമായി പ്രവർത്തിക്കേണ്ടതാണ്. ഗർഭിണികൾക്കും കുട്ടികൾക്കുമുള്ള ക്ഷേമപ്രവർത്തനങ്ങൾ ആരോഗ്യകേന്ദ്രങ്ങൾ മുഖേന കാര്യക്ഷമമാക്കുക. നിലവിലുള്ള ചെമ്പകപ്പാറ ഗവ: ആശുപത്രിയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും അടിയന്തിരമായി ഡോക്ടറെ നിയമിക്കുകയും ചെയ്യണം.

ഇരട്ടയാർ പഞ്ചായത്തിലെ വൃദ്ധജനങ്ങൾ അനാഥർ തുടങ്ങിയവർക്ക് വേണ്ട അധിവാസ കേന്ദ്രങ്ങൾ നിർമ്മിക്കുകയും അവരെ പഞ്ചായത്തു തലത്തിൽ പരിരക്ഷിക്കുകയും ചെയ്യണം. അതുപോലെതന്നെ നിലവിലുള്ള കോളനികളിൽ ശിശുമന്ദിരം സ്ഥാപിക്കുകയും അത്യാവശ്യമാണ്.

ചെറുകിട വ്യവസായങ്ങളിലൂടെ ഒരു പരിധിവരെ സ്ത്രീകൾക്കിടയിലെ തൊഴിലില്ലായ്മ കുറയ്ക്കുവാൻ കഴിയും. ഇതിനായി ചെറുകിട കുടിൽ വ്യവസായങ്ങൾ അടിയന്തിരമായി പഞ്ചായത്തിൽ നടപ്പാക്കേണ്ടതുണ്ട്. നിലവിലുള്ളവ പ്രോത്സാഹിപ്പിക്കുക, പ്രവർത്തനം കാര്യക്ഷമമാക്കുക, അതുപോലെതന്നെ ഇരട്ടയാർ ടൗണിൽ ഒരു കംഫർട്ട് സ്റ്റേഷൻ അടിയന്തിരമായി സ്ഥാപിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണതൊഴിലാളികൾക്ക് ലഭിക്കേണ്ട ക്ഷേമനിധികൾ ഒന്നും ലഭിക്കുന്നില്ല. വളരെയധികം ആളുകൾ ഈ പഞ്ചായത്തിൽ കെട്ടിടനിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിലെ തൊഴിലാളികൾ കഠിനാധ്വാനം ചെയ്യുന്നവരാണ്. ഇവർക്ക് വേണ്ട ആനുകൂല്യങ്ങൾ ലഭിക്കാത്തതിനാൽ ഭവനനിർമ്മാണം കാര്യക്ഷമമായി നടക്കാതെ വരും.

സാമൂഹ്യക്ഷേമവുമായി ബന്ധപ്പെട്ടകാര്യങ്ങൾ ജനങ്ങളിലേക്കെത്തിക്കാനും അർഹരായവർക്കു ലഭ്യമാക്കാനും പഞ്ചായത്തുതലത്തിൽ ഒരു സെൽ രൂപീകരിക്കണം. ഗ്രാമസഭകൾ ബന്ധപ്പെട്ട് ഈ പദ്ധതികളെ സജീവമാക്കുന്നതിനുവേണ്ട ബോധവത്കരണവും അർഹതപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുകയും ചെയ്യുക.

പൊതുവിതരണം

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ 14 റേഷൻ ഷാപ്പുകൾ പ്രവർത്തിക്കുന്നു. പൊതുവിതരണരംഗത്ത് മാവേലിസ്റ്റോറുകൾ ഒന്നും പ്രവർത്തിക്കുന്നില്ല. ഓണം കാലയളവിൽ ആവശ്യസാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താനും സാധാരണക്കാരന് സാധനങ്ങൾ ലഭിക്കാനും പഞ്ചായത്തു തലത്തിൽ അടിയന്തിരമായി മാവേലിസ്റ്റോറുകൾ പ്രവർത്തനം ആരംഭിക്കണം.

പൊതുവിതരണകേന്ദ്രം

ഈ പഞ്ചായത്തിലെ റേഷൻ ഷാപ്പുകൾ ദിനംതോറും സാധാരണക്കാരന് പരാതിക്ക് ഇടയുള്ളവയാണ്. പരാതികൾക്ക് വിധേയമായിട്ടുള്ള പഞ്ചായത്തിലെ റേഷൻഷാപ്പുകളുടെ പൂർണ്ണമായ അധികാരം പഞ്ചായത്ത് ഏറ്റെടുക്കുകയും അതിലൂടെ ഈ മേഖലയിലെ ആവലാതികൾക്ക് പരിഹാരം കാണേണ്ടതും അത്യാവശ്യമാണ്. റേഷൻ കാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്ത് തലത്തിൽ സ്വീകരിക്കുകയും അവയ്ക്ക് പരിഹാരം കാണുകയും ചെയ്യാൻ ഏർപ്പാടുണ്ടാക്കണം. അതുപോലെതന്നെ താലൂക്ക് സപ്ലൈ ആഫീസിലേക്ക് ആവശ്യമായ ഫർണിച്ചറും മറ്റും സർക്കാർ അനുവദിച്ച് ആഫീസിന്റെ കുത്തഴിഞ്ഞ പ്രവർത്തനത്തിന് പരിഹാരം കാണേണ്ടതും ആണ്.

സ്വന്തം ഭവനങ്ങളിൽ അല്ലാതെ വസിക്കുന്നവർക്ക് നമ്പർ നൽകാൻ പഞ്ചായത്ത് നടപടി സ്വീകരിക്കുകയും റേഷൻ കാർഡിനുള്ള വീടു നമ്പർ സർട്ടിഫിക്കറ് നൽകാനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യണം. അതുപോലെതന്നെ ഉപഭോക്തൃമേഖലയെ കാര്യക്ഷമമാക്കാനും, കുറ്റമറ്റതാക്കാനും ജനങ്ങളെ ബോധവത്ക്കരിക്കാനും പഞ്ചായത്തിൽ ഉപഭോക്തൃസംരക്ഷണസമിതി രൂപീകരിക്കണം.

ഈ പഞ്ചായത്തിൽ താമസിക്കുന്ന ദാരിദ്രരേഖയ്ക്കു താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് അടിയന്തിരമായി ധനസഹായം നൽകണം. ഇതിന്റെ അഭാവത്തിൽ ജനങ്ങളിൽ സാംക്രമിക രോഗങ്ങൾ പടർന്നുപിടിക്കാൻ സാധ്യത ഏറെയുണ്ട്.

ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ഒരു പൊളിച്ചെഴുത്തിന് വഴിതുറക്കുന്ന പുതിയസംരംഭമാണ് സർക്കാരും സംസ്ഥാന ആസൂത്രണബോർഡും ജനങ്ങളും ചേർന്ന് രൂപംനൽകി നടപ്പിലാക്കിവരുന്ന പഞ്ചായത്ത്തല ജനകീയ ആസൂത്രണപ്രസ്ഥാനം. ഇതിലൂടെ ജനപങ്കാളിത്തത്തോടെ തന്നെ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നത് അത്യാവശ്യമാണ്.

ഭവനനിർമ്മാണം - ക്ഷേമപ്രവർത്തനങ്ങൾ

നടപ്പുവകുപ്പുപദ്ധതികൾ

I ഗ്രാമവികസന വകുപ്പ്

(i) പദ്ധതിയുടെ പേര് - ഗ്രാമീണവനിതാ ശിശുവികസന പരിപാടി

ഉദ്ദേശ്യം - ഗ്രാമീണവനിതകളുടെ സ്വാശ്രയത്വം മുൻനിർത്തി 5 മുതൽ 15 വരെ സ്ത്രീകൾക്ക് വരുമാനംകിട്ടുന്ന പല തൊഴിൽസംരഭങ്ങളും കൂട്ടായിചെയ്യുക.

(ii) പദ്ധതിയുടെ പേര് - ഐ. ആർ. ഡി. പി.

ഉദ്ദേശ്യം - ദാരിദ്ര രേഖയ്ക്കു താഴെയുള്ള കുടുംബങ്ങൾക്കു സ്വയംതൊഴിൽ സംരഭങ്ങൾ ആരംഭിക്കുന്നതിനു സഹായിക്കുന്നു.

(iii) പദ്ധതിയുടെ പേര് - ട്രൈസം

ഉദ്ദേശ്യം - ഗ്രാമീണ യുവതീയുവാക്കൾക്കു ചെറുകിടവ്യവസായ സംരഭങ്ങൾ ആരംഭിക്കുന്നതിന് ഉതകുന്ന സാങ്കേതികവും ഭരണപരവുമായ വൈദഗ്ധ്യം വളർത്തിയെടുക്കുക.

(iv) പദ്ധതിയുടെ പേര് - ജവഹർ തൊഴിൽ പദ്ധതി

ഉദ്ദേശ്യം - ദാരിദ്രരേഖയ്ക്കു താഴേയുള്ള തൊഴിൽ രഹിതർക്കു തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, പാവപ്പെട്ടവർക്കു നേരിട്ടു പ്രയോജനംകിട്ടുന്ന അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക, സാമൂഹ്യ ആസ്തികൾ നിർത്തിക്കുക.

പരിപാടികൾ - ഭവനനിർമ്മാണം, കിണർ/കുളങ്ങളുടെ നിർമ്മാണം, കനാൽ, ചെക്കുഡാമുകൾ, ഗ്രാമീണ റോഡുകൾ, സ്കൂൾ കെട്ടിടങ്ങൾ, ആശുപത്രി കെട്ടിടങ്ങൾ തുടങ്ങിയവ നിർമ്മിക്കുക.

(v) പദ്ധതിയുടെ പേര് - തൊഴിലുറപ്പുപദ്ധതി

ലക്ഷ്യം - കൂലിപ്പണി ഇല്ലാത്ത മാസങ്ങളിൽ 100 ദിവസത്തെ തൊഴിലുറപ്പുവരുത്തുക.

പരിപാടി - മണ്ണും - ജല സംരക്ഷണപരിപാടികൾ, ചെറുകിട ജലസേചന പരിപാടികൾ, ഗ്രാമീണ റോഡുനിർമ്മാണം, സ്കൂൾ - അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം.

ക്ഷേമ പദ്ധതികൾ

സാമൂഹ്യക്ഷേമ വകുപ്പ്, റവന്യു വകുപ്പ്, പഞ്ചായത്തു വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പരിപാടികൾ.

വയോജന പെൻഷനുകൾ
പ്രൊവിഡൻറ് ഫണ്ടും ഗ്രാറ്റുവിറ്റിയും
ഡിസെബിലിറ്റി അലവൻസ്
ശവസംസ്ക്കാര അലവൻസ്
വിദ്യാഭ്യാസ ആരോഗ്യ സഹായങ്ങൾ
കല്യാണത്തിനുള്ള സഹായം
പ്രസവാനുകൂല്യങ്ങൾ
തൊഴിലില്ലായ്മ ഇൻഷുറൻസ്
വായ്പാ സൗകര്യങ്ങൾ
ചികിത്സയ്ക്കുള്ള ധനസഹായം
ക്ഷേമനിധിബോർഡുകൾ മുഖേനയുള്ള പ്രവർത്തനങ്ങൾ

II. വകുപ്പ് - ഹൗസിംഗ് ബോർഡ്

1. പദ്ധതിയുടെ പേര് - ദുർബലവിഭാഗങ്ങൾക്ക് വായ്പാ പദ്ധതി.

ലക്ഷ്യം - സ്വന്തമായി ഭൂമിയുണ്ടെങ്കിലും വാസയോഗ്യമായ വീടില്ലാത്ത ദുർബല വിഭാഗങ്ങൾക്കു പാർപ്പിടം വച്ചു കൊടുക്കുക. 2 സെൻറ് സ്ഥലമെങ്കിലും കൈവശഭൂമി ഉള്ളവർക്കു ഈ പദ്ധതിയിൽ ചേരാവുന്നതാണ്.

1. ആരെ സമീപിക്കണം- സെക്രട്ടറി ഹൗസിംഗ് ബോർഡ്.

2. പദ്ധതിയുടെ പേര് - ഇടത്തരം വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി

അർഹത - 31801 രൂപയിൽ കൂടുതലും 53400 രൂപയിൽ താഴെയും വാർഷികവരുമാനം. സ്വന്തമായി 4 സെൻറ് ഭൂമിയെങ്കിലും ഉണ്ടായിരിക്കണം.

3. ഉയർന്ന വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി

4 ഹൗസിംഗ് കോംപ്ലക്സുകൾ

5 പൊതു ഭവനനിർമ്മാണ പദ്ധതി

6. വീടുകളുടെ പുനരുദ്ധാരണ പദ്ധതി

ലക്ഷ്യം - പുതിയ വീടുകൾ നിർമ്മിക്കുന്നതോടൊപ്പം പഴയവീടുകളുടെ പുനരുദ്ധാരണവും ലക്ഷ്യംവീട് പദ്ധതിപ്രകാരം പണിത വീടുകളുടെ പുനരുദ്ധാരണവും ലക്ഷ്യമാക്കിയുള്ളതാണ് ഈ പദ്ധതി. തൊട്ടടുത്തുള്ള ഹൗസിംഗ് ബോർഡിൻെറ ഓഫീസിൽ ബന്ധപ്പെടുക.

7. താഴ്ന വരുമാനക്കാർക്കുള്ള വായ്പാ പദ്ധതി - 15000-നും 31800-നും ഇടയിൽ വാർഷിക വരുമാനവും സ്വന്തമായി 3 സെൻറ് ഭൂമിയുള്ളവർക്കും വേണ്ടിയാണ് ഈ പരിപാടി.

III. വകുപ്പ് - റവന്യു

I. പദ്ധതിയുടെ പേര് - പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി

ലക്ഷ്യം - പ്രകൃതിക്ഷോഭം മൂലം ഭവനരഹിതരാകുന്നവർക്കു ഭവനനിർമ്മാണത്തിനു ധനസഹായം എത്തിക്കൽ

ഗുണഭോക്താവ് - വാർഷിക കുടുംബവരുമാനം 15000 രൂപയിൽ താഴെവരുന്നവരും സ്വന്തമായി 2 സെൻറ് ഭൂമിയെങ്കിലും ഉള്ളവർ.

ആരെ സമീപിയ്ക്കണം - വില്ലേജ് ഓഫീസർ

ലഭിക്കുന്ന സഹായം - മൊത്തം 15000 രൂപ. 9000 സബ്സിഡി

മറുവിവരം - 120 തവണകളായി തിരിച്ചടയ്ക്കണം

2. പദ്ധതിയുടെ പേര് - പുനരധിവാസ ഭവനനിർമ്മാണ പദ്ധതി

ഗുണഭോക്താവ് - 8400 രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്കു ഭവന നിർമ്മാണത്തിന് സഹായിക്കുക.

ലഭിക്കുന്ന സഹായം - 7500 രൂപ വായ്പയും 1500 രൂപ സബ്സിഡിയും

ആരെ സമീപിയ്ക്കണം - വില്ലേജ് ആഫീസർ

3. പദ്ധതിയുടെ പേര് - ഗ്രാമപ്രദേശങ്ങളിലെ ഭൂരഹിത തൊഴിലാളികൾക്ക് വീട് വയ്ക്കുന്നതിനു 4 സെൻറ് സ്ഥലം നൽകുക. റവന്യു ബോർഡ് ജില്ലാകളക്ടർ വഴി പദ്ധതി നടപ്പിലാക്കുന്നു. ജില്ലാകളക്ടറുടെ അനുമതി വാങ്ങി പഞ്ചായത്തുകൾ സ്ഥലം വാങ്ങി വിതരണം ചെയ്യുന്നു.

❑◆❑

സംസ്കാരം

ഒരു കുടിയേറ്റഗ്രാമമാണ് ഇരട്ടയാർ. 1950 കളിലാണ് ഈ പഞ്ചായത്തിൽ കുടിയേറ്റം ആരംഭിച്ചത്. കോട്ടയം, മദ്ധ്യതിരുവിതാംകൂർ, ആലപ്പുഴ, തിരുവനന്തപുരം, കൊല്ലം എന്നീ ജില്ലകളിൽ നിന്നുമാണ് പ്രധാനമായും ആളുകൾ ഇവിടെ കുടിയേറിപ്പാർത്തത്. ഭക്ഷ്യദൗർലഭ്യം, കൊടുംദാരിദ്ര്യം, ജീവിക്കാനുള്ള അഭിനിവേശം എന്നിവയാണ് കുടിയേറ്റം നടത്തുവാൻ ആളുകളെ നിർബന്ധിതരാക്കിയത്. കൂടാതെ കേരളത്തിൻേറതുമാത്രമായ വനവും, വനഭൂമികളും, വനസമ്പത്തും തമിഴ്നാട്ടുകാരായ ഒരു വിഭാഗം കയ്യേറുകയും വനവിഭവങ്ങളും, വനസമ്പത്തായ തടി, തേൻ മുതലായവ തമിഴ്നാട്ടിലേക്ക് കടത്തുകയും ചെയ്തപ്പോൾ സർക്കാരും അധികാരികളും കുടിയേറ്റം നടത്തുന്നതിന് മൗനാനുവാദം നൽകി.

പ്രധാനമായും രണ്ടു തരം കുടിയേറ്റങ്ങൾ ആണ് നടന്നത്. ഒന്നാമതായി, അല്പമാത്ര മൂലധനവും അതിലേറെ അദ്ധ്വാനവും ധൈര്യവും കൈമുതലായി കടന്നു വന്ന കർഷകരുടെ കുടിയേറ്റം. രണ്ടാമതായി കർഷകതൊഴിലാളികളായി എത്തിയവരുമാണ്. ഈ വിഭാഗത്തിൽ ചിലർ ഇവിടെ സ്ഥിര-താമസക്കാരായി മാറിയപ്പോൾ മറ്റു ചിലർ ഇരട്ടയാറിൻെറ സീസൺകാലമായ ഡിസംബർ മുതൽ മെയ് അവസാനം വരെ ഇവിടെ തങ്ങിയിട്ട് മടങ്ങിപ്പോയിരുന്നവരുമാണ്. ഈ മൂന്നു വിഭാഗം ജനങ്ങളുടെയും തനതു പാരമ്പര്യങ്ങളുടെ സമന്വയത്തിൽ നിന്നുമാണ് ഇരട്ടയാറിനു സ്വന്തമായ സാംസ്കാരിക പൈതൃകം രൂപംകൊണ്ടത്.

50-കളുടെ പകുതിയിൽ കുടിയേറ്റം ആരംഭിച്ചുവെങ്കിലും സാംസ്കാരിക ലക്ഷ്യത്തോടെയുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ പിന്നെയും കുറേ വർഷങ്ങൾ എടുത്തു. ജനങ്ങൾ തങ്ങളുടെ സാംസ്കാരിക രംഗത്തെ പ്രവർത്തനങ്ങളോടുള്ള ആഭിമുഖ്യം ആദ്യം പ്രകടിപ്പിച്ചത് ദേവാലയങ്ങളുടെ രൂപീകരണത്തോടനുബന്ധിച്ചാണ്. ഇപ്പോൾ ഫൊറോനാ പള്ളിയായി ഇരട്ടയാറ്റിൽ സ്ഥിതിചെയ്യുന്ന സെൻറ് തോമസ് പള്ളി ആദ്യം ഉപ്പുകണ്ടത്തിലാണ് സ്ഥാപിതമായത്. കുടിയേറ്റ ജനതയുടെ സാംസ്കാരിക ചരിത്രത്തിൽ, അവിസ്മരണീയമായ സ്വാധീനം ചെലുത്താൻ ആരാധനാലയങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ ഒൻപതു വാർഡുകളിലായി ഹിന്ദു-ക്രിസ്ത്യൻ മതവിഭാഗങ്ങളുടെ നിരവധി ആരാധനാലയങ്ങൾ സ്ഥിതിചെയ്യുന്നുണ്ട്. ഈ ആരാധനാലയങ്ങളോടനുബന്ധിച്ചുള്ള തിരുനാളാഘോഷങ്ങളും, ഉത്സവാഘോഷങ്ങളും പഞ്ചായത്തിലെ ജനതയുടെ ഉന്നതമായ ഒരു സാംസ്കാരിക പൈതൃകത്തിൻെറ ഉദാത്തമായ മാതൃകയാണ്.

കുടിയേറ്റക്കാലത്ത് ജീവിതത്തിൽ മുഴുവൻ വെല്ലുവിളികൾ നിറഞ്ഞുനിൽക്കുകയും, ഫലപ്രദമായി പ്രതിരോധിക്കാൻ ഒരു ശക്തിയും തങ്ങളെ പിന്തുണയ്ക്കാതിരിക്കുകയും ചെയ്തപ്പോൾ അന്നത്തെ നിസ്വാർത്ഥരായ പുരോഹിതൻമാർ ജനങ്ങൾക്ക് പിന്തുണയും സഹായവും നൽകി. പുരോഹിതന്മാരുടെ കീഴിൽ അണിനിരന്ന ജനങ്ങൾ മത-ജാതി സ്പർദ്ധകളില്ലാത്തവരുമായിരുന്നു. നിരവധി പന്തിഭോജനങ്ങൾക്കു ശേഷവും കേരളീയ സമൂഹത്തിൽ നിലനിന്നിരുന്ന അയിത്തം പോലുള്ള അനാചാരങ്ങൾ ഇവിടെ സൂര്യപ്രകാശത്തിൽ മഞ്ഞുപോലെ അലിഞ്ഞുപോയി. ഇത് സാമൂഹ്യ അയിത്തങ്ങൾക്ക് എതിരേയുള്ള നിശബ്ദമായ സാമൂഹ്യവിപ്ലവം കൂടി ആയിരുന്നു. കുടിയിറക്കു ഭീഷണി മൂലം ദേവാലയങ്ങളുടെ കീഴിൽ സംഘടിച്ചവർ, അതിൻെറ കാരണമായ കുടിയിറക്കു ഭീഷണി അവസാനിച്ചപ്പോൾ സ്വന്തം സ്വത്വം മതപരമായും, സാമൂഹ്യപരമായും കണ്ടെത്തുവാൻ ശ്രമിച്ചു. ആ അവസ്ഥയിൽ എല്ലാവരേയും ഉൾക്കൊള്ളുവാനുള്ള ഒരു സാമൂഹ്യപ്രസ്ഥാനത്തിൻെറ അഭാവം ഈ ഐക്യബോധം നിലനിർത്തുവാൻ കഴിഞ്ഞില്ല. ഇതിനോടനുബന്ധമായി മറ്റൊരു സാംസ്കാരികച്യുതികൂടി സൂചിപ്പിക്കപ്പെടേണ്ടതായിട്ടുണ്ട്. കുടിയേറ്റ ഭൂമിക്ക് പട്ടയം ലഭിച്ചു തുടങ്ങിയതോടുകൂടി സമൂഹത്തിൻെറ അസ്ഥിരത അവസാനിക്കുകയും, സാമ്പത്തികമേൽക്കോയ്മ കയ്യിൽ വന്നവർ സമൂഹത്തിൻെറ നിയന്ത്രണം ഏറ്റെടുക്കുകയും ചെയ്തപ്പോൾ തനിയെ ഇല്ലാതായ പല സാമൂഹിക തിന്മകളും മടങ്ങിവന്നു.

കുടിയേറ്റക്കാലത്ത് സാമൂഹിക ഐക്യം നിലനിന്നിരുന്നു എങ്കിലും സാംസ്കാരികമായ ഒരു അന്വേഷണത്തിൽ നിന്നും രൂപം കൊണ്ടതായിരുന്നില്ല അത്. അതുകൊണ്ടാണ് ഈ ഐക്യം വളരെവേഗം തകർന്നത്. സാംസ്കാരിക പ്രവർത്തന ഭാഗമായി വായനശാലകളും ക്ലബ്ബുകളും രൂപീകരിക്കുന്നതിനാരംഭിച്ചു. 1960-ൽ ഉപ്പുകണ്ടത്തിൽ ടാഗോർ പബ്ലിക് ലൈബ്രറിയും, ഇരട്ടയാർ കേന്ദ്രമായി Y.M.A. പബ്ലിക് ലൈബ്രറിയും, ശാന്തിഗ്രാം വിജയാ ലൈബ്രറിയും ആരംഭിച്ചു. ജനങ്ങളുടെ കൂട്ടായ്മയ്ക്കും, സാംസ്കാരിക വികാസത്തിനും ഈ സംരംഭങ്ങൾ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്. ആരാധനാലയങ്ങളോടനുബന്ധിച്ച് ചില ഭക്ത സംഘടനകളുടെ ആഭിമുഖ്യത്തിലുള്ള ഗ്രന്ഥശാലകളും പ്രസ്താവ്യമാണ്. ഇപ്പോൾ 1, 2, 5, 7, 8 എന്നീ വാർഡുക

ളിൽ വായനശാലകൾ പ്രവർത്തിക്കുന്നുണ്ട്. 3, 4, 6 വാർഡുകളിൽ വായനാശാലകൾ ഇല്ല. 9-ാം വാർഡിൽ നിലവിലുള്ള വായനശാലയ്ക്ക് ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമില്ലാത്തത് ഒരു പോരായ്മയാണ്. എല്ലാ വാർഡുകളിലും ക്ലബ്ബുകൾ പ്രവർത്തനക്ഷമമാണ്.

കുടിയേറ്റത്തോടനുബന്ധിച്ച് കാര്യമായ പാരമ്പര്യകലാരൂപങ്ങൾ ഈ നാട്ടിലേക്ക് കടന്നുവന്നിട്ടില്ല. എങ്കിലും പരിചമുട്ടുകളി, കോൽക്കളി, വിൽപാട്ട്, കോലടി, ഓട്ടംതുള്ളൽ, മാർഗ്ഗംകളി എന്നീ കലാരൂപങ്ങൾ പഞ്ചായത്തിൽ അങ്ങിങ്ങു കാണാം. തൂളസിപ്പാറ S.N.D.P. യുടെ കീഴിലുള്ള ശ്രീ. സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിലെ ഉത്സവത്തോടനുബന്ധിച്ച് സ്ഥിരമായി നടത്തിവന്നിരുന്ന സാംസ്കാരിക സമ്മേളനം ശ്രദ്ധേയമായിരുന്നു.

ഇരട്ടയാറിന്റെ കലാ-സാഹിത്യ ചരിത്രത്തിൽ അവിസ്മരണീയങ്ങളായ സംഭാവനകൾ നൽകിയവർ പലരുണ്ട്. മലയാള നാടകരംഗത്തെതന്നെ ശ്രദ്ധേയനായ ശ്രീ. എം. ജെ. ആൻറണി അതിലൊരാളാണ്. കുടിയേറ്റ തലമുറയുടെ തൊട്ടുപിൻമുറക്കാരനായി ജനിച്ച് കുടിയേറ്റ മേഖലയുടെ പരിമിതിയിൽ നിന്നുകൊണ്ട് നാടക സങ്കേതങ്ങളെ സ്വായത്തമാക്കുകയും തന്റെ തലമുറയെ മുഴുവൻ അതിൽ തല്പരരാക്കുകയും ചെയ്തു എന്നതാണ് അദ്ദേഹത്തിന്റെ പ്രത്യേകത.

മറ്റൊരാൾ ശ്രീ. മാരാരിക്കുളം പത്മനാണ്. ആലപ്പുഴ ഉദയാസ്റ്റുഡിയോയുടേയും, ചേർത്തല ധന്വന്തരി നൃത്ത കലാക്ഷേത്രത്തിന്റെയും സഹായത്തോടുകൂടി 1970-ൽ സപ്തസാഗര എന്ന കലാസമിതി രൂപീകരിച്ച് ഇദ്ദേഹം കുടിയേറ്റ കർഷകരുടെ കലാഭിരുചിയെ സമ്പുഷ്ടമാക്കുകയും, കലയോടുള്ള ആഭിമുഖ്യം വളർത്തുകയും ചെയ്തു. ബാലെ, നാടകം, കഥാപ്രസംഗം, ശാസ്ത്രീയ സംഗീതം എന്നിവ ഈ കലാസമിതിയുടെ കീഴിൽ പരിപോഷിപ്പിക്കപ്പെട്ടു.

ഇനി മറ്റൊരാൾ ശ്രീ. ശാന്തിഗ്രാം ഗോപിയാണ്. സ്വന്തമായി രചനയും സംവിധാനവും നിർവ്വഹിച്ച് വിൽപ്പാട്ട്, നാടകം തുടങ്ങിയ കലാരൂപങ്ങൾ അവതരിപ്പിച്ച് ജനകീയമാക്കുന്നതിൽ ശ്രീ. ഗോപി അദ്വിതീയമായ പങ്ക് വഹിച്ചിട്ടുണ്ട്. ഇപ്പോൾ രചനാ തിയേറ്റേഴ്സ് എന്ന കലാസമിതിയുടെ രക്ഷാധികാരിയാണ്. ശ്രീ. ത്യാഗരാജൻ മാസ്റ്ററുടെ പേരും അവിസ്മരണീയമാണ്. സ്കൂളുമായി ബന്ധപ്പെട്ട് നിരവധി കുട്ടികളെ വാദ്യോപകരണങ്ങളുടെ പ്രയോഗവും, സംഗീതവും അഭ്യസിപ്പിച്ച് ഇന്നത്തെ തലമുറയിൽപ്പെട്ട ഒരു വലിയ വിഭാഗത്തിനെ കലയോട് ആഭിമുഖ്യമുള്ളവരാക്കി മാറ്റുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. ഈട്ടിത്തോപ്പിലെ യുവജനങ്ങൾ സംഘടിച്ച് രൂപീകരിച്ച അനുഗ്രഹ ആർട്സും, കൊച്ചു കാമാക്ഷിയിലെ തിരുവിതാംകൂർ കലാസമിതിയും ആണ് പഞ്ചായത്തിലെ പ്രധാന കലാസമിതികൾ. കൂടാതെ ഉറുമ്പോലിപടി കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന കലയോടു ആഭിമുഖ്യമുള്ള പ്രവർത്തനവും സ്മരണീയമാണ്. S.N.D.P. ദേവസ്വം സെക്രട്ടറിയായിരുന്ന K.P. ഗോപിയുടെ സാംസ്കാരികരംഗത്തെ പ്രവർത്തനങ്ങൾ വിലമതിക്കപ്പെടേണ്ടതാണ്. സാംസ്കാരികരംഗത്തെ വർത്തമാനകാലത്തെ പ്രധാന പ്രശ്നം സമൂഹത്തിന്റെ ശിഥിലീകരണമാണ്. ആദ്യകാലത്തിന്റെ ഐക്യം ഇന്ന് ജനങ്ങൾക്കില്ല. ഓരോരുത്തരും തന്നിലേക്ക് ഉൾവലിയുകയും സ്വന്തം വളർച്ചയ്ക്കുമാത്രം ഉതകുന്ന പരിപാടികളിൽ മുഴുകുകയും ചെയ്യുന്ന അവസ്ഥയാണിന്നുള്ളത്. ഇതിന്റെ ഫലമായി ക്രൂരമായ ചൂഷണങ്ങളും, സമൂഹത്തിൽ അരങ്ങേറി തുടങ്ങിയിരിക്കുന്നു. ഒറ്റയ്ക്കും സംഘംചേർന്നും പ്രവർത്തിക്കുന്ന ബ്ലേയ്ഡ് കമ്പനികൾ ഇതിന്റെ ഒരു ഉദാഹരണമാണ്. ഇവരുമായി സാമ്പത്തിക ഇടപാടിൽ വരുന്ന സാധാരണക്കാരൻ നിത്യദു:ഖത്തിലാഴുകയും അവരെ സഹായിക്കുവാൻആരും തയ്യാറാകാതെയിരിക്കുകയും ചെയ്യുന്ന അവസ്ഥയാണിന്നുള്ളത്.

ഇരട്ടയാർ പഞ്ചായത്തിൽ സ്കൂളുകൾ ആരംഭിച്ചതും അവയോടനുബന്ധിച്ചുള്ള യുവജനോത്സവങ്ങളും ഇരട്ടയാറിന്റെ കലാ-സാംസ്കാരിക വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

സാംസ്കാരിക ജീവിതത്തിന്റെ മറ്റൊരു മേഖലയാണ് ഉയർന്ന കായികബോധവും പ്രവർത്തനങ്ങളും. ഇരട്ടയാറിന്റെ കുടിയേറ്റ ചരിത്രത്തിലെ ഏറ്റവും പ്രധാന കായിക ഇനമായിരുന്നു വോളീബോൾ. കിളിത്തട്ട് എന്ന നാടൻ കായിക കലയ്ക്കും അന്ന് വൻ പ്രചാരം ഉണ്ടായിരുന്നു. ഇരട്ടയാർ പഞ്ചായത്തിലെ സ്കൂൾ ഗ്രൗണ്ടുകൾക്ക് വളരെ അസൗകര്യങ്ങൾ ഉണ്ടെങ്കിലും ഈ പഞ്ചായത്തിലെ സ്കൂൾ കുട്ടികൾ സംസ്ഥാന-ദേശീയ കായികമേളയിൽ റിക്കാർഡുകളോടെ നിരവധി മെഡലുകൾ വാരിക്കൂട്ടിയിട്ടുണ്ട്. ഉയർന്ന ലക്ഷ്യബോധത്തിന്റേയും അദ്ധ്യാപകരുടേയും - കുട്ടികളുടേയും സമർപ്പണത്തിന്റേയും ഫലമായിരുന്നു ഇത്. കായിക പ്രോത്സാഹനത്തിനുവേണ്ടി അത്യാവശ്യംവേണ്ടുന്ന അടിസ്ഥാന സൗകര്യം സ്റ്റേഡിയങ്ങൾ ഉണ്ടാക്കുകയെന്നതാണ്. ആദ്യകാലത്ത് ആരാധനാലയങ്ങൾ ഇക്കാര്യത്തിൽ മുൻകൈയെടുത്തിരുന്നു. 4-ാം വാർഡിൽ പഞ്ചായത്ത് മിനി സ്റ്റേഡിയം ഉണ്ടെങ്കിലും പണി പൂർത്തിയായിട്ടില്ല. ഇരട്ടയാർ സെൻറ് തോമസ് ഹൈസ്ക്കൂളിന്റെ നവീകരണ വർഷത്തിൽ (1993-'94) P.T.A. യുടെ നേതൃത്വത്തിൽ ജനങ്ങളെ സംഘടിപ്പിച്ച് സ്കൂളിന്റെ പുനഃരുദ്ധാരണ പ്രവർത്തനങ്ങൾക്ക് രണ്ടു ലക്ഷം (2 ലക്ഷം) രൂപ പിരിച്ചെടുത്ത സംഭവം ഇന്നും സംഘടിക്കുവാനും, സഹകരിക്കുവാനുമുള്ള ജനങ്ങളുടെ ആവേശത്തിനു ഉദാഹരണമാണ്. സമകാലീന സാംസ്കാരിക ചരിത്രത്തിലെ രണ്ട് നാഴികക്കല്ലുകളാണ് സാക്ഷരതാ പ്രസ്ഥാനവും, ജനകീയ ആസൂത്രണ പ്രസ്ഥാനവും. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കൂട്ടായ്മയും, സഹകരണവും, സഹവർത്തിത്വവും നമ്മുടെ സമൂഹത്തിലേക്കു തിരികെ കൊണ്ടുവരുന്നതിലും, നിരക്ഷരരിൽ വിജ്ഞാനത്തിന്റെ പ്രകാശം കടന്നുചെല്ലുവാൻ വേദിയൊരുക്കിക്കൊണ്ട് നിലനിന്നിരുന്ന സാക്ഷരതാ പ്രസ്ഥാനത്തിന്റെ പ്രവർത്തനം വരുംകാലങ്ങളിലും തുടരേണ്ടിയിരിക്കുന്നു. പിന്നിട്ട ആ നാളുകൾ ഇരട്ടയാറിന്റെ സാംസ്കാരികതലത്തിലെ ഒരു സുവർണ്ണ കാലഘട്ടമായിരുന്നു. പതിനായിരത്തിലധികം ജനങ്ങൾ പങ്കെടുത്ത അക്ഷരസംഗമം റാലി ഇരട്ടയാറ്റിൽ നടന്നിട്ടുള്ള ഏതു പരിപാടിയേയും അപേക്ഷിച്ച് ജനപങ്കാളിത്തം പ്രകടമാക്കുന്നതായിരുന്നു.

ഇന്ന് സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനം നാടിന്റെ സാംസ്കാരിക മുന്നേറ്റത്തിലെ മറ്റൊരു വഴിത്തിരിവാണ്. സാമാന്യ ജനങ്ങളിൽനിന്ന് അന്യവല്ക്കരിക്കപ്പെട്ടിരുന്ന വികസനം എന്ന ആശയം ജനങ്ങളുടെ ഇടയിലേക്കു ശക്തി പ്രാപിച്ച്

തിരികെ വന്നിരിക്കുന്നു. നാടിന്റെ സാംസ്കാരിക മുന്നേറ്റത്തിൽ ജനകീയ ആസൂത്രണ പ്രസ്ഥാനം എന്നും കത്തിനിൽക്കുന്ന ഒരു ദീപമായി മാറണം.

നിലവിൽ നാടിന്റെ സാംസ്കാരിക മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പുരോഗമന കലാസാഹിത്യ സംഘം, ശാസ്ത്രസാഹിത്യപരിഷത്ത്, രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ യുവജനസംഘടനകളും, മതഭക്ത സംഘടനകളും ഈ രംഗത്ത് ഗണ്യമായ സംഭാവനകൾ നൽകി വരുന്നു.

ആദ്യകാലത്തിന്റെ ഐക്യബോധത്തിലേക്ക് എത്തിപ്പെട്ടുകൊണ്ട് ഉയർന്ന സാംസ്കാരിക മൂല്യങ്ങളെമുറുകെ പിടിച്ചുകൊണ്ട് ഒരു നല്ല നാളയിലേക്കു നടന്നു കയറുവാൻ നമ്മുടെ ശ്രമം സഹായിക്കുമെന്നു പ്രത്യാശിക്കാം.

പരിഹാര മാർഗ്ഗങ്ങൾ

1. ഇരട്ടയാർ പഞ്ചായത്തിന്റെ ഒൻപതു വാർഡുകളിലും സാംസ്ക്കാരിക നിലയങ്ങൾ സ്ഥാപിക്കണം.
2. പഞ്ചായത്തിനോടനുബന്ധിച്ച് ഒരു ലൈബ്രറി നിർമ്മിക്കണം.
3. ഇരട്ടയാർ കേന്ദ്രമാക്കി ഒരു പഞ്ചായത്ത് ടൗൺ ഹാൾ നിർമ്മിക്കണം.
4. പഞ്ചായത്തുതലത്തിൽ ഒരു സഞ്ചരിക്കുന്ന വായനശാല എല്ലാ വാർഡുകൾക്കും ഉപയോഗപ്പെടുന്ന രീതിയിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.
5. എല്ലാ വാർഡുകളിലും സാംസ്ക്കാരിക നിലയങ്ങളിൽ ടെലിവിഷൻ സൗകര്യം ലഭ്യമാക്കുക.
6. ശാന്തിഗ്രാമിലെ മിനി സ്റ്റേഡിയത്തിന്റെ പണികൾ ഉടൻ പൂർത്തീകരിക്കണം.
7. മികച്ച കലാ-കായിക സംസ്കാരം ഉണ്ടാക്കുന്നതിന് വാർഡുതല കലാ-കായിക മത്സരങ്ങൾ നടത്തുകയും പഞ്ചായത്തു തലത്തിൽ പരിശീലനം ഏർപ്പെടുത്തുകയും ചെയ്യണം.
8. നാടൻ പ്രാചീന കലകളെയും നാടൻ കായിക ഇനങ്ങളെയും പ്രോൽസാഹിപ്പിക്കുന്നതിനായി നടപടികൾ സ്വീകരിക്കണം. ഇതിനായി പഞ്ചായത്ത് തലത്തിൽ ഏകോപിച്ചുള്ള പ്രവർത്തനം ആവശ്യമാണ്.
9. അശ്ലീല പോസ്റ്ററുകൾ, മദ്യം, മയക്കുമരുന്ന്, ചൂതുകളി തുടങ്ങിയ സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തണം.
10. പഞ്ചായത്തിലെ അനധികൃത മദ്യവില്പന പൂർണ്ണമായും നിർത്തലാക്കണം.
11. പഞ്ചായത്തു തലത്തിൽ ഫിലിം സൊസൈറ്റി രൂപീകരിക്കണം.
12. പഞ്ചായത്തിലെ സാംസ്കാരിക - കലാ - കായിക രംഗങ്ങളിലെ പ്രവർത്തകരെ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു സാംസ്കാരിക സമിതി രൂപീകരിക്കണം.
13. വാഴവര ഗിരിജൻ കോളനിയിൽ കമ്യൂണിറ്റിഹാൾ നിർമ്മിക്കണം.
14. ഗ്രന്ഥശാലാ സംഘത്തിന്റെ അംഗീകാരമില്ലാത്ത ലൈബ്രറികൾക്കും ക്ലബ്ബുകൾക്കും രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.
15. കൊച്ചു കാമാക്ഷിയിൽ സൗജന്യമായി ലഭിച്ച സ്ഥലത്ത് പഞ്ചായത്തുവക സ്പോർട്സ് കേന്ദ്രം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുക.
16. പഞ്ചായത്തു മേളകൾ ജനസഹകരണത്തോടെ നടത്തുക.
17. വനിതകളെ സാംസ്കാരിക പ്രസ്ഥാനത്തിലേക്ക് കൂടുതലായി കൊണ്ടുവരുന്നതിന് പഞ്ചായത്തു തലത്തിൽ ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കണം.
18. ഗ്രന്ഥശാലാ ഭരണ സമിതികളിൽ വനിതാ പ്രാതിനിധ്യം ഉറപ്പാക്കണം.
19. ഈട്ടിത്തോപ്പിലെ പഞ്ചായത്തുവക സ്ഥലം സ്പോർട്സ് സൗകര്യത്തിനായി ഉപയോഗപ്പെടുത്തണം.
20. പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും പഞ്ചായത്തു വക കളിസ്ഥലം നിർമ്മിക്കുക.
21. പഞ്ചായത്ത് കേന്ദ്രമായ ഇരട്ടയാർ ടൗണിനോട് ചേർന്ന് മിനി സ്റ്റേഡിയം നിർമ്മിക്കുക.
22. ജില്ലാ-സംസ്ഥാന-ദേശീയ തലങ്ങളിൽ കലാ-കായിക രംഗത്ത് ഉന്നത നിലവാരം പുലർത്തുന്ന യുവതാരങ്ങളെ പ്രോത്സാഹിപ്പിക്കുകയും, പരിശീലിപ്പിക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ പഞ്ചായത്തു തലത്തിൽ ഉണ്ടാകണം.

❑◆❑

വനിതകൾ

ആദ്യകാലങ്ങളിൽ വിദ്യാഭ്യാസ സൗകര്യങ്ങൾ ഒന്നും തന്നെ ഈ പ്രദേശത്തില്ലാതിരുന്നതിനാൽ കുടിയേറിപ്പാർത്ത വരുടെ കുട്ടികൾക്ക് വേണ്ടത്ര വിദ്യാഭ്യാസം ലഭിച്ചിരുന്നില്ല. വഴിസൗകര്യങ്ങളും വാഹനസൗകര്യങ്ങളും ഇല്ലാതിരുന്നതി നാൽ പെൺകുട്ടികളെ ദൂരസ്ഥലമായ കട്ടപ്പനയിലും മറ്റും വിട്ട് വിദ്യാഭ്യാസം ചെയ്യിക്കുവാൻ മാതാപിതാക്കൾ വൈമ നസ്യം കാണിച്ചിരുന്നു. ഇതുമൂലം സ്ത്രീകൾ വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നിലായി. എന്നാൽ 1960-കാലഘട്ടങ്ങൾക്ക് ശേഷം വനപ്രദേശങ്ങൾ കാർഷിക മേഖലകളായതോടു കൂടി എല്ലാ രംഗങ്ങളിലും പുരോഗതി ഉണ്ടായിത്തുടങ്ങി. ഇതോടുകൂടി പെൺകുട്ടികൾ വിദ്യാഭ്യാസരംഗത്തേക്കു കടന്നു വന്നു.

ഇന്ന് ഇരട്ടയാർ പഞ്ചായത്തിൽ വനിതകൾ കലാകാ യികരംഗങ്ങളിലും വിദ്യാഭ്യാസരംഗത്തും മുൻപന്തിയിൽ നിൽക്കുന്നു.

വികസനപ്രക്രിയയിലെ പ്രധാന ദൗർബല്യങ്ങളി ലൊന്ന് വനിതകൾ അവഗണിക്കപ്പെടുന്നു എന്നതാണ്.ഈ പ്രതിഭാസം നമ്മുടെ പഞ്ചായത്തിലും കണ്ടുവരുന്നു. ബഹു ജനപ്രസ്ഥാനങ്ങളിൽ വനിതകൾക്കുള്ള പങ്കാളിത്തം വളരെ കുറവാണ്. ബഹുജനപ്രസ്ഥാനങ്ങളിൽ കുറച്ചെങ്കിലും പങ്കാ ളിത്തം ഉണ്ടാകുന്നതിന് കാരണമായത് സാക്ഷരതാ പ്രവർത്ത നങ്ങളുടെ മുന്നേറ്റമാണ്. സാക്ഷരതയുടെ കാര്യത്തിൽ ഇടുക്കി ജില്ലയിലെ പഞ്ചായത്തുകളിൽ മുൻപന്തിയിലാണ് ഇരട്ടയാർ പഞ്ചായത്ത്. വിദ്യാഭ്യാസരംഗത്ത് മറ്റു മേഖലക ളെക്കാൾ ഒട്ടും പിന്നിലല്ല ഈ പഞ്ചായത്തിലെ സ്ത്രീകൾ. ബിരുദവും ബിരുദാനന്തര ബിരുദവും നേടിയ സ്ത്രീകൾ ധാരാളം ഉണ്ടെങ്കിലും തൊഴിൽരംഗത്ത് സ്ത്രീകളുടെ അഭാവം വളരെ പ്രകടമാണ്. തൊഴിൽരംഗത്ത് കടന്നു വരാനുള്ള സാഹചര്യങ്ങൾ ഇല്ലാത്തതാണ് കാരണം. തൊഴിലില്ലായ് മയും പ്രധാന കാരണമായി നിലനിൽക്കുന്നു. വിദ്യാഭ്യാസ പൂർത്തീകരണത്തിനുശേഷം പെൺകുട്ടികളെ വിവാഹം കഴിച്ചയയ്ക്കുവാനാണ് കൂടുതൽ മാതാ-പിതാക്കൻമാരും ശ്രദ്ധ ചെലുത്തുന്നത്. ഇതുമൂലം സ്ത്രീകൾ തൊഴിൽ ചെയ്യുന്നതിൽനിന്നും വിമുഖത കാണിക്കുകയും തൊഴിൽ പരമായി ദീർഘവീക്ഷണം നടത്താതിരിക്കുകയും കുടുംബ കാര്യങ്ങളിൽ ശ്രദ്ധിച്ച് പുരുഷൻമാരെ ആശ്രയിച്ച് ഒതുങ്ങിക്ക ഴിയുന്നതിൽ താൽപ്പര്യം കാണിക്കുകയും ചെയ്യുന്നു. ഇടത്തട്ടു കാരായ സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉള്ള കുടുംബങ്ങ ളിൽ നിന്നും പെൺകുട്ടികളെ ശാസ്ത്ര- സാങ്കേതിക വിദ്യാഭ്യാസമേഖലകളിൽ ഉപരിപഠനത്തിന് അയയ്ക്കുന്ന തിന് വളരെയേറെ പ്രശ്നങ്ങളെ നേരിടേണ്ടിവരുന്നു. ഉപരി പഠനത്തിനുള്ള സൗകര്യങ്ങൾ ഈ പഞ്ചായത്തിൽ ഇല്ല എന്നതും വിദ്യാഭ്യാസരംഗത്തുണ്ടായ അപചയത്തിന് കാര ണമാണ്.

ഇന്ന് സമൂഹത്തിൽ നിലനിൽക്കുന്ന ദുഷിച്ച പ്രവണ തയാണ് പൊതുപ്രവർത്തനങ്ങളിലേർപ്പെടുന്ന സ്ത്രീകളോ ടുള്ള വിമർശനവും അവഗണനയും. ഇതിന് ഒരു മാറ്റം ഉണ്ടാകണമെങ്കിൽ സാമൂഹിക-സാംസ്കാരിക-ഭരണരംഗങ്ങ ളിൽ പുരുഷൻമാരോടൊപ്പം തന്നെ സ്ത്രീകൾക്കും 50% സംവരണം ഉറപ്പാക്കണം. അദ്ധ്യാപക വൃത്തിയിലും ഉയർന്ന ഉദ്യോഗസ്ഥതലങ്ങളിലും ജീവിക്കുന്ന സ്ത്രീകൾ പൊതുവെ സാമൂഹ്യപ്രവർത്തനരംഗത്തുനിന്നും ഒഴിഞ്ഞുമാറുന്നതും ഈ പഞ്ചായത്തിൽ സ്ത്രീകളുടെ ഉന്നമനത്തിന് എതിരായി നിൽക്കുന്ന പ്രധാന ഘടകങ്ങളിലൊന്നാണ്. ഇവർക്കായി പ്രത്യേകം ബോധവല്ക്കരണ ക്ലാസുകൾ നടത്തുകയും പബ്ലിക് ലൈബ്രറികൾ പ്രവർത്തനം നടത്തേണ്ടതുമാണ്.

പഞ്ചായത്തിലെ പട്ടികജാതി - പട്ടികവർഗ്ഗത്തിൽ പെട്ട സ്ത്രീകൾ പൊതുവെ വിദ്യാഭ്യാസപരമായും സാമൂ ഹ്യപരമായും സാംസ്കാരികമായും പിന്നോക്കാവസ്ഥയി ലാണ്. അവരുടെ വിദ്യാഭ്യാസത്തിനും കലാ-കായിക പ്രവർത്ത നങ്ങൾക്കും പ്രോത്സാഹനവും ധനസഹായവും നല്കേണ്ട താണ്. ഇരട്ടയാർ പഞ്ചായത്തിലെ ജനസംഖ്യയിൽ 56.5% സ്ത്രീകളാണ്. ഇവരിൽ 4.6% പട്ടികജാതിക്കാരും .11% പട്ടികവർഗ്ഗക്കാരുമാണ്. (അവലംബം - 1991 - സെൻസസ് പ്രകാരം). 40% സ്ത്രീകളും ഗൃഹജോലികളുമായി ഒതുങ്ങിക്ക ഴിയുന്നു. 30% കൂലിവേലയിൽ ഏർപ്പെടുന്നവരും 10% പേർ ഉദ്യോഗവൃത്തിയിൽ പെട്ടവരും ബാക്കിയുള്ളവർ പ്രായാ ധിക്യം അനുഭവിക്കുന്നവരും ശേഷിക്കുന്നവർ വിദ്യ അഭ്യ സിച്ചുവരുന്നവരുമാണ്. പൊതുപ്രവർത്തനങ്ങളിൽ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകൾ കേവലം കുറച്ചു പേർമാത്രമേയുള്ളു എന്നതാണ് കണക്കുകൾ കാണിക്കുന്നത്.

പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. വിദ്യാഭ്യാസമേഖലയിൽ ഉയർച്ചയുണ്ടെങ്കിലും തൊഴി ലില്ലായ്മ മൂലം സ്ത്രീകൾ വളരെ കഷ്ടതകൾ അനുഭവിക്കുന്നു. തൊഴിൽ ഉള്ള മേഖലയിൽതന്നെ കൂലിനിരക്കിലുള്ള വിവേചനം നിലനിൽക്കുന്നു. സ്ത്രീ കൾമാത്രം തൊഴിലെടുക്കുന്ന മേഖലകളിൽ കൂലി നിരക്ക് വളരെ കുറവാണ്. ഈയവസ്ഥയ്ക്ക് പരി ഹാരമായി തുല്യജോലിക്ക് തുല്യവേതനവും കൂലി നിരക്ക് ഏകീകരിക്കുകയും ചെയ്യേണ്ടതാണ്. നില വിലുള്ള മഹിളാസംഘടനകൾ ഊർജ്ജിതമാക്കു കയും പുതിയവ തൊഴിൽ സാദ്ധ്യതയോടുകൂടി ആരംഭിക്കുകയും ചെയ്യണം.

2. ബഹുജനസംഘടനകളിൽ വനിതാ പങ്കാളിത്തം വളരെ കുറവാണ്. പൊതുപ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വനിതകൾക്കു നേരെയുള്ള വിമർശനങ്ങൾ ഒഴിവാക്കുന്നതിനുവേണ്ടി വാർഡുതലത്തിൽ ബോധവല്ക്കരണ ക്ലാസുകളും സെമിനാറുകളും നടത്തണം. സ്ത്രീകളെ അശ്ലീലമായി ചിത്രീകരിക്കുന്ന പോസ്റ്ററുകളും മാഗസിനുകളും കർശനമായി നിരോധിക്കണം.

3. വായനാശീലം സ്ത്രീകളുടെ ജീവിതരീതികൾക്ക് വലിയ മാറ്റങ്ങൾ വരുത്തുവാൻ സാധിക്കുന്നതാണ്. അതിനാൽ സാമൂഹ്യ അവബോധം സൃഷ്ടിക്കുന്ന തരത്തിലുള്ള വായനാശീലം വളർത്തണം.

4. ''സ്ത്രീധന പീഡനവും സ്ത്രീപീഡനവും'' ഒഴിവാക്കുന്നതിനുവേണ്ടി നിലവിലുള്ള ''സ്ത്രീധനനിരോധന നിയമവും ചാരായ നിരോധന നിയമവും'' ഫലപ്രദമായി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. മാതാപിതാക്കൾക്കുള്ള സ്വത്തിൽ സ്ത്രീകൾക്കു തുല്യഅവകാശം നടപ്പാക്കുന്നതു വഴിയായി സ്ത്രീപീഡനവും സ്ത്രീധന പീഡനവും ഒരു പരിധിവരെ ഒഴിവാക്കുവാൻ സാധിക്കും.

5. സ്ത്രീകളുടെ നിത്യജീവിത-ഉയർച്ചയ്ക്ക് വിവിധതരത്തിലുള്ള പെൻഷനുകൾ കാലതാമസം കൂടാതെ ലഭ്യമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം (വിധവാ, തൊഴിലാളി, വാർദ്ധക്യകാലം) എന്നിവ.

6. ഇടത്തട്ടുകാരും താഴേക്കിടയിലുമുള്ള സ്ത്രീകളുടെ സാമ്പത്തിക ബുദ്ധിമുട്ടും തൊഴിലില്ലായ്മയും ഇല്ലാതാക്കുവാൻ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും നിർബന്ധമായും കാർഷിക വ്യാവസായികമേഖലകളിൽ തൊഴിൽ സംരംഭങ്ങൾ ഏർപ്പെടുത്തണം. ഉദാഹരണമായി, (കുടിൽവ്യവസായം, തയ്യൽ, പ്ലാസ്റ്റിക് തൊഴിലുകൾ, പുഷ്പകൃഷി, ബേക്കറി സാധനങ്ങളുടെ നിർമ്മാണം, പച്ചക്കറികൃഷി, കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, പന്നി വളർത്തൽ) മുതലായവ.

7. പഞ്ചായത്തിലെ നിലവിലുള്ള ഹെൽത്തുസെൻററുകളും അംഗൻവാടികളും കാര്യക്ഷമമാക്കണം. അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കേണ്ടതാണ്. കൂടാതെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും ആരോഗ്യസ്ഥിതി കണക്കിലെടുത്ത് എല്ലാ ഹെൽത്തുസെൻററുകളിലും മരുന്നുകളും പ്രതിരോധകുത്തിവെയ്പുകളും എത്തിക്കേണ്ടതാണ്.

8. ഡ്രൈവിംഗ് പരിശീലനം നേടിയ വനിതകൾക്ക് വേണ്ടതായ യാതൊരു ധനസഹായവും ഈ പഞ്ചായത്തിൽനിന്നും ഉണ്ടായിട്ടില്ല. ഇങ്ങനെയുള്ള വനിതകൾക്ക് വേണ്ടതായ പ്രോത്സാഹനവും ധനസഹായവും ബ്ലോക്ക്-പഞ്ചായത്ത്-തലങ്ങളിൽ നടപ്പാക്കുകയും അവർക്കു വേണ്ട സംരക്ഷണം നിയമം മൂലം ഉറപ്പാക്കുകയും വേണം.

9. സ്ത്രീകളുടെ ആരോഗ്യപരമായ പ്രശ്നങ്ങൾക്ക് പരിഹാരം എന്ന നിലയിൽ എല്ലാ വീടുകൾക്കും പുകയില്ലാത്ത അടുപ്പുകളോ പാചകവാതക സംവിധാനങ്ങളോ നടപ്പിലാക്കേണ്ടതാണ്. അതുപോലെതന്നെ എല്ലാ വീടുകൾക്കും കക്കൂസ് സൗകര്യങ്ങളും ഏർപ്പെടുത്തേണ്ടത് ആവശ്യമാണ്.

10. കുടിവെള്ളത്തിൻെറ ദൗർലഭ്യം മൂലം ഏറ്റവും അധികം വിഷമതകളനുഭവിക്കുന്നത് സ്ത്രീകളാണ്. അതിനാൽ വനിതകളുടെ പ്രത്യേക ആവശ്യമായി ജലദൗർലഭ്യമുള്ള എല്ലാ വാർഡുകളിലും കുടിവെള്ളം എത്തിക്കേണ്ടതാണ്.

11. മൊബൈൽ ഹെൽത്തു-സെൻററുകളുടെ ആവശ്യം ഈ പഞ്ചായത്തിനും ഉറപ്പാക്കണം.

12. ശാസ്ത്ര-സാങ്കേതിക വിദ്യാഭ്യാസ മേഖലകളിൽ സ്ത്രീകളുടെ നിലവാരം ഉയർത്തുന്നതിനായി ഈ പഞ്ചായത്തിൽ ഒരു ടെക്നിക്കൽ ഹൈസ്ക്കൂളും ഒരു പോളിടെക്നിക്കും ആവശ്യമാണ്. ഇതിനു സൗകര്യമുള്ള പ്രദേശം ഈ പഞ്ചായത്തിൽ തന്നെയുണ്ട്.

പുരുഷന്മാർ	6483
സ്ത്രീകൾ	6686
കുട്ടികൾ	8013
പട്ടികജാതി സ്ത്രീകൾ	483
പട്ടികവർഗ്ഗ സ്ത്രീകൾ	24
പ്രധാന തൊഴിലുള്ള സ്ത്രീകളുടെ എണ്ണം	3627
പ്രധാനമല്ലാത്ത തൊഴിലുള്ള സ്ത്രീകളുടെ എണ്ണം	2600
തൊഴിലില്ലാത്ത സ്ത്രീകളുടെ എണ്ണം	1600
ആകെ ഗർഭിണികളുടെ എണ്ണം	308
മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	358

അവലംബം : ബ്ലോക്ക് ഡേറ്റാ ബാങ്ക് 1995-'96
: ഐ.സി.ഡി.സി ഓഫീസ് 1995-'96

അമ്മമാരുടെ എണ്ണം (ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണത്തിൻെറ അടിസ്ഥാനത്തിൽ)	ഒരു കുട്ടി	428
	രണ്ട് കുട്ടികൾ	1816
	മൂന്നിൽ കൂടുതൽ	1412
കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ (ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ)	ഒരു കുട്ടി	388
	രണ്ട് കുട്ടികൾ	1216
	രണ്ടിൽ കൂടുതൽ കുട്ടികൾ	723

അവലംബം : ബ്ലോക്ക് ഡേറ്റാ ബാങ്ക് : 1995-96



ഇരട്ടയാർ ഗ്രാമപഞ്ചായത്ത് വികസനജ്യോതിപ്രകാശനം കെ. ജെ. ജോസഫ്, കാവിപുരയിടം നിർവഹിക്കുന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സി. കെ. ശശിധരൻ, ബേബി ഒലിക്കരോട്ട്, ബിജുകൃഷ്ണൻ, ഒ.റ്റി. ജോൺ, ജോസഫ് ആൻറണി, പി. ബി. ഷാജി എന്നിവർ സമീപം.

പഞ്ചായത്തിലെ ആദ്യകാല കുടിയേറ്റക്കാരനും പഞ്ചായത്ത് മെമ്പറുമായിരുന്ന ശ്രീ. കെ.ജെ. ജോസഫ് കാവിപുരയിടം 1996 നവംബർ 8 - ന് വികസന ജ്യോതി തെളിയിക്കുന്നു. നവംബർ 1 - ൻെറ പുനരർപ്പണ ദിനത്തോടനുബന്ധിച്ച് പഞ്ചായത്തിൽ ആയിരത്തിലധികം മനുഷ്യാധ്വാനം അന്നേ ദിവസം സമർപ്പിക്കപ്പെട്ടു. ഈ ആവേശത്തിൽനിന്നും കൊളുത്തിയ വികസന ജ്യോതി - വാർഡുകളിലേക്ക് പ്രയാണം ചെയ്തുകൊണ്ട് ജനകീയാസൂത്രണ പ്രവർത്തനത്തിന് കരുത്തേകി.

സഹകരണമേഖല

ഇരട്ടയാർ പ്രദേശത്തേയ്ക്കുള്ള കുടിയേറ്റം 1950-കളിൽ തുടങ്ങി അറുപതുകളുടെ പകുതിയോടുകൂടി അവസാനിക്കുകയും, ഭൂമി കൃഷിക്കാരന്റേതാക്കുകയും ചെയ്തു. ഈ കുടിയേറ്റങ്ങളുടെ വിജയം കൂട്ടായ്മയുടേതാണ്. കുടിയേറ്റ ആരംഭകാലത്ത് അദ്ധ്വാനശേഷിമാത്രം മൂലധനമായിരുന്ന കാർഷികമേഖലയിലെ കൃഷിപ്പണികൾ, പരസ്പരം സഹായിച്ച് നടത്തിയിരുന്ന ''മാറ്റാൾ''പണിയായിരുന്നു ഇവിടുത്തെ ആദിസഹകരണമേഖല. കാർഷികമേഖല ക്രമേണ വികസിക്കുകയും, കാർഷിക ചിലവുകൾക്കും മറ്റ് ചിലവുകൾക്കുമായി കൂടുതൽ സാമ്പത്തിക ആവശ്യങ്ങൾ ഉണ്ടാകുകയും ചെയ്തപ്പോൾ കൃഷിക്കാരുടെ ഇടയിൽ ഉണ്ടായിരുന്ന സംഘബോധത്തിൽനിന്നാണ് ഇരട്ടയാർ പഞ്ചായത്തിൽ രണ്ട് സഹകരണ പ്രസ്ഥാനങ്ങൾ ഉടലെടുത്തത്. അങ്ങനെ 1966 ആഗസ്റ്റ്മാസം 18-ാം തീയതി ഇരട്ടയാർ കേന്ദ്രീകരിച്ചും, ശാന്തിഗ്രാമിലുമായി ഓരോ പ്രാഥമിക സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. ഇരട്ടയാർ പഞ്ചായത്തിലെ 9 വാർഡുകളും ഈ രണ്ട് സഹകരണ പ്രസ്ഥാനങ്ങളുടെ പരിധിയിൽ വരുന്നതാണ്. ഈ സഹകരണസംഘങ്ങൾ കൂടാതെ സമീപ പഞ്ചായത്തുകളായ നെടുങ്കണ്ടം പഞ്ചായത്ത് പരിധിയിൽ വരുന്ന എഴുകുംവയൽ സർവ്വീസ് സഹകരണ സംഘത്തിലും, പാമ്പാടുംപാറ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വലിയതോവാള സർവ്വീസ് സഹകരണ സംഘത്തിലുമായി ഇരട്ടയാർ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കർഷകരും സഹകരണ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നു. കൃഷിക്കാരുടെ മിച്ചവരുമാനങ്ങൾ ഈ ബാങ്കുകളിൽ നിക്ഷേപിക്കുകയും അവർക്ക് ആകർഷകമായ പലിശ ലഭിക്കുകയും ചെയ്യുന്നു. കാർഷിക കാർഷികേതര ആവശ്യങ്ങൾക്കുമായി വായ്പകൾകൊടുത്തും ഈ സഹകരണ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നു. ഈ രണ്ട് സർവ്വീസ് സഹകരണ ബാങ്കുകൾ കൂടാതെ ഇരട്ടയാർ കേന്ദ്രീകരിച്ച് ഒരു ജനറൽ മാർക്കറ്റിംഗ് സൊസൈറ്റിയും പ്രവർത്തിക്കുന്നു. കൂടാതെ ചെമ്പകപ്പാറയിൽ ഒരു വനിതാ സഹകരണ വ്യവസായ യൂണിറ്റും മൂന്ന് ക്ഷീരസഹകരണ സംഘങ്ങളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. വ്യവസായ സഹകരണ സംഘങ്ങളോ, ഉപഭോക്തൃ സഹകരണ സംഘങ്ങളോ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

(1) ഇരട്ടയാർ സർവ്വീസ് സഹകരണ ബാങ്ക്

1966 ആഗസ്റ്റ് മാസം 18-ാം തീയതി ഇരട്ടയാർ സർവ്വീസ് സഹകരണസംഘം പ്രവർത്തനം തുടങ്ങി. ശ്രീ. K.A. ആൻറണി ആദ്യപ്രസിഡണ്ടായി പ്രവർത്തനം തുടങ്ങിയ വർഷം തന്നെ കൃഷിക്കാർക്ക് ചെറിയ തുകകൾ വായ്പ കൊടുക്കുന്നതിന് സാധിച്ചു. കൃഷിക്കാരിൽനിന്ന് ലഭിച്ച ഓഹരിമൂലധനവും, ജില്ലാ ബാങ്കിന്റെ സഹകരണത്തോടും കൂടി ഒരു വർഷം കഴിഞ്ഞപ്പോൾതന്നെ ഈ പ്രസ്ഥാനം പൂർണ്ണമായി ബാങ്കിംഗ് ഇടപാടുകളുമായി പുരോഗതിയിലൂടെ മുന്നോട്ട് പോയി. സമൂഹത്തിന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് ബാങ്കിംഗ് ഇതരമേഖലകളിലും ഈ ബാങ്കിന്റെ സേവനങ്ങൾ ലഭ്യമാക്കി. നിത്യോപയോഗസാധനങ്ങൾ കുറഞ്ഞവിലയിൽ ലഭ്യമാക്കുന്നതിന് വേണ്ടി ഒരു പലചരക്കു കടയും, ഗുണമേന്മയുള്ള കാർഷികവിളകൾ നല്ല വിലയിൽ സംഭരിക്കുന്നതിനായി ഇരട്ടയാറ്റിലും, വാഴവരയിലും ഓരോ മലഞ്ചരക്കു കടയും തുടങ്ങി. വസ്ത്ര വ്യാപാരരംഗത്തും ഈ ബാങ്ക് പ്രവർത്തനം നടത്തിയിരുന്നു. ഈ വിധമുള്ള ബാങ്കിംഗ് ഇതരമേഖലയിലെ പ്രവർത്തനങ്ങളിലൂടെ വിദ്യാസമ്പന്നരായ യുവാക്കൾക്ക് തൊഴിൽ കൊടുക്കുന്നതിനും സാധിച്ചു. വാടക കെട്ടിടത്തിൽ കേവലം ഒറ്റ സ്റ്റാഫോടുകൂടി തുടങ്ങിയ ഈ സ്ഥാപനത്തിന് ഇന്ന് സ്വന്തമായി കെട്ടിടവും ഒൻപത് ജോലിക്കാരും ഉണ്ട്. ഈ വികസനകാലഘട്ടത്തിൽനിന്നും പിറകോട്ടുപോയതായ ചിത്രമാണ് ഇന്നുള്ളത്. ബാങ്കിംഗ് ഇതരവ്യാപാര മേഖലകളെല്ലാം നിർത്തലാക്കുകയും ബാങ്കിംഗ് ഇടപാടുകൾ തന്നെ മന്ദീഭവിക്കുകയും, ബാങ്ക് നഷ്ടത്തിലാകുകയും ചെയ്തു. നിർത്തലാക്കിയ വ്യാപാരസ്ഥാപനങ്ങൾ പുനർജീവിപ്പിക്കുകയും ആരംഭകാലത്തെ സേവനങ്ങൾ ഉണ്ടാക്കുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യമാണ്.

ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്ക്

ഇരട്ടയാർ പഞ്ചായത്തിലെ 4, 5, 6, 7, 8 വാർഡുകളും കാമാക്ഷിപഞ്ചായത്തിലെ 1, 2, 8, 10 വാർഡുകളും പ്രവർത്തന പരിധിയുള്ള ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്ക് ആദികാലഘട്ടത്തിൽ വൻലാഭത്തിലായിരുന്നു പ്രവർത്തിച്ചിരുന്നത്. ബാങ്കിംഗ് ഇതര വ്യാപാര മേഖലയിലേയ്ക്കും പ്രവർത്തനം വ്യാപിപ്പിച്ച് മലഞ്ചരക്ക് വ്യാപാരവും, വസ്ത്ര വ്യാപാരകേന്ദ്രവും തുടങ്ങി. ചെമ്പകപ്പാറയിലൊരു ബ്രാഞ്ച് തുടങ്ങി അവിടെ മലഞ്ചരക്ക് വ്യാപാരവും നടത്തിപോന്നിരുന്നു. ഇടക്കാലത്ത് ബാങ്കിംഗ് പ്രവർത്തനങ്ങൾ നഷ്ടത്തിലാകുകയും, വ്യാപാര സ്ഥാപനങ്ങൾ നിർത്തലാക്കുകയും ചെയ്തു. ഈ ശോചനീയാവസ്ഥയിൽനിന്ന് ഒരു മാറ്റം പ്രതീക്ഷിച്ച്, എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും പ്രാധിനിത്യമുള്ള ഒരു ഭരണസമിതിയാണ് ഇപ്പോൾ ഭരണം നടത്തുന്നത്.

ഇരട്ടയാർ ജനറൽ മാർക്കറ്റിംഗ് സൊസൈറ്റി

കാർഷിക മേഖലയായ ഇരട്ടയാർ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വളരെ പ്രയോജനപ്രദമായ ഒരു

സഹകരണ പ്രസ്ഥാനമാണ് മാർക്കറ്റിംഗ് സൊസൈറ്റി. 206 അംഗങ്ങളുമായി 6-5-1993 - ൽ രജിസ്റ്റർ ചെയ്ത് ഈ സൊസൈറ്റി പ്രവർത്തനം തുടങ്ങി. ന്യായമായ വിലയ്ക്ക് കാർഷിക വിളകളുടെ ശേഖരണവും, കൃഷിക്കാർക്ക് ആവശ്യമായ വളങ്ങളും, കീടനാശിനികളും വില്പന നടത്തുക എന്നതും ഇതിന്റെ ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതാണ്. ആരംഭകാലത്ത് നല്ല പ്രവർത്തനം നടത്താൻ സാധിച്ച ഈ പ്രസ്ഥാനത്തിന് നിലവിൽ വളരെ മന്ദഗതിയിലുള്ള പ്രവർത്തനമാണ്. കാർഷികവിളകളുടെ ശേഖരണവും, വിപണനവും നടത്താനാവാത്ത അവസ്ഥ. ഭരണസമിതിയുടെ ഉദാസീനതയാണ് ഇതിന്റെ കാരണമായി പറയുന്നത്. 10.10.96 മുതൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിലാണ്. വളരെ പ്രയോജനപ്രദമായ ഈ ബാങ്കിന്റെ പുനരുദ്ധാരണം അത്യാവശ്യമാണ്.

മൊത്തത്തിൽ ഈ പഞ്ചായത്തിലെ സഹകരണ മേഖല എന്നു പറയുന്നത്, ആരംഭത്തിൽ നല്ല രീതിയിൽ പ്രവർത്തിക്കുകയും, പിന്നീട് പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്യുന്നതാണ്. എല്ലാ ജനവിഭാഗങ്ങളുടെയും പ്രാധിനിത്യം ഉറപ്പാക്കി സഹകരണ പ്രസ്ഥാനത്തിന്റെ പുരോഗതി ഉറപ്പാക്കേണ്ടത് ഈ പഞ്ചായത്തിന്റെ സാമ്പത്തിക വികസനത്തിന് ആവശ്യമാണ്.

പ്രശ്നങ്ങൾ

ഈ പഞ്ചായത്തിലെ കൃഷിക്കാരുടെ സാമ്പത്തികാവശ്യങ്ങൾ നിറവേറ്റുന്നതിന് കൃഷിക്കാർക്ക് ആവശ്യമായ കാർഷിക വായ്പകൾ വിതരണം ചെയ്യുക. കുടിശ്ശിഖ നിലവാരം കുറയ്ക്കുന്നതിന് ജനങ്ങളുടെ ഇടയിൽ പഞ്ചായത്തു തലത്തിൽ സഹകരണബോധവൽക്കരണം നടത്തുക. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുക. നമ്മുടെ പ്രദേശത്തുള്ള ജനങ്ങളുടെ നിക്ഷേപങ്ങൾ സഹകരണസ്ഥാപനങ്ങളിൽ നിക്ഷേപിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുക. കൃഷിക്കാരുടെ ഉല്പന്നങ്ങൾ ഈടായി സ്വീകരിച്ചുകൊണ്ട്, ഉല്പന്നങ്ങളുടെ ഈടിൻമേൽ വായ്പ ലഭ്യമാക്കുക.

2. മാർക്കറ്റിംഗ് സഹകരണ സംഘം പുനരുദ്ധരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുക.
3. ഇപ്പോൾ 3 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഒരു വാർഡിന് ഒരു ക്ഷീരവിപണന സഹകരണസംഘം വീതം അനുവദിച്ച് അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുക. സംഘങ്ങളുടെ രൂപീകരണത്തിനുള്ള കാലതാമസം ഒഴിവാക്കുക.
4. തൊഴിലില്ലാത്ത വനിതകളുടെ ഉന്നമനത്തിനായി ആവശ്യമുള്ള സ്ഥലങ്ങളിൽ ആവശ്യമായ വനിതാ വിവിധോദ്ദേശ സഹകരണസംഘങ്ങൾ സ്ഥാപിച്ചു പ്രവർത്തനം നടത്തുക.
5. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി പട്ടിക-ജാതി പട്ടികവർഗ്ഗ സഹകരണ സ്ഥാനപങ്ങൾ സ്ഥാപിച്ചു പ്രവർത്തനം ആരംഭിക്കുക.
6. വ്യവസായ സഹകരണ സംഘങ്ങൾ (കാലിത്തീറ്റ നിർമ്മാണ ഫാക്ടറി, കയർ ഫാക്ടറി, തേയില ഫാക്ടറി, കറിപൗഡർ നിർമ്മാണം, മെറ്റൽ നിർമ്മാണം മുതലായവ) സ്ഥാപിച്ച് പ്രവർത്തിക്കുക.
7. നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം വിപുലീകരിക്കുക.

കാർഷിക വികസന ബാങ്കുകൾ ഈ പഞ്ചായത്ത് പ്രദേശത്ത് നൽകിയ വായ്പകളുടെ വിവരം -- 1995 -'96

എത്ര പേർക്ക്	ഏത് ഇനം വായ്പ	നൽകിയ തുക
27	ഭവന നിർമ്മാണം	7,90,000
3	വാഹന വായ്പ	6,50,000
20	ഏലം കൃഷി	3,20,000
38	കന്നുകാലി വളർത്തൽ	6,16,000
5	ആടുവളർത്തൽ	23,000
47	ചെറുകിട ജലസേചനം	8,52,000
6	കയ്യാല	66,000
3	നേഴ്സറി	1,35,000
2	റബ്ബർ	21,000
191	Total	42,37,000

കട്ടപ്പന ഭവന നിർമ്മാണ സഹകരണ സംഘം നൽകിയ ഭവന നിർമ്മാണ വായ്പ - 44 പേർക്ക്, തുക - 15,61,300/-

ക്ഷീരസഹകരണ സംഘം

മൊത്തം ശേഖരിക്കുന്ന പാൽ (ലിറ്റർ)	പഞ്ചായത്തിൽ തന്നെ വിൽക്കുന്നത് (ലിറ്റർ)	പുറത്തേക്ക് അയയ്ക്കുന്നത് (ലിറ്റർ)
762	42	720
K.D.S. കൊച്ചുകാമാക്ഷി (200)	15	185

സ്ഥാപനങ്ങളിൽനിന്ന് സ്വീകരിച്ച വായ്പകൾ
1995-'96

	സ്ഥാപനം	സ്വഭാവം	തുക
ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്ക്	ഇടുക്കി ജില്ലാ സഹകരണ ബാങ്ക്	ഹ്രസ്വകാല വായ്പ	42,00,000
	,,	പുനരുദ്ധാരണ വായ്പ	26,96,000
	,,	ബിസിനസ്സ് വായ്പ	6,00,000
ഇരട്ടയാർ സർവ്വീസ് സഹകരണ ബാങ്ക്	ഇടുക്കി ജില്ലാ സഹകരണ ബാങ്ക്	കാർഷിക വായ്പ	67,98,320
	,,	സാധാരണ വായ്പ	15,88,425
	,,	പദ്ധതി വായ്പ	4,11,870
	,,	ഓവർ ഡ്രാഫ്റ്റ്	49,677

നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

	വായ്പാ സ്വഭാവം	തുക	സ്ഥാപനത്തിന്റെ ചിലവുകൾ	
			ശമ്പള ചെലവുകൾ	അനൗപചാരിക ചെലവുകൾ
ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്ക്	കൃഷിവായ്പ	11,60,161	4,75,000	6,00,000
	മദ്ധ്യകാല വായ്പ	45,225		
	കിണർ കുഴിക്കുന്നതിന്	1,800		
	പശുവളർത്തൽ (IRDP)	2,867		
	വിദ്യാഭ്യാസ വായ്പ	4,380		
	സാധാരണ വായ്പ	88,459		
	ബിസ്സിനസ്സ് വായ്പ	18,975		
ഇരട്ടയാർ സർവ്വീസ് സഹകരണ ബാങ്ക്	കൃഷി വായ്പ	25,07,270	6,18,690	1,64,812
	മദ്ധ്യകാല വായ്പ	7,93,175		
	കിണർ കുഴിക്കുന്നതിന് (സ്വന്തം ഫണ്ട്)	25,500		
	പദ്ധതി വായ്പ	1,49,252		

വായ്പകൾ 1995-96

സ്ഥാപനത്തിന്റെ പേര്	കാർഷിക വായ്പ	തുക	മറ്റ് വായ്പകൾ	തുക	പ്രത്യേക വായ്പകൾ	തുക
ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്ക്	കൃഷിവായ്പ	44,00,618	വിദ്യാഭ്യാസവായ്പ	4,380	സ്വർണ്ണപണയം	8,78,405
	മധ്യകാല വായ്പ	45,225	സാധാരണ വായ്പ	2,21,019	ബിസിനസ്സ് വായ്പ	16,78,470
	കിണർ കുഴിക്കുന്നതിന്	7,640	പെട്ടിക്കട IRDP	27,140	നിക്ഷേപ ഈടിന്മേൽ	14,20,340
	സ്വന്തംഫണ്ട്	22,383				
	പശുവളർത്തൽ (IRDP)	3,986				
ഇരട്ടയാർ സർവ്വീസ് സഹകരണ ബാങ്ക്	ഹ്രസ്വകാല കാർഷിക വായ്പ	60,08,580	സാധാരണ വായ്പ	17,04,125	വ്യാപാര വായ്പ	13,43,765
	സ്വന്തം ഫണ്ട്	25,500	പദ്ധതി വായ്പ	3,08,000	സ്വർണ്ണപണയം	26,21,800
					നിക്ഷേപ വായ്പ	26,400
					ക്യാഷ് ക്രെഡിറ്റ്	7,000

സഹകരണസംഘങ്ങൾ - 1995-'96

സ്ഥാപനത്തിന്റെ പേര്	പ്രവർത്തന പരിധി	സ്ഥാപന വർഷം	ജീവനക്കാരുടെ എണ്ണം	അംഗങ്ങളുടെ എണ്ണം	ഓഹരി മൂലധനം	സർക്കാർ നിക്ഷേപം തുക	സ്ഥിര നിക്ഷേപം	ഹ്രസ്വകാല നിക്ഷേപം	പരമാവധി കടം എടുക്കാവുന്ന തുക	പിരിഞ്ഞു കിട്ടിയ ഓഹരിമൂലധനം
ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്ക്	ഇരട്ടയാർഗ്രാം പഞ്ചായത്തിലെ 4,5,6 7,8 വാർഡുകൾ കാമാക്ഷി ഗ്രാമപഞ്ചായത്തിലെ 1,2,8,10	18-08-1996	9	7223	5,00,000	55,000	7,79,503	28,02,412	1,00,00,000	8,94,350
ഇരട്ടയാർ സർവ്വീസ് സഹകരണ ബാങ്ക്	ഇരട്ടയാർ പഞ്ചായത്തിലെ 1,2,3,4,8,9 വാർഡുകൾ	18-08-1996	9	4616	10,00,000	50,000	40,86,500	24,05,386	2,22,91,460	11,04,990

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

അന്തിക്ക് തല ചായ്ക്കുവാൻ സ്വന്തമായി ഒരിഞ്ച് ഭൂമിപോലും ഇല്ലാതിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഒരു സംഘം ആൾക്കാരെ ഒന്നിച്ചണിനിരത്തിക്കൊണ്ട് യശ: ശരീരനായ, കവിയൂർസ്വദേശി ശ്രീ. ജ്ഞാനയോഗിയുടെ നേതൃത്വത്തിൽ ഉപ്പുകണ്ടം കേന്ദ്രമാക്കിയും, എരുമേലി സ്വദേശി വെള്ളയിൽ ശ്രീ. P.K. നീലകണ്ഠന്റെ നേതൃത്വത്തിൽ ഈട്ടിത്തോപ്പ് കേന്ദ്രമാക്കിയും ഓരോ പട്ടിക ജാതി കോളനികൾക്ക് 1959-60 കാലഘട്ടങ്ങളിൽ രൂപം നല്കി പ്രവൃത്തിച്ചുകൊണ്ടിരുന്ന ചരിത്ര സത്യം ഇന്ന് ജീവിച്ചിരിക്കുന്ന സാമൂഹ്യപ്രവർത്തകരായ പഴമക്കാരുടെ സ്മരണകളിൽ ഒരു പൂനിലാവ് പോലെ പ്രശോഭിക്കുന്നുണ്ട്. കാലചക്രത്തിന്റെ തിരിവിൽ അനാചാരങ്ങൾക്കും അടിച്ച മർത്തലുകൾക്കും വിധേയരായ ഇക്കൂട്ടരുടെ കൈവശഭൂമി കൾ അന്യാധീനപ്പെടുകയും തൽഫലമായി ചിന്നിച്ചിതറി പോയ ടി വിഭാഗക്കാരുടെ ബാക്കിപത്രമാണ് ഇരട്ടയാർ പഞ്ചായത്തിലെ പട്ടികജാതി കോളനികളായി പ്രത്യക്ഷ പ്പെട്ടിരിക്കുന്ന അവികസിതങ്ങളായ 5 സങ്കേതങ്ങൾ.

1971 വർഷത്തിൽ ഇരട്ടയാർ പഞ്ചായത്ത് രപം കൊണ്ടു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാരുടെ സാമൂ ഹികവും സാമ്പത്തികവുമായ ഒട്ടനവധി ക്ഷേമപ്രവർത്ത നങ്ങൾ ബഹു. ഗവ. മുഖേന നടപ്പിൽ വരുത്തി. ഈ വിഭാഗത്തിൽപ്പെട്ട സാമൂഹിക പ്രവർത്തകരുടെ പരിശ്ര മത്തിന്റെ ഫലമായി നിലവിലുള്ള പട്ടികജാതി പട്ടികവർഗ്ഗ സങ്കേതങ്ങളെ കോളനികളാക്കി ബഹു. ഗവ. നിന്നും അംഗീകാരം നേടി. (ഉപ്പുകണ്ട്, ഇടിഞ്ഞമല, തോവാളമേട്, കൊച്ചുകാമാക്ഷി തേക്കുംകാനം എന്നീ 5 പട്ടികജാതി കോളനികളും വാഴവരയിൽ ഒരു പട്ടിക വർഗ്ഗകോളനിയും ഇപ്പോൾ നിലവിലുണ്ട്). 1991-ലെ സെൻസസ് കണക്ക് പ്രകാരം 466 പുരുഷന്മാരും 483 സ്ത്രീകളും പട്ടികജാതി വിഭാഗത്തിലും, 17 പുരുഷന്മാർ 23 സ്ത്രീകൾ പട്ടികവർഗ്ഗ വിഭാഗത്തിലും ഇപ്പോൾ നിലവിലുണ്ട്. ഇടിഞ്ഞമല പട്ടിക ജാതി കോളനി I.H.D.P. യിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. പ്രസ്തുത വിഭാഗങ്ങളുടെ എല്ലാവിധ ഉന്നമനത്തിനുമായി മറ്റുള്ള കോളനികൾകൂടി I.H.D.P. യിൽ ഉൾപ്പെടുത്തു കയും കോളനികളില്ലാത്ത മറ്റ് വാർഡുകളിൽ അർഹത പരിശോധിച്ച് കോളനികൾ സ്ഥാപിച്ച് I.H.D.P. യിൽ ഉൾപ്പെടുത്തി ഇക്കൂട്ടരുടെ ജീവിത നിലവാരം മെച്ചപ്പെ ടുത്തേണ്ടതാണ്. ബഹുഭൂരിപക്ഷംപേരും സാക്ഷരർ ആകുന്നു എങ്കിലും നിത്യവൃത്തിക്കായി ഇവർ സ്ഥിരവരുമാനം അല്ലാത്ത കൂലിപ്പണിയെ ആശ്രയിക്കുന്നു.

ജില്ലയിലെ പഞ്ചായത്തുകളുടെ പ്രാഥമിക ജന സംഖ്യാ കണക്കിൽനിന്ന്:

		പട്ടികജാതി		പട്ടികവർഗ്ഗം	
പഞ്ചായത്ത്	വാർഡ്	പുരുഷന്മാർ	സ്ത്രീകൾ	പുരുഷന്മാർ	സ്ത്രീകൾ
ഇരട്ടയാർ	1	18	9	-	-
	2	54	60	1	-
	3	1	3	10	13
	4	117	114	4	8
	5	37	40	-	-
	6	56	69	-	-
	7	53	57	2	1
	8	61	59	-	1
	9	64	72	-	1
ആകെ		466	483	17	24

I തൊഴിൽ

വിദ്യാഭ്യാസ മേഖലയിൽ കാര്യമായ പുരോഗതി ലഭിച്ചിട്ടില്ല എങ്കിൽപോലും വിദ്യാഭ്യാസമുള്ളവർ തൊഴിൽ രഹിതരാണ്. അന്യനാടുകളിൽ തൊഴിൽ അന്വേഷിച്ചു പോകുന്നവർ കൂടുതലും നിർമ്മാണ പ്രക്രിയകളിൽ ഏർ പ്പെട്ടിരിക്കുന്നവരാണ്. ഭാഷ, ആരോഗ്യം തുടങ്ങിയ പ്രശ്ന ങ്ങൾ മൂലം ഇവർ തിരിച്ചു പോരേണ്ടിവരുന്നതിനാൽ കോളനികളിൽ തൊഴിലില്ലായ്മ വർദ്ധിക്കുകയും ദാരിദ്ര്യം നിലനില്ക്കുകയും ചെയ്യുന്നു. ഇവയ്ക്ക് പരിഹാരമായി I.R.D.P., E.A.S, DWCRA, JRY മുതലായ സ്കീമുകളിൽ കൂടുതൽ ഗുണഭോക്താക്കളെ ഉൾപ്പെടുത്തുകയും ട്രൈസം പദ്ധതിപ്രകാരം പഞ്ചായത്തിൽ തൊഴിൽ പരിശീലനം ലഭിച്ചവരെ കണ്ടെത്തി അവർക്ക് തൊഴിൽ സാദ്ധ്യത നല്കുകയും, കാർഷിക രംഗം തൊഴിലാക്കിയിട്ടുള്ളവർക്ക് കൃഷിയിടങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിനുള്ള കയ്യാല പദ്ധതി നടപ്പിലാക്കിയും, കുളങ്ങളും മോട്ടോർ പമ്പുകളും കൃഷി ഭവൻ, മറ്റ് സ്ഥാപനങ്ങൾ മുഖേനയും സബ്സീഡി യായി അനുവദിച്ച് കാർഷികരംഗം വികസിപ്പിക്കുകയും അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ ഉന്നമനത്തിനായി ഒന്നോ അതിലധികമോ ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ സ്ഥാപിക്കുകയും SC/ST വിഭാഗത്തിൽ

പ്പെട്ട വനിതകൾക്ക്‌വേണ്ടി പ്രത്യേകം കുടിൽ വ്യവസായ സംരഭങ്ങളും ആരംഭിക്കേണ്ടതാകുന്നു.

II. പാർപ്പിടം

ഭവന നിർമ്മാണ പദ്ധതിപ്രകാരം ബഹുകേന്ദ്ര സംസ്ഥാന സർക്കാരുകൾ ഈ പഞ്ചായത്തിൽ നിർമ്മിച്ച് കൊടുത്തിട്ടുള്ള വീടുകളുടെ അറ്റകുറ്റപ്പണികൾ തീർത്ത് വാസയോഗ്യമാക്കേണ്ടതും നിലവിൽ വീടില്ലാത്തവർക്ക് നിർമ്മാണ ചിലവിലേക്ക് ഇപ്പോൾ നിശ്ചയിക്കപ്പെട്ടിരിക്കുന്ന തുക പര്യാപ്തമല്ലാത്തതിനാൽ പ്രസ്തുത തുക വർദ്ധിപ്പിച്ച് വാസയോഗ്യമായ ഭവനങ്ങൾ നിർമ്മിച്ച് കൊടുക്കേണ്ടതും നാളിതുവരെ ലഭ്യമായിട്ടുള്ള വീടുകളുടെ എണ്ണവും ലഭിക്കേണ്ട വീടുകളുടെ എണ്ണവും കൃത്യമായി കണ്ടെത്തി പഞ്ചായത്ത് തലത്തിൽ ലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതും ഏതുനിമിഷവും നിലംപൊത്താവുന്ന അവസ്ഥയിൽ സ്ഥിതി ചെയ്യുന്ന പഞ്ചായത്തിലെ ഏക ലക്ഷംവീട് കെട്ടിടം പുതുക്കിപ്പണിത് ഭവനരഹിതരായവരെ കണ്ടെത്തി പുനരധിവസിപ്പിക്കേണ്ടതുമാണ്.

ഇരട്ടയാർ പഞ്ചായത്തിൽ SC,ST വിഭാഗത്തിന് വിദ്യാഭ്യാസസൗകര്യത്തിന് വേണ്ടി ഒരു ഹോസ്റ്റൽ സ്ഥാപിക്കണം.

പട്ടികജാതിക്കാരുടെ വീടുകളുടെ എണ്ണം	- 137
പട്ടികവർഗ്ഗക്കാരുടെ വീടുകളുടെ എണ്ണം	- 09
പട്ടികജാതിക്കാരുടെ സാക്ഷരത നിരക്ക്	- 67%
പട്ടികവർഗ്ഗക്കാരുടെ സാക്ഷരത നിരക്ക്	- 40%

III. വിദ്യാഭ്യാസം

കലാലയങ്ങളിൽ പഠിക്കുന്ന SC/ST വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ കലാലയ രാഷ്ട്രീയത്തിൽനിന്നും മോചിപ്പിച്ച് അവരുടെ ഭാവി നിലനിർത്തേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ടി വിദ്യാർത്ഥികളുടെ സ്റ്റൈപൻറും, ലംസംഗ്രാൻറും വർദ്ധിപ്പിച്ചുകൊണ്ടും സൗജന്യഭക്ഷണവും ട്യൂഷൻ സെൻററുകളും പ്രത്യേക പരിധിയിലുൾപ്പെടുത്തി നിലനിർത്തേണ്ടതാണ്. S.S.L.C. പാസാകുന്നവർക്ക് മാർക്ക് അടിസ്ഥാനത്തിൽ പ്രത്യേക സ്കോളർഷിപ്പുകളും പ്രൊഫഷണൽ കോളജുകളിൽ ചേർന്ന് പഠിക്കുവാൻ സാങ്കേതിക തടസങ്ങൾ നേരിടുന്നവർക്ക് പാരലൽ കോളേജിൽ ചേർന്ന് പഠിക്കുമ്പോൾ റഗുലർ കോളജിൽ ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ലഭ്യമാകുന്നതിന് ആവശ്യമായ എല്ലാനടപടികളും ഉണ്ടാകേണ്ടതുമാകുന്നു.

പഞ്ചായത്തിലെ പ്രധാന ഗവ: വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്ലസ് ടൂ നടപ്പിലാക്കുകയും കോളനികൾക്കുള്ളിൽ പ്രവർത്തിക്കുന്ന അംഗൻവാടികളും L.P. സ്കൂളുകളും പ്രത്യേക പരിധിയിൽ ഉൾപ്പെടുത്തി വസ്ത്രങ്ങളും കളിക്കോപ്പുകളും പഠനസാമഗ്രികളും സൗജന്യമായി നല്കിയും പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. അംഗൻവാടികളില്ലാത്ത കോളനികളിൽ എത്രയും വേഗം അംഗൻവാടികൾ ഉണ്ടാക്കേണ്ടതിനുള്ള നടപടികൾ വേണ്ടതുമാണ്.

IV. ആരോഗ്യം

ആരോഗ്യപരമായി പിന്നോക്കം നില്ക്കുന്ന ജനങ്ങളുടെ പരിരക്ഷയ്ക്കായി മാസത്തിലൊരിക്കലെങ്കിലും വിദഗ്ധ ഡോക്ടർമാർ കോളനികൾ സന്ദർശിച്ച് രോഗനിർണ്ണയം നടത്തി പ്രധിരോധ നടപടികൾ സ്വീകരിക്കേണ്ടതും മാരക രോഗങ്ങൾ പിടിപെടുന്നവർക്ക് സൗജന്യചികിത്സ നല്കിയും സന്താനരഹിതരും നിർദ്ധനരുമായ വൃദ്ധജനങ്ങൾക്കും, അപകടകരമായ തൊഴിലുകളിൽ (കരിങ്കൽപണി, മോട്ടോർ വാഹന തൊഴിലാളികൾ, ചുമട്ടുതൊഴിലാളി) ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കും അടിയന്തിര സന്ദർഭങ്ങളിൽ ധനസഹായം എത്തിക്കുന്നതിനും, മരണാനന്തര കർമ്മങ്ങൾക്കും പ്രത്യേകം ക്ഷേമനിധി നടപ്പിലാക്കേണ്ടതും, ടി വിഭാഗത്തിന് ഒരു പൊതുശ്മശാനം താമസംവിനാ ഉണ്ടാകേണ്ടതുമാണ്. കോളനികളിൽ സാനിറ്റേഷൻ സൗകര്യങ്ങൾ വർദ്ധിപ്പിച്ച് പകർച്ചവ്യാധികളിൽനിന്നും മോചിപ്പിക്കുകയും ശുചീകരണത്തേക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ കോളനികളിൽ നടത്തേണ്ടതും, പരിസ്ഥിതി മലിനീകരണത്തിൽനിന്ന് സംരക്ഷിച്ചും, പോഷകാഹാര കുറവുമൂലം സ്ത്രീകളിലും കുട്ടികളിലും ഉള്ള വൈകല്യങ്ങൾ നികത്തുന്നതിന്. ഹെൽത്ത് സെൻററുകളും, അംഗൻ വാടികളും പ്രവർത്തനങ്ങൾ ശക്തമാക്കുക.

V. കുടിവെള്ളം

SC/ST വിഭാഗങ്ങൾക്കായി കോളനികളിൽ ജലവിതരണ പദ്ധതികൾ സ്ഥാപിച്ച് കുടിവെള്ളം വീടുകൾതോറും എത്തിക്കേണ്ടതാകുന്നു.

VI. ഗതാഗതം

പഞ്ചായത്തിലെ എല്ലാ കോളനികളിലേക്കും ടാർ ചെയ്ത റോഡുകൾ നിർമ്മിച്ച് ഗതാഗതയോഗ്യമാക്കി തീർക്കുക. റോഡ് വിട്ട് താമസിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ വീടുകളിലേക്ക് സ്ഥിരമായ നടപ്പാതകൾ സഞ്ചാരയോഗ്യമാക്കി തീർക്കേണ്ടതാകുന്നു.

VII. വൈദ്യുതി

വൈദ്യുതി എത്തിയിട്ടില്ലാത്ത എല്ലാ കോളനികളിലും ഒറ്റപ്പെട്ട SC/ST കുടുംബങ്ങൾക്കും എത്രയുംവേഗം വൈദ്യുതി എത്തിക്കേണ്ടതും നിലവിൽ വൈദ്യുതീകരണ പ്രക്രിയ നടക്കുന്ന കോളനികളിൽ എത്രയും വേഗം വൈദ്യുതി എത്തിക്കുന്നതിന് അനുയോജ്യകരമായ നടപടികൾ സ്വീകരിക്കുകയും ഇക്കൂട്ടരെ വൈദ്യുതി ബില്ലിൽനിന്നും ഒഴിവാക്കേണ്ടതും K.S.E. ബോർഡിൽനിന്നും അനുവദിച്ചിട്ടുള്ള അർഹമായ എല്ലാ ആനുകൂല്യങ്ങളും ലഭ്യമാക്കേണ്ടതുമാണ്.

സാമൂഹിക സാംസ്കാരികരംഗം

സാമൂഹ്യ തലങ്ങളിൽ നീതിലഭിക്കുന്നതിലേക്കായി ബഹുജന പ്രസ്താനങ്ങളിൽ അർഹമായ പ്രാധിനിത്യം ലഭിക്കുക. കുരുമുളക്സമിതി, കേരസമിതി, പാടശേഖര സമിതി, പാൽ സൊസൈറ്റി, വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ P.T.A. കമ്മിറ്റി തുടങ്ങിയ ബഹുജനപ്രസ്ഥാനങ്ങളിൽ മതിയാകാവുന്ന പ്രാധിനിത്യം ഉണ്ടാകേണ്ടതും പ്രാഥമീക ആരോഗ്യകേന്ദ്രങ്ങളിലും, കൃഷിഭവനിലെ ഉപദേശക സമിതിയിലും, പോലീസ് സർക്കിൾ കമ്മിറ്റിയിലും കോളനി പ്രതിനിധികളെ ഉൾപ്പെടുത്തേണ്ടതുമാണ്. പഞ്ചായത്തിലെ SC/ST വിഭാഗങ്ങളുടെ അംഗസംഖ്യയും സ്ഥിതിവിവരകണക്കും (ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ, കർഷകർ, കർ

ഷക തൊഴിലാളികൾ, വികലാംഗർ) പ്രസിദ്ധപ്പെടുത്തേണ്ടതുമാകുന്നു. നിർദ്ധനരായ പെൺകുട്ടികളുടെ വിവാഹചടങ്ങുകളിലേക്ക് ആവശ്യമായ ധനസഹായം നല്കുകയും ഗവ: നിന്നും ലഭിക്കേണ്ട ആനുകൂല്യങ്ങൾ അനർഹർ ചൂഷണം ചെയ്യാതെ അർഹരായവർക്ക് ലഭിക്കുകയും അഴിമതി നിർമ്മാർജനം നടത്തുകയും ചെയ്യേണ്ടതാണ്.

IX. കലാകായികരംഗം

ജന്മസിദ്ധമായ കഴിവുകളാൽ കലാകായികരംഗത്ത് പ്രാഗത്ഭ്യം നേടിയിട്ടുള്ള SC/ST വിഭാഗക്കാരുടെ കഴിവുകളെ വർദ്ധിപ്പിക്കുന്നതിനും അവരുടെ സാംസ്കാരിക മണ്ഡലം വളർത്തിയെടുക്കുന്നതിന് ആവശ്യമായ പരിശീലന കേന്ദ്രങ്ങൾ അനിവാര്യമാണ്. ആയതിലേക്ക് പഞ്ചായത്ത് തലത്തിൽ ഒരു മിനി സ്റ്റേഡിയം നിർമ്മിക്കുകയും യഥാസമയം കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കേണ്ടതുമാണ്. കൂടാതെ കോളനികളിൽ വായനശാലകളും ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബുകളും പ്രവർത്തിക്കുന്നതിലേക്ക് ആവശ്യമായ ധനസഹായങ്ങൾ നല്കിയും ടെലിവിഷൻ സെൻറുകളും കമ്മ്യൂണിറ്റി ഹാളുകളും സൗജന്യമായി നിലവിൽ വരേണ്ടതുമാണ്.

ഈ പഞ്ചായത്തിലെ ഏക പട്ടികവർഗ്ഗ കോളനിയായ പ്രിയദർശനി കോളനി മൂന്നാം വാർഡിൽ സ്ഥിതിചെയ്യുന്നു. പതിനഞ്ചു കുടുംബങ്ങൾ 9 വീടുകളിലായി ഇവിടെ വസിക്കുന്നു. മനുഷ്യ ജീവിതത്തിന് അത്യാവശ്യമായി പല കാര്യങ്ങളും (ഉദാ: പാർപ്പിടം, കുടിവെള്ളം, വെളിച്ചം, വഴി എന്നിവയെല്ലാം തന്നെ) ഈ കോളനിയിൽ ലഭ്യമാക്കേണ്ടതാണ്.

1. പാർപ്പിടം

ഈ കോളനിയിൽ ഒമ്പതു കുടുംബങ്ങൾക്ക് വീട് സ്വന്തമായി ഉണ്ട്. അത്യാവശ്യമായി നാലു കുടുംബങ്ങൾക്കുകൂടി വീട് ഉണ്ടാവണം. നിലവിൽ ഉള്ള വീടുകൾക്ക് അറ്റകുറ്റപ്പണികൾ നടത്തേണ്ടത് അത്യാവശ്യമാണ്. വീടുകൾക്ക് സ്വന്തമായ കോളനിക്ക് പൊതുവായോ ഒരു കക്കൂസു പോലുമില്ല. കോളനിക്ക് ഉള്ള പരിമിതമായ സ്ഥലത്ത് മലമൂത്രവിസർജനം നടത്തുന്നതിനാൽ പകർച്ച വ്യാധികൾപോലുള്ള മാരകരോഗങ്ങൾ പടർന്നു പിടിക്കുവാനുള്ള സാധ്യത വളരെ കൂടുതലാണ്. അതിനാൽ അത്യാവശ്യമായി കക്കൂസുകൾ നിർമ്മിച്ചു നൽകേണ്ടതാണ്.

2. കുടിവെള്ളം

കോളനിക്ക് സ്ഥിരമായി ശുദ്ധജല സംവിധാനം ഇല്ല. വർഷകാലങ്ങളിൽ കോളനിക്ക് സമീപത്തുകൂടി ഒഴുകുന്ന കൈത്തോട്ടിലെ ജലമാണ് കോളനി നിവാസികൾ കുടിക്കുന്നതിനും ഭക്ഷണംപാകം ചെയ്യുന്നതിനും ഉപയോഗിക്കുന്നത്. അതുമൂലം വയറുകടി പോലുള്ള രോഗങ്ങൾ ഈ കുടിയിൽ സാധാരണമാണ്. വേനൽകാലങ്ങളിൽ കിലോമീറ്ററുകൾ താണ്ടിയാണ് കുടിക്കുന്നതിനും ഭക്ഷണം പാകം ചെയ്യുന്നതിനും വെള്ളം എത്തിക്കുന്നത്. കുളിക്കുന്നതിന് കോളനിയിൽനിന്നും അരകിലോമീറ്റർ അകലെയുള്ള തോട്ടിലെ ചെളിനിറഞ്ഞ മലിനജലമാണ് ഉപയോഗിക്കുന്നത്. ഇതുമൂലം അലർജിയും പലവിധ ത്വക്ക് രോഗങ്ങളും പിടിപെടുന്നവർ കുറവല്ല. അതിനാൽ അത്യാവശ്യമായി സ്ഥിരമായി കുടിവെള്ള സംവിധാനം കോളനിക്ക് കൂടിയേ കഴിയൂ.

3. വൈദ്യുതി

കേവലം മൂന്നോ നാലോ പോസ്റ്റുകാലുകൾ നാട്ടി ലൈൻ വലിക്കുകയാണ് എങ്കിൽ കോളനിയിലുള്ള എല്ലാ വീടുകളും വൈദ്യുതീകരിക്കാൻ കഴിയും. മണ്ണെണ്ണ വാങ്ങുന്നതിനുപോലും ക്ലേശമനുഭവിക്കുന്നവരാണ് കോളനി നിവാസികൾ. കോളനി നിവാസികൾക്ക് സൗജന്യമായി വൈദ്യുതി എത്തിച്ചു കൊടുക്കുവാനുള്ള നടപടി സ്വീകരിക്കണം.

4. വഴി

ടി. വാസികൾക്ക് രണ്ടു വർഷം മുമ്പുവരെ ഒരു റോഡ് വിദൂരസ്വപ്നം മാത്രമായിരുന്നു എന്നാൽ കോളനി നിവാസികളുടെയും നല്ലവരായ സമീപവാസികളുടെയും സംയുക്ത ശ്രമഫലമായി വാഴവരപ്പള്ളി നിരപ്പ് L.P. സ്കൂളിൻെറ സമീപത്തുനിന്നും കോളനിയിലേക്ക് ഒരു റോഡ് നിർമ്മിക്കുകയും പ്രസ്തുത റോഡ് പഞ്ചായത്തിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഇതിന് അത്യാവശ്യമായി മൂന്നുനാലു കലുങ്കുകൾ പണിയണം. മഴക്കാലത്ത് തോട്ടിലെ വെള്ളം റോഡിലൂടെ ഒഴുകി വലിയ കുഴികൾ തീർക്കുന്നതിനാൽ വാഹനങ്ങൾ കൊണ്ടുവരുവാൻ വളരെ പ്രയാസമാണ്. മാത്രമല്ല ജന സഞ്ചാരം തന്നെ ബുദ്ധിമുട്ട് നിറഞ്ഞതാണ്.

വീട്ടുസാധനങ്ങൾ വാങ്ങുന്നതിനും ബാഹ്യലോകവുമായി ബദ്ധപ്പെടുന്നതിനും മുഖ്യമായ ആശ്രയം ഈ റോഡാണ്. ഈ റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

5. തൊഴിൽ

കോളനി നിവാസികൾ കോളനിയുടെ സമീപപ്രദേശങ്ങളിൽ ചെറുകിട കർഷകരുടെ കൃഷി ഭൂമിയിൽ കൂലിവേല ചെയ്താണ് ജീവിക്കുന്നത്. വർഷകാലങ്ങളിൽ ജോലി ലഭിക്കുവാൻ ബുദ്ധിമുട്ടാണ്. അതിനാൽ പഞ്ഞമാസങ്ങളിൽ സൗജന്യറേഷൻ അനുവദിക്കുവാൻ നടപടി ഉണ്ടാകണം. കൂടുതൽ തൊഴിൽ അവസരത്തിനായി കുടിൽ വ്യവസായങ്ങൾ അനുവദിക്കേണ്ടതാണ്. പെൺകുട്ടികൾക്ക് തയ്യൽ പരിശീലനം നൽകേണ്ടതും കുട്ട, പനമ്പ്, പായ എന്നിവ നെയ്യുന്നതിനുള്ള പരിശീലനം നൽകേണ്ടതുമാണ്.

6. വിദ്യാഭ്യാസം

കോളനിയിൽ കൂടുതൽ ആളുകളും അക്ഷരജ്ഞാനം കുറഞ്ഞവരാണ്. അടിസ്ഥാന വിദ്യാഭ്യാസം പൂർവ്വമായി ലഭിച്ചിട്ടുള്ളവർ ആരും ഇല്ല. 7 ക്ലാസിനുമുകളിൽ വിദ്യാഭ്യാസമുള്ളവർ വിരളമാണ്. മുതിർന്നവരുടെ അജ്ഞതയാണ് ഇങ്ങനെ വരുവാനുള്ള കാരണം. കോളനിയിലെ മാതാപിതാക്കൾക്കു കുട്ടികൾക്കും ബോധവത്കരണം നടത്തുന്നതിന് ബോധവത്ക്കരണ ക്ലാസുകൾ സംഘടിപ്പിക്കുകയും ഒരു അംഗൻവാടി എങ്കിലും കോളനിയിൽ സ്ഥാപിക്കുകയും അത്യാവശ്യം വേണ്ട കമ്യൂണിറ്റി ഹാൾ കോളനിയിൽ സ്ഥാപിക്കുകയും വേണം. ഈ കോളനിയിൽ കമ്യൂണിറ്റി ഹാളും വൈദ്യുതിയും ഇല്ലാത്തതിനാൽ ഗവൺമെൻറിൽ നിന്നും കോളനിക്കായി അനുവദിച്ചിട്ടുള്ള T.V. സെറ്റ് വാഴവര പള്ളിനിരപ്പ് നവോദായ ക്ലബ്ബിൽ ആണ് വച്ചിരിക്കുന്നത്എന്നുമനസ്സിലാക്കുന്നു

7. ആരോഗ്യപരിപാലനം

ഈ കോളനി നിവാസികൾ ഏകദേശം അര ഏക്കർ സ്ഥലത്താണ് താമസിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങ

ളുടെ അപര്യാപ്തതമൂലം പരിസരമലിനീകരണം ഉണ്ടാക്കുകയും പകർച്ച വ്യാധികൾ വരുവാനുള്ള സാധ്യത ഏറുകയും ചെയ്യുന്നു. കോളനിയിൽ അടിസ്ഥാന സൗകര്യങ്ങൾ എത്തിച്ച് പരിസരശുദ്ധീകരണം ഉറപ്പുവരുത്തുകയും പരിസരശുചിത്വത്തിന്റെ കാര്യത്തിൽ കോളനി നിവാസികളെ ബോധവാന്മാരാക്കുകയും ആരോഗ്യപരിപാലനം ഉറപ്പുവരുത്തുകയും വേണം.

മേൽപറഞ്ഞ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലൂടെ ചുരുങ്ങിയ കാലയളവിനുള്ളിൽ സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥയിൽ കഴിയുന്ന ഒരു ജനവിഭാഗത്തിന്റെ ഉന്നതി നേടാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസനം

ഈ വിഭാഗങ്ങളുടെ ഉന്നമനം ലാക്കാക്കി പ്രത്യേക ഘടകപദ്ധതിയും പട്ടികവർഗ്ഗ ഉപപദ്ധതിയും നിലവിലുണ്ട്. താഴെപറയുന്ന വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കിവരുന്ന പരിപാടികൾ ഏതൊക്കെയെന്നു പരിശോധിക്കാം.

വകുപ്പ്	പരിപാടി
1. കൃഷി	നടീൽ വസ്തുക്കളുടെ വിതരണം വളം കീടനാശിനി വിതരണം.
	പമ്പുകൾ വിതരണം ചെയ്യുക. പണിയായുധങ്ങൾ വിതരണം. കാർഷിക യന്ത്രങ്ങൾ വിതരണം ചെയ്യുക.
	ഭൂമി വാങ്ങി നൽകുക. ഫാംഹൗസ് നിർമ്മിച്ചു നൽകുക.
	ബയോഗ്യാസ് പ്ലാൻറുകൾ ലഭ്യമാക്കുക.
	കിണറുകളും കുളങ്ങളും നിർമ്മിച്ചു നൽകുക.
	അഗ്രോ സർവ്വീസ് നിർമ്മിച്ചു നൽകുക പരിശീലനം നൽകുക.
2. ചെറുകിട ജലസേചനം	കിണറുകൾ, കുളങ്ങൾ നിർമ്മിച്ചു നൽകുക, ചെക്ക് ഡാം നിർമ്മിക്കുക, കനാൽ നിർമ്മിക്കുക
3. ഭൂഗർഭജലം	കുഴൽ കിണറുകൾ നിർമ്മിക്കുക.
4. മണ്ണുസംരക്ഷണം	മണ്ണുസംരക്ഷണ ജോലികൾ.
5. ഗ്രാമവികസനം:	ഐ.ആർ.ഡി.പി. ധനസഹായം.
	ട്രൈസം പരിപാടി.
	ഗ്രാമീണ വനിതാ ശിശുവികസന പരിപാടി.
	ജവഹർ തൊഴിൽ പദ്ധതി.
	തൊഴിലുറപ്പു പദ്ധതി.
	വീട്, കക്കൂസ് നിർമ്മിക്കുവാൻ സഹായം.
6. മൃഗസംരക്ഷണം	കന്നുകാലി വിതരണം - കൂടു നിർമ്മിക്കാൻ സഹായം
	കിടാരി വിതരണം
	കോഴിക്കുഞ്ഞുങ്ങളെ വിതരണം
	ആടു വിതരണം
	കാലിത്തീറ്റ/കോഴിത്തീറ്റ വിതരണം
	പരിശീലനം
	മൃഗചികിത്സാ സഹായം
7. ക്ഷീരവികസനം	കന്നുകാലി വിതരണം
	കന്നുകാലി കൂടു നിർമ്മിക്കാൻ സഹായം
	കാലിത്തീറ്റ വിതരണം
8. സാമൂഹ്യ വികസനം	കിണർ നിർമ്മിക്കുവാൻ സഹായം
	കക്കൂസ് നിർമ്മിക്കുവാൻ സഹായം
	ലിങ്ക് റോഡുകളുടെ നിർമ്മാണം
9. സഹകരണം	ഓഹരി ധനസഹായം
	ഓഹരി പങ്കാളിത്വം
	സംഘം രൂപീകരിക്കുക
	മാനജീരിയൽ സബ്സിഡി
	കെട്ടിട നിർമ്മാണത്തിനു ധനസഹായം
10. വൈദ്യുതി	കോളനി വൈദ്യുതീകരണം
	സർവ്വീസ് കണക്ഷൻ
11. വ്യവസായം	വ്യവസായ സഹകരണ സംഘങ്ങൾ സ്ഥാപിക്കുക.
	ഓഹരി മൂലധനം നൽകുക.
	ഓഹരി പങ്കാളിത്വം
	പലിശയില്ലാ വായ്പകൾ
	സാങ്കേതിക സഹായം
	വ്യവസായ സംരംഭകർക്കു ധനസഹായം
12. പൊതുമരാമത്ത് (കെട്ടിട വിഭാഗം)	റോഡുകൾ നിർമ്മിക്കുക, പാലങ്ങൾ നിർമ്മിക്കുക, കലുങ്കുകൾ നിർമ്മിക്കുക, കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക
13. പൊതുവിദ്യാഭ്യാസം	പഠന ഉപകരണങ്ങൾ വിതരണം ചെയ്യുക.
	പുസ്തകങ്ങൾ വിതരണം ചെയ്യുക.
14. കേരള വാട്ടർ അതോറിറ്റി	ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക
15. ഇൻഫൊർമേഷൻ	ടി.വി. സെറ്റു സ്ഥാപിക്കൽ
16. സാമൂഹ്യവികസനം	പോഷക ആഹാര പരിപാടികൾ, അംഗൻവാടി കെട്ടിടങ്ങൾ നിർമ്മിക്കുക
17. പട്ടികജാതി/ പട്ടികവർഗ്ഗ വികസനം	ഭവന നിർമ്മാണം, കക്കൂസ് നിർമ്മാണം, വയറിംഗ് ഗ്രാൻറ് നൽകൽ പുരമേയുന്നതിനു ധനസഹായം, സ്വയംതൊഴിൽ, ധനസഹായം, കൃഷിക്കു ധനസഹായം.
	സാമൂഹ്യ സുരക്ഷാ പദ്ധതികൾ, സ്കോളർഷിപ്പു നൽകൽ
	ഭൂരഹിത ഭവനരഹിത-പുനരധിവാസ പദ്ധതി, വിദ്യാർത്ഥികൾക്കു മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യം.
	വിവാഹത്തിനു ധനസഹായം.
	കിണറുകളും ശുദ്ധജലവിതരണവും മത്സര പരീക്ഷയ്ക്കും ഇൻറർവ്യൂവിനു പങ്കെടുക്കുന്നവർക്കു യാത്രപ്പടി നൽകൽ, പരിശീലനം നൽകൽ

വിഭവ സമാഹരണം

നമ്മുടെ ഭരണഘടന ഓരോ പൗരനും സാമ്പത്തിക നീതിയും, സാമൂഹ്യ നീതിയും ഉറപ്പാക്കുന്നു. ഇതു നേടുന്നതിനുള്ള ഒരു ഉപാധിയാണ് ആസൂത്രണം. എണ്ണിയാൽ തീരാത്ത ആവശ്യങ്ങളും, പ്രശ്നങ്ങളും നമ്മുടെ കൺമുൻപിലുണ്ട്. അവയെ അഭിമുഖീകരിക്കുവാനുള്ള വിഭവശേഷി പരിമിതമാണുതാനും. സ്ഥായിയായ സാമ്പത്തിക വളർച്ച നാം ലക്ഷ്യം വയ്ക്കുന്നു. നീതിപൂർവ്വമായതും, സത്വരവും, സമയബന്ധിതവുമായ വളർച്ചയാണ് നമ്മുടെ ലക്ഷ്യം. പരിമിതമായ വിഭവശേഷിയെ, പ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിച്ച് നാം വിനിയോഗിക്കണം. വികസനം അനവർത്ഥമാകണമെങ്കിൽ വിഭവ സമാഹരണം ഫലപ്രദമാകണം.

നിലവിലുള്ള സ്ഥിതി

1971-ൽ സ്ഥാപിതമായ ഈ പഞ്ചായത്ത് ഇന്ന് ഫസ്റ്റ് ഗ്രേഡ് വിഭാഗത്തിൽപെടുന്നു. 1995-'96 വർഷത്തെ പ്രധാന വരവ്/ചെലവ് കണക്കുകൾ താഴെ പട്ടികയിൽ ചേർത്തിരിക്കുന്നു.

വരവ് - 1995-'96

ഇനം	വരവ് തുക
കെട്ടിട നികുതി	1,65,863.00
തൊഴിൽ നികുതി	80,000.00
വിനോദ നികുതി	3,234.00
ഉപാധിരഹിത ഫണ്ട്	2,41,430.00
ജെ.ആർ.വൈ.	2,65,858.00
വി.റ്റി.സി.ഗ്രാൻറ്	35,835.00
വി.ആർ.എം. ഗ്രാൻറ്	2,77,435.00
സ്റ്റാമ്പു ഡ്യൂട്ടി വിഹിതം	40,986.00
ലൈസൻസ് ഫീസ്, ലേല വരവ് തുടങ്ങിയവ	89,652.00
ആകെ	12,002,93.00

ചെലവ്

ഇനം	തുക
എസ്റ്റാബ്ലിഷ്മെൻറ്	3,07,892.00
പ്രിസഡണ്ട്/മെമ്പർ സിറ്റിംഗ് ഫീസ്	60,542.00
പാലം, കലുങ്ക്, ഓഫീസ് കോമ്പൗണ്ടുകൾ	3,08,043.00
ഉപകരണങ്ങൾ	9,990.00
കറൻറ് ചാർജ്	30,164.00
പൊതുമരാമത്തുപണികൾ	3,41,726.00
ഫോറങ്ങൾ/രജിസ്റ്ററുകൾ	26,933.00
മറ്റു ചെലവുകൾ/ഇലക്ഷൻ	1,23,679.00
ആകെ	12,08,969.00

മേൽ കാണിച്ചിരിക്കുന്ന കണക്കുകളിൽനിന്ന് പഞ്ചായത്തിൻെറ ഇന്നത്തെ ധനസ്ഥിതി ദുർബലമാണെന്നു കാണാം. ആകെ ചെലവിൻെറ 53 ശതമാനം മാത്രമേ വികസന പ്രശ്നങ്ങൾക്കുവേണ്ടി മാറ്റി വയ്ക്കുവാൻ കഴിഞ്ഞിട്ടുള്ളു. ഈ നിലയിൽ വികസന പ്രശ്നങ്ങൾ പരിഹരിച്ചു മുന്നോട്ടു പോകുവാൻ പഞ്ചായത്തിനു കഴിയാതെ വന്നിരിക്കുന്നു.

നിലവിൽ വിഭവ സമാഹരണത്തിൽ താഴെ പറയുന്ന പ്രശ്നങ്ങൾ അടങ്ങിയിരിക്കുന്നു.

1. പഞ്ചായത്തിൻെറ വരുമാന സാദ്ധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല.
2. ഭരണച്ചെലവിൻെറ വർദ്ധനവ്.
3. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.
4. വികസന കാര്യത്തിൽ മറ്റു വകുപ്പുകൾ കാര്യമായി സഹകരിക്കുന്നില്ല.
5. അപൂർണ്ണമായ അധികാരങ്ങൾ.
6. സന്നദ്ധ പ്രവർത്തനങ്ങളിൽ ജനങ്ങൾക്ക് നിലവിലുള്ള താൽപര്യക്കുറവ്.

7. സാമൂഹ്യപ്രതിബദ്ധതയില്ലാത്ത പ്രവർത്തന ശൈലി.
8. എന്തിനേയും രാഷ്ട്രീയവൽക്കരിക്കാനുള്ള പ്രവണത.
9. സുതാര്യക്കുറവ്.

നികുതി ഘടനയിൽ നിലവിലുള്ള അശാസ്ത്രീയത

1. സർക്കാർ അനുവദിക്കുന്ന ഡ്യൂട്ടി/ഗ്രാൻറ് യഥാസമയം ലഭ്യമാകുന്നില്ല.
2. നികുതിദായകർ യഥാസമയം നികുതികൾ അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നു.
3. നികുതി നൽകുന്നതിനുള്ള ജനസാമാന്യത്തിൻെറ വിമുഖത.

വിഭവ സമാഹരണത്തിനുള്ള സാധ്യതകൾ

1. നികുതി പിരിവ് കാര്യക്ഷമമാക്കുക
2. പുതിയ സേവനങ്ങൾ നൽകി അവയ്ക്ക് ചാർജ് ഈടാക്കുക.
3. നികുതികളുടെ മിനിമം നിരക്ക് ഉയർത്തുവാനുള്ള നടപടി ഉണ്ടാക്കുക.
4. ഭരണചെലവു കുറയ്ക്കുക.
5. പഞ്ചായത്തു നിയമം നൽകുന്ന പുതിയ നികുതിയധികാരങ്ങൾ ഉപയോഗപ്പെടുത്തുക.
6. പഞ്ചായത്തിൻെറ ചെലവുകൾ സുതാര്യമാക്കുക.
7. സർക്കാർ അനുവദിക്കുന്ന ഡ്യൂട്ടി/ഗ്രാൻറ് എന്നിവ യഥാസമയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുക.

സന്നദ്ധ പ്രവർത്തനങ്ങൾ

ഒരു കാലയളവിൽ സന്നദ്ധ പ്രവർത്തനത്തിനുള്ള മനോഭാവം ജനങ്ങളിൽ ഉണ്ടായിരുന്നു. അമിതമായ രാഷ്ട്രീയ പ്രസരണം ആ അവസ്ഥയ്ക്കു മങ്ങലേൽപ്പിച്ചിരിക്കുന്നു. അതിൻെറ ദുഷ്ഫലങ്ങൾ വികസന കാര്യങ്ങളിൽ നാം കണ്ടു കഴിഞ്ഞു. വികസന പ്രവർത്തനങ്ങളിൽ ഫലപ്രദമായ ജനകീയ ഇടപെടലുകൾ ഉണ്ടാകണം. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുവാൻ കാലാകാലങ്ങളിൽ മാറിവരുന്ന ഗവൺമെൻറുകൾക്കു കഴിയില്ല. വികസനം നമ്മുടെ ആവശ്യമാണെന്ന ധാരണ ഉണ്ടാകണം. വികസന രംഗത്തു ഒരു പുത്തൻ ജനകീയ സ്വഭാവം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. നമുക്ക് സുലഭമായിട്ടുള്ള ''മനുഷ്യദ്ധ്വാനം'' എന്ന വിഭവ സ്രോതസ് വേണ്ട രീതിയിൽ നാം പ്രയോജനപ്പെടുത്തണം. ജാതി മത/രാഷ്ട്രീയ പരിഗണനയ്ക്കതീതമായി വികസനത്തെ നാം കാണണം. വികസനത്തിൻെറ ഗതിവേഗം വർദ്ധിപ്പിക്കുവാൻ സന്നദ്ധപ്രവർത്തനത്തിലൂടെ കഴിയണം. 4000-ൽ താഴെ കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഒരു വർഷം ഒരു കുടുംബത്തിലെ ഒരാളുടെ അദ്ധ്വാനശേഷി നാടിൻെറ വികസനത്തിനു വിട്ടുകൊടുക്കുവാൻ സന്നദ്ധമായാൽ അത് വരുന്ന പഞ്ചവത്സര പദ്ധതിക്കാലത്ത് 20,000 അദ്ധ്വാനശേഷി എന്ന നിലയിലേക്ക് ഉയരും. നാട്ടിലെ കോളജുകൾ, ഹൈസ്കൂളുകൾ, മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്കും ഈ രംഗത്തു കൂടുതൽ സംഭാവനകൾ നൽകുവാൻ കഴിയും. രാഷ്ട്രീയ, സാമൂഹ്യ, സാംസ്കാരിക സംഘടനകളുടെ സഹകരണവും ഈ രംഗത്ത് ഉറപ്പാക്കണം. 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആകെ 40,000 അദ്ധ്വാനശേഷി നമ്മുടെ ഗ്രാമപഞ്ചായത്തിൻെറ വികസനത്തിൽ പ്രയോജനപ്പെടുത്തുവാൻ നമുക്കു കഴിയണം.

സംഭാവനകൾ

ഈ മേഖലയിലും ഏറെ സാദ്ധ്യതകൾ ഉണ്ട്. നിസ്വാർത്ഥമതികളായ വ്യക്തികൾ നേതൃനിരയിലേയ്ക്കു കടന്നുവരണം. നല്ല നേതൃത്വം ജനങ്ങളിൽ വിശ്വാസം ജനിപ്പിക്കും. വികസന രംഗത്തു ഉദാരമതികളും,സേവന സന്നദ്ധരുമായ വ്യക്തികളുടെ സഹായം തേടണം. ശ്രമദാനം വഴി നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോൾ പണിയായുധങ്ങളും, ആഹാരവും, വെള്ളവും മറ്റു സഹായങ്ങളും ലഭ്യമാക്കുവാൻ മേൽപറഞ്ഞ വ്യക്തികളുടെ സഹായം തേടേണ്ടതാണ്.

സന്നദ്ധ സംഘടനകൾ (എൻ.ജി.ഒ.)

നമ്മുടെ നാടിൻെറ വികസനത്തിൽ പങ്കാളികളാകുന്ന ഏജൻസികൾ പലതുണ്ട്. വികസന പ്രശ്നങ്ങൾ കൂടുതലും ശ്രദ്ധിക്കുന്നതും പരിഹരിക്കുന്നതും. കേന്ദ്ര/സംസ്ഥാന ഗവൺമെൻറുകളും ത്രിതലപഞ്ചായത്തു സംവിധാനവുമാണ്. സഹകരണമേഖലയും സ്വകാര്യമേഖലയും ഇവിടെ പ്രത്യേകം സ്മരണീയമാണ്. ഇവ കൂടാതെയുള്ള മറ്റൊരു ഏജൻസിയാണ് എൻ.ജി.ഓസ്. ഇവയുടെ പ്രവർത്തനം കേന്ദ്ര/സംസ്ഥാന ഗവൺമെൻറുകളുടെ ഗ്രാൻറ്, വായ്പാ ഏജൻസികളിൽനിന്നു ലഭ്യമാക്കുന്ന വായ്പ എന്നിവയെ അധാരമാക്കിയാണ്. വിദേശസഹായം സ്വീകരിക്കുന്ന സന്നദ്ധസംഘടനകൾ പലതും നമ്മുടെ ജില്ലയിലും പഞ്ചായത്തിലും പ്രവർത്തിച്ചുവരുന്നു. ഇവരിൽ പ്രധാന ഏജൻസികളാണ്. പി.ഡി.എസ്; വി.ഡി.എസ്; എം.ഡി.എസ്; വി.എസ്.എസ്; റ്റി.എസ്.എസ്; സോളിഡാരിറ്റി മൂവ്മെൻറ്; കപ്പാർട്ട് തുടങ്ങിയവ. ഇവയുടെയൊക്കെ പ്രവർത്തനം നമ്മുടെ പഞ്ചായത്തിൻെറ വികസനരംഗത്തും കാര്യമായി വിനിയോഗിക്കാവുന്നതാണ്.

സ്വകാര്യമേഖല

പൊതുമേഖലയോടൊപ്പംതന്നെ വികസനത്തിൽ സ്വകാര്യമേഖലയും പങ്കാളികളാകുന്ന കാഴ്ച നാം കാണുന്നു. വികസന പ്രശ്നങ്ങൾ പൂർണ്ണമായും തൃപ്തിയായി നിറവേറ്റുവാൻ കേന്ദ്ര/സംസ്ഥാന സർക്കാരുകൾക്ക് പൂർണ്ണമായി കഴിയില്ല. സ്വകാര്യ സംരംഭകരുടേയും സ്വകാര്യമേഖലയുടേയും സേവനം ഇവിടെ സ്മരണീയമാണ്. നമ്മുടെ നാടിൻെറ വികസനത്തിൽ പങ്കാളികളാകുന്ന കർഷകനും കർഷക തൊഴിലാളിയും, വ്യവസായ സംരംഭകരും വ്യവസായ/നിർമ്മാണ രംഗത്തെ തൊഴിലാളിയും ആരോഗ്യ, വിദ്യാഭ്യാസ, ഗതാഗത, വാണിജ്യ, ധനകാര്യ രംഗങ്ങളിൽ മുതൽ മുടക്കിയിട്ടുള്ളവരും ഈ വിഭാഗങ്ങളിൽ വരുന്ന തൊഴിലാളികളും വികസനത്തിൽ ഏറെ പങ്കാളികളാണ്. സ്വയം തൊഴിൽ സംരഭകരുടെ സേവനവും ഇവടെ സ്മരിക്കുന്നു.

സഹകരണമേഖല

കാർഷിക/വ്യവസായിക/സേവന മേഖലകളിൽ പഞ്ചായത്തിനകത്തും പുറത്തും പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതും പഞ്ചായത്തിൻെറ വികസനത്തിൽ പങ്കാളികളുമായ സഹക

രണ സ്ഥാപനങ്ങൾ ഒട്ടേറെയുണ്ട്. ഇവയിൽ മുഖ്യസ്ഥാനത്തു നിൽക്കുന്നവയാണ് ഇരട്ടയാർ സർവ്വീസ് സഹകരണ ബാങ്ക്, ശാന്തിഗ്രാം സർവ്വീസ് സഹകരണ ബാങ്ക്, മലനാട് സഹകരണ കാർഷിക വികസന ബാങ്ക്, കട്ടപ്പന അർബൻ ബാങ്ക്, ഇടുക്കി ജില്ലാ സഹകരണ ബാങ്ക്, കട്ടപ്പന ഹൗസിംഗ് കോ ഓപ്പറേറ്റീവ് സൊസൈറ്റി, കട്ടപ്പന/ഇരട്ടയാർ മാർക്കറ്റിങ്ങ് സൊസൈറ്റികൾ, ആപ്കോസ്, കാർഷിക/വ്യവസായിക/സേവന മേഖലകളിൽ പങ്കാളികളായ ഇതര സഹകരണ സ്ഥാപനങ്ങൾ.

ധനകാര്യസ്ഥാപനങ്ങൾ

ഈ പഞ്ചായത്തു പരിധിയിൽ ഷെഡ്യൂൾസ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തു പരിധിക്കു പുറത്തു പ്രവർത്തിച്ചു വരുന്ന ധനകാര്യ സ്ഥാപനങ്ങളും വായ്പാ സൗകര്യങ്ങൾ നൽകി വരുന്നു. ഈ സാദ്ധ്യതകളെ പരമാവധി വിനിയോഗിച്ച് വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കാവുന്നതാണ്.

പഞ്ചായത്തു സംവിധാനം മെച്ചപ്പെടുത്തുക

I. വിവിധ വകുപ്പുകൾ വഴിയുള്ള പദ്ധതികളുടെ നടത്തിപ്പിനാവശ്യമായ ഫണ്ടിന്റെ വിനിയോഗത്തിലും, നടത്തിപ്പിലും പഞ്ചായത്തു ഭരണസമിതിയ്ക്കള്ള അധികാരം വിപുലപ്പെടുത്തുക.

II. പഞ്ചായത്തിന്റെ തനതു ഫണ്ടിന്റെ വിനിയോഗത്തിൽ ഇന്നു നിലവിലുള്ള 5000/രൂപാ എന്ന പരിധി 50,000 രൂപാ ആയി ഉയർത്തുക.

III. ഗ്രാമ പഞ്ചായത്തുകൾക്ക് എൻജിനീയർ, ഓവർസീയർ എന്നിവരുടെ മുഴുവൻ സമയ സേവനം ലഭ്യമാക്കുക.

IV. ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി വാഹനം ലഭ്യമാക്കുക.

V. പഞ്ചായത്തുകൾക്കു വിട്ടുകൊടുത്തിട്ടുള്ള വകുപ്പുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ മുഴുവൻ സമയ സേവനം (വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ) ലഭ്യമാക്കുക.

VI. ആവശ്യത്തിനു സ്റ്റാഫിനെ നിയമിക്കുക.

VII. പഞ്ചായത്തിലെ ഉദ്യോഗസ്ഥന്മാർക്ക് ഗവൺമെന്റ് നേരിട്ട് ശമ്പളം നൽകുക.

VIII. സർക്കാരിന്റെ റവന്യൂ വകുപ്പുവഴി നൽകിവരുന്ന സർട്ടിഫിക്കറ്റുകൾ നൽകുവാൻ പഞ്ചായത്തു പ്രസിഡണ്ടിനു അധികാരം നൽകുക.

IX. വിവിധ വികസന വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ ക്ലിയറൻസ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം പഞ്ചായത്തു കമ്മറ്റിക്കു നൽകുക.

X. പഞ്ചായത്തുകൾക്കു നൽകുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ, ആവശ്യമായ ഫണ്ടുകളും യഥാസമയം നൽകണം. (കേരളോത്സവം, ജനകീയാസൂത്രണം, ഓണാഘോഷം, ശുചീകരണവാരം തുടങ്ങിയവ).

മേൽവിശകലനത്തിന്റെ, കാര്യക്ഷമവും - സമയ ബന്ധിതവുമായ നടപ്പാക്കുകലിലൂടെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ പ്രശ്നങ്ങൾ ഏറെ പരിഹരിക്കുവാൻ സഹായിക്കുമെന്നു പ്രത്യാശിക്കാം.

ഇരട്ടയാർ ഗ്രാമപഞ്ചായത്തിൽ പ്രതീക്ഷിക്കുന്ന ശരാശരി വാർഷിക നിക്ഷേപം

(തുക ലക്ഷത്തിൽ)

ഇനം	തുക
കേന്ദ്രാവിഷ്കൃത പദ്ധതികൾ	50.00
സംസ്ഥാനതല പദ്ധതികൾ	130.00
ത്രിതല പഞ്ചായത്തീരാജ് പദ്ധതികൾ	150.00
പഞ്ചായത്തിനുള്ള തനതു വിഭവശേഷി	20.00
ഉപാധിരഹിത/ഇതരഫണ്ടുകൾ	20.00
സന്നദ്ധപ്രവർത്തനങ്ങൾ	10.00
സംഭാവനകൾ	10.00
സന്നദ്ധസംഘടനകൾ (N.G.O.'s)	10.00
ബാങ്ക് വായ്പകൾ	300.00
സ്വകാര്യമേഖലയിലെ നിക്ഷേപം	300.00
ആകെ	1000.00

പ്രതിവർഷം ശരാശരി പത്തുകോടി രൂപയുടെ നിക്ഷേപം ലക്ഷ്യമാക്കിയുള്ള വിഭവസമാഹരണ ശ്രമമാണ് നമുക്കു നടത്തേണ്ടത്.

വരവ് സംബന്ധിച്ച വിവരങ്ങൾ 1995-96

ഇനം	ധനാഭ്യർത്ഥന	പിരിവ്	ബാക്കി
കെട്ടിടനികുതി	3,00,720.80	2,43,916.35	56,804.45
ലൈബ്രറി സെസ്സ്	8,358.55	7,094.00	1,264.55
തൊഴിൽ നികുതി	1,49,372.00	1,01,946.00	47,426.00
വിനോദ നികുതി	2,023.92	2,023.92	- -
അധിക വിനോദനികുതി	1,211.96	1,211.96	- -
പ്രദർശന നികുതി	600.00	600.00	- -
പ്രദർശന നികുതിയിന്മേലുള്ള സർചാർജ്	150.00	150.00	- -
ചന്തവരവ്	33,919.00	33,919.00	- -
മണൽലേലം	50,740.00	50,740.00	- -
ലൈസൻസ് ഫീസ്	4,902.50	4,902.50	- -
വസ്തു കൈമാറ്റനികുതി 75%	40,986.00	40,986.00	- -
സർക്കാർ ഗ്രാൻറുകൾ	3,81,825.00	3,81,825.00	- -
അൺടൈസ്ഫണ്ട്	2,41,430.00	2,41,430.00	- -
ഡെപ്പോസിറ്റ്	27,375.00	27,375.00	- -
മറ്റിനം	62,173.32	62,173.32	
ആകെ	13,05,788.05	12,00,293.05	1,05,495.00

ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995-'96

ഇനം	തുക
ഭരണം	5,08,485
പൊതുമരാമത്ത്	3,27,204
അൺടൈഡ് ഫണ്ട്	2,25,669
ജലവിതരണം	72,374
വിദ്യാഭ്യാസം	65,863
വിദ്യുച്ചരക്തി	30,164
മറ്റുള്ളവ	69,210
ആകെ	12,98,969
ചെലവ്	12,98,969

ഉപസംഹാരം

ഗാന്ധിജിയുടെ സ്വപ്നമായിരുന്ന ഗ്രാമസ്വരാജ്, ജനകീയ ആസൂത്രണത്തിലൂടെ നടപ്പിലാക്കുവാൻ ശ്രമിക്കുന്ന സംസ്ഥാന സർക്കാരിന്റെ ശ്രമങ്ങൾക്ക് എല്ലാവിധ പിൻതുണയും വാഗ്ദാനം ചെയ്യുകയുംഒപ്പം വിജയം ആശംസിക്കുകയും ചെയ്യുന്നു.

സാധാരണ കർഷകർ മാത്രം അധിവസിക്കുന്ന ഇരട്ടയാർ പഞ്ചായത്തിലെ ഫലഭൂയിഷ്ടമായ പ്രദേശങ്ങളായിരുന്നു ഇടുക്കി പദ്ധതിയുടെ ആവശ്യത്തിലേയ്ക്ക് കുടിയൊഴിപ്പിക്കപ്പെട്ടുപോയത്. ഇത് ഗ്രാമത്തിന്റെ വളർച്ചയെ തളർച്ചയിലേയ്ക്ക് നയിച്ചു. വൈദ്യുതിയുടെ ഉത്പാദനം വർദ്ധിച്ചു എങ്കിലും ഗ്രാമങ്ങളിലെ പാവപ്പെട്ടവരുടെ കുടുംബങ്ങളിലും പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും വെളിച്ചം എത്തിയിട്ടില്ല എന്ന വസ്തുത ഖേദപൂർവ്വം ഇവിടെ കുറിക്കയാണ്. ഈ കാര്യത്തിൽ സാമൂഹ്യനീതി നടപ്പിലാക്കുവാൻ ഇനിയെങ്കിലും തയ്യാറാകണം.

കാർഷിക വ്യവസായരംഗത്ത് കേരളം നേരിടുന്ന പ്രതിസന്ധി ജനങ്ങൾ കൂട്ടായ്മയിലൂടെ പരിഹരിക്കുവാൻ ശ്രമിക്കുകയാണ്. ഈ മഹായജ്ഞത്തിൽ പങ്കാളികളാകുവാൻ ഇരട്ടയാർ ഗ്രാമവാസികൾ തയ്യാറെടുത്തു കഴിഞ്ഞു, എന്നുള്ളതിന്റെ തെളിവാണ് നവംബർ ഒന്നിന് പുനരർപ്പണദിനത്തിൽ, വിവിധ വാർഡുകളിലായി ആയിരക്കണക്കി നാളുകൾ ആവേശപൂർവ്വം അവരുടെ തൊഴിൽശക്തി വികസന പ്രവർത്തനങ്ങൾക്കുവേണ്ടി പ്രയോജനപ്പെടുത്തിയത്. വ്യത്യസ്ഥ രാഷ്ട്രീയ ആദർശങ്ങളിലും, നയങ്ങളിലും, വിട്ടുവീഴ്ചയില്ലാതെ പ്രവർത്തിക്കുമ്പോൾ തന്നെ എല്ലാവരുടെയും ആവശ്യമായ വികസനപ്രവർത്തനങ്ങളിൽ ഒത്തുചേർന്നു പ്രവർത്തിക്കുന്ന ഗ്രാമത്തിലെ പ്രബുദ്ധരായ ജനങ്ങളെ ഒന്നടങ്കം പഞ്ചായത്തുകമ്മിറ്റി അഭിനന്ദിക്കുന്നു.

അധികാരവികേന്ദ്രീകരണത്തിന് 73-ാം ഭരണഘടനാ ഭേദഗതി ചെയ്തുകൊണ്ട് കേന്ദ്രഗവൺമെൻറ് അതിന്റെ രാഷ്ട്രീയ പ്രതിബദ്ധത ഒരു പരിധിവരെ തെളിയിച്ചു. ഇതിന്റെ അന്തഃസത്ത പൂർണ്ണമായി ഉൾക്കൊണ്ടുകൊണ്ട് പഞ്ചായത്ത് രാജ് സംവിധാനത്തെ ഒരു സ്വയംഭരണ സംവിധാനമായി മാറ്റുവാനുള്ള രാഷ്ട്രീയ ഇച്ഛാശക്തി പ്രകടിപ്പിച്ച സംസ്ഥാന ഭരണനേതൃത്വത്തിൻ കീഴിൽ ജനകീയാസൂത്രണം വിജയിക്കുമെന്ന കാര്യത്തിൽ സംശയം വേണ്ട.

ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റുന്നതിന് പഞ്ചായത്തുതലത്തിൽ ശ്രമങ്ങൾ നടത്തിയ എന്റെ സഹപ്രവർത്തകരായ മെമ്പർമാർ, കെ. ആർ.പി. - ഡി.ആർ.പി.മാർ, എൽ.ആർ.പി.മാർ, ഗ്രാമവികസന സമിതി അംഗങ്ങൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, വിദഗ്ദ്ധർ, സാമൂഹ്യരാഷ്ട്രീയ സാംസ്കാരിക മേഖലയിലെ പ്രവർത്തകർ, വിവിധ മേഖലയിലെ തൊഴിലാളികൾ,തുടങ്ങി ഈ വികസന റിപ്പോർട്ട് ഒരു യാഥാർത്ഥ്യമായി തീരുവാൻ സഹകരിച്ച എല്ലാവർക്കും ഹൃദയത്തിന്റെ ഭാഷയിൽ അകൈതവമായ നന്ദി രേഖപ്പെടുത്തുന്നു.

ഇവിടെ നമ്മൾ ഒന്നാണ്. ഒരു മനസ്സോടെ ഒരു നല്ലഭാവിക്കു വേണ്ടി നമുക്ക് ഒത്തുചേർന്ന് പ്രവർത്തിക്കാം. നമ്മുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാൻ വേണ്ടിയുള്ള ശ്രമങ്ങളിൽ എല്ലാവരുടേയും സഹകരണം എക്കാലവും ഉണ്ടാകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

സി.കെ. ശശിധരൻ (പ്രസിഡൻറ്)

ഗ്രാമ പഞ്ചായത്തിനുവേണ്ടി.

പഞ്ചായത്ത്‌രാജ് - ഗാന്ധിജിയുടെ കാഴ്ചപ്പാടിൽ

"ഇന്ത്യ, ഏതാനും നഗരങ്ങളിലല്ല, പ്രത്യുത ഏഴുലക്ഷം ഗ്രാമങ്ങളിലാണ് പടുത്തുയർത്തപ്പെടേണ്ടതെന്ന് ഞാൻ വിശ്വസിക്കുകയും, എണ്ണമറ്റ സന്ദർഭങ്ങളിൽ ആവർത്തിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ, പട്ടണവാസികളായ നാം ഇന്ത്യ, പട്ടണങ്ങളിലാണ് പടുത്തുയർത്തപ്പെടേണ്ടതെന്നും, നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാൻ വേണ്ടിയാണ് ഗ്രാമീണർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും വിശ്വസിച്ചിരിക്കുന്നു.

ഭക്ഷിക്കുവാനും, വെയിലിൽനിന്നും മഴയിൽനിന്നും രക്ഷപ്പെടുന്നതിനു വേണ്ട വസ്ത്രം ധരിക്കുന്നതിനും ആവശ്യമായത് ഈ പാവപ്പെട്ട ജനങ്ങൾക്ക് ലഭിക്കുന്നുണ്ടോ എന്ന് അന്വേഷിക്കുവാൻ നാമൊരിക്കലും മിനക്കെട്ടിട്ടില്ല".

(ഹരിജൻ 4-4-1936)

ശുഭം

ഇരട്ടയാർ ഗ്രാമപഞ്ചായത്ത്

1950 മുതൽ 1996 വരെയുള്ള കാലഘട്ടത്തിലെ പ്രധാന സംഭവ വികാസങ്ങൾ

വർഷം	സംഭവങ്ങൾ
1950	
1951	
1952	
1953	
1954	
1955	
1956	
1957	
1958	
1959	
1960	
1961	
1962	
1963	
1964	
1965	
1966	ഇരട്ടയാർ സർവ്വീസ് സഹകരണബാങ്ക് നിലവിൽ വന്നു ശാന്തിഗ്രാം സർവ്വീസ് ബാങ്ക് നിലവിൽ വന്നു
1967	
1968	
1969	
1970	
1971	ഇരട്ടയാർ പഞ്ചായത്തു രൂപീകൃതമായി.
1972	
1973	
1974	
1975	പള്ളിക്കാനം ഗവൺമെൻറ് ഡിസ്പെൻസറി, കൃഷിഭവൻ. ടണൽ പണി ആരംഭിച്ചു.
1976	
1977	
1978	ഇരട്ടയാർ ഡാം പദ്ധതി ആരംഭിച്ചു.
1979	
1980	
1981	
1982	

1983	
1984	
1985	
1986	
1987	
1988	
1989	
1990	
1991	
1992	
1993	
1994	
1995	
1996	



അനുബന്ധം

ടൂറിസം

ഇരട്ടയാർ പഞ്ചായത്തിന്റെ വികസനത്തിൽ ഗണ്യമായ സാധ്യതകളാണ് ടൂറിസത്തിനുള്ളത്. ഇരട്ടയാർ ഡാം സൈറ്റു മുതലുള്ള ജലാശയം ഏറ്റവും മികച്ച ഉല്ലാസ കേന്ദ്രമാക്കിത്തീർക്കാവുന്നതാണ്. K. S. E. B. യുടെ അനുവാദത്തോടെ ക്യാച്ച്മെൻറ് ഏറിയായിൽ അനുയോജ്യമായ സ്ഥലങ്ങളിൽ തണൽമരങ്ങളും മറ്റ് ഇരിപ്പിട സൗകര്യങ്ങളും ഉണ്ടാക്കുകയും, ജലാശയത്തിൽ ഉല്ലാസയാത്രയ്ക്ക് നൗകകൾ ഏർപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

അടയാളക്കല്ല്

വിശ്രമത്തിനും ഉല്ലാസത്തിനും പറ്റിയ അടയാളക്കല്ല് പ്രദേശം ടൂറിസ സാധ്യതകൾ ഏറെയുള്ളതാണ്. പാർക്കിനുള്ള സ്ഥലം അടയാളക്കല്ല് ക്ഷേത്രസമിതി സൗജന്യമായി നൽകുന്നതാണ്. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ടൂറിസം പ്രോജക്ട് സമഗ്രമായി ഉണ്ടാക്കണം.

സാമൂഹിക സാംസ്കാരിക ചരിത്രം

- പേജ് 16

1. ഇരട്ടയാർ മാർക്കറ്റിനുവേണ്ടി ഒരേക്കർ സ്ഥലം സൗജന്യമായി നൽകിയത്.

   വർക്കിജോൺ വാളിപ്ലാക്കൽ, ചാക്കോ വേണ്ടാനം, തോമസ് വേണ്ടാനം (കുഞ്ഞാപ്പൻ ചേട്ടൻ) എന്നിവരാണ്.

2. ശാന്തിഗ്രാം സർവ്വീസ് സഹകരണബാങ്ക് സ്ഥിതി ചെയ്യുന്ന സ്ഥലം സൗജന്യമായി സംഭാവന ചെയ്തത് തൊമ്മൻ സ്കറിയാ പുളിക്കൽ ആണ്.

കൃഷിയും ജലസേചനവും

- പേജ് 27

1. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും കൃഷികൾ നനയ്ക്കുന്നതിനാവശ്യമായ ജലസേചന സൗകര്യം ഏർപ്പെടുത്തണം.
2. കൃഷിഭവനിൽ കൂടുതൽ സ്റ്റാഫിനെ അടിയന്തിരമായി നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
3. ശാസ്ത്രീയമായി കൃഷിമാർഗ്ഗങ്ങൾ അവലംബിക്കുന്നതിന് എല്ലാ വാർഡുകളിലും കാർഷിക സെമിനാറുകൾ നടത്തേണ്ടത് ആവശ്യമാണ്.
4. പുരയിടങ്ങളിൽ മഴക്കാലത്ത് ഒഴുകി നഷ്ടപ്പെടുന്ന മേൽമണ്ണും ജലവും തടഞ്ഞുനിറുത്തി കാർഷികാവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിലേക്കായി നീർത്തട പദ്ധതികൾ നടപ്പിലാക്കുന്നതിന് പഞ്ചായത്തിൽ നിന്നും സാമ്പത്തികസഹായം നൽകുക.
5. കേടുവന്ന തെങ്ങുകൾ മുഴുവൻ വെട്ടി മാറ്റുന്നതിനുള്ള സംവിധാനം ഉണ്ടാവണം. നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ച് ഒറ്റ ഗഡുവായിത്തന്നെ നൽകണം.
6. ജൈവവള പ്രയോഗവും അനുയോജ്യമായ സ്ഥലത്ത് തേയിലകൃഷിയും പ്രോത്സാഹിപ്പിക്കുക. ഇതിനായി സാമ്പത്തികസഹായം നല്കുക.
7. സഹകരണ സംഘങ്ങളോട് ചേർത്ത് കൃഷിക്കാർക്ക് ആവശ്യമായ വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
8. സഹകരണബാങ്കുകൾ കാർഷിക വായ്പകൾ കൊടുക്കുന്നില്ല. കൊടുക്കുന്ന വായ്പകൾക്ക് അമിത പലിശ ഈടാക്കുന്നു. ഇതു തടയുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുക.
9. ഹൈസ്കൂളുകളോട് ചേർത്ത് അഗ്രികൾച്ചറൽ കോഴ്സുകൾ ആരംഭിക്കുക.
10. വിള ഇൻഷുറൻസിന്റെ കാലതാമസം ഒഴിവാക്കുന്നത് കർഷകർക്ക് കൂടുതൽ പ്രയോജനകരമാണ്.
11. പ്രൊഡക്ഷൻ ബോണസ് കൃഷിക്കാർക്ക് വാർഡുതലത്തിൽ ഏർപ്പെടുത്തണം.
12. എല്ലാ കൃഷികൾക്കും വൈദ്യുതി സൗജന്യമായി നല്കുക.
13. കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന വളങ്ങൾ കീടനാശിനികൾ മുതലായവയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് കാർഷികവികസന സമിതിയുടെ പരിശോധനയ്ക്കു വിധേയമാക്കേണ്ടതാണ്.

മൃഗസംരക്ഷണവും മത്സ്യകൃഷിയും

- പേജ് 31

1. ഇരട്ടയാർ പഞ്ചായത്തിൽ ഒരു ക്ഷീരവികസന യൂണിറ്റ് സ്ഥാപിക്കുക.
2. ശാന്തിഗ്രാം, നാങ്കുത്തൊട്ടി എന്നീ ക്ഷീരസംഘങ്ങൾക്ക് രജിസ്ട്രേഷൻ നൽകുകയും പാൽ സംഭരണം ആരംഭിക്കുകയും ചെയ്യുക.
3. 6-ാം വാർഡിൽ മൃഗാശുപത്രിക്ക് നീക്കിവച്ചിരിക്കുന്ന സ്ഥലത്ത് ക്വാർട്ടേഴ്സും ആശുപത്രിയും നിർമ്മിക്കുക. ആശുപത്രി സേവനങ്ങൾ പെട്ടെന്ന് ലഭ്യമാക്കുന്നതിന് വാഹനസൗകര്യം ലഭ്യമാക്കുക.
4. സ്വന്തമായി കാലിത്തൊഴുത്ത് ഇല്ലാത്ത ക്ഷീരകർഷകർക്ക് മാതൃകാ കാലിത്തൊഴുത്ത് പണിയുവാൻ 5000/- Rs. ധനസഹായം നൽകുക.
5. 25 സെൻറ് സ്ഥലം പുൽകൃഷി ചെയ്യുന്നതിന് 500 രൂ. വീതം ധനസഹായം നൽകുക.
6. മാതൃകാ ഡയറി യൂണിറ്റ് സ്ഥാപിക്കുന്നതിന് 10,000 രൂപാ ധനസഹായം നൽകുക. മിനി ഡയറി യൂണിറ്റ് സ്ഥാപിക്കുക.
7. കാലിവളർത്തലുകാർക്ക് മീനെണ്ണ, ധാതുലവണമിശ്രിതം എന്നിവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
8. ഗുണമേന്മയില്ലാത്ത മത്സ്യവും മാംസവും നിരോധിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

9. ആധുനിക സൗകര്യങ്ങളോടുകൂടിയ കശാപ്പുശാല നിർമ്മിക്കുക.

10. മൃഗാശുപത്രിക്ക് ആവശ്യമായ മരുന്നുകൾ സമയത്ത് എത്തിക്കാനുള്ള സംവിധാനവും സൂക്ഷിക്കാനുള്ള ഫ്രിഡ്ജും പഞ്ചായത്തിൽ നിന്ന് എത്തിക്കണം.

തിരുത്ത്

വൈദ്യസഹായം ലഭ്യമല്ലായെന്നു പറഞ്ഞിരിക്കുന്നിടത്ത്, സമയത്ത് ലഭ്യമല്ലായെന്ന് തിരുത്തുക.

ആടുകളുടെ ചികിത്സാ സംവിധാനങ്ങൾ ഒന്നും തന്നെ ഇല്ലായെന്ന് പറഞ്ഞിരിക്കുന്നത് മാറ്റി പെട്ടെന്ന് എത്തിക്കാനുള്ള സംവിധാനം കുറവാണ് എന്ന് തിരുത്തുക.

വ്യവസായം - പേജ് 35

1. റെഡിമെയ്ഡ് - വസ്ത്ര നിർമ്മാണ യൂണിറ്റുകൾ ഇരട്ടയാർ പഞ്ചായത്തിൽ ആരംഭിക്കുക.

2. പാലുല്പന്നങ്ങളുടെ നിർമ്മാണവും പാൽ സംസ്കരണവും നടത്തുന്നതിലേക്കായിപുതിയ സംരംഭങ്ങൾ ആരംഭിക്കുക.

3. ഇരട്ടയാർ പഞ്ചായത്തിൽ ജൈവവള നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുക.

വിദ്യാഭ്യാസം - പേജ് 37

1. ഇരട്ടയാർ സെൻറ് തോമസ് ഹൈസ്കൂൾ, ചെമ്പകപ്പാറ ഗവൺമെൻറ് ഹൈസ്കൂൾ ഇവയോടനുബന്ധിച്ച് പ്ലസ് ടു കോഴ്സുകൾ ആരംഭിച്ച് കുട്ടികളുടെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

2. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടവും മറ്റു സൗകര്യങ്ങളും നല്കുകയും അംഗൻവാടി സ്കൂളുകളെ പൊതു വിദ്യാഭ്യാസത്തിൻെറ ഭാഗമാക്കുകയും ചെയ്യുക.

3. സ്കൂളുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുവാൻ പി. ടി. എ; മാതൃസംഗമം എന്നിവയുടെ പ്രവർത്തനം സ്കൂൾ തുറക്കുന്ന മാസം തന്നെ ആരംഭിക്കുക.

4. ഗവൺമെൻറ് സ്കൂളുകളിൽ 62 ദിവസത്തിലധികം ലീവെടുക്കുന്ന അദ്ധ്യാപകർക്കു പകരം അദ്ധ്യാപകരെ നിയമിക്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് ലഭ്യമാക്കുക.

5. പഠന നിലവാരത്തിൽ പിന്നോക്കം വരുന്ന കുട്ടികളിൽ ഒരു വിഭാഗം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വീടുകളിലെ കുട്ടികളാണ്. ആയതിനാൽ അവരുടെ പഠനനിലവാരം ഉയർത്തുന്നതിനു വേണ്ടി ഇരട്ടയാർ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സാമൂഹ്യസേവന സന്നദ്ധ സംഘടനകളുടെ സഹകരണത്തോടുകൂടി അഭ്യസ്തവിദ്യർക്ക് അലവൻസു കൊടുത്ത് ട്യൂഷൻ സെൻററുകൾ പഞ്ചായത്തിൻെറ ചിലവിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

6. ഇരട്ടയാർ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ മാർക്കു വാങ്ങുന്ന കുട്ടികൾക്കുള്ള സ്കോളർഷിപ്പ് തുക ഒരു കുട്ടിക്ക് ആയിരം രൂപയായി വർദ്ധിപ്പിക്കുക.

7. പഞ്ചായത്തിൽ സാമ്പത്തിക പിന്നോക്കാവസ്ഥ കൊണ്ട് പഠനം നിർത്തിപ്പോകുന്ന സമർത്ഥരായ കുട്ടികളുടെ പഠനത്തിന് സഹായിക്കുന്നതിനായി ഫണ്ട് രൂപീകരിക്കുക.

8. സ്കൂളുകളിൽ ഉച്ചക്കഞ്ഞിക്കുള്ള തുക വർദ്ധിപ്പിക്കുകയും അതാതു മാസങ്ങളിൽ കൃത്യമായി വിതരണം ചെയ്യുകയും ചെയ്യുക.

9. വികലാംഗരും മന്ദബുദ്ധികളുമായ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ പഞ്ചായത്ത് തലത്തിലോ ബ്ലോക്ക് തലത്തിലോ ഏറ്റെടുത്ത് നടത്തുവാനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

10. ഇടിഞ്ഞമല ഗവൺമെൻറ് L.P. സ്കൂളിന് നിലവിലുള്ള താല്ക്കാലിക ഷെഡ് മാറ്റി പകരം പെർമനൻറ് ബിൽഡിംഗ് പണിയുക.

കുടിവെള്ളവും പൊതുജനാരോഗ്യവും പേജ് - 42

1. 1-ാം വാർഡിൽ തോവാളപാലത്തിനോട് ചേർന്ന് പാമ്പാക്കടമെട്ട് ഭാഗത്ത് നിലവിലുള്ള ജലക്ഷാമം പരിഹരിക്കുന്നതിനായി നടപടികൾ സ്വീകരിക്കുക.

2. 7-ാം വാർഡിൽ താന്നിക്കൽ തോമസിൻെറ പുരയിടത്തിലെ പൊതു കുളത്തിലെ വെള്ളം പഞ്ചായത്ത് അധികാരികൾ ശ്രദ്ധിച്ചാൽ കൊച്ചുകാമാക്ഷി പള്ളി ഭാഗത്ത് 50-ൽപരം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

3. 7-ാം വാർഡിൽ കലയത്തിനാൽ പുരയിടത്തിൽ നിലവിലുള്ള പൊതു കുളത്തിൽ നിന്നും വെള്ളം ഉപയോഗപ്പെടുത്തുന്നതിന് ടാങ്കുകൾ നിർമ്മിച്ച് മോട്ടോർ ഉപയോഗിച്ച് പമ്പു ചെയ്താൽ, കരടിയള്ള് ഭാഗത്തും 8-ാം വാർഡിൻെറ കുറെ ഭാഗത്തും കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാധിക്കും.

4. 8-ാം വാർഡിലെ ഇലിപ്പുലിക്കാട്ട് പുരയിടത്തിലെ കുളത്തിൽനിന്നും മോട്ടോറുപയോഗിച്ച് വെള്ളം പമ്പു ചെയ്താൽ ചെമ്പകപ്പാറ P.H.C. ഭാഗത്തെ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

പൊതുജനാരോഗ്യം - പേജ് 46

1. ഇരട്ടയാറിൽ ആധുനിക സൗകര്യങ്ങളുള്ള ഒരു ഗവൺമെൻറ് അലോപ്പതി ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണം.

2. ഇടിഞ്ഞമല ജംഗ്ഷൻ ഭാഗത്ത് ഒരു P.H.C. ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുക.

3. ഇരട്ടയാർ പഞ്ചായത്തിലെ എല്ലാ I.P.P. സെൻററുകളിലും ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഗവൺമെൻറ് ഡോക്ടർമാരുടെ സേവനവും അത്യാവശ്യത്തിനുള്ള മരുന്നുകളും ലഭ്യമാക്കുവാനുള്ള നടപടികൾ അടിയന്തിരമായി പഞ്ചായത്ത് അധികാരികൾ ശ്രദ്ധ ചെലുത്തുക.

4. I.P.P. സെൻററുകളിലെ ഫീൽഡുവർക്കർമാരുടെ സേവനം കൃത്യമായും പഞ്ചായത്തിൻെറ എല്ലാ പ്രദേശങ്ങളിലും ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കണം.

ഗതാഗതവും ഊർജ്ജവും
പേജ് - 49

1. മാർക്കറ്റ്

a) ചെമ്പകപ്പാറയിൽ മാർക്കറ്റ് തുടങ്ങണം.

b) ഈട്ടിത്തോപ്പ് മാർക്കറ്റ് പുനരുദ്ധീകരിക്കണം.

2. പാലം

കൊച്ചുകാമാക്ഷി ലക്ഷംവീട് കോളനി റോഡിൽ ഒരു പാലം നിർമ്മിക്കണം.

3. കലുങ്ക്

ഇരട്ടയാർ ശാന്തിഗ്രാം ടാർ റോഡിൽ രണ്ട് കലുങ്കുകൾ അത്യാവശ്യമായി പണി നടത്തേണ്ടതാണ്.

4. നടപ്പുവഴികൾ

a) ചേന്നംകുന്നേൽപ്പടി - മാളിയേക്കൽപടി

b) പള്ളിക്കാനം സ്കൂൾപ്പടി - തമ്പാൻ സിറ്റി

c) ഉപ്പുകണ്ടം കോളനി - കുരിശുമല

d) പെരുമണ്ണിപ്പടി - കടുവുക്കുന്നേൽപ്പടി

e) ജനതാപ്പടി - ഇടിഞ്ഞമല

f) പൂവേഴ്സ് മൗണ്ട് റോഡിൽ കുഴിപ്പീടികപ്പടി - പുയപ്പള്ളിപടി

g) ആലപ്പാട്ട്പടി - ചേന്നാട്ടുപറമ്പിൽപടി

h) നെല്ലമ്പുഴപടി - ചാത്തനാട്ട്പടി

i) കരിമ്പനയ്ക്കൽപടി - കൊച്ചുപുരയ്ക്കൽപടി

j) തറേൽപ്പടി - ഇലവുങ്കൽപ്പടി

k) തെക്കേൽപ്പടി - പാറേൽപ്പടി

l) മൂലേക്കാട്ടിൽപടി - ചവർത്താൽപടി

m) നെല്ലംപുഴപടി - കുരിശുങ്കൽപടി

n) എരുമച്ചാടത്ത്പടി - അമ്പാടിപ്പടി

o) കടത്തനാട്ട്പടി - ഇടിഞ്ഞമല മഠം പടി

p) ഇടിഞ്ഞമല - തേനാലിൽപടി

q) തേക്കുംമൂട്ടിൽപടി - അടയാളക്കല്ല്

നടപ്പാലം:

നെല്ലംപുഴപടിക്കൽ - 2-ാം വാർഡ്

കല്ലുംകുന്നേൽ പടിക്കൽ -

തോട്ടമറ്റം പടിക്കൽ -

സംരക്ഷണഭിത്തി:

1. നാങ്കുതൊട്ടി - കുരിശുമല റോഡിൽ പുറ്റുമണ്ണിൽ പടി മുതൽ കുരിശുപടി വരെ.

2. ചക്കക്കാനം കോളനി റോഡിൽ പാറക്കുഴിപടി, മറ്റത്തിൽപടി, ചെത്തിപടി, കല്ലുംകുന്നേൽപടി, നെല്ലംപുഴപടി എന്നിവിടങ്ങളിൽ.

3. ചക്കക്കാനം കുരിശുമല റോഡിൽ കോലത്ത് പടിക്കൽ.

4. ഇരട്ടയാർ - ശാന്തിഗ്രാം റോഡിൽ ശാന്തിഗ്രാം ജംഗ്ഷൻ മുതൽ സ്കൂൾപടി വരെയുള്ള ഭാഗവും, അറയ്ക്കൽപ്പടി മുതൽ കുറ്റിയാനി റോഡ് വരെയുള്ള ഭാഗവും.

5. അന്തോപ്പിക്കവല - മാളൂർസിറ്റി റോഡിൽ ഇടിഞ്ഞമലപള്ളി, കുരിശുമല ഭാഗങ്ങളിൽ.

6. നാങ്കുതൊട്ടി ചിറക്കൽപടി റോഡിൽ മുല്ലശ്ശേരിപടി ഭാഗത്ത്.

7. ഇടിഞ്ഞമല - മാളൂർസിറ്റി റോഡിൽ സിന്ധുഭവനം പടി, കൈപ്പയിൽപടി ഭാഗങ്ങളിൽ.

8. ശാന്തിഗ്രാം ഇടിഞ്ഞമല റോഡിൽ നടുവത്തോലിപടി മുതൽ ഇടിഞ്ഞമല ജംഗ്ഷൻവരെ.

ഊർജ്ജം

1. അനർട്ടിൻെറ ഓഫീസ് ഇരട്ടയാറിൽ പ്രവർത്തനം ആരംഭിക്കണം.

2. സർക്കാർ ഉടമസ്ഥതയിലുള്ള L.P.G. ഗ്യാസ് ഏജൻസി ഇരട്ടയാറിലും അനുവദിക്കണം.

3. നിർദ്ധന കുടുംബങ്ങൾക്ക് സർക്കാർ ധനസഹായത്തിൽ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

4. ശാന്തിഗ്രാം - ഇടിഞ്ഞമല റോഡിൽ ഇടിഞ്ഞമല ജംഗ്ഷൻ വരെ സ്ട്രീറ്റ് ലൈറ്റ് സൗകര്യം ഏർപ്പെടുത്തണം.

പാർപ്പിടവും സാമൂഹ്യക്ഷേമവും
പേജ് - 57

1. കേരള ഗവൺമെൻറിൻെറ മൈത്രി ഭവനനിർമ്മാണ പദ്ധതി അനുസരിച്ച് കൈവശരേഖയുടെ അടിസ്ഥാനത്തിൽ ലോൺ ലഭ്യമാക്കണം. കൈവശരേഖ നല്കുന്നതിനുള്ള അധികാരം പഞ്ചായത്തിന് നല്കണം.

2. ഈ പഞ്ചായത്തിൽ 3612 കുടുംബങ്ങൾ ഉള്ളതിൽ അതിൻെറ 40% ആളുകളും കുടിലുകളിലാണ് താമസിക്കുന്നത്. ഈ വീടുകളുടെ എണ്ണം ഏകദേശം 1500 ആണ്. പ്രതിവർഷം 300 വീടുകൾവെച്ച് 5 വർഷം കൊണ്ട് വാസയോഗ്യമായ വീടുകൾ നിർമ്മിച്ച് ഈ പ്രശ്നം പരിഹരിക്കണം.

3. ഇരട്ടയാർ പഞ്ചായത്തിലെ വൃദ്ധജനങ്ങൾ, മന്ദബുദ്ധികൾ, വികലാംഗർ, അനാഥർ, വിധവകൾ എന്നിവരെ പുനരധിവസിപ്പിക്കാൻ വേണ്ട നടപടികൾ ഏർപ്പെടുത്തണം. മുൻഗണനാക്രമത്തിൽ ഇത്തരം ആളുകൾക്ക് ജീവനോപാധികൾ ലഭ്യമാക്കണം.

ഇരട്ടയാർ ഗ്രാമപഞ്ചായത്തിലെ ഗ്രാമ സേവകരുടെ പേരും അവർക്കു ചുമതലയുള്ള വാർഡുകളും.

പി. എസ്സ്. രാജപ്പൻ - 3, 4, 5, 6, 7, 8

എം. പി. ശ്യാമള - 1, 2, 9

സംസ്കാരം
- പേജ് 63

1. ഉപ്പുകണ്ടം, വാഴവര, ചെമ്പകപ്പാറ, ഈട്ടിത്തോപ്പ് എന്നിവിടങ്ങളിൽ സാംസ്കാരികനിലയങ്ങൾ സ്ഥാപിക്കുക. ഇവിടങ്ങളിൽ അതിനുള്ള സ്ഥലം ലഭ്യമാണ്.
2. പഞ്ചായത്തുകളിൽനിന്നും ലൈബ്രറികൾക്ക് ഗ്രാൻറ് കൊടുക്കുവാൻ വേണ്ട നടപടികൾ കൈക്കൊള്ളണം.
3. എല്ലാ സാമൂഹ്യ - സാംസ്കാരിക - മത സംഘടനകളെയും ഉൾപ്പെടുത്തി പഞ്ചായത്ത് തലത്തിൽ വർഷം തോറും ഒരു സാംസ്കാരിക മേള നടത്തുക. ഇതിന് ഇരട്ടയാർ ഫെസ്റ്റ് എന്നു പേരിടുക. ഈ മേളയിൽ ഇരട്ടയാർ പഞ്ചായത്തിലെ കർഷകരുടെ ഒരു വിളമത്സരം, കന്നുകാലി പ്രദർശനം, കൈത്തൊഴിൽ മുതലായ പ്രദർശനങ്ങളുടെ മത്സരവും നടത്തുക.

വനിതകൾ
- പേജ് 66

1. നിരാലംബരായ സ്ത്രീ ജനങ്ങളുടെ സംരക്ഷണത്തിനായി അഗതിമന്ദിരം ആരംഭിക്കുക.
2. ഇരട്ടയാർ പഞ്ചായത്തിലെ ക്ലബ്ബുകളിൽ നടക്കുന്ന പണം വെച്ചുള്ള ചീട്ടുകളി കർശനമായി നിരോധിക്കണം. വിനോദത്തിനുവേണ്ടിയുള്ള ചീട്ടുകളിക്ക് സമയപരിധി വയ്ക്കണം.

സഹകരണമേഖല
- പേജ് 69

ശാന്തിഗ്രാം സഹകരണബാങ്കിൻെറ പ്രഥമ പ്രസിഡൻറുകൂടിയായ തൊമ്മൻ സ്കറിയ പുളിക്കൽ ആണ് ശാന്തിഗ്രാം സഹകരണബാങ്ക് പ്രവർത്തിക്കുന്ന സ്ഥലം സൗജന്യമായി സംഭാവന ചെയ്തത്. അദ്ദേഹത്തിൻെറ നേതൃത്വത്തിലുള്ള ഭരണസമിതിയാണ് നിലവിലുള്ളത്.

ഇരട്ടയാർ സഹകരണബാങ്കിൽ ജോസ് സ്കറിയാ കണ്ണമുണ്ട പ്രസിഡൻറായുള്ള ഭരണസമിതിയാണ് നിലവിലുള്ളത്. ഈ ബാങ്കുകൾ ഇപ്പോൾ പുതിയ സാമ്പത്തിക സേവന പദ്ധതികളിലൂടെ പുരോഗതിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം - പേജ് 72

1. അദ്ധ്യയന വർഷാരംഭത്തിൽതന്നെ SC/ST വിദ്യാർത്ഥികൾക്കായുള്ള ലംപ്സംഗ്രാൻറും സ്റ്റൈപ്പൻഡുകളും പഞ്ചായത്തിൻെറ അധികാരത്തിൽപെടുത്തി നൽകുവാൻ ശ്രദ്ധിക്കണം.
2. പഞ്ചായത്ത്/ബ്ലോക്ക് തലത്തിൽ നിന്നും പട്ടികജാതി/പട്ടികവർഗ്ഗക്കാരായ ആൾക്കാർക്ക് നല്കിയിട്ടുള്ള വീടുകളെ നികുതി പിരിക്കുന്നതിൽനിന്നും ഒഴിവാക്കുക.
3. 3-ാം വാർഡിലെ പ്രിയദർശിനി ഗിരിജൻ കോളനിക്ക് മണ്ണൊലിപ്പും മണ്ണിടിയലുംമൂലം അപകടഭീഷണി നേരിടുന്നു. അതു തടയുവാൻ വേണ്ട നിർദ്ദേശങ്ങൾ പഞ്ചായത്തിൽനിന്നും ഉടൻ ചെയ്യേണ്ടതാണ്.
4. SC/ST വിഭാഗത്തിൽപെട്ടവർക്ക് ആനുകൂല്യങ്ങൾ നല്കുന്നതിൽ നേരിടുന്ന കാലതാമസം ഒഴിവാക്കണം.
5. കർഷകത്തൊഴിലാളി ക്ഷേമനിധി ഇപ്പോൾ നല്കിയിരിക്കുന്ന തുക വർദ്ധിപ്പിച്ചു നൽകുക.
6. SC/ST വിഭാഗക്കാർക്ക് നല്കിവരുന്ന പെൻഷൻ തുക വർദ്ധിപ്പിച്ചു നൽകേണ്ടതാണ്.
7. SCP/TSP എന്നീ സ്കീമുകളുടെ പ്രവർത്തനം SC/ST വിഭാഗത്തിൽപെട്ടവർക്ക് ഉടനടി ലഭ്യമാക്കുക.

തിരുത്ത്

പേജ് - 30

ഇ. 300 എന്നത് 3000

എഫ്. 120 എന്നത് 1200

പേജ് - 77, വരി - 41

4000 എന്നത് 5000

പേജ് - 77 - ലൈൻ - 52

40,000 എന്നത് 50,000

പേജ് - 31

ഖണ്ഡിക - 4 - വരി - 3

പോളിയോ എന്നത് - ഹൈപ്പോകാൽസിമിയ എന്ന് വായിക്കുക.

* സാമൂഹിക സാംസ്ക്കാരിക ചരിത്രം – പേജ് 1, ഖണ്ഡിക–5.

ശ്രീ. മാത്യു സ്റ്റീഫൻ Ex: MLA ഇരട്ടയാർ പഞ്ചായത്ത് ഉൾക്കൊള്ളുന്ന ഉടുമ്പൻചോല നിയോജകമണ്ഡലത്തെ പ്രതിനിധാനം ചെയ്തിരുന്നു.

ഇരട്ടയാർ ഗ്രാമപഞ്ചായത്തിന്റെ അവിസ്മരണീയ വർഷങ്ങൾ

	പഞ്ചായത്ത് രൂപീകരണം	1971
1	ഇരട്ടയാർ പഞ്ചായത്തിലെ ആദ്യ ഗവ: സ്ഥാപനം ഉപ്പുകണ്ടം പോസ്റ്റോഫീസ്	1962
2	യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ - ഈട്ടിത്തോപ്പ് ശാഖ	1981
3	ഫെഡറൽ ബാങ്ക് ഇരട്ടയാർ ശാഖ	1975
4	ഇരട്ടയാർ സർവ്വീസ് സഹകരണബാങ്ക്	1966
5	ശാന്തിഗ്രാം സർവ്വീസ് സഹകരണബാങ്ക്	1966
6	ആദ്യത്തെ മാനേജ്മെൻറ് സ്കൂൾ - സെൻറ് തോമസ് എൽ. പി. എസ്സ്.	1963
7	ആദ്യത്തെ ഗവ: ഹൈസ്കൂൾ - ഗവ: എച്ച്. എസ്. ഇരട്ടയാർ	1972
8	കെ. എസ്. ആർ. ടി. സി. - ബസ്സ് എത്തിയത്	1980
9	പ്രൈവറ്റ് ബസ് സർവ്വീസ് ആരംഭിച്ചത് ശാന്തിഗ്രാം - പൗർണ്ണമിബസ്സ്	1977
10	ഇരട്ടയാർ ഡാമിന്റെ നിർമ്മാണം തുടങ്ങിയത്	1978
11	ഡാം കമ്മീഷൻ ചെയ്തത്	1991
12	ഇരട്ടയാർ - അഞ്ചുരുളി ടണൽ നിർമ്മാണം ആരംഭിച്ചത്	1975
13	ഇരട്ടയാർ ടണൽ നിർമ്മാണം പൂർത്തിയാക്കിയത്	1980
14	ആദ്യത്തെ ഗവ: ഡിസ്പൻസറി സ്ഥാപിതമായത് - പള്ളിക്കാനം ഗവ: ഡിസ്പ:	1975
15	ഗവ: മൃഗാശുപത്രി ആരംഭിച്ചത്: നോർത്തിൽ	1983
16	വൈദ്യുതി ആദ്യം എത്തിയത്	1974
17	ടെലഫോൺ ആദ്യം എത്തിയത്	1986
18	ഇന്ത്യയുടെ പ്രതിപക്ഷ നേതാവായിരുന്ന എ. കെ. ജി. ക്ക് സ്വീകരണം - ഉപ്പുകണ്ടത്തിൽ	1960
19	കൃഷിഭവൻ ആരംഭിച്ചത്	1981
20	ഗവ: ആയുർവേദാശുപത്രി ആരംഭിച്ചത്	1995

അധികാരം ജനങ്ങളിലേയ്ക്ക്

